II അവിശ്വാസപ്രമേയം

മിസ്റ്റർ സ്പീക്കർ: ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതായുള്ള പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദത്തിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് ഇപ്രകാരമാണ്. "ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു." അദ്ദേഹത്തിന് പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദം ആവശ്യപ്പെടാം.

"ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നു." എന്ന പ്രമേയം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : "ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ സ്പീക്കർ: അനുവാദം നൽകുന്നതിനെ അനുകൂലിക്കുന്ന അംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റ് നിൽക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (അവിശ്വാസം രേഖപ്പെടുത്തുന്നതായുള്ള പ്രമേയം അവതരിപ്പിക്കുന്നതിനെ അനുകൂലിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭയിൽ എഴുന്നേറ്റുനിന്നു.) ഇരുപതിൽ കുറയാത്ത അംഗങ്ങൾ പ്രമേയത്തെ അനുകൂലിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു.

(അവിശ്വാസപ്രമേയാവതരണത്തിന് അനുമതി നൽകി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : എന്റെ മന്ത്രിസഭയ്ക്ക് എതിരായുള്ള ഒരു അവിശ്വാസ പ്രമേയത്തിന് ഈ സഭ അനുവാദം നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഇന്നത്തെ മറ്റ് ബിസിനസ്സെല്ലാം മാറ്റിവച്ചുകൊണ്ട് ഇന്നുതന്നെ ഈ അവിശ്വാസ പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു അഭ്യർത്ഥന കൂടിയുണ്ട്. ഇവിടെ നടക്കുന്ന ചർച്ച എല്ലാപേരും അറിയണം. അതുകൊണ്ട് ചർച്ച ലൈവായി ടെലികാസ്റ്റ് ചെയ്യാൻകൂടി അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മിസ്റ്റർ സ്പീക്കർ : അത് already arrange ചെയ്തിട്ടുണ്ട്. അത് ചെയർതന്നെ നേരത്തേ ഏർപ്പാട് ചെയ്തിട്ടുണ്ട്. മറ്റു ബിസിനസ്സെല്ലാം മാറ്റിവെച്ചുകൊണ്ട് ഇന്നുതന്നെ അവിശ്വാസപ്രമേയം ചർച്ചചെയ്യാം. സാധാരണ നമ്മൾ കീഴ്വഴക്കങ്ങളനുസരിച്ച് രണ്ടു ദിവസമാണ് ചർച്ച ചെയ്യാറുള്ളത്. ഇന്നും നാളേയും, ചർച്ച ചെയ്യാം.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: നല്ലതുപോലെ സമയമെടുത്ത് ചർച്ച ചെയ്യുന്നതിന് നമുക്ക് മൂന്നുദിവസം ആയിക്കൂടേ ?

ശ്രീ. ഉമ്മൻചാണ്ടി: സർ, മൂന്നു ദിവസം ഗവൺമെന്റിന് സമ്മതമാണ്.

മിസ്റ്റർ സ്പീക്കർ: കീഴ്വഴക്കങ്ങളനുസരിച്ച് പരിശോധിച്ചപ്പോൾ കുഴപ്പമില്ല. 1971 വരെ ഒരു ദിവസമായിരുന്നു. പിന്നീട് എല്ലാം രണ്ടു ദിവസമാണ്. സർക്കാരിന് സമ്മതമാണെന്ന് പറഞ്ഞതുകൊണ്ട് നമുക്ക് വിരോധമില്ല, മൂന്ന് ദിവസം - ഇന്നും, നാളേയും, മറ്റന്നാളും ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, "ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കാൻ പ്രധാനമായും പതിമൂന്ന് കാരണങ്ങളാണുള്ളത്. ഒന്ന്, ഈ ഗവൺമെന്റിന് ജനപിൻതുണ നഷ്ടപ്പെട്ടു. നിയമസഭയിൽ സാങ്കേതിക ഭൂരിപക്ഷം മാത്രമാണുള്ളത്. രണ്ട്, മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടു. മൂന്ന്, രാഷ്ട്രീയ രംഗത്തും ഭരണരംഗത്തും അസ്ഥിരതയുണ്ടായി. നാല്, യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടു. അഞ്ച്, ധവളപത്രത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ല. സാമ്പത്തിക രംഗത്ത് കെടുകാര്യസ്ഥതയും അരാജകത്വവും ഉണ്ടാക്കി. ആറ്, അഴിമതി സാർവത്രികമായി, മൂവായിരം കോടി രൂപയുടെ അഴിമതി ഈ സംസ്ഥാനത്തു നടന്നു. ഏഴ്, വ്യാവസായിക-കാർഷിക വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഗവൺമെന്റ് നടപ്പിലാക്കിയ ഉദാരവൽക്കരണനയംമൂലം പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയാത്ത ഒരു സംസ്ഥാനമായി കേരളം മാറി. 90 ശതമാനം ജനങ്ങൾക്കും എതിരായ നയമാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. എട്ട്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാതായി; ക്രമസമാധാനം തകർന്നു; സംസ്ഥാനം പോലീസ് രാജിലേക്ക് എത്തിയിരിക്കുന്നു. ഒൻപത്, പതിനഞ്ചു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നുള്ള വാഗ്ദാനം നടപ്പിലാക്കിയില്ല. തൊഴിലില്ലായ്മ രൂക്ഷമായി. പത്ത്, മതന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാത്ത സംസ്ഥാനമായി കേരളം മാറി. പതിനൊന്ന്, വിലക്കയറ്റം കൊണ്ട് ജനജീവിതം ദുസ്സഹമായി. പന്ത്രണ്ട്, വികസനപ്രവർത്തനങ്ങൾ സ്തംഭിച്ചു. പതിമൂന്ന്, സുനാമി ഫണ്ട് സുനാമി ബാധിത പ്രദേശങ്ങളിൽ ചെലവഴിക്കാതെ വകമാറ്റിച്ചെലവഴിച്ചു. ഈ 13 കാരണങ്ങളാലാണ് ഈ ഗവൺമെന്റിന് എതിരായിട്ടുള്ള ഒരു അവിശ്വാസപ്രമേയം ഞാൻ അവതരിപ്പിച്ചത്. ഇത് കേരള നിയമസഭ ചർച്ചചെയ്യുന്ന പതിനെട്ടാമത്തെ അവിശ്വാസപ്രമേയമാണ്. ഈ നിയമസഭ രൂപം കൊണ്ടിതിനുശേഷം ഈ നിയമസഭ ചർച്ചചെയ്യുന്ന ആദ്യത്തെ അവിശ്വാസപ്രമേയമാണ് ഇത്. പത്ത് വർഷം മുമ്പാണ് ഏറ്റവും ഒടുവിൽ സഭയിൽ ഒരു അവിശ്വാസപ്രമേയം വന്നത്. സഖാവ് വി.എസ് അച്ചുതാനന്ദൻ അന്ന് കൊടുത്ത അവിശ്വാസപ്രമേയം. പത്ത് വർഷത്തിനുശേഷത്തെ ആദ്യത്തെ അവിശ്വാസ പ്രമേയത്തിന് വിധേയനാകേണ്ടിവന്ന മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻചാണ്ടി. ഇത് എന്തുകൊണ്ട് സംഭവിച്ചു ? ഞങ്ങൾ ഈ ഗവൺമെന്റിന് എതിരായിട്ട് ഇതുവരെ അവിശ്വാസപ്രമേയം കൊടുത്തിട്ടില്ല. അത് ഈ ഗവൺമെന്റിൽ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടായിരുന്നില്ല. ഭൂരിപക്ഷമുള്ള ഒരു മന്ത്രിസഭയെ അട്ടിമറിക്കാൻ പ്രതിപക്ഷം ഒരു ഘട്ടത്തിലും ശ്രമിച്ചിട്ടില്ല. കാലുമാറ്റത്തിലൂടെ ഈ മന്ത്രിസഭയെ താഴെയിറക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. ഈ നിയമസഭയിൽ യു.ഡി.എഫ്. ഗവൺമെന്റിന് സാങ്കേതികമായ ഭൂരിപക്ഷം മാത്രമേ ഉള്ളൂ. അൻപത് മാസം ഈ ഗവൺമെന്റ് പൂർത്തിയാക്കി. ഈ ഗവൺമെന്റിന് പത്ത് മാസം മാത്രമേ ഇനി കാലാവധിയുള്ളൂ. 2001-ൽ 49.17 ശതമാനം, ഏതാണ്ട് 50 ശതമാനത്തോളം വോട്ട് നേടിക്കൊണ്ട് അധികാരത്തിൽ

വന്ന മുന്നണിയാണ് യു.ഡി.എഫ്-ന്റെ മുന്നണി. അന്ന് എഴുപത്തിയാറ് ലക്ഷത്തോളം വോട്ട് യു.ഡി.എഫ്-ന് കിട്ടി. ഇടതുപക്ഷത്തേക്കാൾ എട്ടര ലക്ഷം അധികം വോട്ട് യു.ഡി.എഫ്-ന് കിട്ടിയിരുന്നു. ലോകസഭ തെരഞ്ഞെടുപ്പ് വന്നപ്പോൾ യു.ഡി.എഫ്-ന്റെ വോട്ട് 38.45 ശതമാനമായി കുറഞ്ഞു. സർ, അസംബ്ലി തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ യു.ഡി.എഫ്-ന് 10.72 ശതമാനം വോട്ട് കുറഞ്ഞു; അൻപത്തിയെട്ട് ലക്ഷം വോട്ട് മാത്രമേ കിട്ടിയുള്ളൂ. നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് വോട്ട് ചെയ്ത പതിനെട്ട് ലക്ഷം വോട്ടർമാർ ലോകസഭ തെരഞ്ഞെടുപ്പ് വന്നപ്പോൾ യു.ഡി.എഫ്-ന് എതിരായ നിലപാട് സ്വീകരിച്ചു എന്നതാണ് ഈ വലിയ ചോർച്ചക്ക് ഇടയാക്കിയത്. സർ, ലോകസഭ തെരഞ്ഞെടുപ്പ് വന്നപ്പോൾ യു.ഡി.എഫ്-ന് 24 മണ്ഡലങ്ങളിൽ മാത്രമേ ഭൂരിപക്ഷമുണ്ടായിട്ടുള്ളൂ. 100 മണ്ഡലങ്ങളിൽ ജയിച്ച മുന്നണിക്ക് 24 മണ്ഡലങ്ങളിൽ മാത്രമായി ഭൂരിപക്ഷം ചുരുങ്ങി. ഇന്ന് ഈ നിയമസഭയിൽ 130 എം.എൽ.എ. മാർ മാത്രമേ ഉള്ളൂ. 140 അംഗങ്ങൾ ഉണ്ടായിരുന്ന സഭയിൽ 130 എം.എൽ.എ മാർ മാത്രമുള്ള സഭയായിട്ട് എങ്ങനെ മാറി? സർ, ലോകസഭ തെരഞ്ഞെടുപ്പിന്റെ ജനവിധി മാനിച്ച് ശ്രീ. എ.കെ. ആന്റണിയുടെ മന്ത്രിസഭ രാജിവെക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. പക്ഷെ മന്ത്രിസഭ രാജിവെച്ചില്ല, എങ്കിലും ലോകസഭ തെരഞ്ഞെടുപ്പിലെ ജനവിധി മാനിച്ച് ശ്രീ എ.കെ. ആന്റണി പിന്നീട് രാജിവെച്ചു. സർ, ആൻറണി മുഖ്യമന്ത്രി സ്ഥാനം ഉമ്മൻചാണ്ടിയെ ഏൽപ്പിക്കുമ്പോൾ ഉമ്മൻചാണ്ടിയുടെ കയ്യിൽ യു.ഡി.എഫ്-ന്റെ 100 എം.എൽ.എ മാരെയാണ് ഏൽപ്പിച്ചത്. ഇന്ന് ആ മന്ത്രിസഭയുടെ കാലാവധി 10 മാസം ബാക്കിയുളളപ്പോൾ ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ 100 എം.എൽ.എ മാർ ഉണ്ടായിരുന്നതിൽ ഇപ്പോൾ 5 പേർ പ്രതിപക്ഷത്തിരിക്കുന്നു, 9 പേർ നിയമസഭാംഗത്വം രാജിവെച്ചുപോയി. ഈ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ എം.എൽ.എ മാർ കൂട്ടരാജി സമർപ്പിക്കുന്നത്.

അനിതരസാധാരണമായ ഒരു സ്ഥിതിവിശേഷം നമ്മുടെ ഈ സംസ്ഥാനത്തുണ്ട്. ഇവിടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് ആണ് ജയിച്ചതെങ്കിലും ഗുണം കിട്ടിയത് ശ്രീ. ഉമ്മൻചാണ്ടിക്കാണ്. അതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ സ്പീക്കറായി. അതിനുശേഷമുണ്ടായ സംഭവം കോൺഗ്രസ് (ഐ) ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ നെടുകെ പിളർന്നു. കേരളത്തിലെ കോൺഗ്രസ്സുകാരുടെ തലതൊട്ടപ്പനായ നേതാവായിരുന്നു ശ്രീ. കെ. കരുണാകരൻ. കോൺഗ്രസ്സിന്റെ അണികളിൽ വലിയൊരുഭാഗം ശ്രീ. കെ. കരുണാകരന്റെ കൂടെ പോയി. കോൺഗ്രസ്സ് നെടുകെ പിളർന്ന സാഹചര്യത്തിൽ കോൺഗ്രസ്സിന്റെ പേരിൽ അധികാരത്തിൽ വന്ന ഈ മന്ത്രിസഭയ്ക്ക് അധികാരത്തിൽ തുടരാൻ എന്താണ് അർഹത? ഭരണ മുന്നണിയിലെ ശ്രീ. ടി.എം. ജേക്കബിന്റെ കേരള കോൺഗ്രസ്സ് യു.ഡി.എഫ് മുന്നണി വിട്ടുപോയി; ഇന്ന് പ്രതിപക്ഷത്താണ്. ഭരണമുന്നണിയിലുണ്ടായിരുന്ന ശ്രീ. ബാലകൃഷ്ണപ്പിള്ളയുടെ കേരള കോൺഗ്രസ്സും ആ മുന്നണിവിട്ട് ഇന്ന് പ്രതിപക്ഷത്താണ്. പ്രൊഫ: എ.വി. താമരാക്ഷന്റെ നേതൃത്വത്തിലുള്ള ആർ.എസ്.പി.യും യു.ഡു.എഫ് വിട്ട് പ്രതിപക്ഷത്താണ്. 3 ഘടകകക്ഷികൾ ഈ മുന്നണിവിട്ട് പോയി. എന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇവർ അധികാരത്തിൽ കടിച്ചുതൂങ്ങുന്നു. ഇതിനുശേഷം ഈ സംസ്ഥാനത്ത് രണ്ട് നിയമസഭാ സീറ്റുകളിൽ ഉപതെരഞ്ഞെടുപ്പ് നടന്നു — അഴീക്കോടും കൂത്തുപറമ്പിലും. ഈ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ പരാജയം ഉറപ്പായപ്പോൾ കെട്ടിവെച്ച കാശ് നഷ്ടപ്പെടാതിരിക്കാൻ ബി.ജെ.പി-യുമായി കൂട്ടുകെട്ടുണ്ടാക്കി. ഈ രണ്ടു മണ്ഡലങ്ങളിലും ബി.ജെ.പി. സ്ഥാനാർത്ഥി ഉണ്ടായിരുന്നോ? ഈ രണ്ടു മണ്ഡലങ്ങളിലേയും ബി.ജെ.പി-യുടെ വോട്ട് വാങ്ങിച്ചു. ഇടതുപക്ഷ മുന്നണിയുടെ ഭൂരിപക്ഷം വർദ്ധിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ അഴീക്കോട്ട് ഇടതുപക്ഷത്തിന്റെ ഭൂരിപക്ഷം 8,000 ആയിരുന്നത് ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ 26,000 ആയി വർദ്ധിച്ചു. ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഇവിടെ ഇരിക്കുന്നു. കൂത്തുപറമ്പിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച ശ്രീ. പി. ജയരാജന് അന്ന് ഭൂരിപക്ഷം 13,000 ആയിരുന്നു. വീണ്ടും മത്സരിച്ചപ്പോൾ ശ്രീ. പി. ജയരാജന്റെ ഭൂരിപക്ഷം 46,000 ആയി ചരിത്രം സൃഷ്ടിക്കുന്ന ഭൂരിപക്ഷം കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി അഴീക്കോട്ടും കൂത്തുപറമ്പിലും അഭിമാനാർഹമായ വിജയം നേടി. ഇവർ പറഞ്ഞില്ലേ അഴീക്കോട്ട് ജയിക്കുമെന്ന്. അതിനുവേണ്ടി 12,000 പോലീസുകാരെ രണ്ട് മണ്ഡലങ്ങളിലുമായി അണിനിരത്തി. പോലീസുകാരെ ഉപയോഗിച്ചുകൊണ്ട് മണ്ഡലം പിടിക്കാൻ ശ്രമിച്ചു. സാധിച്ചോ? ജനങ്ങളുടെ പിന്തുണ നിങ്ങൾക്ക് നഷ്ടപ്പെട്ടു. അരിവെന്തോ എന്ന് നോക്കാൻ മുഴുവൻ വറ്റും എടുത്തു നോക്കേണ്ട. രണ്ടു വറ്റ് എടുത്തുനോക്കിയാൽ മതി. അഴീക്കോട്ടും കൂത്തുപറമ്പിലും രണ്ടുവറ്റെടുത്തുനോക്കിയപ്പോൾ ഈ കേരളം വെന്തു കിടക്കുകയാണ്. കേരളത്തിലെ പൊതു അഭിപ്രായമാണ് ഈ മണ്ഡലങ്ങളിൽനിന്നും പുറത്തു വന്നിരിക്കുന്നത്. ലോകസഭാ തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞു, കോൺഗ്രസ്സ് തോറ്റുപോയത് കോൺഗ്രസ്സുകാർ വോട്ടുചെയ്യാൻ പോകാത്തതുകൊണ്ടാണെന്ന്. അന്ന് കോൺഗ്രസ്സുകാർ ചീട്ടു കളിച്ചിരിക്കുകയായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ ഇലക്ഷൻ കഴിഞ്ഞുപോയി, അടുത്ത തെരഞ്ഞെടുപ്പിൽ കാണിച്ചുതരാമെന്നാണ് അദ്ദേഹം പറഞ്ഞത്. പിന്നീട് വന്ന ഏതെങ്കിലും തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജയിക്കാൻ കഴിഞ്ഞോ? ഇവിടെ 457 മണ്ഡലങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് ഉപതെരഞ്ഞെടുപ്പ് നടന്നു. 457-ൽ 345 മണ്ഡലങ്ങളിലും യു.ഡി.എഫ് പരാജയപ്പെട്ടു. ഐക്യജനാധിപത്യ മുന്നണിയുടെ പരാജയത്തിന്റെ ഘോഷയാത്രയാണ് ഇന്ന് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. കോൺഗ്രസിനെ വിജയിപ്പിച്ച 10 മണ്ഡലങ്ങൾ ഇന്ന് അനാഥമായി. 9 എം.എൽ.എ. മാർ രാജിവെച്ചു. ശ്രീ. എ.കെ. ആന്റണിയും കൂടി രാജിവെച്ചപ്പോൾ 10 മണ്ഡലങ്ങളിൽ ഇവിടെ എം.എൽ.എ-മാരില്ല. ഈ സ്ഥിതി കേരളത്തിൽ ഉണ്ടാക്കിയത് കോൺഗ്രസ് ആണ്. രാഷ്ട്രീയ അസ്ഥിരതയാണ് ഇന്ന് കോൺഗ്രസിന്റെ മുഖമുദ്ര. 50 മാസത്തിനിടയിൽ ഇവിടെ 2 മുഖ്യമന്ത്രിമാർ. നാല് കൊല്ലത്തിനിടയിൽ 36 മന്ത്രിമാർ, അതിൽ 16 പേരെ മുൻമന്ത്രിമാരാക്കി. രാഷ്ട്രീയ രംഗത്തും ഭരണരംഗത്തും അസ്ഥിരതയുണ്ടാക്കി. പ്രതിപക്ഷം 40 പേരോടുകൂടിയാണ് ഇവിടെ വന്നത്. വടക്കാഞ്ചേരി ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇവിടെ ശ്രീ. എ.സി.

LIBRARY ARCHIVES Kerala Legislative Assembly

മൊയ്തീൻ എത്തിയപ്പോൾ ഞങ്ങളുടെ അംഗസംഖ്യ 41 ആയിരുന്നു. പ്രതിപക്ഷത്ത് ഇപ്പോൾ ഇരിക്കുന്നത് 41 അല്ല; 46 ആണ്. ഇവിടെ മാറ്റം വന്നു. യു.ഡി.എഫ് തകർന്നു, എൽ.ഡി.എഫ് ശക്തിപ്പെട്ടു. ഇതാണ് 50 മാസക്കാലംകൊണ്ട് ഈ സംസ്ഥാനത്ത് ഉണ്ടായ അവസ്ഥ. യു.ഡി.എഫ്-നെ അധികാരത്തിൽ കൊണ്ടുവന്ന ജനവിഭാഗം ഇന്ന് യു.ഡി.എഫ്-ന്റെ കൂടെ ഉണ്ടോ? ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന വിഭാഗമായിരുന്ന സർക്കാർ ജീവനക്കാർക്ക് കേന്ദ്രപാരിറ്റി കൊടുക്കാമെന്ന് പറഞ്ഞു. അവസാനം കേന്ദ്ര പാരിറ്റി കൊടുത്തോ? സർക്കാർ ജീവനക്കാരുടെ 500 കോടി രൂപയുടെ ആനുകൂല്യം പോക്കറ്റടിച്ചു. എന്നിട്ട് അവർക്ക് കൊടുത്തത് 'എസ്മ' യാണ്. ശമ്പള പരിഷ്കരണം ഇതുവരെ നടപ്പാക്കിയില്ല. സർക്കാർ ജീവനക്കാർ സർക്കാരിനെ വെറുത്തു. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്ന മറ്റൊരു വിഭാഗമായിരുന്നു വ്യാപാരി വ്യവസായി ഏകോപനസമിതി. ബന്ദിനെതിരെ ഉപരോധം സംഘടിപ്പിച്ചവർ, ഇവിടെ ശ്രീ. എം.എം. ഹസ്സന്റെകൂടെ നിരാഹാരം കിടന്നവർ, വാറ്റ് വന്നപ്പോൾ മൂന്നു ദിവസം തുടർച്ചയായി ഇവിടെ ബന്ദ് നടത്തി. ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭയ്ക്കെതിരായി വ്യാപാരി വ്യവസായികളോട് ബന്ദ് നടത്താൻ പറഞ്ഞു. ഇതാണ് ഈ ഗവൺമെന്റിന്റെ ജനപിന്തുണ. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്ന കർഷകർ-ഇൻഫാം, ഫാദർ വടക്കേമുറി— ഇന്ന് ഈ ഗവൺമെന്റിന് എതിരാണ്. ആരാണ് ഈ ഗവൺമെന്റിന്റെ കൂടെയുള്ളത്? നിയമസഭാ തെരഞ്ഞെടുപ്പിൽ പറഞ്ഞല്ലോ, മഅ്ദനിയെ മോചിപ്പിക്കുമെന്ന്. മഅ്ദനിയെ മോചിപ്പിച്ചോ? ഒരു ദിവസത്തെ പരോളെങ്കിലും അനുവദിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? ഏതൊരു തടവുകാരനും അയാളുടെ വീട്ടിൽ ഒരു മരണം നടന്നാൽ പരോൾ കൊടുക്കും. മഅ്ദനിയുടെ ഉമ്മൂമ്മ മരിച്ച ദിവസമെങ്കിലും പരോൾ കൊടുക്കാമായിരുന്നു. പരോൾ അനുവദിച്ച് മഅ്ദനിക്ക് ഉമ്മൂമ്മയുടെ ശവം കാണിച്ചുകൊടുക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചോ? ഗവൺമെന്റ് നൽകിയ വാഗ്ദാനം നടപ്പിലാക്കിയില്ലെന്നുള്ളതിനുള്ള ഉദാഹരണമാണ് ഇത്. ആദിവാസി ഗോത്രസഭ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന്റെ കൂടെയുണ്ടായിരുന്നു. അവർക്ക് കൊടുത്തതെന്താണ്? വെടിയുണ്ട. സി.കെ. ജാനുവിന്റെ മുഖം നിങ്ങൾ കണ്ടോ? മുഖത്തിന്റെ ഷേപ്പ് മാറിപ്പോയി. പ്ലാസ്റ്റിക്ക് സർജറി നടത്തി മാറ്റിയതല്ല. ശ്രീ. ആന്റണിയുടെ പോലീസുകാർ ഇടിച്ച്, മുഖത്ത് ബൂട്ടിട്ട് ചവിട്ടി, ഷേപ്പ് മാറ്റിയതാണ്. ഗോത്രസഭയുടെ പ്രവർത്തകരെ വെടിവെച്ചു. ആദിവാസികളെ വെടിവെച്ച് കൊന്ന മന്ത്രിസഭയാണ് കേരളത്തിലെ യു.ഡി.എഫ്. മന്ത്രിസഭ. ഇന്ത്യയുടെ ചരിത്രത്തിൽ ആദിവാസി വെടിയേറ്റ് മരിച്ചത് കേരളത്തിലാണ്; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്താണ്. എസ്.എൻ.ഡി.പി-യും എൻ.എസ്.എസ്-ഉം യു.ഡി.എഫ്-നെ അനുകൂലിച്ചവരാണ്. എന്നാൽ ഇപ്പോൾ ഇവിടെ സാമൂഹ്യനീതി നടപ്പിലാക്കുന്നില്ല എന്ന് അവർ പരസ്യമായി പറഞ്ഞില്ലേ? ഈ ഗവൺമെന്റിനെ അനുകൂലിച്ചവരാണ് ലത്തീൻ സമുദായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ ആർച്ച് ബിഷപ്പ് സൂസപാക്യം പറഞ്ഞു. ഈ ഭരണം ജനങ്ങൾക്ക് എതിരാണ്, പൊള്ളയാണെന്ന്. ഇനി കബളിപ്പിക്കാൻ ആകില്ലെന്ന് ഡോക്ടർ സൂസപാക്യം പറഞ്ഞത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പത്രത്തിൽ വായിച്ചു. സി.എസ്.ഐ. സഭ പറഞ്ഞു ഈ ഗവൺമെന്റിനെ വഞ്ചിക്കാനുള്ള മന്ത്രിസഭയാണെന്ന്. അച്ച്യുതമേനോൻ ഗവൺമെന്റ് മിശ്രവിവാഹിതർക്ക് കൊടുത്ത ആനുകൂല്യം ഉമ്മൻചാണ്ടി സർക്കാർ റദ്ദാക്കി. സി.എസ്.ഐ. സഭ ഇപ്പോൾ എടുക്കുന്ന നിലപാടെന്താണ്? വിശ്വകർമ്മ സഭ പരസ്യമായി പറഞ്ഞില്ലേ, ഇത് ജനവിരുദ്ധ മന്ത്രിസഭയാണെന്ന്. ഈ മന്ത്രിസഭ ജന വിരുദ്ധമാണെന്ന് വന്നപ്പോൾ ഇൻഡ്യാ ടുഡേ ഒരു സർവ്വേ നടത്തി. ഇൻഡ്യാ ടുഡേ നടത്തിയ സർവേയിൽ പറഞ്ഞിരിക്കുന്നത്, ജനവിരുദ്ധ മുഖ്യമന്ത്രിമാരിൽ ഒന്നാമൻ ശ്രീ. ഉമ്മൻചാണ്ടിയാണെന്നാണ്. ഇത് ദേശാഭിമാനി നടത്തിയ സർവേയൊന്നുമല്ല. യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോ, നിങ്ങളാരെങ്കിലും എടുത്തു നോക്കുന്നുണ്ടോ? നിങ്ങളുടെ കൈയിൽ കോപ്പി ഉണ്ടാകില്ല. ഞാൻ അത് കൊണ്ടുവന്നിട്ടുണ്ട്. അത് വായിച്ചു നോക്കണം. അതിൽ പറഞ്ഞ എത്ര വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു? 15 ലക്ഷം പേർക്ക് പുതിയതായി തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സർക്കാർ ജീവനക്കാരുടെ അംഗസംഖ്യ നാലര ലക്ഷമായിരുന്നു. ഇപ്പോൾ മൂന്നേമുക്കാൽ ലക്ഷമായി കുറഞ്ഞു. 75,000 ഒഴിവുകൾ സർക്കാർ ഓഫീസുകളിൽ കിടക്കുകയാണ്. മാനിഫെസ്റ്റോയിൽ പറഞ്ഞു, ഇവിടെ 250 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്ക്കരിച്ച് ആയിരം മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുമെന്ന്. ഈ നാലു വർഷംകൊണ്ട് 71 മെഗാവാട്ട് വിദ്യുച്ഛക്തിയാണ് ഉൽപ്പാദിപ്പിച്ചത്. മാത്രമല്ല വൈദ്യുതി ചാർജ് കൂട്ടി. അതാണ് നേട്ടം. ധവളപത്രം പുറപ്പെടുവിച്ചു. സാമ്പത്തിക അച്ചടക്കം പാലിച്ചോ ? അതിൽ പറഞ്ഞ ഏത് കാര്യം നടപ്പിലാക്കി? കടം വർദ്ധിച്ചിരിക്കുന്നു. 23,000 കോടി രൂപയായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കടം. ഇപ്പോൾ അത് 51,000 കോടി രൂപയായി വർദ്ധിച്ചു. റവന്യൂ കമ്മി വർദ്ധിച്ചു. ഇപ്പോൾ 4,565 കോടി രൂപയായി. ഇത് സർവ്വകാല റിക്കാർഡാണ്. ഇവിടെ 14 മന്ത്രിമാർ ഉണ്ടായിരുന്ന മന്ത്രിസഭയ്ക്കു പകരം 20 മന്ത്രിമാരായി. 20 മന്ത്രിമാരായപ്പോൾ ഭരണച്ചെലവ് കൂടി. അതിന്റെ ഫലമായി കർഷകർക്കുള്ള പെൻഷൻ കൊടുക്കാനുള്ള കുടിശ്ശിക 181 കോടി രൂപയായി. തൊഴിലില്ലായ്മ വേതനം കൊടുക്കാൻ പണമില്ല. 150 കോടി രൂപ കുടിശ്ശികയാണ്. യു.ഡി.എഫ് മന്ത്രിമാരുടെ എണ്ണം കൂട്ടിയപ്പോൾ ജനക്ഷേമ പ്രവർത്തനങ്ങൾ സ്തംഭിച്ചു. 2005 ജൂൺ 30-നുള്ളിൽ 38 ദിവസം മാത്രമാണ് സർക്കാർ ട്രഷറിയിൽ ക്യാഷ് ബാലൻസുണ്ടായിരുന്നത്. സാമ്പത്തിക കെടുകാര്യസ്ഥതയിൽ റിക്കാർഡിട്ട ഭരണമായി കേരളത്തിൽ യു.ഡി.എഫ്-ന്റെ ഭരണം മാറി. പൊതുമേഖലയെ സംബന്ധിച്ചിടത്തോളം 20,000 പേർക്ക് ജോലി നഷ്ടപ്പെട്ടു. കയർ, കൈത്തറി, കശുവണ്ടി, ബീഡി തുടങ്ങിയ മേഖലകൾ അനാഥമായി. 50 മാസത്തിനുള്ളിൽ കശുവണ്ടി തൊഴിലാളികൾക്ക് വെറും 100 ദിവസമാണ് പണി ലഭിച്ചത്. മാസത്തിൽ 2 ദിവസത്തെ ജോലിയാണ് കശുവണ്ടി തൊഴിലാളികൾക്ക് കിട്ടിയത്. ബീഡി വ്യവസായം സമ്പൂർണ്ണമായും തകർന്നു. കൈത്തറി വ്യവസായം തകർന്നു; പാരമ്പര്യ വ്യവസായങ്ങൾ തകർന്നു. കേരളത്തിലെ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം താൽപ്പര്യം സംരക്ഷിക്കുന്ന മന്ത്രിസഭയായി

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്-ന്റെ മന്ത്രിസഭ മാറി. സുനാമി വന്നപ്പോൾ ഇവർ ആഹ്ലാദിച്ചു. കേന്ദ്രത്തിൽ നിന്ന് പണം കിട്ടുമെന്ന് കരുതി. കേന്ദ്രം പണം കൊടുത്തു. കേന്ദ്രം പണം കൊടുത്തിട്ടും എ.ഡി.ബി.യിൽ നിന്നും 450 കോടി രൂപയുടെ കടം വാങ്ങാൻ വേണ്ടി തീരുമാനിച്ചിരിക്കുകയാണ്. പുര കത്തുമ്പോൾ വാഴ വെട്ടുന്നു. സുനാമി ഫണ്ട് പോലും വകമാറി ചെലവഴിച്ചു. ദുരിതാശ്വാസത്തിന് പത്രങ്ങൾ, വ്യക്തികൾ, സന്നദ്ധ സംഘടനകൾ എന്നിവ നൽകിയ പണമായ 58 കോടി രൂപ എവിടെപ്പോയി? ഈ ഫണ്ട് മുഖ്യമന്ത്രി പ്രത്യേകമായ അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് സർവ്വകക്ഷിയോഗ തീരുമാനം. അത് ഈ ഗവൺമെന്റ് നടപ്പിലാക്കിയോ? സുനാമി ഫണ്ട് വകമാറി ചെലവഴിച്ചതായി പത്രങ്ങൾ തന്നെ ആക്ഷേപം ഉന്നയിച്ചു കഴിഞ്ഞിരിക്കുകയാണ്. സുനാമി ബാധിച്ച കൊല്ലം ജില്ലയ്ക്ക് കൊടുത്തതിനേക്കാൾ ആനുകൂല്യം മറ്റ് ജില്ലകൾക്ക് കൊടുത്തിരിക്കുന്നു. വയനാട്ടിലും ഇടുക്കിയിലും സുനാമി ഫണ്ട് കൊടുത്തിട്ടുണ്ട്. അവിടെ സുനാമി ഉണ്ടായിട്ടുണ്ടോ? ആ ജില്ലകൾക്ക് വേറെ ഫണ്ട് കൊടുക്കണം. സുനാമി ഫണ്ട് എടുത്ത് മറ്റ് ജില്ലകളിലേക്ക് കൊടുക്കുന്നു. ഇത് ശരിയാണോ? ആലപ്പാടാണ് ഏറ്റവും വലിയ ദുരന്തമുണ്ടായത്. ആലപ്പാട് പുതിയതായി ഒരു കിലോമിറ്റർ പോലും കടൽഭിത്തി നിർമ്മിക്കാൻ അനുമതി കൊടുത്തിട്ടില്ല. ശ്രീമതി ഗൗരിയമ്മയുടെ മണ്ഡലത്തിൽ നാല് കോടി രൂപയുടെ കടൽഭിത്തി നിർമ്മിച്ചു. സുനാമി ബാധിച്ച പ്രദേശങ്ങളിലല്ല കടൽഭിത്തി നിർമ്മിക്കാനുള്ള അനുമതി കൊടുക്കുന്നത്. ഈ ഗവൺമെന്റ് എല്ലാ കാര്യത്തിലും കാണിക്കുന്ന വകതിരിവില്ലായ്മ സുനാമി ഫണ്ടിന്റെ കാര്യത്തിലും സ്വീകരിച്ചില്ലേ? ഈ സംസ്ഥാനത്ത് അഴിമതി സാർവ്വത്രികമായി. ഇവിടെ അഴിമതിയുടെ കഥ ഓരോന്നോരോന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്ത് യു.ഡി.എഫ്-ന്റെ ആളുകൾ തന്നെ ഉന്നയിച്ച അഴിമതി കേസുകൾ പുറത്തുവന്നിട്ടുണ്ട്. കേരളത്തിൽ മുൻപ് യു.ഡി.എഫ്-ന്റെ കൂടെ നിന്ന രണ്ട് എം.എൽ.എ.മാർ, കോൺഗ്രസിന്റെ എം.എൽ.എ.മാർ, ഉന്നയിച്ച ആരോപണം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? അവർ പറഞ്ഞു, ശ്രീ. ഉമ്മൻചാണ്ടിയുടെ 8 മാസത്തെ ഭരണത്തിനിടയിൽ 1140 കോടി രൂപയുടെ അഴിമതി നടന്നു, നിയമസഭാ കമ്മിറ്റി അന്വേഷിക്കണം എന്ന്. ഇത് പറഞ്ഞത്, ശ്രീ. എം.പി. ഗംഗാധരനും ശ്രീ. ഡി. സുഗതനുമാണ്. ഈ ആരോപണം ഉന്നയിച്ച എം.എൽ.എ.മാർക്ക് എതിരായി ഒരു നടപടി പോലും കോൺഗ്രസ് പാർട്ടി സ്വീകരിച്ചില്ല. ഈ ആരോപണം ഉന്നയിച്ച എം.എൽ.എ.മാർ പറഞ്ഞത് തെറ്റാണെങ്കിൽ കോൺഗ്രസ് പാർട്ടിയിൽ നിന്നുകൊണ്ട് ആരോപണം ഉന്നയിച്ച ഈ എം.എൽ.എ.മാരെ കോൺഗ്രസ് പാർട്ടിയിൽ നിന്ന് പുറത്താക്കേണ്ടേ? അവർക്കെതിരെ കോൺഗ്രസ് പാർട്ടി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അവർ ഉന്നയിച്ച ആരോപണം ഇന്ന് അന്തരീക്ഷത്തിൽ നിൽക്കുന്നു. അവർ പറഞ്ഞു, ശ്രീ. ഉമ്മൻചാണ്ടിയും മന്ത്രിമാരും അടങ്ങുന്ന കോക്കസ് 1140 കോടി രൂപയുടെ അഴിമതി കാണിച്ചു എന്ന്. സ്മാർട്ട് സിറ്റി 500 കോടി രൂപ, ജപ്പാൻ കുടിവെള്ള പദ്ധതി 250 കോടി രൂപ, കരിമണൽ ഖനനം 50 കോടി രൂപ, കോവളം കൊട്ടാരം 10 കോടി രൂപ, മദ്യനയം 50 കോടി രൂപ, ലോട്ടറി 100 കോടി രൂപ, ചന്ദനം 50 കോടി രൂപ, സപ്ലൈകോ 30 കോടി രൂപ, വൈദ്യുതി പോസ്റ്റ് 10 കോടി രൂപ,

LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോ ഭൂമി 25 കോടി രൂപ, ചോദ്യപേപ്പർ ചോർച്ച അട്ടിമറി 5 കോടി രൂപ, ടൂറിസം 60 കോടി രൂപ എന്ന രീതിയിൽ അഴിമതി നടന്നതായാണ് അവർ ആരോപണം ഉന്നയിച്ചത്. ഈ ആരോപണം ഉന്നയിച്ച എം.എൽ.എ.മാരോട് ഒരു വിശദീകരണമെങ്കിലും ചോദിക്കാൻ മുഖ്യമന്ത്രിക്ക് സാധിച്ചോ? ഇതിന് മുൻപ് പ്രതിപക്ഷത്ത് നിന്ന് അഴിമതി ആരോപണം ഉന്നയിച്ചു. ആ ആരോപണങ്ങളെക്കുറിച്ചൊന്നും ഗവൺമെന്റ് അന്വേഷിച്ചില്ല. ഇങ്ങനെ കഴിഞ്ഞ നാല് കൊല്ലക്കാലം കൊണ്ട് 3,000 കോടി രൂപയുടെ അഴിമതി നടത്തിയ മന്ത്രിസഭ എന്ന റെക്കാർഡ് ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിന് ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇവിടെ വികസനം പൂർണ്ണമായി മുരടിച്ചു. വികസന പ്രവർത്തനത്തിൽ ഒരു താൽപ്പര്യവും ഈ മന്ത്രിസഭയ്ക്കില്ല. വൻവികസനം ഇവർ പ്രഖ്യാപിച്ചു. ആഗോള നിക്ഷേപ സമാഹരണം നടത്തി. 26,000 കോടി രൂപയുടെ നിക്ഷേപം വരുമെന്ന് പ്രഖ്യാപിച്ചു. പ്രഖ്യാപിച്ചിട്ട് മൂന്ന് വർഷം കഴിഞ്ഞു. എത്രയാണ് വന്നത് ? വെറും 217 കോടി രൂപയാണ് ഇവിടെ വന്ന നിക്ഷേപം. മല എലിയെ പ്രസവിച്ച അനുഭവമാണ് ആഗോള നിക്ഷേപ സമാഹരണത്തിന് ശേഷം ഇവിടെയുണ്ടായത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്ന് ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ഗ്രാമീണ മേഖലയിൽ വികസനം മുരടിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത 2,000 കോടി രൂപയുടെ ഫണ്ട് ഗവൺമെന്റ് തിരിച്ചു പിടിച്ചു. നാല് വർഷക്കാലം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ മുരടിപ്പിച്ച മന്ത്രിസഭയാണ് ഇത്. പി.ഡബ്ല്യു.ഡി പ്രവൃത്തി ഇന്ന് സ്തംഭിച്ചിരിക്കുകയാണ്. കരാറുകാർക്ക് പണം നൽകുന്നില്ല. ഇതിന്റെ ഫലമായി വികസന പ്രവർത്തന രംഗത്ത് സമ്പൂർണ്ണ മുരടിപ്പാണ്. വിദ്യാഭ്യാസ രംഗത്ത് അരാജകത്വം സൃഷ്ടിച്ച് അഴിമതി വ്യാപകമാക്കി. അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അനധികൃതമായി അംഗീകരം കൊടുക്കാൻ പോകുന്നു. ഇതിന്റെ പിന്നിൽ വ്യാപകമായ പണപ്പിരിവ് നടക്കുന്നു. ഒരു സ്കൂളിന് അംഗീകാരം കൊടുക്കാൻ ചുരുങ്ങിയത് ഒരു ലക്ഷം രൂപ വാങ്ങാം. മുസ്ലീംലീഗിന്റെ ഏജന്റുമാർ രംഗത്തിറങ്ങിയിരിക്കുകയാണ്. ഇതിന്റെ പേരിൽ നടക്കുന്ന പണപ്പിരിവ് മുഖ്യമന്ത്രി അന്വേഷിക്കുമോ? ഇവിടെ വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ എയ്ഡഡ് മേഖലയിൽ 200 സ്കൂളുകൾക്ക് ഹയർ സെക്കന്ററി കോഴ്സ് കൊടുക്കാൻ പോകുന്നു. വി.എച്ച്.എസ്.ഇ വന്നാൽ ഒരു സ്ഥാപനത്തിന് ഒന്നരക്കോടി രൂപ അദ്ധ്യാപകരിൽ നിന്ന് വാങ്ങാമെന്നാണ് കണക്ക്. അതിൽ 50 ലക്ഷം രൂപ വേണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. അഴിമതി വിദ്യാഭ്യാസ വകുപ്പിൽ വ്യാപകമായി. ഇവിടെ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർന്നത്. എസ്.എസ്.എൽ.സി. പരീക്ഷ പോലും മര്യാദയ്ക്ക് നടത്താൻ കഴിയാത്ത ഒരു സാഹചര്യത്തിലേക്ക് കേരളം എത്തി. അതാണ് ഉമ്മൻചാണ്ടി ഭരണത്തിന്റെ നേട്ടം. സ്വാശ്രയ വിദ്യാഭ്യാസ നയം ഈ കേരളത്തെ ചോരക്കളമാക്കി. യു.ഡി.എഫ് ഗവൺമെന്റ് പ്രഖ്യാപിച്ച വിദ്യാഭ്യാസനയം നടപ്പിലാക്കാൻ സാധിച്ചില്ല. രണ്ട് സ്വാശ്രയ കോളേജുകൾ = ഒരു ഗവൺമെന്റ് കോളേജ് എന്ന് പ്രഖ്യാപിച്ചു. നാല് കൊല്ലം നിങ്ങൾക്ക് ഭരണം കിട്ടിയിട്ടും ആ പ്രഖ്യാപനം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ സാധിച്ചോ? ഇനി നിങ്ങൾ എപ്പോൾ നടപ്പിലാക്കും? ശ്രീ. ബഷീർ പറയുന്നു. അടുത്ത കൊല്ലം നടപ്പിലാക്കുമെന്ന്. അടുത്തകൊല്ലം വേറെ മന്ത്രിസഭയായിരിക്കും. എല്ലാം അടുത്ത കൊല്ലം നടപ്പിലാക്കാമെന്നാണ് ഇപ്പോൾ പ്രഖ്യാപിക്കുന്നത്. ഇത്തവണ വിദ്യാഭ്യാസ രംഗത്ത് ചോരപ്പുഴ ഒഴുക്കിയത് ഈ ഗവൺമെന്റാണ്: കൂട്ടുത്തരവാദിത്തമില്ലായ്മയുടെ ഫലമായിട്ടല്ലേ? 30-ാം തീയതി ചർച്ചയ്ക്ക് വിളിച്ചപ്പോൾ വിദ്യാഭ്യാസ വകുപ്പു മന്ത്രിയും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും പറഞ്ഞു, 50% സീറ്റിൽ ഗവൺമെന്റ് ഫീസ് കൊടുത്താൽ മതി എന്ന്, എന്നാൽ സഹകരണവകുപ്പ് അത് അംഗീകരിക്കില്ല എന്നുപറഞ്ഞു. സമരം കഴിഞ്ഞ് 5 ദിവസം കഴിഞ്ഞപ്പോൾ സഹകരണ മന്ത്രി പറഞ്ഞു, ഞങ്ങൾ കൊടുക്കാമെന്ന്. സഹകരണ മന്ത്രിയുൾപ്പെടെയുള്ളവരുമായി ആദ്യമേ ചർച്ച ചെയ്തിരുന്നുവെങ്കിൽ ഇത്തവണ ഈ സംഘർഷം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. മന്ത്രിമാർ തമ്മിൽ കൂടിയാലോചിക്കുന്നില്ല, ഗവൺമെന്റിന് കൂട്ടുത്തരവാദിത്തമില്ല. അതിന്റെ ഫലമായിട്ടാണ് വിദ്യാഭ്യാസ രംഗത്ത് ഈ സംഘർഷാവസ്ഥയുണ്ടായത്. ഇത്തവണ യഥാർത്ഥത്തിൽ 50% സീറ്റിൽ സഹകരണ മേഖലയിൽ പൂർണ്ണമായി ഗവൺമെന്റ് ഫീസ് ഏർപ്പെടുത്തിക്കൊണ്ട് സമാധാനാന്തരീക്ഷത്തിൽ കൗൺസലിംഗ് നടത്താൻ കഴിയുമായിരുന്നു. ആ അന്തരീക്ഷം ഇല്ലാതായത് യു.ഡി.എഫ് ഗവൺമെന്റിന് കൂട്ടുത്തരവാദിത്തം ഇല്ലാത്തതിന്റെ ഫലമായിട്ടാണ്. ഈ സംസ്ഥാനത്ത് പോലീസിനെ കയറൂരിവിട്ട് എന്തും ചെയ്യാമെന്നാണ് ഗവൺമെൻറ് കണക്ക് കൂട്ടുന്നത്. അതിന്റെ ഫലമായി ഇന്ന് കേരളത്തിൽ ക്രമസമാധാനനില തകർന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടക്കുന്ന സംഭവങ്ങൾ നിയമസഭയിൽ ചോദിച്ചാൽ മുഖ്യമന്ത്രി ഉത്തരം നൽകുന്നില്ല. എല്ലാം അന്വേഷിച്ചുവരുന്നു എന്നാണ് പറയുന്നത്. 9,124 ആളുകളെ കാണുന്നില്ല, 4,115 സ്ത്രീകളെ കാണുന്നില്ല, 1,333 കുട്ടികളെ കാണുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാത്ത സംസ്ഥാനമായി മാറി. കാണാതായവരുടെ കൂട്ടത്തിൽ പണ്ടത്തെ സുകുമാരക്കുറുപ്പിനെ ഇനിയും കിട്ടിയിട്ടില്ല. ഇവർ ഭരിക്കുന്ന കാലത്താണ് സുകുമാരക്കുറുപ്പിനെ കാണാതായത്. അന്ന് ആരോപണത്തിന് വിധേയനായ ആളെയാണ് ഇന്ന് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായി നിശ്ചയിച്ചിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇപ്പോൾ 762 പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട് എന്ന പരാതിയുണ്ട്. ഇതിൽ 7 പേരെ കൊന്നു എന്നാണ് നിയമസഭയിൽ ഉത്തരം നൽകിയത്. 1623 അജ്ഞാതമൃതദേഹങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നിന്ന് കിട്ടിയത്. ഇതിൽ 35 കുട്ടികളും 160 സ്ത്രീകളുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാത്ത സംസ്ഥാനമായി ഉമ്മൻചാണ്ടിയുടെ ഭരണം കൊണ്ട് കേരളം മാറി. ആളുകളെ പോലീസ് കസ്റ്റഡിയിൽ പിടിച്ചുകൊണ്ടുപോയി കൊല്ലുന്നു. നിയമസഭയിൽ ഇതുസംബന്ധിച്ച് ഉത്തരം പറഞ്ഞത്, പോലീസ് കസ്റ്റഡിയിൽ 12 ആളുകൾ മരിച്ചു എന്നാണ്. ജയിലിൽ തടവുകാർ മരിക്കുന്നു. 174 തടവുകാർ ജയിലിൽ വച്ച് മരിച്ചു. 76 ആളുകളെ ലോക്കപ്പിൽ കൊണ്ടുപോയി ഇടിച്ചു എന്ന് മുഖ്യമന്ത്രി നിയമസഭയിൽ സമ്മതിക്കുന്നു. സ്ത്രീപീഡന കേസ് 52, പെൺവാണിഭകേസ് 53

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ ഇവരുടെ ഭരണത്തിന്റെ നേട്ടമാണ്. ഇവിടെ 413 സ്ത്രീകൾ കൊല ചെയ്യപ്പെട്ടു. 278 കുട്ടികൾ കൊല ചെയ്യപ്പെട്ടു. സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം കൊടുക്കാൻ കഴിയാത്ത ഒരു മന്ത്രിസഭയ്ക്ക് ഭരിക്കാൻ എന്താണ് അർഹത? ഇത്തരം കാര്യങ്ങൾക്ക് വേണ്ടിയല്ല ഇവിടെ പോലീസിനെ ഉപയോഗിക്കുന്നത്. പോലീസിനെ ഉപയോഗിക്കുന്നത് കുറ്റകൃത്യങ്ങൾ തടയാനല്ല. പോലീസിനെ ഉപയോഗിക്കുന്നത് രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്താനാണ്. അതിനുവേണ്ടി പോലീസിനെ കയറൂരി വിടുന്നു.

എ.കെ.ജി. സെന്ററിനു നേരെപ്പോലും 25 ഗ്രനേഡ് പ്രയോഗിച്ചു. ടീയർ ഗ്യാസ് പ്രയോഗിച്ചു. സി.പി.എം.ന്റെ സംസ്ഥാന കമ്മിറ്റി യോഗം നടന്നു കൊണ്ടിരിക്കുമ്പോൾ എ.കെ.ജി. സെന്ററിനു നേരെ ഗ്രാനേഡ് പ്രയോഗിച്ചത് മുഖ്യമന്ത്രിയുടെ അറിവോടുകൂടിയാണ്. പ്രതിപക്ഷത്തിന്റെ പ്രധാനപ്പെട്ട പാർട്ടി ആഫീസ് ആക്രമിക്കുക എന്ന ഉദ്ദേശത്തോടുകൂടി പോലീസിനെ കയറൂരിവിട്ടു. ഇതാണ് ഉമ്മൻചാണ്ടി ഭരണത്തിന്റെ നേട്ടം. വിദ്യാർത്ഥികളെയും യുവാക്കളെയും തല്ലി എല്ലൊടിച്ചു. ഇവിടെ നൂറുകണക്കിന് വിദ്യാർത്ഥികൾ ആശുപത്രിയിലാണ്. 500 ഓളം വിദ്യാർത്ഥി യുവജന പ്രവർത്തകന്മാർ ഇന്നു ജയിലിലാണ്. ഈ ഗവൺമെന്റ് പോലീസ് രാജ്‌ലേക്ക് സംസ്ഥാനത്തെ നയിച്ചിരിക്കുകയാണ്. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട സ്ഥലത്ത് പോലീസ് നോക്കിനിൽക്കുന്നു. ഈ ഭരണത്തിന്റെ നേട്ടം,-മാറാട് വർഗ്ഗീയ ലഹളയിൽ 18 ആളുകൾ മരിച്ചു; തൈക്കൽ കടപ്പുറത്ത് ലഹളയിൽ 4 ആളുകൾ മരിച്ചു, വർഗ്ഗീയ ലഹളയിൽ 18 ആളുകൾ മരിച്ചു, എന്നിവയൊക്കെയാണ്. കണ്ണൂരിൽ രാവിലെ പുന്നാട് പള്ളിയിൽ കയറി ആർ.എസ്.എസ്.കാർ മുഹമ്മദിനെ കൊന്നു. വള്ളിക്കുന്നം പള്ളിയിൽകയറി ആർ.എസ്.എസ്.കാർ അഷറഫിനെ കൊന്നു. പള്ളിക്ക് അകത്ത് കയറി ആളുകളെ കൊല്ലാൻ ഇവിടെ തീവ്രവാദി പ്രസ്ഥാനത്തിനു അവസരം ലഭിച്ചത് ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുമ്പോഴാണ്, ഇത് ക്രമസമാധാനത്തിന്റെ നേട്ടമാണ്. ഹിന്ദു - മുസ്ലീം തീവ്രവാദികൾ ഇവിടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നു. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഫാ: ജോബ് ചിറ്റിലപ്പിള്ളി പള്ളിയിൽ കൊലചെയ്യപ്പെട്ടു.. ഈ കേരളം രൂപം കൊണ്ടതിനുശേഷം എപ്പോഴെങ്കിലും ഒരു വൈദികൻ പള്ളിക്കകത്തുവച്ചു കൊലചെയ്യപ്പെട്ടിട്ടുണ്ടോ? യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ പള്ളിക്കകത്തുവച്ച് വൈദികൻ കൊലചെയ്യപ്പെടുന്നു. ഈ ഭരണത്തിൽ ആർക്കാണ് രക്ഷ? കന്യാസ്ത്രീകൾ ആക്രമിക്കപ്പെട്ടില്ലേ, ഒളവണ്ണയിൽ മദർ തേരേസായുടെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ട്രസ്റ്റിൽപ്പെട്ട ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന കന്യാസ്ത്രീകളെ ആർ.എസ്.എസ്.കാർ ആക്രമിച്ചു. ആ സംഭവം നടത്തിയവർക്കെതിരെ ഈ ഗവൺമെന്റ് എന്ത് ചെയ്തു? മധ്യപ്രദേശിൽ കന്യാസ്ത്രീകൾ ആക്രമിക്കപ്പെട്ടപ്പോൾ അവിടെ ഓടിച്ചെന്ന ആളാണ് ശ്രീ. ഉമ്മൻചാണ്ടി. അദ്ദേഹം കേരളത്തിൽ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇവിടെ കന്യാസ്ത്രീകൾക്ക് രക്ഷയില്ല. ഇവിടെ പള്ളിയിൽ കയറി ആർ.എസ്.എസ്.കാർ മാത്രമല്ല പോലീസുകാർ വരെ ആക്രമം കാണിച്ചു. ശ്രീ. ഉമ്മൻചാണ്ടി പോലീസിനെ കയറൂരിവിട്ടിരിക്കുകയാണ്. ഇവിടെ യാക്കോബായ സഭയും ഓർത്തഡോക്സ് സഭയും തമ്മിലുള്ള തർക്കത്തിൽ മുഖ്യമന്ത്രി പക്ഷം. പിടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷ നിലപാട് സ്വീകരിക്കേണ്ട മുഖ്യമന്ത്രി പോലീസിനെ ഉപയോഗിച്ചുകൊണ്ട് പക്ഷപാതപരമായി പെരുമാറി എന്ന ആക്ഷേപം തുടരുകയാണ്. ഒരു മുഖ്യമന്ത്രിക്ക് ഇത് ചെയ്യാൻ പാടുണ്ടോ? ഭരണഘടനാ ലംഘനമാണ് ഇവിടെ മുഖ്യമന്ത്രി നടത്തിയത്. ആലുവ സെന്റ് മേരീസ് പള്ളിയിൽ പോലീസ് കയറി വിശ്വാസികളെയും കന്യാസ്ത്രീകളെയും വൈദികരെയും മൃഗീയമായി തല്ലി. കളമശ്ശേരി എ.ആർ. ക്യാമ്പിലേക്ക് 470 വിശ്വാസികളെ പിടിച്ചുകൊണ്ടുപോയി, അവിടെ എത്തിയവർ വണ്ടിയിൽ നിന്നു ഇറങ്ങുമ്പോൾ ഓരോരുത്തരേയും മുതുകത്ത് ചവിട്ടിയാണ് ക്യാമ്പിലേക്ക് കൊണ്ടുപോയത്. എസ്.എഫ്.ഐ.ക്കാരെ തല്ലുന്നതുപോലെ വൈദികന്മാരെ തല്ലി. ശ്രീ. ഉമ്മൻചാണ്ടി അക്കാര്യത്തിൽ ഒന്നു ചെയ്തു. അടിയിൽ പക്ഷപാതം കാണിച്ചില്ല. വൈദികനും അടി. അതാണ് യു.ഡി.എഫ്. ഭരണത്തിന്റെ നേട്ടം. ഞങ്ങൾ അവിടെ പോയപ്പോൾ 19 വൈദികന്മാർക്ക് അവിടെ മർദ്ദനമേറ്റതായി അറിയാൻ കഴിഞ്ഞു. കളമശ്ശേരി ക്യാമ്പിൽ കൊണ്ടുപോയി വൈദികന്മാരെ ഉരുട്ടി. അതിൽ ഒരു വൈദികൻ ഫാ: എൽദോസ് - അദ്ദേഹം ലോഹ അഴിച്ച് അദ്ദേഹത്തിനേറ്റ പരിക്ക് ഞങ്ങൾക്ക് കാണിച്ചുതന്നു. അദ്ദേഹത്തിന്റെ ദേഹം മുഴുവൻ പരിക്കുകളാണ്. എന്തിന് അദ്ദേഹത്തെ തല്ലി? ഒരു അച്ചനെ എ.ആർ. ക്യാമ്പിൽ വച്ച് നിർബന്ധിച്ച് കുർബാന ചൊല്ലിച്ചു എന്നു ആക്ഷേപം വന്നിരിക്കുകയാണ്. ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുമ്പോഴാണ് ഇത് സംഭവിച്ചത്. 70 വയസ് പ്രായമുള്ള ഫാ: എബ്രഹാം മനയത്തിന്റെ താടി പിടിച്ചിട്ട് ഒരു പോലീസുകാരൻ ചോദിച്ചു ഇത് വയ്പ് താടിയാണോയെന്ന്. ആരോടാണ് ചോദിച്ചത്, ഒരു ഫാദറിനോട്. ശ്രീ. ഉമ്മൻചാണ്ടി ഭരിക്കുന്ന കാലത്ത് കന്യാസ്ത്രീകൾക്കും ഫാദർമാർക്കും രക്ഷയില്ലാത്ത സംസ്ഥാനമായി കേരളം മാറി. നാസി കോൺസെൻട്രേഷൻ ക്യാമ്പിൽ നടന്നതുപോലെയാണ് തങ്ങളെ കൊണ്ടുപോയി മർദ്ദിച്ചതെന്ന് അവർ ആക്ഷേപിച്ചിരിക്കുന്നു. ഈ മർദ്ദനത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെ കൂടെ നിൽക്കുന്ന സഭാ വിശ്വാസികൾ തന്നെ അദ്ദേഹം രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവിടെ ഈ സംസ്ഥാനം നീറുന്ന ഒരു സ്ഥിതിവിശേഷത്തിലേക്ക് എത്തിയിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ വർദ്ധിച്ചിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അരിയുടെ വില ഒരു കിലോക്ക് 7 രൂപയായിരുന്നു. ഇന്ന് ഒരു കിലോ അരിക്ക് 15 രൂപയാണ്. യു.ഡി.എഫ്. ഭരണത്തിന്റെ നേട്ടമാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മണ്ണെണ്ണയ്ക്ക് 3 രൂപയായിരുന്നു വില. ഇപ്പോൾ അത് 15 രൂപയായി. 9 രൂപയായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ പഞ്ചസാരയുടെ വില. ഇപ്പോൾ അത് 20 രൂപയായി. ഡീസലിന്റെ വില ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 11 രൂപ. ഇപ്പോൾ 31 രൂപ 99 പൈസയാണ്. പെട്രോളിന്റെ വില ആന്റണി അധികാരത്തിൽ വരുമ്പോൾ 21 രൂപ. ഇപ്പോൾ 42 രൂപ 16 പൈസ. ആന്റണി അധികാരത്തിൽ വരുമ്പോൾ പാചകവാതകത്തിന് 75 രൂപ. ഇപ്പോൾ ഒരു സിലിണ്ടറിന് 321 രൂപ. നിത്യോപയോഗ സാധന വിലക്കയറ്റംകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം പൊറുതിമുട്ടി. ഈ ഗവൺമെന്റ് ഇതേക്കുറിച്ച് ഒരു ദിവസമെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ? ഈ മന്ത്രിസഭയുടെ കൃാബിനറ്റ് യോഗം ഒരു ദിവസമെങ്കിലും വിലക്കയറ്റത്തെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ടോ? പെട്രോളിയം ഉല്പന്നങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിക്കുമ്പോൾ ഇവിടെ സംസ്ഥാന ഗവൺമെന്റിന് അധികവരുമാനം കിട്ടും. ആ അധിക വരുമാനം ഉപേക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭ ഒരു വർഷം അന്ന് അധിക വരുമാനം ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഈ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്തെ മാതൃക സ്വീകരിക്കാൻ എന്തുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന് സാധിക്കുന്നില്ല? സമസ്ത മേഖലയിലും ഈ ഗവൺമെന്റ് സ്വീകരിച്ച ഓരോ നയങ്ങളും ഈ സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങൾക്ക് ജീവിതം അസാധ്യമാക്കിത്തീർത്തിരിക്കുകയാണ്. ഇന്ന് ഈ ഭരണത്തിന് ഒറ്റ ചിന്ത മാത്രമേയുള്ളൂ—എങ്ങനെയെങ്കിലും അധികാരം നിലനിർത്തണം. അതിന് എന്തും ചെയ്യും. രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താൻ വേണ്ടി എന്തും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിക്കഴിഞ്ഞു. ഇതിന്റെ ഫലമായി ഈ സംസ്ഥാനത്തെ ഭരണം സ്തംഭിച്ചിരിക്കുകയാണ്. മന്ത്രിമാർ പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർ കേൾക്കുന്നില്ല. ഫയലുകൾ നീങ്ങുന്നില്ല. മുഖ്യമന്ത്രി പറഞ്ഞു, കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും 100 ദിവസംകൊണ്ട് തീർക്കുമെന്ന്. എന്നാൽ ഫയലിന്റെ എണ്ണം സെക്രട്ടേറിയറ്റിൽ കൂടിക്കൂടിവന്നു. ഫയലുകൾ പെറ്റുപെരുകുന്ന അവസ്ഥയാണ് സെക്രട്ടേറിയറ്റിലുള്ളത്. കഴിഞ്ഞ മന്ത്രിസഭയുടെ ഭരണത്തിൽനിന്നും എന്തെങ്കിലും ഒരു മാറ്റം ഈ ഗവൺമെന്റിന് വരുത്താൻ കഴിഞ്ഞ പത്തു മാസംകൊണ്ട് ശ്രീ. ഉമ്മൻചാണ്ടിക്ക് സാധിച്ചിട്ടുണ്ടോ? ശ്രീ. എ.കെ. ആന്റണിയെ നിങ്ങൾ എന്തിനു മാറ്റി? ഭരണം കാര്യക്ഷമമാക്കാൻ എന്നു പറഞ്ഞുകൊണ്ടാണ് മാറ്റിയതെങ്കിൽ ഇപ്പോൾ 10 മാസമായിട്ട് ഭരണരംഗത്ത് കാര്യക്ഷമതയുണ്ടാക്കാൻ സാധിച്ചോ? ശ്രീ. എ.കെ. ആന്റണി പറഞ്ഞു, എല്ലാം എന്റെ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാൻ നോക്കണ്ട എന്ന്. ഇവിടെ കോൺഗ്രസ്സിന്റെ നേതാക്കൾക്കുപോലും ഈ ഭരണത്തോട് യോജിപ്പുണ്ടോ? കോൺഗ്രസ് നേതാവായ ശ്രീ. വി.എം. സുധീരൻ പറഞ്ഞിരിക്കുകയാണ് ഈ സംസ്ഥാനത്തേക്ക് സ്പിരിറ്റ് പ്രവഹിക്കുകയാണെന്ന്. അഴിമതിയിൽ മുങ്ങിയ വകുപ്പാണ് എക്സൈസ് വകുപ്പെന്ന് എക്സൈസ് മന്ത്രിതന്നെ പറഞ്ഞിരിക്കുന്നു. ശ്രീ. വക്കം പുരുഷോത്തമൻ, തന്റെ ഡിപ്പാർട്ടമെന്റ് അഴിമതി ഡിപ്പാർട്ട്മെന്റാണെന്ന് പരസ്യമായി പ്രഖ്യാപിച്ചു. ഇങ്ങനെ ഒരു അവസ്ഥ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇവിടെ സുധീരൻ പറഞ്ഞു, നിയമവിരുദ്ധമായി പ്രവർത്തിച്ച 156 ബാറുകൾക്ക് നിയമപ്രാബല്യം നല്കി എന്ന്. ആ സുധീരൻ ഇപ്പോൾ കോൺഗ്രസ് കമ്മിറ്റിയിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഈ ആരോപണം ഉന്നയിച്ച കാര്യത്തോട് കോൺഗ്രസിന് യോജിപ്പില്ലെങ്കിൽ എങ്ങനെ അദ്ദേഹത്തെ വീണ്ടും തെരഞ്ഞെടുത്തു? ഇവിടെ യു.ഡി.എഫ്-ന്റെ ആളുകൾ തന്നെ പരസ്പരം വിളിച്ചുപറയുന്ന കാര്യങ്ങൾ നോക്കിയാൽ ഈ മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്തമുണ്ടോ? ഇവിടെ രാഷ്ട്രീയ രംഗത്ത് നേട്ടമുണ്ടാക്കാൻ സാധിച്ചോ? സുനാമി ഫണ്ട് ഗവൺമെന്റ് തിരിമറി

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയെന്ന് പറയുന്നു. ലീഗ് പിരിച്ച സുനാമി ഫണ്ട് കാണുന്നില്ല എന്ന് ലീഗിന്റെ ആൾതന്നെ പറയുന്നു. ഈ സംസ്ഥാനത്ത് എന്തൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത് ? ഇങ്ങനെയുള്ള ഒരു ഭരണത്തിന് വികസനം ഉണ്ടാക്കാൻ സാധിക്കുമോ? ഇവർ ഇടക്കിടെ വികസനം വികസനം എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇടതുപക്ഷ ജനാധപത്യ മുന്നണി അധികാരത്തിലിരുന്ന കാലത്തുമാത്രമാണ് കേരളത്തിൽ വികസനം ഉണ്ടായത്. 1957-ൽ ഭൂപരിഷ്കരണം നടപ്പാക്കിയത് ആരാണ്? കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് ഭൂപരിഷ്കരണത്തിന് തുടക്കം കുറിച്ചത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റാണ് അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചത്. 1980-ൽ നായനാർ മന്ത്രിസഭയാണ് അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ശക്തി കൂട്ടിയത്. 1986-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് സമ്പൂർണ്ണ സാക്ഷരത ഉണ്ടാക്കിയത്. യു.ഡി.എഫ്.-ലെ ചില പാർട്ടികൾ കൂടി അതിൽ സഹകരിച്ചു; ഞങ്ങൾ വിസ്മരിക്കുന്നില്ല. കോൺഗ്രസ് അതിൽ നിസ്സഹകരിച്ചു. സമ്പൂർണ്ണ സാക്ഷരതയിലേക്ക് സംസ്ഥാനത്തെ എത്തിക്കാൻ അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചില്ലേ? കേരളത്തിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നപ്പോൾ, ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്നു പ്രഖ്യാപിച്ചുകൊണ്ട്, അധികാര വികേന്ദ്രീകരണം താഴെ തലത്തിൽ എത്തിച്ചുകൊണ്ട്, ജനകീയാസൂത്രണ പ്രവർത്തനം ഈ സംസ്ഥാനത്ത് നടപ്പിലാക്കി. ഇങ്ങനെ അധികാര വികേന്ദ്രീകരണത്തിന് പുതിയ പാത വെട്ടിത്തുറന്നത് ഇടതുപക്ഷ മുന്നണിയല്ലേ? ഗ്രാമീണ മേഖലയിൽ ടാറിട്ട ഒരു റോഡ് കാണാൻ തുടങ്ങിയത് ജനകീയാസൂത്രണം വന്നതിനുശേഷമല്ലേ? അതിനുമുമ്പ് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? ആടു കൊടുത്തു, താറാവ് കൊടുത്തു എന്നാണ് അപ്പുറത്തുള്ള ആളുകൾ പറയുന്നത്. അന്ന് താറാവിനെ വാങ്ങി നല്ലതുപോലെ ശാപ്പിട്ട ആളുകളാണ് ഇന്നിപ്പോൾ ഇത് പറയുന്നത്. അന്ന് ആ താറാവിന്റേയും ആടിന്റേയും പിന്നാലെ പോയവരാണ് ഇന്നിപ്പോൾ അതിനെ പരിഹസിക്കുന്നത്. അപ്പുറത്തുള്ള ആളുകളുടെ മനോഭാവം താറാവ് കൃഷിചെയ്യുന്നവൻ മനുഷ്യനല്ല, ആടിനെ പോറ്റുന്നവൻ മനുഷ്യനല്ല എന്നുള്ളതാണ്. കേരളത്തിലെ പത്ത് ശതമാനം വരുന്ന സമ്പന്ന വർഗ്ഗത്തിന്റെ താൽപ്പര്യം മാത്രമാണ് നിങ്ങളുടെ താൽപ്പര്യം. ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് പത്ത് രൂപയുടെ വരുമാനം ഉണ്ടാക്കിക്കൊടുക്കാനുള്ള വികസന പ്രവർത്തനത്തിനാണ് ഞങ്ങൾ നേതൃത്വം കൊടുത്തത്. നിങ്ങൾ നേതൃത്വം കൊടുക്കുന്നത്, അതിൽ നിന്ന് വ്യത്യസ്തമായി പൊതുമേഖലയെ വിറ്റു തുലയ്ക്കുന്നതിനാണ്. പൊതുമേഖലയെ സ്വകാര്യ മേഖലയ്ക്ക് കൈമാറുക എന്നുള്ളതാണ് ഇവരുടെ വികസനം. ഇവരുടെ വികസനത്തിന്റെ ഫലം സ്വന്തം വികസനവും ഒരു പ്രദേശത്തിന്റെ വികസനവുമാണ്. ഓരോരുത്തരേയും വളർത്തുന്ന വികസനം -- ഇതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ വികസനത്തിന്റെ മുഖമുദ്ര. വികസനം, വികസനം എന്നു പറഞ്ഞുകൊണ്ട് ഇവിടെ ഓരോ മന്ത്രിയും നടത്തുന്ന അഴിമതിയുടേയും പിടിപ്പുകേടിന്റേയും ഫലമായി ഇന്ന് അരാജകത്വത്തിലേക്ക് കേരളം എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ഓരോ വകുപ്പും ചെയ്യുന്ന അഴിമതികളുടെ നിരവധി കഥകൾ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സമ്മേളനത്തിൽ ഉന്നയിക്കുകയുണ്ടായി. ഇപ്പോൾ റവന്യൂ വകുപ്പിൽ നടക്കുന്ന വെട്ടിപ്പ് പരിശോധിച്ചാൽ യഥാർത്ഥത്തിൽ സുനാമി ഫണ്ട് ഡി.ആർ.ഡി.എ. വഴി, അവർക്ക് ഇഷ്ടംപോലെ കൊടുക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ് എന്ന് കാണാം. സുനാമി ഫണ്ട് പോലും മര്യാദയ്ക്ക് ചെലവഴിക്കാൻ കഴിയാത്ത ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ എന്താണ് അർഹത? കേരള കൗമുദി പത്രം തന്നെ ഇതുസംബന്ധിച്ച് വിശദമായ കണക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന് ഒരു വിശദീകരണം മുഖ്യമന്ത്രികൊടുത്തു. ഇവിടെ പ്രത്യേകം വയ്ക്കേണ്ടുന്ന പണം മുഖ്യമന്ത്രിയുടെ ഹെഡ്ഡിലേക്ക് മാറ്റിയിട്ട് ആ പണം കൊണ്ട് ആളുകൾക്ക് ഇപ്പോൾ ആയിരം രൂപ ചികിത്സയ്ക്ക് കൊടുക്കുന്നു. ഞങ്ങൾ കത്തുകൊടുക്കുന്നുണ്ട്. പ്രതിപക്ഷം കത്ത് കൊടുക്കുന്നവർക്ക് രണ്ടായിരം രൂപ. ഭരണകക്ഷി കത്ത് കൊടുക്കുന്നർക്ക് അയ്യായിരവും പതിനായിരവും. സുനാമി ഫണ്ട് എടുത്ത് ഇഷ്ടം പോലെ ചെലവഴിക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. യഥാർത്ഥത്തിൽ ഇവിടെ സുതാര്യമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്? ഈ സംസ്ഥാനത്തെ അരാജകത്വത്തിലേക്ക് തള്ളി നീക്കിയിരിക്കുകയാണ്. ഒരു മേഖലയിലും ഈ ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത നിലയിലുള്ള സ്ഥിതിവിശേഷമുണ്ടാക്കിയത് യു.ഡി.എഫി.-ലെ തമ്മിലടിയാണ്. ഈ ഗവൺമെന്റിന് അമ്പത് മാസത്തെ സമയം ഞങ്ങൾ കൊടുത്തില്ലേ? 50 മാസം പൂർത്തിയായതിനു ശേഷമാണ് ഞങ്ങൾ അവിശ്വാസപ്രമേയം കൊണ്ടു വന്നിരിക്കുന്നത്. ഗവൺമെന്റിന് ഇത്രയും കാലം ഒരു വികസനപ്രവർത്തനവും നടപ്പാക്കാൻ സാധിക്കാതെ പോയത്, ഏതു വിഷയമായാലും ഭരണകക്ഷിക്കകത്ത് അഭിപ്രായവ്യത്യാസം വരും എന്നുള്ളതുകൊണ്ടാണ്. കരുണാകരനും ആന്റണിയും തമ്മിലായിരുന്നു നേരത്തെ അടി. ആ അടിയുടെ ഫലമായി ഇപ്പോൾ ശ്രീ. ആന്റണിയെ ഡൽഹിക്ക് പറഞ്ഞയച്ചു. കരുണാകരൻ കോൺഗ്രസ് വിട്ടതോടുകൂടി ഇപ്പോൾ പുതിയ പ്രശ്നമായി. ഇപ്പോൾ ഉമ്മൻചാണ്ടിയും ആന്റണിയും തമ്മിലാണ് പുതിയ അങ്കം. അതിന്റെ ഫലമായി ആന്റണിയെ ഡൽഹിക്ക് വിട്ടു. ആന്റണിയെ ഡൽഹിക്ക് വിട്ട് ഉമ്മൻചാണ്ടിക്ക് കേരളം ഏൽപ്പിച്ചുകൊടുത്തതോടുകൂടി എല്ലാം ശരിയായി എന്നാണ് ഉമ്മൻചാണ്ടി കരുതുന്നതെങ്കിൽ തെറ്റി. അപ്പുറത്ത് അപശബ്ദങ്ങൾ വീണ്ടും തുടങ്ങി. നിങ്ങളുടെ മുന്നണിയിലെ അനൈക്യമാണ് ഇവിടെ പ്രശ്നം. കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിൽ തർക്കം. അഴീക്കോട്-കൂത്തുപറമ്പ് ഇലക്ഷൻ കഴിഞ്ഞപ്പോൾ കോൺഗ്രസ്സ് പറഞ്ഞു ഘടകകക്ഷികൾ ചതിച്ചു എന്ന്. മുസ്ലീംലീഗ് ചതിച്ചു എന്നാണ് നിങ്ങളുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വന്നിരിക്കുന്നത്. പരസ്പരം വിശ്വാസമില്ലാത്ത ഒരു കക്ഷിക്ക് എങ്ങനെ കേരളം ഭരിക്കാൻ സാധിക്കും? ഇവിടെ എ.കെ. ആന്റണിയും ഉമ്മൻചാണ്ടിയും തമ്മിൽ യോജിപ്പില്ലാതെ എങ്ങനെ വികസനം വരും. എ.കെ. ആന്റണി കെ.എസ്.യു-ന്റെ സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ സകല കുഴപ്പത്തിനും കാരണം മാനേജ്മെന്റാണെന്ന് പറഞ്ഞല്ലോ. അദ്ദേഹത്തിന് അധികാരമുണ്ടായിരുന്ന കാലത്ത് മാനേജ്മെന്റിനെ നിയന്ത്രിക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ദുരന്തം കേരളം പേറുമ്പോൾ അദ്ദേഹം ഒരു പ്രായശ്ചിത്തം എന്ന നിലയിൽ കെ.എസ്.യു.-ന്റെ സമ്മേളനത്തിൽ പോയി കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ സകല കുഴപ്പത്തിനും കാരണം മാനേജുമെന്റുകളാണെന്ന് പറഞ്ഞു. ഈ മാനേജ്മെന്റിനെ കയറൂരി വിട്ടിരിക്കുന്ന ഉമ്മൻചാണ്ടിക്ക് അവരെ നിയന്ത്രിക്കാൻ സാധിക്കുമോ? എ.കെ. ആന്റണി പറഞ്ഞു എല്ലാം എന്റെ തലയിൽ കെട്ടിവയ്ക്കേണ്ട എന്ന്. അന്നുണ്ടായിരുന്ന സകല കുഴപ്പത്തിന്റേയും കാരണക്കാരൻ യു.ഡി.എഫ്. കൺവീനറാണ്, കൺവീനർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഭരിച്ചത് എന്ന് ഇന്ന് എ.കെ. ആന്റണിക്ക് പരസ്യമായി പറയേണ്ടിവന്നു. ഇങ്ങനെ യു.ഡി.എഫ്-നകത്തുള്ള തമ്മിലടിയും കുതികാൽ വെട്ടും കാരണം കേരളത്തിൽ വികസന പ്രവർത്തനമേ നടക്കാത്ത സ്ഥിതി വിശേഷമുണ്ടായിരിക്കുന്നു. ഒരു പ്രശ്നത്തെക്കുറിച്ച് തീരുമാനിച്ചാലും ഇവർക്ക് അത് നടപ്പാക്കാൻ സാധിക്കില്ല. യു.ഡു.എഫ്-ന് ഒരു യോഗം പോലും ചേരാൻ കഴിയാത്ത അവസ്ഥയിലാണ്. കോൺഗ്രസിലുള്ള ആളുകൾക്കു തന്നെ വ്യത്യസ്ത അഭിപ്രയം. കരിമണൽ ഖനനത്തെപ്പറ്റി ഒരു നേതാവ് ഒന്നുപറയുമ്പോൾ മറ്റൊരു നേതാവ് മറ്റൊന്നു പറയുന്നു. യു.ഡി.എഫ്. എടുക്കുന്ന ഓരോ തീരുമാനത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായം യു.ഡി.എഫ്-ന്റെ ക്യാമ്പിൽ വന്നതിന്റെ ഫലമായി മാനിഫെസ്റ്റോ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ വന്നു. യു.ഡി.എഫ്. പ്രഖ്യാപിച്ച ധവള പത്രം നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ വന്നു. യു,ഡി.എഫ്. മാനിഫെസ്റ്റോ നിങ്ങൾ അംഗീകരിച്ചതല്ലേ? നിങ്ങൾ അംഗീകരിച്ച ധവളപത്രം അല്ലേ? മാനിഫെസ്റ്റോയും ധവളപത്രവും നടപ്പാക്കാൻ കഴിയാതെ പോയത് നിങ്ങളുടെ ഇടയിലുണ്ടായിരിക്കുന്ന അഭിപ്രായ വ്യത്യാസത്തിന്റെ ഫലമല്ലേ? നിങ്ങൾക്ക് എങ്ങനെ ഈ കേരളത്തിൽ വികസനം ഉണ്ടാക്കാൻ കഴിയും. കേരളത്തിന്റെ വിലപ്പെട്ട അമ്പത് മാസങ്ങൾ നഷ്ടപ്പെടുത്തിയ ഉമ്മൻചാണ്ടി ഗവൺമെന്റിന് കേരളം ഒരിക്കലും മാപ്പ് കൊടുക്കാൻ പോകുന്നില്ല. ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാനുള്ള ധാർമ്മികമായ അവകാശം പൂർണ്ണമായും നഷ്ടപ്പെട്ടു. സാങ്കേതികമായി തുടരാം. ഈ അവിശ്വാസപ്രമേയത്തിന് നോട്ടീസ്കൊടുത്തത് നാളെ ഇത് പാസായി ഉമ്മൻചാണ്ടി ഗവൺമെന്റ് ഇറങ്ങിപ്പോകുമെന്നുള്ള പ്രതീക്ഷയോടുകൂടിയല്ല. അവർ നേരത്തെ കയ്യടിക്കുന്നത് കണ്ടപ്പോൾ അവർക്ക് എന്തോ ഒരു സംശയം ഉണ്ടെന്ന് തോന്നി. ഒരു വിശ്വാസപ്രമേയമായി എടുക്കാമെന്ന് ഉമ്മൻചാണ്ടി കരുതിയിട്ടുണ്ടാവാം. ഈ പ്രമേയം വന്നാൽ നന്നായി എന്നാണ് ഉമ്മൻചാണ്ടി കണക്കാക്കിയിട്ടുള്ളത്. കാരണം ഒരു വിശ്വാസ പ്രമേയമാകട്ടെ എന്നാണ് ഉമ്മൻചാണ്ടി കരുതുന്നത്. അപ്പുറത്തിരിക്കുന്ന മെമ്പർമാർക്ക് സ്വതന്ത്രമായി വോട്ടുചെയ്യാനെങ്കിലും നിങ്ങൾ അനുവാദംകൊടുത്തോ? നിങ്ങൾക്ക് വരുംകാലങ്ങളിൽ ഇവിടെ ഭൂരിപക്ഷം ഉണ്ടാകാൻ പോകുന്നില്ല. ഉമ്മൻചാണ്ടി ഈ കസേരയിൽ ഇരിക്കുന്നത് നന്ദി പറയേണ്ടത് ശ്രീ. അടൽ ബിഹാരി വാജ്പേയിയോടാണ്. വാജ്പേയി കൊണ്ടുവന്ന കാലുമാറ്റ നിരോധന നിയമപ്രകാരം ഒരു പാർട്ടിയിൽ നിന്ന് ഭൂരിപക്ഷ എം.എൽ.എ-മാർ കാലുമാറിയാൽ അവരുടെയെല്ലാം എം.എൽ.എ സ്ഥാനം നഷ്ടപ്പെടും. വാജ്പേയി കൊണ്ടുവന്ന കാലുമാറ്റ നിരോധന നിയമം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നില്ലെങ്കിൽ മിസ്റ്റർ ഉമ്മൻചാണ്ടീ, നിങ്ങൾ ആ കസേരയിൽ ഉണ്ടാകുമായിരുന്നോ ? അപ്പുറത്തിരിക്കുന്ന എത്ര എം.എൽ.എ. മാർ ഇവിടെ ഉണ്ടാകുമായിരുന്നു? നിങ്ങളുടെ കൂടെ നിൽക്കുന്ന പല ആളുകളുടേയും ശരീരം മാത്രമേ അവിടെയുള്ളൂ. മനസ്സ് അവിടെയില്ല. പല ആളുകളുടേയും മനസ്സ് വേറെ സ്ഥലത്താണ്. ഒറ്റ എം.എൽ.എ.യും രാജിവെക്കില്ലെന്ന് പറഞ്ഞല്ലോ. ഒമ്പത് എം.എൽ.എ.മാർ രാജിവച്ചല്ലോ. അപ്പോൾ പറയുന്നു ഒന്നും സംഭവിച്ചില്ലെന്ന്. ഇനി എത്ര പേർ രാജി വച്ചാലാണ് സംഭവിക്കുക? കരുണാകരൻ നിങ്ങളുടെ പാർട്ടി വിട്ടുപോയി. ഉമ്മൻചാണ്ടി പറഞ്ഞു നന്നായി. പോയിക്കിട്ടിയല്ലോ എന്ന്. അങ്ങനെയാണോ ഒരുപാർട്ടിയുടെ സമുന്നതനായ നേതാവ് പാർട്ടി വിട്ട് പോയാൽ സ്വീകരിക്കേണ്ട സമീപനം? കരുണാകരന് പോലും ഇരിക്കാൻ കഴിയാത്ത ഒരു പാർട്ടിയായി ഈ സംസ്ഥാനത്തെ കോൺഗ്രസ്സ് പാർട്ടിയെ ഉമ്മൻചാണ്ടി മാറ്റിയില്ലേ? കരുണാകരൻ പറഞ്ഞു കോൺഗ്രസ്സുകാരനായി മരിക്കണമെന്നാണ് ഞാൻ ആഗ്രഹിച്ചത് എന്ന്. പക്ഷെ ആ കോൺഗ്രസ്സ് ഇങ്ങനെയായാൽ എന്ത് ചെയ്യും? ഇങ്ങനെ കരുണാകരൻ പോലും ചോദിക്കുന്ന ഒരു അവസ്ഥയിൽ കേരളത്തിലെ കോൺഗ്രസ്സിനെ കൊണ്ടെത്തിച്ചത് ഉമ്മൻചാണ്ടി അല്ലേ? കോൺഗ്രസ്സിൽ നിലനിൽക്കുന്ന വിഴുപ്പലക്കുകാരണം കേരളം സർവ്വ നാശത്തിലേക്ക് എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇവർക്ക് കേരളത്തെ മേച്ചിപ്പിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കാൻ പോകുന്നത്? അമ്പത് മാസം കിട്ടിയിട്ട് ഒന്നും ചെയ്യാൻ കഴിയാത്തവരാണ് അടുത്ത കൊല്ലം നോക്കാം എന്നു പറയുന്നത്. എന്തെങ്കിലും കാര്യം ചോദിച്ചാൽ അവരെല്ലാം പിന്നെ നോക്കാം, പിന്നെ നോക്കാം, എന്ന് പറഞ്ഞ് കാലം കഴിക്കാൻ പോവുകയാണ്. അതുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് നടത്തണം. മുഖ്യമന്ത്രി ഉമ്മൻചാണ്ടി രാജിവയ്ക്കണം, ഒരു തെരഞ്ഞെടുപ്പിന് സന്നദ്ധമാകണം. ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഒരു തെരഞ്ഞെടുപ്പിന് ഉമ്മൻചാണ്ടി മന്ത്രിസഭ തയ്യാറായാൽ ഇവിടെ കോൺഗ്രസ്സിന് കിട്ടുന്ന സീറ്റ് വട്ടപൂജ്യമായിരിക്കും. തെരഞ്ഞെടുപ്പ് നടത്തിയാൽ ഒരു എം.എൽ.എ. പോലും കോൺഗ്രസ്സിന്റെ പേരിൽ ജയിച്ചുവരാൻ പോകുന്നില്ല. അത്രമാത്രം കോൺഗ്രസ്സ് ഒറ്റപ്പെട്ടു കഴിഞ്ഞു. 1967-ൽ കോൺഗ്രസ്സ് ഒറ്റയ്ക്ക് മത്സരിച്ചപ്പോൾ കോൺഗ്രസ്സിന് കിട്ടിയ സീറ്റ് ഓർമ്മയില്ലേ? ഒൻപത്. ഇന്ന് നടത്തിയാൽ ഒൻപതിന്റെ വാല് കാണുകയില്ല; പൂജ്യമായിരിക്കും. അതുകൊണ്ടാണ് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ പോകുന്നത്. സെപ്റ്റംബർ മാസം പഞ്ചായത്ത് മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് ശ്രീ. ഉമ്മൻചാണ്ടി നടത്താൻ പോകുന്നില്ല. സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത്-മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് നടത്തിയാൽ അതോടെ യു.ഡു.എഫ്. തകരും. ഇവിടെ കൂത്തുപറമ്പ്, അഴീക്കോട് മണ്ഡലങ്ങളുടെ വിജയം പുറത്തുവന്നതോടുകൂടി ഐക്യജനാധിപത്യമുന്നണി ആടി ഉലഞ്ഞിരിക്കുകയാണ്. അവിടെ മുൻപ് ഉപതെരഞ്ഞെടുപ്പ് നടന്നിരുന്നു. 1979-ൽ തലശ്ശേരി, കാസർഗോഡ്, തിരുവല്ല, പാറശ്ശാല, എന്നീ നാല് അസംബ്ലി മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പിന് ശേഷമാണ് അന്ന് നിലവിലുണ്ടായിരുന്ന കേരള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പിരിച്ചുവിടുകയും 1980-ൽ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ മന്ത്രിസഭ രൂപംകൊള്ളുകയും ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വരികയും ചെയ്തത്. അന്ന് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കണ്ടതാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നാൽ ഇവിടെ എന്താണ് ഉണ്ടാവുകയെന്ന് ശ്രീ. ഉമ്മൻചാണ്ടിക്ക് അറിയാം. പക്ഷെ ഇവിടെ ഇപ്പോൾ ഒഴിവില്ല എന്ന് അറിയിക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി നിലനിൽക്കാൻ സാധിക്കാത്ത ഒരു മുന്നണിയായി. യഥാർത്ഥത്തിൽ നിങ്ങൾ ഈ മുന്നണി പിരിച്ചുവിടുകയാണ് വേണ്ടത്. ആ മുന്നണിയെ ഏറ്റവും കൂടുതൽ വളർത്തിയെടുത്ത ശ്രീ ടി.എം. ജേക്കബ്ബ്, ശ്രീ. ആർ. ബാലകൃഷ്ണപിള്ള എന്നീ രണ്ട് ആളുകളാണ് നിങ്ങൾക്കെതിരായി ഇപ്പോൾ ഇവിടെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കും ശ്രീ. ടി.എം. ജേക്കബ്ബിനും നിൽക്കാൻ കഴിയാത്ത മുന്നണിയായി യു.ഡി.എഫ്. മാറിയാൽ സാധാരണക്കാരായ ആളുകൾക്ക് എങ്ങനെ ഈ മുന്നണിയിൽ തുടരാൻ കഴിയും? അങ്ങനെ എല്ലാതരത്തിലും ഈ ഗവൺമെന്റ് കേരളത്തെ മുടിച്ചു. കേരളം കണ്ട ഏറ്റവും അഴിമതി നിറഞ്ഞ മന്ത്രിസഭ; കേരളം കണ്ട ഏറ്റവും മർദ്ദനവീരനായ മുഖ്യമന്ത്രിയാണ് ഇവിടെയുള്ളത്. തെരഞ്ഞെടുപ്പ് നടത്തിയാൽ ഈ കേരളം കണ്ട അവസാനത്തെ കോൺഗ്രസ് മുഖ്യമന്ത്രി എന്ന സ്ഥാനം ഉമ്മൻചാണ്ടിക്കായിരിക്കും. പശ്ചിമബംഗാളിൽ സിദ്ധാർത്ഥ ശങ്കർ റേ തന്റെ സ്ഥാനം ആർക്കും വിട്ടുകൊടുക്കില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പശ്ചിമബംഗാളിലെ സിദ്ധാർത്ഥ് ശങ്കർ റേയുടെ സ്ഥാനത്ത് ശ്രീ. ഉമ്മൻചാണ്ടി എത്താൻ പോകുകയാണ്. ഞങ്ങൾ ശ്രീ. ഉമ്മൻചാണ്ടിയെ വെല്ലുവിളിക്കുകയാണ്. ധൈര്യമുണ്ടെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന പത്ത് നിയമസഭാ മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടത്തുമോ? 10 നിയമസഭാമണ്ഡലത്തിലും ഉപതെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ ഈ 10 മണ്ഡലത്തിലും കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്:-നെ തോൽപ്പിക്കും. ഇതിന് അവസരം സൃഷ്ടിക്കാതെ 140 മണ്ഡലത്തിലും തെരഞ്ഞെടുപ്പ് നടത്തി പുതിയ ജനവിധി തേടണം. അതിന് ഉമ്മൻചാണ്ടി മന്ത്രിസഭ രാജിവെക്കണം. അങ്ങനെ രാജിവയ്ക്കാത്ത മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ അവിശ്വാസ പ്രമേയം കൊണ്ടുവന്നത്. അതിന് എല്ലാവരും പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അപ്പുറത്തുള്ളവരാരെങ്കിലും പിന്തുണയ്ക്കാൻ ആഗ്രഹിക്കുന്നെങ്കിൽ പിന്തുണയ്ക്കാം.

III അറിയിപ്പ്

ചോദ്യോത്തരവേള സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

മിസ്റ്റർ സ്പീക്കർ: നാളെയും മറ്റന്നാളും ചോദ്യോത്തര സമയം ഉണ്ടായിരിക്കുന്നതല്ല.

ജലവിഭവവും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇവിടെ പ്രമേയം അവതരിപ്പിക്കാൻ 30 മിനിട്ട് അനുവദിച്ചിട്ടുണ്ട്. എത്ര മിനിട്ടാണ് അവർക്ക് കൊടുത്തതെന്നുള്ളത് പറഞ്ഞാൽ മതി ബാക്കി സമയം ഞങ്ങൾക്ക് അഡ്ജസ്റ്റ് ചെയ്യാനാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: മാർക്സിസ്റ്റ് പാർട്ടിക്ക് 45 മിനിട്ടാണ് അതിൽ 15 മിനിട്ട് കൊടുത്തു. ഇനി ഒരാളേ സംസാരിക്കാനുള്ളൂ. അതിന് അവർക്ക് അധികാരം ഉണ്ടല്ലോ;

അവിശ്വാസപ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

ശ്രീ. ബിനോയ് വിശ്വം: ഈ അവിശ്വാസപ്രമേയത്തെ പൂർണ്ണ മനസ്സോടെ പിൻതാങ്ങുന്നു. ഞാൻ മാത്രമല്ല ഞങ്ങൾ ആകെ പിൻതാങ്ങുന്നു; കേരളം ആകെ പിന്താങ്ങുന്നു; യു.ഡി.എഫ്-ലെ ഭൂരിപക്ഷം മെമ്പർമാരും പിന്താങ്ങുന്നു. നാല് കൊല്ലം മുൻപ് 100 സീറ്റിന്റെ പിൻബലവുമായി അധികാരം ഏറ്റ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. നാല് വർഷങ്ങൾക്കുള്ളിൽ രണ്ടാമത്തെ മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻചാണ്ടി. നാല് കൊല്ലങ്ങൾക്കുള്ളിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗമായിരുന്ന മൂന്ന് പാർട്ടികൾ ആ മുന്നണി വിട്ട് പോയി. നേതാക്കൾ ഗവൺമെന്റിനെ തള്ളിപ്പറഞ്ഞു. ശ്രീ. എ.കെ. ആന്റണിയും ഈ ഗവൺമെന്റിനോട് സലാം പറഞ്ഞ് പിരിഞ്ഞുപോയി. ജനങ്ങളിലെ ഭൂരിപക്ഷം പേരും പറയുന്നു യു.ഡി.എഫ്. ഗവൺമെന്റ് ജനദ്രോഹ ഗവൺമെന്റാണെന്ന്. അങ്ങനെയുള്ള ഗവൺമെന്റിനുമേൽ ഈ സഭയ്ക്കുള്ള അവിശ്വാസം രേഖപ്പെടുത്തുക വഴി കേരളത്തിലെ നിയമസഭ അതിന്റെ ഏറ്റവും സമുജ്ജ്വലമായ പാരമ്പര്യം, നീതി കാണിക്കുമെന്ന് എന്റെ പാർട്ടിയും ഞാനും ആത്മാർത്ഥമായി കരുതുകയാണ്. നാല്കൊല്ലം മുൻപ് അധികാരം ഏറ്റപ്പോൾ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വാസ്യതയും കൂറും പുലർത്തുമെന്ന് പറഞ്ഞവരാണ് ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും. ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തണമെന്ന് പറഞ്ഞവരാണ് ഈ ഗവൺമെന്റിന്റെ നേതാക്കന്മാർ. സംസ്ഥാനത്തിന്റെ ഒരു മന്ത്രി എന്ന നിലയിൽ ഭരണം നയിക്കാമെന്നും സ്വന്തം കർത്തവ്യങ്ങൾ ഭരണവിശ്വാസ്യതയോടും മനസ്സാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കാമെന്നും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷഭേദമോ വിദ്വേഷമോ കൂടാതെ എല്ലാതരത്തിലും ഉള്ള ആളുകൾക്ക് നീതിചെയ്യാം എന്നും പറഞ്ഞ് സത്യപ്രതിജ്ഞയെടുത്ത് നിയമസഭയിൽ വന്നവരാണ് ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ Oath on office-നെ സമ്പൂർണ്ണമായി വഞ്ചിച്ചവരാണ്. ശ്രീ. എ. കെ. ആന്റണിയാകട്ടെ, ശ്രീ. ഉമ്മൻചാണ്ടിയാകട്ടെ, ഭരണഘടനപ്രകാരം പാലിക്കേണ്ട ഉത്തരവാദിത്വങ്ങൾ പാലിക്കാൻ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. എണ്ണിയെണ്ണിപ്പറയാൻ എന്തെന്ത് കാര്യങ്ങൾ. പെട്ടെന്ന് റാൻഡമായി കയ്യിൽ കിട്ടിയ പത്രത്തിലെ തലക്കെട്ടുകൾ വായിച്ചാൽ മതി എന്താണ് ഈ ഗവൺമെന്റെന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളം തോക്കെടുക്കുകയാണ്. കേരളത്തിൽ 1972-ൽ 6 എയർ പിസ്റ്റൾ ഒരു മാസം വിറ്റയിടത്ത് ഇപ്പോൾ ശരാശരി 70 എയർ പിസ്റ്റൾ വിൽപ്പന ചെയ്യുന്നു എന്ന് കൊച്ചിയിലെ തോക്ക് വിൽപ്പനക്കാരൻ പറയുകയാണ്. കേരളത്തിന്റെ ക്രമസമാധാന അവസ്ഥയുടെ ചരിത്രം വ്യക്തമാകാൻ അത് മാത്രം മതിയാകും. "തുറമുഖങ്ങളിൽ ജാഗ്രത വേണം" പ്രമുഖമായ പത്രത്തിന്റെ മുഖപ്രസംഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം കള്ളക്കടത്തിന്റെ ഭീകരമായ അവസ്ഥയാണ്. "ഈ സ്ഫോടക വസ്തുക്കൾ എന്തിനു കൊണ്ടുവരുന്നു" എന്ന് മറ്റൊരു പത്രം ചോദിക്കുകയാണ്. കേരളത്തിന്റെ ഭാവിയെന്താണ്? എപ്പോഴും യു.ഡി.എഫ്-ന് ഇഷ്ടപ്പെട്ട പദമാണ് ക്രമസമാധാനം. നിയമവാഴ്ച, ക്രമസമാധാനം എന്നീ പദങ്ങളെല്ലാം യു.ഡി.എഫ് ഗവൺമെന്റിനെ നോക്കി പല്ലിളിക്കുന്ന കാഴ്ചയുടെ പ്രതിഫലനമല്ലേ സർ ഈ ചോദ്യം? സ്ഫോടക വസ്തുക്കൾ ഇങ്ങോട്ട് വന്നാൽ അതിനെ ഗവൺമെന്റ് കൂട്ടുപിടിച്ചാൽ കേരളത്തിന്റെ ഏത് ഭാഗത്തും ഇത് ഉണ്ടാക്കാൻ പോകുന്ന വിപത്തുകളെപ്പറ്റി ചിന്തിക്കുമ്പോൾ ഭയമായിപ്പോവുകയാണ്. മറ്റൊരു പത്രം കള്ളനോട്ടടി അമർച്ചചെയ്യണമെന്ന് പറയുകയാണ്. കേരളത്തെ മദ്യത്തിൽ മുക്കിത്താഴ്ത്തുന്നു എന്ന് പറഞ്ഞത് ഒരു ആർച്ച് ബിഷപ്പാണ്. "ഇന്നത്തെ പരീക്ഷ മാറ്റി—പരീക്ഷ പേപ്പർ ചോർന്നത് കാരണം എസ്.എസ്.എൽ.സി. യുടെ പരീക്ഷ മാറ്റി", ഒരു പത്രത്തിലെ മുഖ്യതലക്കെട്ടാണിത്. കുഴപ്പത്തിന്റെയെല്ലാം കാരണം സ്വാശ്രയമാനേജ്മെന്റാണെന്ന് പറഞ്ഞത് മറ്റാരുമല്ല. ഒരു സർക്കാർ കോളേജ് ആകണമെങ്കിൽ രണ്ട് സ്വാശ്രയ കോളേജ് വേണമെന്ന സമവാക്യം പറഞ്ഞത് മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയാണ്. കെ.എസ്.യു.-വിന്റെ ക്യാമ്പിലെ പ്രമേയം ശ്രീ. ഉമ്മൻചാണ്ടി വായിക്കണം. ഇതുവായിച്ചാൽ മുൻകാല കെ.എസ്.യു. പ്രസിഡണ്ടായ ശ്രീ. ഉമ്മൻചാണ്ടിക്ക് നാണക്കേട് തോന്നും. ഇപ്പോൾ യൂത്ത് കോൺഗ്രസ്സ് പറയുകയാണ്, ഈ ഗവൺമെന്റ്, യു.ഡി.എഫ്., സാമുദായിക പ്രമാണിമാരുടെ തടവറയായി കഴിയുന്ന ഒരു തടവുകാരനാണെന്ന്. തീർച്ചയായും ഈ അവിശ്വാസപ്രമേയത്തിന്റെ വികാരത്തോട് യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു. ക്യാമ്പുകളിൽ പങ്കെടുത്ത നീതിബോധമുള്ളവർക്ക് യോജിപ്പുണ്ടാകുമെന്ന് ഉറപ്പാണ്. 75 കോടി രൂപയുടെ അഴിമതിയെപ്പറ്റിയുള്ള വാർത്തയുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട്, ദേശീയ പാതകളുടെ അറ്റകുറ്റ പണികളുടെ പേരിൽ, കോടികളുടെ വെട്ടിപ്പ് നടക്കുകയാണെന്ന പത്രവാർത്തവന്നിരിക്കുകയാണ്. മയക്കുമരുന്നു വിൽപ്പന ഗ്രാമങ്ങളിലും വ്യാപകമാകുമ്പോൾ പോലീസ് നോക്കുകുത്തിയാകുകയാണെന്ന് മറ്റൊരു പത്രം പറയുന്നു. തിരുവനന്തപുരം നഗരത്തിൽ വ്യാപകമായ മോഷണമാണെന്ന് ഡെഡ്ലൈനിൽ വാർത്തയുണ്ട്. ഞാൻ വായിച്ചുവായിച്ചു പോയാൽ എന്റെ സമയം തീർന്നുപോകുമെന്നുള്ളതുകൊണ്ട് വായിക്കുന്നില്ല. സുനാമിയുടെ പേരിൽ പിരിഞ്ഞുകിട്ടിയ കോടിക്കണക്കിന് രൂപ ഏറ്റവും നാണംകെട്ട കാര്യങ്ങൾക്ക് വേണ്ടി പങ്കുവെച്ച ഒരു ഗവൺമെന്റും, ഒരു പാർട്ടിയും പറയുന്നത് അതിൽ വിഷയമില്ല എന്നാണ്. കേരളം പൊറുക്കില്ല. പ്രകൃതിക്ഷോഭത്തിനു മുമ്പിൽ കേരളമാകെ വിറങ്ങലിക്കുമ്പോൾ മനുഷ്യസ്നേഹികൾ ഉള്ളതെല്ലാം വാരിക്കോരി കൊടുത്തപ്പോൾ ആ പണം ഉപയോഗിച്ച് വീട് വച്ചുകൊടുക്കാൻ പരാജയപ്പെട്ട ഗവൺമെന്റാണിത്; വള്ളവും വലയും കൊടുക്കാൻ മടിച്ച ഗവൺമെന്റാണിത്; ആ പണത്തെ വകമാറ്റി ചെലവഴിച്ച ഗവൺമെന്റാണിത്; ഒരുപാട് ഒരുപാട് കാര്യങ്ങൾക്കുവേണ്ടി ആ പണത്തെ വഴിമാറ്റി വിട്ടില്ലേ? എവിടെപ്പോയി സുനാമി ഫണ്ട്? സുനാമി ഫണ്ടിന്റെ പേരിൽ നടത്തിയ ഓരോ കുറ്റങ്ങൾക്കും കേരളം യു.ഡി.എഫ് ഗവൺമെന്റിനെ വിചാരണ ചെയ്യാൻ പോകുകയാണ്. കേരളത്തിലെ ജനങ്ങളോട് യു.ഡി.എഫ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഉത്തരം പറയേണ്ടിവരും. ശ്രീ. കെ.എം. മാണി അപ്പുറത്തിരിക്കുന്നു, ഒന്നുമറിയാത്ത ആളെപ്പോലെ. അദ്ദേഹത്തിന് എല്ലാം അറിയാം. സുനാമിക്കുവേണ്ടി ലഭിച്ച കോടിക്കണക്കിന് രൂപ വകമാറ്റി ചെലവഴിച്ച രാഷ്ട്രീയമായ നെറികേടിന്റെ ചുമതലയിൽനിന്ന് ഈ ഗവൺമെന്റിനോ നേതാക്കന്മാർക്കോ ഒഴിഞ്ഞു മാറിപ്പോകാൻ പറ്റില്ല. പറയാൻ ഒന്നല്ല, ഒട്ടേറെ കാര്യങ്ങളുണ്ട്. ഇവിടെ പരിശുദ്ധ പിതാക്കന്മാരെ പറ്റി പറഞ്ഞല്ലോ ഫാ. എബ്രഹാം മണിയത്ത് പണ്ട് ഒരുപക്ഷെ പറഞ്ഞിരിക്കാം, 'ആസന്നമരണമായ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആത്മാവിന് കൂട്ടായിരിക്കേണമേ' എന്ന്. പക്ഷേ ഇന്ന് അവരാരും പറയാൻ പോകുന്നില്ല. ആദ്യമായിട്ടാണ് സഭാ തർക്കത്തിൽ ഒരു മുഖ്യമന്ത്രി ഇത്രയും ലജ്ജാകരമായ വിധത്തിൽ പങ്കുപിടിക്കാൻ പോകുന്നത്. പള്ളി വളപ്പിലിട്ടാണ് വൈദികരെ, കന്യാസ്ത്രീകളെ, വിശ്വാസികളെ, ഭക്തജനങ്ങളെ പോലീസ് ഏറ്റവും ഭീകരമായി അടിച്ചമർത്തിയത്. ശരിക്കുപറഞ്ഞാൽ പാമ്പിനെ തല്ലുന്നതുപോലെ തല്ലി എന്നാണ് അവർ പറഞ്ഞത്. എന്ത് ഭീകരതയാണ് ഇത്? ഉമ്മൻചാണ്ടി എന്ന വ്യക്തിക്ക് പക്ഷപാതിത്വം ഉണ്ടാകാം. പക്ഷെ ഈ വാചകം ചൊല്ലി അധികാരം ഏറ്റ മുഖ്യമന്ത്രിക്ക് പക്ഷപാതിത്വം പാടില്ല. ബാവാകക്ഷി-മെത്രാൻകക്ഷി തർക്കം പുതിയ കാര്യമല്ല. ഗവൺമെന്റുകൾ ഇവിടെ പണ്ടും ഉണ്ടായിരുന്നു. ഇവിടെ പണ്ടും മുഖ്യമന്ത്രിമാർ ഉണ്ടായിരുന്നു. പക്ഷെ ഒരു മുഖ്യമന്ത്രി സഭാ തർക്കത്തിൽ ഇതുപോലെ പക്ഷംപിടിച്ചുകൊണ്ട് താൻ പിൻതാങ്ങുന്ന ഒരു പക്ഷത്തിനുവേണ്ടി മറു പക്ഷത്തെ ഇത്രയും നഗ്നമായി, കടന്നാക്രമിക്കാനായി പോലീസിനെ കയറൂരി വിട്ട കാഴ്ച കേരളത്തിൽ മുമ്പ് കാണാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ പരമ്പരാഗത മേഖലയെപ്പറ്റിയുള്ള വാഗ്ദാനങ്ങളുണ്ട്, യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയിൽ. ഞാൻ ജനങ്ങളുടെ പക്ഷത്താണ്. എൽ.ഡി.എഫ്. അങ്ങനെ ആയിരിക്കും. ഈ പ്രശ്നം രമ്യമായി തീർക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമത്തിന്റെയും പക്ഷത്തായിരിക്കും എൽ.ഡി.എഫ്. യു.ഡി.എഫ്.-ന് അത് പറയാൻ തന്റേടമില്ല, ആർജ്ജവമില്ല. നിങ്ങൾ എപ്പോഴും കളിക്കുന്നത് കള്ളക്കളിയാണ്. നിങ്ങൾക്ക് മുയലിന്റെ കൂടെ ഓടുകയും വേണം, വേട്ടപ്പട്ടിയുടെ കൂടെ വേട്ടയാടുകയും വേണം. നിങ്ങളോട് കേരളത്തിന് തീർച്ചയായും അറപ്പാണ്, വെറുപ്പാണ്. അവസരം കിട്ടുമ്പോൾ കേരളം വിളിച്ചറിയിക്കുന്ന കാര്യം മുഖ്യമന്ത്രീ, മറ്റൊന്നുമല്ല, നിങ്ങളുടെ മാനിഫെസ്റ്റോയിൽ പരമ്പരാഗത മേഖലയെപ്പറ്റി പറയുന്ന ഒരു ഭാഗമുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അത് വായിക്കാൻ ഇഷ്ടപ്പെടുന്നില്ല. മുഖ്യമന്ത്രി വായിക്കണം. നാല് കൊല്ലമായി ആ മാനിഫെസ്റ്റോ തലയണയായി വെച്ചുകൊണ്ട് നിങ്ങൾ ഉറങ്ങുന്ന ഉറക്കത്തിനോട് ഞങ്ങൾക്കെല്ലാവർക്കും രോഷമുണ്ട്; പ്രതിഷേധമുണ്ട്. കയർ മേഖലയിൽ, കശുവണ്ടി മേഖലയിൽ, തോട്ടം മേഖലയിൽ, ബീഡി മേഖലയിൽ, ചെത്ത് മേഖലയിൽ എല്ലാ രംഗത്തും വറുതിയാണ്. വീട്ടിലെ കൊടും പട്ടിണികൊണ്ട് ആത്മഹത്യക്ക് തുനിയേണ്ടിവന്ന വേളാങ്കണ്ണിയെപ്പറ്റി ഓർത്തുപോകുന്നു. ഒരു മുഴം കയറിൽ മരിക്കേണ്ടി വന്ന അമ്പാടിയെപ്പറ്റി ഓർത്തുപോകുന്നു. ഗൗരിയമ്മയ്ക്ക് അവരെപ്പറ്റിയെല്ലാം അറിയാമോ എന്ന് ഞാൻ ചോദിച്ചു പോകുകയാണ്. ഗൗരിയമ്മ വരുന്നത് ആ മണ്ണിൽ നിന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

"കയറുപിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമരകഥ". അത് പറയുമ്പോൾ "എന്നുടെ നാടിന് അഭിമാനിക്കാൻ വകയില്ലേ" എന്നു പാടിയ കവിത ഗൗരിയമ്മ മറന്നുപോകരുത്. ഉമ്മൻചാണ്ടിക്ക് മറക്കാം. ബാബു ദിവാകരന് മറക്കാം. കെ.എം. മാണിക്ക് അറിയില്ലായിരിക്കാം പക്ഷെ ടി.വി. തോമസിന്റെ ഭാര്യയായ ഗൗരിയമ്മ അതൊന്നും മറക്കാൻ പാടില്ല. പക്ഷെ ഗൗരിയമ്മേ, ഞങ്ങൾ അമ്മയെപ്പോലെ കാണുന്ന നിങ്ങൾ അവരെ മറന്നുപോയി. കയർ മേഖലയിൽ ഏറ്റവും കൊടിയ ദുരിതങ്ങളും വറുതികളും ഇപ്പോഴും കൂമ്പാരം കൂടുകയാണ്. ഈ ഗവൺമെന്റ് മാനം നോക്കി ഇരിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മേഖലയിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ആശ്രയമായിരുന്ന എല്ലാത്തിനേയും തകർത്ത ഒരു ഗവൺമെന്റ് എന്ന് ഈ ഗവൺമെന്റിനെപ്പറ്റി കാലം വിധിയെഴുതാൻ പോവുകയാണ്. ഈ ഗവൺമെന്റ് എപ്പോഴും പറയുന്നു, അവർ ഇവിടെ മുഴുവൻ വികസനംകൊണ്ട് അത്ഭുതം ഉണ്ടാക്കും എന്ന്. 'എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലും അവിടെയെല്ലാം വികസനം മാത്രമായിരിക്കുമെന്ന്.' അതിന്റെ ഏറ്റവും വർണോജ്ജ്വലമായ ചിത്രങ്ങളുമായാണ് നിങ്ങൾ 'ജിം' ലേക്ക് പോയത്. ഞങ്ങൾ 'ജിം'-നോട് സഹകരണം പ്രഖ്യാപിച്ചവരാണ്. എന്നാൽ 'ജിം' സമ്പൂർണ്ണമായി പരാജയപ്പെട്ടു. രാഷ്ട്രീയ സ്ഥിരതയോട് അശേഷം ബന്ധമില്ലാത്ത ഗവൺമെന്റ് രാജ്യം ഭരിക്കുന്നതുകൊണ്ടാണ് അത്. മന്ത്രിമാർ അങ്ങോട്ടും ഇങ്ങോട്ടും തെറി വിളിക്കുന്നു. പാർട്ടികൾ അങ്ങോട്ടും ഇങ്ങോട്ടും അവിശ്വാസം പ്രഖ്യാപിക്കുന്നു. മുന്നണികൾ നിരന്തരമായി വഴക്ക്, ഈ സംസ്ഥാനത്ത് എവിടെയാണ് പൊളിറ്റിക്കൽ സ്റ്റെബിലിറ്റി? രാഷ്ട്രീയ സ്ഥിരത വികസനത്തിന്റെ മുൻ ഉപാധിയാണെന്ന ഒന്നാം പാഠംപോലും അറിയാത്ത ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ് എന്ന് ഞങ്ങൾ ആരോപിക്കുന്നു. പൊളിറ്റിക്കൽ സ്റ്റെബിലിറ്റിയെ സമ്പൂർണ്ണമായും വിസ്മരിച്ച യു.ഡി.എഫ്. രാജ്യം ഭരിച്ചാൽ ഒരിക്കലും വികസനത്തിന്റെ "വി" പോലും യഥാർത്ഥ്യമാക്കാൻ കഴിയില്ല. അതുകൊണ്ട് വികസനം വേണമെങ്കിൽ യു.ഡി.എഫ്. പോകണം. യു.ഡി.എഫ് പോയി എൽ.ഡി.എഫ്. വന്നാലേ കേരളം വികസിക്കൂ. ഞങ്ങളാണ് ഈ കേരളത്തിന്റെ യഥാർത്ഥ വളർച്ചയുടെ ശക്തികൾ എന്ന കാര്യം ഉറപ്പിച്ചു പറയാൻ എൽ.ഡി.എഫ്. ആഗ്രഹിക്കുന്നു. എല്ലാകാലത്തും, തിരുക്കൊച്ചി കാലം മുതൽ കാലുമാറലിന്റെ, കുതികാൽ വെട്ടിന്റെ, അട്ടിമറിയുടെ രാഷ്ട്രീയമല്ലേ കോൺഗ്രസ്സിന്റെ പാരമ്പര്യം? എന്നാണ് കോൺഗ്രസ് ഈ കേരളത്തിലെ രാഷ്ട്രീയ ഭദ്രതയ്ക്കുവേണ്ടി നിന്നത് എന്ന് വ്യക്തമാക്കാമോ, ശ്രീ. ഉമ്മൻചാണ്ടിക്ക്? നമുക്ക് ചരിത്രം വായിക്കാം. ചരിത്രം വായിച്ചാൽ ആ ചരിത്രം പറയും കോൺഗ്രസ് എന്ന് പറയുന്ന പാർട്ടി രാഷ്ട്രീയമായ അസ്ഥിരതയുടെ മാത്രം പാർട്ടിയാണ് എന്ന്. ആ പാർട്ടിക്ക് നേതാക്കന്മാരെ കുരുതി കൊടുക്കുന്ന പാരമ്പര്യം അറിയാം. അതുകൊണ്ടാണ് ശ്രീ. എ.കെ. ആന്റണിയെ കുരുതി കൊടുത്താണ് ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയത്. അതുകൊണ്ട് യു.ഡി.എഫ്-ന്റെ നയത്തിന് മാറ്റമുണ്ടായില്ല. വർഗ്ഗപരമായി, രാഷ്ട്രീയപരമായി ആന്റണി പോയി ഉമ്മൻചാണ്ടി വന്നു. ജനദ്രോഹത്തിന്റെ ഗവൺമെന്റാണ് ഈ യു.ഡി.എഫ്. ഗവൺമെന്റ്. തെരുവിലാകെ വീണ ചോരയില്ലേ? നമ്മുടെ നാടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

താരുണ്യം ചൊരിഞ്ഞ ചോര, വിദ്യാഭ്യാസ രംഗത്ത് യു.ഡി.എഫ്. പറഞ്ഞ കാര്യം പ്രാവർത്തികമാക്കാൻ യു.ഡി.എഫ്. മടിച്ചപ്പോൾ അത് സത്യമാക്കി മാറ്റാൻവേണ്ടി പടവെട്ടിയ ആൺകുട്ടികളും പെൺകുട്ടികളും ചൊരിഞ്ഞ ചോര, ആ ചോരയുടെ മേൽ ഞങ്ങൾ കൈവച്ചുകൊണ്ട് പറയുന്നു, ഓരോ തുള്ളി ചോരയ്ക്കും കേരളം പകരം ചോദിക്കാൻ പോകുകയാണ്. നിങ്ങൾ ഉത്തരം പറഞ്ഞേ മതിയാകൂ. രക്തദാഹിയായ് ഒരു മുഖ്യമന്ത്രിയാണ് ഇത്. വിദ്യാർത്ഥികളെ വേട്ടയാടിയ ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന് തുടരാൻ അവകാശമില്ലെന്നു മാത്രമല്ല, ഈ ഗവൺമെന്റിനോടുള്ള അവിശ്വാസം രേഖപ്പെടുത്തുക വഴി കേരള നിയമസഭ അതിന്റെ ഭൂതകാല പാരമ്പര്യത്തിന്റെ ഏറ്റവും നല്ല വശങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുകയാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: സർ, എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. കോടിയേരി കത്തിക്കയറും എന്നാണ് വിചാരിച്ചത്. പക്ഷെ നനഞ്ഞ മാലപ്പടക്കം പൊട്ടുന്നതുപോലെയാണ് അദ്ദേഹത്തിന്റെ പ്രസംഗം ഈ സഭ ശ്രവിച്ചത്. തൊട്ടു പിന്നാലെ വന്ന ശ്രീ. ബിനോയ് വിശ്വം കെ.പി.എ.സി. നാടകത്തിലെ കഥാപാത്രത്തെപ്പോലെ ഓരോ തുള്ളി ചോരയ്ക്കും പകരം ഞങ്ങൾ ചോദിക്കും എന്ന പാട്ടു പാടി സ്ഥലം വിട്ടിരിക്കുകയാണ്. ഒരു അവിശ്വാസപ്രമേയത്തിന്റെ ചർച്ച ഇങ്ങനെയാണോ സഭ ശ്രവിച്ചിട്ടുള്ളത്? ഈ സഭയിൽ നടന്ന പല അവിശ്വാസ പ്രമേയങ്ങളുടെ ചർച്ചയിലും ഞാൻ സാക്ഷിയായിട്ടുണ്ട്, പങ്കെടുത്തിട്ടുണ്ട്. ഇതുപോലെ ഒരു അവിഞ്ഞ അവിശ്വാസ പ്രമേയം എന്ന് ഞാൻ പറയുന്നില്ല, എങ്കിലും എന്റെ സ്നേഹിതൻ കോടിയേരിയുടെ ഉള്ളിൽ നിന്നാണ് ഈ വാക്കുകൾ വന്നിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന് കുറേക്കൂടി ശക്തി ഉണ്ടാകുമായിരുന്നു. എ.കെ.ജി. സെന്ററിലെ രാഷ്ട്രീയ യജമാനന്മാരുടെ വാക്കുകൾ അദ്ദേഹം നോക്കി വായിക്കുകയല്ലാതെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുള്ള ഒരു അഭിപ്രായം അദ്ദേഹം പറഞ്ഞില്ല. അദ്ദേഹം പറഞ്ഞു, ഈ ഗവൺമെന്റിനെതിരായി, 50 മാസം പിന്നിട്ട ഒരു ഗവൺമെന്റിനെതിരായി, ഞങ്ങളാദ്യമായി അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നു എന്ന്. ജനാധിപത്യ ഭരണ സമ്പ്രദായത്തിൽ അവിശ്വാസപ്രമേയം എന്നത് പ്രതിപക്ഷത്തിന്റെ കയ്യിൽ ഏറ്റവും ശക്തമായ ഒരു ആയുധമാണ്. 4 കൊല്ലം ഈ സർക്കാർ പിന്നിടുന്നതുവരെ ഒരു അവിശ്വാസപ്രമേയം പോലും അവതരിപ്പിക്കാൻ കഴിയാത്ത പാപ്പരായ പ്രതിപക്ഷമേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 50 മാസം കഴിഞ്ഞപ്പോൾ, 15 എം.എൽ.എ. മാർ, അതിൽ 9 പേർ ഞങ്ങളുടെ പാർട്ടിയിൽ നിന്നും അതുപോലെ ഞങ്ങളുടെ മുന്നണിയിൽ നിന്ന് 2 പാർട്ടികളും, കാലുമാറിപ്പോയ ശേഷം ഒരു അവിശ്വാസപ്രമേയത്തിന് ശുഭമുഹൂർത്തം കണ്ടെത്തിയവരാണ് നിങ്ങൾ. ശ്രീ. കോടിയേരി കുറെ കാര്യങ്ങൾ പറഞ്ഞു — ഇവിടെ സമാധാനമില്ല, ഇവിടെ വിലക്കയറ്റമാണ്, തൊഴിലില്ലായ്മയാണ് എന്നൊക്കെ. തൊഴിലില്ലായ്മക്കെതിരെ മാർക്സിസ്റ്റ് പാർട്ടി എത്ര സമരം ഇവിടെ നടത്തി? വിലക്കയറ്റത്തിനെ സംബന്ധിച്ച് ചില സാധനങ്ങളുടെ വില ഇവിടെ അദ്ദേഹം

പറഞ്ഞത് വളരെ നന്നായി. കാരണം ഒന്ന് പെട്രോളിന്റേത്, മറ്റേത് ഡീസലിന്റേത്. ഇതിന് വിലകൂടിയതിന് ശ്രീ. ഉമ്മൻചാണ്ടി രാജിവെക്കണമെന്ന് പറയുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണാ, ശ്രീ. പ്രകാശ് കാരാട്ട് അങ്ങയുടെ പ്രസംഗം കേൾക്കരുത്. ഉമ്മൻചാണ്ടി സർക്കാരാണോ പെട്രോളിനും ഡീസലിനും വില കൂട്ടിയത്? ആ സർക്കാരിനെ പിന്താങ്ങുന്ന പാർട്ടിയല്ലേ നിങ്ങൾ? ആ സർക്കാരിനെ നിങ്ങൾ മുയലിനോടൊപ്പം ഓടുകയും വേട്ടപ്പട്ടിയോടൊപ്പം വേട്ടയാടുകയും ചെയ്യുന്നു അവിടെ. എന്നാൽ നയരൂപീകരണ സമിതിയിൽ അംഗമായ പാർട്ടിയാണ് അങ്ങയുടെ പാർട്ടി. ആ ഗവൺമെന്റിനോട് നിങ്ങൾക്ക് അത്ര അമർഷം ഉണ്ടെങ്കിൽ നിങ്ങളുടെ പിൻതുണ പിൻവലിക്കണം. അതല്ലേ വേണ്ടത്? .....(ബഹളം).....

മിസ്റ്റർ സ്പീക്കർ: അങ്ങ് സംസാരിച്ചില്ലേ, എല്ലാപേർക്കും പറയാം.

ശ്രീ. എം.എം.ഹസ്സൻ: എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ആരേയും അനുവദിക്കരുത്. .....(ബഹളം).....

മിസ്റ്റർ സ്പീക്കർ: പ്ലീസ് .....ജനങ്ങൾ ഇത് ലൈവായിട്ട് കാണുകയാണ്. അവർക്ക് ഇതിന്റെ ഗൗരവം ഉണ്ട്. നിങ്ങൾ ഇത് ഗൗരവമില്ലാതെ കാണരുത്. ഓരോരുത്തരും സംസാരിക്കുന്നത് .....:..(ബഹളം).....

ശ്രീ. എം.എം. ഹസ്സൻ: വിലക്കയറ്റത്തിനെതിരെ ഇവർ സർക്കാർ ഓഫീസുകൾ ഉപരോധിച്ചോ? കലക്ടറേറ്റ്, സെക്രട്ടേറിയറ്റ് എന്നിവ ഉപരോധിച്ചോ? ഇല്ലല്ലോ. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ യുവജന വിദ്യാർത്ഥികളെ ഇറക്കിവിട്ട് രാജ്യം ഒട്ടുക്ക് അക്രമസമരം നടത്തിയ നിങ്ങൾ ഈ നാട്ടിലെ ജീവൽ പ്രശ്നങ്ങളുടെ പേരിൽ എത്ര സമരങ്ങൾ നടത്തി? എത്ര പ്രമേയങ്ങൾ കൊണ്ടുവന്നു? 4 കൊല്ലക്കാലം ഒരു അവിശ്വാസപ്രമേയം ഈ സർക്കാരിനെതിരായി നിങ്ങൾ കൊണ്ടുവന്നില്ലായെന്നത് ഞാൻ ബഹുമതിയായി കണക്കാക്കുന്നു. കാരണം അവിശ്വാസപ്രമേയം അവതരിപ്പിച്ച് ഈ സർക്കാരിനെ നിയമസഭയിൽ മുട്ടുകുത്തിക്കാൻ ഇവർക്കു കഴിഞ്ഞില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗം കേട്ടപ്പോൾ എനിക്ക് വളരെ വേദന തോന്നി കാരണം ഒരു മൈതാനപ്രസംഗമായിപ്പോയില്ലേ മിസ്റ്റർ കോടിയേരി? പുത്തരിക്കണ്ടം മൈതാനിയിൽ അങ്ങ് പ്രസംഗിക്കുന്ന ലാഘവത്തോടുകൂടി, ആ ഒരു തന്ത്രത്തിലൂടെ 140 അംഗങ്ങളുള്ള കേരളത്തിലെ ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ അങ്ങ് പ്രസംഗിച്ചത് വളരെ ദയനീയമായി. അങ്ങേക്ക് കൂടുതലൊന്നും പറയാനില്ല .....(ബഹളം)..... അങ്ങ് ചോദിച്ചു ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി, ശ്രീ. എ.കെ. ആന്റണി മാറി. ശ്രീ. എ.കെ. ആന്റണിയെ സംബന്ധിച്ച് അദ്ദേഹം ചോദിച്ച ഒരു ചോദ്യമെന്താണ്? ശ്രീ. എ.കെ. ആന്റണി എന്തിനു മാറി? ഈ ചോദ്യം കേരളത്തിലെ പത്രം വായിക്കുന്ന ജനങ്ങൾക്കറിയാം. ലോകസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 19 സീറ്റും നഷ്ടപ്പെടുമ്പോൾ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആവശ്യമായിരുന്നു ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നുള്ളത്. അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ശ്രീ. എ.കെ. ആന്റണി രാജിവെച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ചോദിക്കുന്നു ശ്രീ. എ.കെ. ആന്റണിയെ എന്തിനുമാറ്റി എന്ന്. ഈ സംസ്ഥാനത്ത് രാഷ്ട്രീയ മാറ്റങ്ങൾ ആദ്യമല്ലല്ലോ? അവസാനം അദ്ദേഹം പറഞ്ഞുവെച്ചതെന്താണ്? ശ്രീ. ഉമ്മൻചാണ്ടി രാജിവച്ച് ഒഴിവുള്ള ഒരു മണ്ഡലത്തിൽ മത്സരിക്കണമെന്ന്. 5 കൊല്ലത്തേക്ക് തെരഞ്ഞെടുത്ത സർക്കാരാണിത്. ജനവിധിയാണ് ഞങ്ങൾക്കുള്ളത്. ഇതിനു മുമ്പും പല ഗവൺമെന്റുകളുടെ കാലത്തും ഇവിടെ ഉപതെരഞ്ഞെടുപ്പുകൾ ഉണ്ടായിട്ടുണ്ട്. ഒരു സർക്കാരും, മാർക്സിസ്റ്റ് പാർട്ടിയുടെ സർക്കാരടക്കം ഉപതെരഞ്ഞെടുപ്പുകളുടെ പരാജയത്തിലെ പശ്ചാത്തലത്തിൽ രാജിവെച്ച ചരിത്രം ഇവിടെ ഉണ്ടായിട്ടില്ല. 5 കൊല്ലം ഭരിക്കാൻ അവകാശപ്പെട്ട നായനാർ സർക്കാർ 4 കൊല്ലം കഴിഞ്ഞപ്പോൾ, തെരഞ്ഞെടുപ്പ് നടത്താൻ പോയ ചരിത്രം ഞങ്ങൾക്കറിയാം. അതിന്റെ പേരിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പിന്നീടുണ്ടായ വിമർശനങ്ങൾ ഈ നാട്ടുകാർ മനസ്സിലാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് യാതൊരു അടിസ്ഥാനവുമില്ലാത്ത സാഹചര്യത്തിൽ, അപ്രസക്തമായ സാഹചര്യത്തിലാണ് അദ്ദേഹം അവിശ്വാസ പ്രമേയം കൊണ്ടുവന്നത്. പക്ഷെ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. അദ്ദേഹം ഈ പ്രസംഗത്തിലുടനീളം ഒരു കാര്യം തന്ത്രപൂർവ്വം കൈകാര്യം ചെയ്യുന്നതുകണ്ടു. ഈ ഗവൺമെന്റ് എന്ത് അഴിമതി നടത്തി എന്ന് അദ്ദേഹം പറഞ്ഞില്ല; അഴിമതി എന്ന വാക്കേ പറഞ്ഞുള്ളു. കാരണം ഈ ഗവൺമെന്റിനെതിരായി അഴിമതി ആരോപണം ഉന്നയിക്കുന്നതിൽ ഏറ്റവും കൂടുതൽ കുന്തമുന നീട്ടിയത് ഞങ്ങളുടെ 3 പ്രധാന നേതാക്കന്മാർക്കെതിരായിട്ടാണ്. യു.ഡി.എഫ്-നെതിരായി തന്നെ ശ്രീ. കെ. കരുണാകരൻ, ശ്രീ. ടി.എം. ജേക്കബ്ബ്, ശ്രീ. ബാലകൃഷ്ണപിള്ള, ശ്രീ എം. പി. ഗംഗാധരൻ തുടങ്ങിയ ആളുകൾക്കെതിരെ കഴിഞ്ഞ കാലങ്ങളിൽ ശക്തിയായ അഴിമതി ആരോപണങ്ങൾ ഞങ്ങളോടൊപ്പം നിന്നപ്പോൾ ഉന്നയിച്ചവരാണിവർ. ഇപ്പോൾ ഈ നാല് ആളുകളും അവരോടൊപ്പം ആയതുകൊണ്ട് അഴിമതിയുടെ കാര്യം വളരെ സൗകര്യപൂർവ്വം മറച്ചുവെച്ചു. അതുമാത്രമല്ല, ഇപ്പോൾ കേരളീയ മനസ്സുകളെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ള ഒരു അഴിമതി ആരോപണം കേരളത്തിലെ ജനങ്ങളുടെ ഇന്നത്തെ ചിന്താവിഷയമാണ്. ഇന്നലെ 2 ചാനലുകളിൽ അഭിപ്രായ വോട്ടെടുപ്പ് നടക്കുമ്പോൾ എനിക്കും ഭാഗ്യവശാൽ ആ ചർച്ചയിൽ പങ്കെടുക്കാൻ സാധിച്ചു. ഇന്ത്യാ വിഷൻ ആ അഭിപ്രായ വോട്ടെടുപ്പിൽ ജനങ്ങളോട് ചോദിച്ച ഒരു ചോദ്യമുണ്ടായിരുന്നു. എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ സംസ്ഥാനത്ത് ഭീമമായ നഷ്ടം ഉണ്ടായതായി നിങ്ങൾ വിശ്വസിക്കുന്നോ? ആ വോട്ടെടുപ്പിൽ പങ്കെടുത്ത ആളുകളിൽ 81% ആൾക്കാരും നഷ്ടം ഉണ്ടായി എന്ന് രേഖപ്പെടുത്തി. ഏഷ്യാനെറ്റിൽ ചോദിച്ചു എസ്.എൻ.സി.ലാവ്‌ലിൻ കേസിൽ ശ്രീ. പിണറായി വിജയന് പങ്കാളിത്തം ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോയെന്ന്. ഏതാണ്ട് 70% ആൾക്കാരും അദ്ദേഹത്തിന് പങ്കുണ്ടെന്ന് രേഖപ്പെടുത്തി. അത്തരം ചൂടുള്ള ഇന്നത്തെ ചിന്താവിഷയം, ഇന്ന് കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ഒരു വിഷയത്തെക്കുറിച്ച് അദ്ദേഹം ഉരിയാടിയില്ല. ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ ചരിത്രം എടുത്തുനോക്കാം. പാമോയിൽ ഇടപാടിൽ മൂന്നരക്കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ ഈ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടായതാണ്. ആ ഇടപാടിനെക്കുറിച്ച് സി.ആന്റ്.എ.ജി.യുടെ റിപ്പോർട്ടിൽ അന്ന് വെളിപ്പെട്ട വിവരത്തെക്കുറിച്ചും ഈ റിപ്പോർട്ടിന്റെ പവിത്രതയേയും അതിന്റെ പരിപാവനതയേയും കുറിച്ചും നമുക്കെല്ലാം അറിയാം. ഞാൻ ചെയർമാനായിട്ടുള്ള ഈ സഭയുടെ പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയാണ്, പാമോയിൽ കേസിനെക്കുറിച്ചുള്ള അന്വേഷണം നടത്തിയത്. ആ സമിതിയിൽ അംഗമായിരുന്നു എന്റെ മാന്യ സുഹൃത്തായ ശ്രീ. പിണറായി വിജയൻ. സി. എ. ജി. റിപ്പോർട്ടിന്റെ പാവനതയേയും, പവിത്രതയേയും കുറിച്ച് അന്ന് നടന്ന ചർച്ചകളിൽ ഉടനീളം അദ്ദേഹം പറഞ്ഞ അഭിപ്രായങ്ങൾ നിയമസഭാ കമ്മിറ്റികളുടെ രേഖകളിലുണ്ട്. ഈ രാജ്യത്തെ പിടിച്ചു കുലുക്കിയ അഴിമതി ആരോപണമായിരുന്നു ബോഫോഴ്സ് തോക്കിടപാട്. 65 കോടി രൂപ രാജ്യത്തിന് നഷ്ടമുണ്ടായി എന്നാണ് പറഞ്ഞത്. ഇവിടെ ബീഹാറിലെ കന്നുകാലിത്തീറ്റ കുംഭകോണത്തോളം വലിപ്പമുള്ള 374 കോടി രൂപയുടെ നഷ്ടം ഈ സംസ്ഥാനത്തിന് ഉണ്ടായി എന്ന് ഒരു വലിയ കണ്ടെത്തൽ സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ ഉണ്ടായിട്ട് അതിനെക്കുറിച്ച് എന്റെ മാന്യ സ്നേഹിതൻ ഒരക്ഷരം പറഞ്ഞില്ല. അദ്ദേഹത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്. അഴിമതിയെക്കുറിച്ച് പറയുമ്പോൾ ഇവിടെ ഗവൺമെന്റുകൾ മാറി മാറി വരുന്നുണ്ട്. ആ കാലഘട്ടത്തിൽ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഇലക്ട്രിസിറ്റി ബോർഡിൽ അംഗമായിരുന്നു എന്നുള്ള കാര്യം ഞങ്ങളാരും വിസ്മരിക്കുന്നില്ല. അങ്ങയെ ഞങ്ങളാരും പ്രതിക്കൂട്ടിൽ നിർത്താൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ അഴിമതിയെക്കുറിച്ച് പറയുമ്പോൾ ഈ സംസ്ഥാനത്തിന് 374 കോടി രൂപ നഷ്ടമായിയെന്ന് സി.എ.ജി. കണ്ടെത്തിയ ഒരു സംഭവത്തെക്കുറിച്ച് ഒരു വാക്കു പറയണ്ടേ? ഞാൻ ചോദിക്കട്ടെ ഈ സംസ്ഥാനത്ത് 4 കൊല്ലം മുമ്പ് ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ എന്തായിരുന്നു സ്ഥിതി? കേരളം ഒരു ചോരക്കളമായിരുന്നു. ഉത്തരകേരളത്തിൽ അക്രമങ്ങൾകൊണ്ട് അസ്വസ്ഥമായ സാമൂഹ്യ ജീവിതമായിരുന്നു. എത്ര മാർക്സിസ്റ്റ് സഖാക്കൾക്ക്, എത്ര ബി.ജെ.പി. സഖാക്കൾക്ക് അവരുടെ കുടുംബാംഗങ്ങളെ നഷ്ടപ്പെട്ടു! ചോരപ്പുഴ ഒഴുകിയ കേരളത്തിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിച്ചത് ഈ യു.ഡി.എഫ്. സർക്കാരാണ് - എ. കെ. ആന്റണി സർക്കാരും ഞങ്ങളുടെ പോലീസ് നയവുമാണ് ഇവിടെ സമാധാനാന്തരീക്ഷമുണ്ടാക്കിയത് എന്ന കാര്യത്തിൽ സംശയമുണ്ടോ? അതുമാത്രമാണോ, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ അന്ന് ഇവിടത്തെ മുഖ്യമന്ത്രിക്ക് ഡൽഹിയിൽ ഒരു കോൺഫറൻസിന് പോകാൻ ഒരു വിമാന ടിക്കറ്റ് കടം ചോദിച്ചിട്ട് അതുപോലും തരാൻ വിശ്വാസമില്ലാത്ത വിധത്തിൽ, അത്ര പാപ്പരായ ഒരു സർക്കാരായിരുന്നു ഉണ്ടായിരുന്നത്. കഴിഞ്ഞ നാലുകൊല്ലക്കാലമായി സംസ്ഥാനത്തെ ലക്ഷക്കണക്കിന് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാൻ ഒരു ദിവസമെങ്കിലും താമസിച്ചോ? സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ അടച്ചിട്ടോ; വിദ്യാലയങ്ങൾ അടച്ചിട്ടോ; ഏതെങ്കിലും ഫാക്ടറി സ്വകാര്യ മേഖലയ്ക്ക് കൈമാറിയോ; ഏതെങ്കിലും തൊഴിലാളിയെ വഴിയാധാരമാക്കിയോ; ഈ സംസ്ഥാനത്തെ ജനങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസം നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയുടെ അടിത്തറ പാകി, സമാധാന ജീവിതം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ പുനഃസ്ഥാപിച്ചത് യു.ഡി.എഫ്. സർക്കാരാണ്. ശ്രീ. എ.കെ. ആന്റണിയുടെ സർക്കാരിന് കേരളത്തിന്റെ കാര്യത്തിൽ പ്രത്യേകമായ ഒരു ദിശാബോധം ഉണ്ടായിരുന്നു. കാരണം ഒരു വികസന അജണ്ടയുമായി കേരളത്തിന്റെ ഭാവി ശോഭനമാക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. ഞങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ദൂരവ്യാപകമായ മാറ്റം ഉണ്ടാക്കുന്നവയാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ ഞങ്ങൾ ആഗ്രഹിച്ചതും ശ്രമിച്ചതും പെട്ടെന്നുണ്ടായ വെളിപാടിന്റെ അടിസ്ഥാനത്തിലല്ല. യു.ഡി.എഫ്-ന്റെ പ്രകടന പത്രിക നിങ്ങളുടെ കയ്യിലുണ്ടോ എന്ന് ശ്രീ. കോടിയേരി ചോദിച്ചല്ലോ, പ്രകടനപത്രിക ഞങ്ങളുടെ കയ്യിലുണ്ട്. ആ പ്രകടന പത്രിക തയ്യാറാക്കിയ കമ്മിറ്റിയുടെ കൺവീനർ അല്ലേ ഞാൻ? തയ്യാറാക്കാൻ ഒപ്പമുണ്ടായിരുന്ന ശ്രീ. ടി. എം. ജേക്കബ്ബും ശ്രീ. ബാലകൃഷ്ണപിള്ളയും ഇന്ന് അപ്പുറത്തിരിക്കുന്നു. പശ്ചിമ ബംഗാളിലെ മാർക്സിസ്റ്റ് സർക്കാർ അവിടെ സ്വകാര്യം പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ വികസന പ്രക്രിയയെ ശക്തിപ്പെടുത്തുകയാണ്. ഗവൺമെന്റിന്റെ സേവനങ്ങൾക്കും പ്രവർത്തനങ്ങൾക്കും വ്യക്തമായ നിബന്ധനകൾ ഉണ്ടാക്കിക്കൊണ്ട് ആഗോള വ്യാപകമായി വരുന്ന മാറ്റങ്ങൾ കേരളത്തിലും നടപ്പാക്കണം. ലക്ഷക്കണക്കിന് വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരമുണ്ടാക്കണം. അതിന് നിക്ഷേപങ്ങൾ വരണം, വ്യവസായം വരണം, എല്ലാ രംഗത്തും വികസനം വരണം. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. കേരളത്തിന്റെ പുരോഗതി എങ്ങനെ സാധിക്കും? നമ്മുടെ ഖജനാവിൽനിന്നു ലഭിക്കുന്ന പണത്തിന്റെ 92% വികസനേതര ആവശ്യത്തിന് ഉപയോഗിക്കുന്ന ഒരു സംസ്ഥാനത്തിന് മറ്റെന്താണ് മാർഗ്ഗം? നമ്മുടെ കുട്ടികൾക്ക് പഠിക്കണം. തൊഴിലവസരങ്ങൾ ഉണ്ടാകണം. ഞങ്ങളുടെ പ്രകടന പത്രികയുടെ തലക്കെട്ടുതന്നെ കേരളത്തിന്റെ വികസനത്തിന് ഒരു നയരേഖ എന്നാണ്. മെഡിക്കൽ, എഞ്ചിനീയറിംഗ്, പാരാമെഡിക്കൽ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കുവേണ്ടി വ്യക്തമായ നിബന്ധനകളോടെ ഇവിടെ സ്വകാര്യ കോളേജുകൾ അനുവദിക്കുമെന്ന് പ്രകടന പത്രികയിൽ എഴുതിവെച്ച് വോട്ട് നേടി അധികാരത്തിൽ വന്നവരാണ് ഞങ്ങൾ. വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഞങ്ങൾ അനുവദിച്ചു. ഞങ്ങൾ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വമ്പിച്ച വിജയമായിരുന്നു. എത്ര കോടിയുടെ നിക്ഷേപം വന്നു..... (ബഹളം)..... ഒരു അപശബ്ദവുമില്ലാതെ ശ്രീ. കോടിയേരി അവതരിപ്പിച്ച പ്രമേയം ഈ സഭ കേട്ടിരുന്നു ഇപ്പോൾ നിങ്ങളിങ്ങനെ അസ്വസ്ഥത കാട്ടരുത്. .....(ബഹളം)..... വോട്ടുചെയ്ത ജനങ്ങൾക്കു വേണ്ടിയാണ് സംസാരിക്കുന്നത്. അവർ കാണുന്നുണ്ട്. പറയാനുള്ളത് പറയിപ്പിക്കാതിരിക്കുന്ന അസഹിഷ്ണുത. ശ്രീ. വാജ്പേയി കേരളത്തിൽ വന്നപ്പോൾ 10,000 കോടി രൂപയുടെ വ്യവസായങ്ങൾക്ക് കേന്ദ്ര പൊതുമേഖല മുതൽ മുടക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. ശ്രീ. മൻമോഹൻ സിംഗ് കേരളത്തിൽ വന്ന് തറക്കല്ലിട്ടത് 20,000 കോടി രൂപയുടെ നിക്ഷേപത്തിനാണ്. ഇത് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ വിജയമല്ലെങ്കിൽ മറ്റെന്താണ്? സർക്കാരിന്റെ നയസമീപനത്തിന്റെ വിജയമാണ്. സ്വകാര്യ മേഖലയിൽ 1,500 കോടി രൂപയുടെ പുതിയ പദ്ധതികൾ നടപ്പിലാക്കി. ഈ

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തെ അട്ടിമറിക്കുന്നത് എന്തിന്റെ പേരിലാണ്? ബംഗാളിൽ സ്വകാര്യ വൽക്കരണം നടക്കുകയാണ്. അവിടെ അറുപത്തൊൻപത് ഫാക്ടറികൾ പൂട്ടി, 80,000 ജീവനക്കാർക്ക് കമ്പൽസറി റിട്ടയർമെന്റ് കൊടുത്തു. ആ നയം സ്വീകരിക്കുന്ന ബംഗാളിന്റെ സമീപനത്തിൽ തെറ്റില്ല. അതേസമയം കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു തുലയ്ക്കുന്നു എന്ന് നിങ്ങൾ ആരോപിക്കുന്നു. കേരളത്തിലെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു എന്നു നിങ്ങൾക്ക് പറയാമോ? പൊതുജനാരോഗ്യ രംഗത്തുനിന്ന് ഞങ്ങൾ പിൻമാറുകയാണെന്ന് നിങ്ങൾ ആരോപിച്ചു. കേരളത്തിലെ ഏത് പ്രൈമറി ഹെൽത്ത് സെന്റർ ആണ് അടച്ചുപൂട്ടിയത്.? .....(ബഹളം)..... ഏത് സർക്കാർ ആശുപത്രിയാണ് അടച്ചുപൂട്ടിയത്? ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ മരുന്നു വാങ്ങാൻ കാശില്ലാതെ സർക്കാർ ആശുപത്രികളും പൊതുജനാരോഗ്യ കേന്ദ്രങ്ങളും ബുദ്ധിമുട്ടുകയായിരുന്നു. പൊതുവിദ്യാഭ്യാസ രംഗം തകർത്തു എന്ന് നിങ്ങൾ പറയുന്നു. അൺ എക്കണോമിക് ആയിട്ടുള്ള സ്കൂളുകൾ പൂട്ടാനുള്ള തീരുമാനം എടുത്തത് ആരാണ്? എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ? ഈ സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസരംഗം ഞങ്ങൾ തകർത്തില്ല. അത് നിലനിർത്തിക്കൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുന്ന ഏതാണ്ട് 2000 കോടി രൂപ, കേരളത്തിൽ തന്നെ നിലനിർത്തത്തക്കവണ്ണം നമ്മുടെ കുട്ടികൾ അന്യസംസ്ഥാനങ്ങളിൽപോയി ക്യാപ്പിറ്റേഷൻ ഫീസ് കൊടുത്ത്, കോഴ കൊടുത്ത് അവിടെ ആത്മഹത്യവരെ ചെയ്യേണ്ടുന്ന അവസ്ഥ ഒഴിവാക്കാൻ ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മൾ ആരംഭിച്ചു. ആ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ കച്ചവടത്തിന്റെ പേരിൽ നടന്ന ഏറ്റവും വലിയ കച്ചവടത്തിനുനേരെ നിങ്ങൾ കണ്ണടയ്ക്കുന്നു. ഈ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ സമരം നടത്തിയതിൽ ദുരുദ്ദേശമുണ്ടായിരുന്നു. ഈ വിഷയത്തിന്മേൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇപ്പോൾ ഈ കൗൺസലിംഗ് മാറ്റി വയ്ക്കാമായിരുന്നില്ലേ എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിനും അദ്ദേഹം മറുപടി പറഞ്ഞു. ശ്രീ. കോടിയേരി അന്ന് ഇത് പറയുമ്പോൾ കർണ്ണാടകയിലെ വിദ്യാഭ്യാസ മാനേജർമാരുടെ ശബ്ദമാണ് ഇവിടെ പ്രതിഫലിച്ചത്; നിങ്ങളുടെ വിദ്യാർത്ഥി സംഘടനകൾ പ്രതിഫലിപ്പിച്ചത്. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയിലേക്ക് നയിക്കാൻ ശ്രമിക്കുമ്പോൾ ഈ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കുവേണ്ടിയല്ല, രക്ഷിതാക്കൾക്കുവേണ്ടിയല്ല മറിച്ച് ഇവിടുത്തെ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. എന്നിട്ട് വേറൊരു അവകാശവാദമാണ് ഉയർന്നു കേട്ടത്. ഞങ്ങൾ ആവശ്യപ്പെട്ടു ഗവൺമെന്റ് കീഴടങ്ങിയെന്നാണ് നിങ്ങൾ പ്രചരിപ്പിച്ചത്. ഇത് ജനാധിപത്യ ഭരണം അല്ലേ? കഴിഞ്ഞ എൽ.ഡി.എഫ്. ഭരണ കാലത്ത് പ്രതിപക്ഷം എന്തെല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്! എത്ര ജനകീയ സമരങ്ങൾ നടത്തിയിട്ടുണ്ട്! ഒരു ആവശ്യം പോലും അംഗീകരിച്ചിട്ടുണ്ടോ ? ഏതെങ്കിലും പ്രശ്നത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ? ഉമ്മൻചാണ്ടി സർക്കാർ ജനകീയ പ്രശ്നങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിൽ അത് ജനാധിപത്യത്തിന്റെ ഉദാത്തമാതൃകയാണ്;

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ കീഴടങ്ങലല്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ നിങ്ങൾ നടത്തുന്ന സമരത്തിൽ ഇവിടെ കത്തിയെരിയുന്ന സർക്കാർ വാഹനങ്ങൾ, തകർന്ന് തരിപ്പണമാകുന്ന പൊതുമുതൽ, ഇവിടുത്തെ പാവപ്പെട്ടവന്റെ യാത്രാ സൗകര്യങ്ങൾ നിഷേധിക്കുന്ന നിങ്ങളുടെ ജനവിരുദ്ധ സമരം അവരുടെ ജീവനേക്കാൾ നിങ്ങൾക്ക് വലുതാണ്. ഈ സംസ്ഥാനത്ത് സമാധാനത്തിന്റെയും സമവായത്തിന്റെയും മാർഗ്ഗമാണ് ഞങ്ങൾ സ്വീകരിച്ചത്. ഈ സർക്കാർ ന്യായമായ അവകാശങ്ങൾ സ്വീകരിച്ച് ജനാധിപത്യപരമായി വിട്ടുവീഴ്ചയ്ക്ക് തയ്യാറായാൽ അത് കീഴടങ്ങൽ എന്ന് നിങ്ങൾ പറയും. അതിന് തയ്യാറായില്ലെങ്കിൽ മർക്കട മുഷ്ടി എന്നുപറയും. ഹിറ്റ്‌ലർ, മുസോളിനി, സർ സി.പി., ഡ്രാക്കുള—എന്തെല്ലാം പേരുകളാണ്. യഥാർത്ഥത്തിൽ ഏത് ഇരുട്ടത്താണ് ഈ ഡ്രാക്കുളമാർ ഇരിക്കുന്നത്! കേരളത്തിലെ സർക്കാരിന്റെ വിദ്യാഭ്യാസ കച്ചവടത്തിനെതിരെ ശബ്ദിച്ച ഇവർ എന്തുകൊണ്ട് എസ്.എൻ.സി. ലാവ്‌ലിൻ സംഭവത്തെക്കുറിച്ച് പറഞ്ഞില്ല? ആരുടെ കാലത്താണ് MOU (Memorandum of Understanding) ഒപ്പിട്ടതെന്ന് നമുക്ക് പരിശോധിക്കാം; ചർച്ച ചെയ്യാം. 11.00 A.M. പക്ഷേ C&AG പറഞ്ഞതെന്താണ്? കാനഡയിൽ പോയി തിരിച്ചുവന്ന് അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാരും ഇലക്ട്രിസിറ്റി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനും കൂടി നടത്തിയ പത്രസമ്മേളനത്തിന്റെ റിപ്പോർട്ട് ഒന്ന് പരിശോധിക്കണം. നായനാർ പറഞ്ഞു ഞങ്ങളിതെല്ലാം ശരിയാക്കി ഒപ്പിട്ട് തിരിച്ചു വന്നിരിക്കുകയാണ് എന്ന്. ഇന്ന് യു.പി.എ. യിൽ ഏറ്റവും തർക്കം നടക്കുന്നതെന്താണ് BHEL-ന്റെ 10% ഓഹരി വിൽക്കുന്നതിനെതിരായി. BHEL-നെ മഹത്വവൽക്കരിക്കുന്ന യജ്ഞമാണ് മാർക്സിസ്റ്റ് പാർട്ടി ഡൽഹിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സർ, ഇവിടെ 1 എന്താണ് ഉണ്ടായത്? BHEL എന്നുപറയുന്നത് ഇന്ത്യയിലെ ഏറ്റവും വലിയ പൊതു മേഖലാ സ്ഥാപനമാണ്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നിവ 100 കോടി രൂപകൊണ്ട് ഞങ്ങൾ നവീകരിച്ച് നടപ്പിലാക്കാമെന്ന് പറഞ്ഞതിനെ, പുച്ഛിച്ചുതള്ളിയവരാണ് നിങ്ങൾ. സി.ഐ.ടി.യു.-വിന്റെ അഖിലേന്ത്യാ പ്രസിഡണ്ട് ശ്രീ. ബാലാനന്ദനുൾപ്പെടെ 28 പേരുള്ള വിദഗ്ദ്ധസമിതി എന്താണ് പറഞ്ഞത്? 40 കോടി രൂപയ്ക്ക് ആര് എം.ഒ.യു. ഒപ്പിട്ടു എന്നുള്ളതല്ല, ഈ തീരുമാനം ആരെടുത്തു? അത് ആര് തള്ളിക്കളഞ്ഞു? സംസ്ഥാനത്തിന് 374 കോടി രൂപ നഷ്ടം വന്നു. എസ്.എൻ.സി. ലാവ്‌ലിൻ എന്നത് ഒരു ബഹുരാഷ്ട്ര കമ്പനിയല്ലേ? ആ കമ്പനിക്ക് 110 കോടി രൂപ അവിഹിതമായി ലാഭം ഉണ്ടായി. അതുമാത്രമാണോ? മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ കാര്യം പറയാം. മലബാറിലെ കാൻസർ രോഗികളോടുള്ള നിങ്ങളുടെ സഹാനുഭൂതി എനിക്ക് മനസ്സിലാക്കാൻ കഴിയും. അതിൽ വളരെയേറെ സംതൃപ്തി തോന്നുന്നു. പക്ഷെ പാമ്പുകടിയേറ്റ് മരിക്കുന്ന സാധാരണക്കാരെ സഹായിക്കാൻ മന്ത്രി ശ്രീ. എം. വി. രാഘവന്റെ നേതൃത്വത്തിലുണ്ടാക്കിയ വിഷ ചികിത്സാ കേന്ദ്രത്തെ രണ്ടു പ്രാവശ്യം തകർത്താ നിങ്ങൾക്ക് കാൻസർ രോഗികളോട് എന്ത് സഹാനുഭൂതിയാണ്? ഇപ്പോൾ വിദേശ ഫണ്ടിംഗിനെക്കുറിച്ച് നിങ്ങളുടെ സിദ്ധാന്തപരമായ, പ്രത്യയശാസ്ത്ര പരമായ ചർച്ചയാണ് നടക്കുന്നത്. കാൻസർ രോഗികളെ ചികിത്സിക്കാൻ വിദേശ ഫണ്ടിംഗോടുകൂടി അവിടെ ഒരു

2/22/06—17a

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിംഗോടുകൂടി അവിടെ ഒരു ആശുപത്രി തുടങ്ങാനല്ലേ നിങ്ങൾ ശ്രമിച്ചത്. എന്നിട്ട് കിട്ടിയോ? എസ്.എൻ.സി. ലാവ്‌ലിൻ 98 കോടി രൂപ കൊടുത്തുകാണും. പക്ഷെ മലബാർ കാൻസർ സൊസൈറ്റിക്ക് കിട്ടിയത് കേവലം എട്ടോ പത്തോ കോടി രൂപയാണ്. ബാക്കി പണം എവിടെപ്പോയി? ആരു വാങ്ങി? ആരുടെ കൈയിലെത്തി? ദുരൂഹതകൾ നിറഞ്ഞുനിൽക്കുന്നു. ഒരു കാര്യം എനിക്കറിയാം. അന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ ഇലക്ട്രിസിറ്റി ബോർഡിലെ ഫ്രാക്ഷനെ നയിച്ചിരുന്നത് എന്റെ ബഹുമാനപ്പെട്ട .....(ബഹളം).....

മിസ്റ്റർ സ്പീക്കർ: ഇവിടെ ഓരോ പാർട്ടിക്കും പറയാനുള്ള അവസരമുണ്ട്. കേൾക്കാൻ തയ്യാറല്ലാത്തവർക്ക് പറയാനും അർഹതയില്ല. ജനാധിപത്യത്തിന്റെ കാതൽ പറയുകയും കേൾക്കലുമാണ്. നിങ്ങൾക്ക് വോട്ടുചെയ്ത ജനങ്ങൾ ഇതൊക്കെ കാണുകയാണ്. ബഹളക്കാരാണെന്ന് നിങ്ങളെപ്പറ്റി പറയണോ വേണ്ടേ എന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി.

ശ്രീ. എം.എം. ഹസ്സൻ: സർ, അങ്ങ് ഇത് പറഞ്ഞത് നന്നായി. കാരണം കേരളത്തിലെ ജനങ്ങൾ ഇത് കാണുകയാണ്. പ്രതിപക്ഷത്തുനിന്നു സംസാരിക്കുമ്പോൾ ഞങ്ങൾ ഒരു അസ്വസ്ഥതയും പ്രകടിപ്പിക്കുന്നില്ല. ഞങ്ങളിവിടെ കേട്ടിരിക്കുകയേ ഉള്ളൂ. കാരണം ഞങ്ങൾക്ക് പറയാൻ നാവുകളുണ്ട്. പറയാൻ ധാരാളം കാര്യങ്ങളും ഞങ്ങൾക്കുണ്ട്. സാർ, അന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ ഫ്രാക്ഷനെ നയിച്ചിരുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസേഴ്സ് അസോസിയേഷന്റെ നേതാവായിരുന്ന സിദ്ധാർത്ഥ മേനോൻ അന്ന് ആ അസോസിയേഷന്റെ പ്രസിഡണ്ടായിരുന്നു. പിന്നീട് നമ്മൾ കാണുന്നത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സെൻട്രൽ സെക്രട്ടേറിയറ്റിലും സിദ്ധാർത്ഥ മേനോൻ കൈരളി ടി.വി.യുടെ എം.ഡി. സ്ഥാനത്തുമായതാണ്. ഈ പണം എവിടെപ്പോയി എന്ന് തപ്പിനോക്കാൻ നമുക്ക് സാധിക്കുമോ? ആരെങ്കിലും ഇതന്വേഷിക്കണ്ടേ? ഈ പണം എവിടെപ്പോയി? ഈ പണം എവിടെപ്പോയാലും അതു കണ്ടുപിടിച്ചേ തീരൂ. അതിനേക്കാൾ പ്രധാനം 374 കോടി രൂപയാണ്. ബോഫോഴ്സ് കേസിനേക്കാൾ, പാമോയിൽ കേസിനേക്കാൾ ഭീമമായ നഷ്ടം ഈ സംസ്ഥാനത്തിനുണ്ടാക്കി. ഈ പ്രോജക്ടിന് വിദേശ ഫണ്ടിംഗിനെക്കുറിച്ചുള്ള പ്രപ്പോസൽ വന്നപ്പോൾ അന്നത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഫയലിൽ എഴുതിവെച്ചത്, മലബാർ കാൻസർ സെന്ററും, വൈദ്യുതിയും തമ്മിൽ എന്താണ് ബന്ധം എന്നാണ്. അങ്ങനെ എഴുതിയതുകൊണ്ട് അയാളുടെ തലയ്ക്ക് അസുഖമാണെന്ന് സെക്രട്ടേറിയറ്റിൽ ഫയലിൽ രേഖപ്പെടുത്തിയ അപൂർവ്വമായ സംഭവവും ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ആ ഉദ്യോഗസ്ഥന്റെ തലയ്ക്ക് എന്തോ കുഴപ്പമുണ്ട് എന്ന് അന്നത്തെ ഇലക്ട്രിസിറ്റി വകുപ്പു മന്ത്രി എഴുതിവെച്ചത് നമ്മളാരും മറക്കരുത്. ഈ സംസ്ഥാനത്ത് സി. ആന്റ് എ.ജി. കണ്ടെത്തലുകളുടെ പേരിൽ വിശദീകരണം ചോദിച്ചിരിക്കുന്നത് ആരോടാണ്? ഇലക്ട്രിസിറ്റി ബോർഡിനോടാണ്. പക്ഷെ ജനങ്ങളോട് താൽപ്പര്യമുള്ളവരാണ് നിങ്ങൾ. അന്നത്തെ ബോർഡ് മെമ്പറായ താങ്കൾ, അന്നത്തെ വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ -- അവർ ജനങ്ങളോടാണ്

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിക്കേണ്ടത്. ബോർഡിന് വിശദീകരണം കൊടുക്കേണ്ടതല്ല നിങ്ങളുടെ ജോലി. ജനങ്ങളുടെ മുമ്പിൽ ദുരൂഹതകൾ, സംശയങ്ങൾ ബാക്കി നില്ക്കുന്നു. ഈ സംഭവത്തെക്കുറിച്ച് വിജിലൻസ് എൻക്വയറി നടത്താൻ തീരുമാനിച്ചു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, എന്താണ് വിജിലൻസ് എൻക്വയറി പുരോഗമിക്കാത്തത്? .....(ബഹളം)..... ഞാനും കൂടി മന്ത്രിയായിരുന്ന മന്ത്രിസഭയിലാണ് തീരുമാനമെടുത്തത്. വിജിലൻസ് എൻക്വയറി ഓർഡർ ചെയ്താൽ അടുത്ത ദിവസം മുതൽ ആ വിജിലൻസ് എൻക്വയറി എന്തായി എന്ന് അന്വേഷിക്കുന്ന ജോലി യു.ഡി.എഫ്.-ലെ മുഖ്യമന്ത്രിമാർക്കില്ല. ശ്രീ. എ.കെ. ആന്റണിക്കുമില്ല, ശ്രീ. ഉമ്മൻചാണ്ടിക്കുമില്ല. വിജിലൻസ് സ്വതന്ത്ര സംവിധാനമാണ്. അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കൈകടത്തുന്നവരല്ല യു.ഡി.എഫ്-ന്റെ മുഖ്യമന്ത്രിമാർ. നിങ്ങളങ്ങനെ ധരിക്കേണ്ട. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു ശശിയേയും വച്ചിട്ടില്ല. അവിടെ സ്വതന്ത്രമായ പ്രവർത്തനമാണ്. പക്ഷേ കേരളം അറിയാനാഗ്രഹിക്കുന്ന ഈ ഭീമൻകൊള്ള, വമ്പിച്ച അഴിമതി, ഇത് ഈ സംസ്ഥാനത്തിലെ ഇലക്ട്രിസിറ്റി ഉപഭോക്താക്കളെ ദ്രോഹിക്കുന്ന ഒരു നടപടിയാണ്. ആ ബോർഡ് തകരുന്നത്, ഇലക്ട്രിസിറ്റി ബോർഡിൽ പാഴ്ച്ചെലവുണ്ടാക്കുന്നത് നിസ്സാര കാര്യമല്ല. മൺകുടിലുകളിൽ ജീവിക്കുന്ന സി.ഐ.ടി.യു-ക്കാരടക്കമുള്ള പാവപ്പെട്ടവരുടെ വൈദ്യുതി ഉപഭോഗത്തെ ബാധിക്കുന്നത് നിസ്സാരകാര്യമാണോ? കേരളം അതറിയണം. വിജിലൻസ് എൻക്വയറി നടത്തണം. ഇന്നലെ മാതൃഭൂമി ദിനപത്രത്തിൽ അഭിവന്ദ്യനായ പ്രതിപക്ഷ നേതാവ് എന്താണ് പറഞ്ഞിരിക്കുന്നത്? സി. ആന്റ് എ.ജി. റിപ്പോർട്ട് അതീവ ഗൗരവമുള്ളത് തന്നെയാണ് എന്നാണ്. ഭാരിച്ച ഉത്തരവാദിത്വങ്ങളുള്ള അദ്ദേഹം പറയുന്നത്, ശ്രീ. പിണറായി വിജയനും നമ്മുടെ ഐക്യമുന്നണി സർക്കാരും അഭിപ്രായം പറഞ്ഞശേഷം വേറെ എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ അപ്പോൾ പ്രതികരിക്കാമെന്നാണ്. എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ അദ്ദേഹം ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. കാരണം, ഭാരിച്ച ചുമതലകൾക്കിടയിൽ അദ്ദേഹത്തിന് ഇതല്ലാതെ വേറെ എന്ത് പ്രതികരിക്കാൻ പറ്റും? ഏതായാലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒരു കാര്യം ചോദിച്ചു. എന്താണ് ? നിങ്ങൾക്ക് കൂട്ടുത്തരവാദിത്വമുണ്ടോ, നിങ്ങൾക്ക് ഐക്യമുണ്ടോ. ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും തമ്മിൽ ഐക്യമുണ്ടോ എന്ന്. ഇത് ചോദിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ, തൊട്ടടുത്ത് വലതു വശത്തിരിക്കുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനും, ശ്രീ. പിണറായി വിജയനും തമ്മിൽ മുഖത്തോടു മുഖം കണ്ടാൽ ഒന്ന് ചിരിക്കുമോ എന്ന് ചോദിക്കാമോ? കരിമണൽ ഖനനത്തിന് സി.പി.എം.-ന്റെ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ അഭിപ്രായം തന്നെയാണോ സി.പി.എം.-ന്റെ എറണാകുളം ജില്ലാ കമ്മിറ്റിക്കുള്ളത്? ശ്രീ. ബാലാനന്ദന്റെ അഭിപ്രായം തന്നെയാണോ ശ്രീ. വി.എസ്. അച്ചുതാനന്ദനുള്ളത്. ശ്രീ. പിണറായി വിജയന്റെ അഭിപ്രായം തന്നെയാണോ ശ്രീ. ബാലാനന്ദനുള്ളത് ? ഇതന്വേഷിക്കുമോ? നിങ്ങൾക്ക് എല്ലാകാര്യത്തിലും വലിയ അഭിപ്രായ ഐക്യമാണ്. നിങ്ങൾക്ക് വലിയ യോജിപ്പാണ്. നിങ്ങളുടെ പാർട്ടിയിൽ ഒരു പ്രശ്നവുമില്ല. നിങ്ങൾ ഒറ്റക്കെട്ടായി നീങ്ങുകയാണ്. എന്തായി പാവപ്പെട്ട ശ്രീ. ശർമ്മയുടേയും ശ്രീ. ചന്ദ്രന്റേയും കാര്യം? നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസെക്രട്ടേറിയറ്റിൽനിന്ന് അവർ എങ്ങനെ തെറിച്ചുപോയി? ദേശാഭിമാനിയുടേയും ചിന്തയുടേയും എഡിറ്റർ സ്ഥാനത്ത് നിന്ന് ജോലിഭാരം കൊണ്ട് നിങ്ങൾ പ്രതിപക്ഷ നേതാവിനെ മാറ്റി. അതൊന്നും നിങ്ങൾക്കൊരു പ്രശ്നവുമല്ല. ഏറ്റവുമൊടുവിൽ, ഇന്ന് പുറത്തിറങ്ങിയ കലാകൗമുദിയിൽ ശ്രീ. പി.സുരേന്ദ്രൻ, ശ്രീ. പിണറായി വിജയനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഗുരുതമ്മില്ലാത്ത വർത്തമാനങ്ങൾ പറഞ്ഞു നടക്കുകയാണ് അവരുടെ പല നേതാക്കന്മാരും. എം.എൻ. വിജയനെക്കുറിച്ച് ഇവർ പറയുന്നത് ദേശാഭിമാനിയിൽ എഴുതിയതിനെക്കുറിച്ചാണ്. ഇതെല്ലാം ഈ നാട്ടിലെ ജനങ്ങൾ കാണുകയല്ലേ? മാർക്സിസ്റ്റ് പാർട്ടി അച്ചടക്കമില്ലാത്ത തകർന്ന് തരിപ്പണമായ പാർട്ടിയായി മാറിയിരിക്കുന്നു. ഞങ്ങളുടെ പാർട്ടിയിൽനിന്ന് എം.എൽ.എ-മാർ പോയി. സത്യമാണ്. രണ്ടു കക്ഷികൾ പോയി. അവർ ഈ ഗവൺമെന്റിൽ പങ്കാളികളായിരുന്നു. അവർ മന്ത്രിമാരല്ലാതായി. അവർ പോകുന്നതിന് കാരണങ്ങൾ ഉണ്ട്. ആ കാരണങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല; നേരത്തെ പറഞ്ഞു കഴിഞ്ഞു. ഐക്യം ഇല്ലാതെ അച്ചടക്കം മാത്രമുള്ള ഒരു പാർട്ടിയായി ഞങ്ങളുടെ പാർട്ടി നില്ക്കുന്നത് ശരിയല്ലെന്ന് ഞങ്ങൾക്കു തോന്നി. ഞങ്ങളുടെ പാർട്ടിയിൽനിന്നും കുറേയാളുകൾ പോയി. പക്ഷെ ഈ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ട്. ജനപിന്തുണയുണ്ട്. അത് ശ്രീ. കോടിയേരി ബാലകൃഷ്ണന് സംശയമുണ്ടെങ്കിൽ പത്ത് മാസം കഴിഞ്ഞ് തെരഞ്ഞെടുപ്പിൽ നമുക്ക് കാണാം. നിങ്ങളുടെ വീരവാദങ്ങളൊന്നും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. നിങ്ങൾ അഹങ്കരിക്കേണ്ട. കൂത്തുപറമ്പിലും അഴീക്കോടും യഥാർത്ഥമായിട്ടുള്ള ജനാധിപത്യ പ്രക്രിയ നടന്നിരുന്നുവെങ്കിൽ നിങ്ങൾ ജയിക്കുമായിരുന്നോ? ഇത്രയും വലിയ ഭൂരിപക്ഷം നിങ്ങൾക്ക് കിട്ടുമായിരുന്നോ? അതാർക്കാണ് അറിഞ്ഞുകൂടാത്തത്? കേരളത്തിന്റെ മനസ്സാക്ഷി ഇന്ന് ദുഃഖിക്കുകയാണ്. എന്തുകൊണ്ടാണെന്ന് അറിയാമോ? നാലുകൊല്ലക്കാലം നിരുത്തരവാദപരമായ പെരുമാറ്റം കൊണ്ട് ജനങ്ങളിൽ അസ്വസ്ഥത വളർത്തി സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാൻ ശ്രമിച്ച നിരുത്തരവാദിത്വമുള്ള പ്രതിപക്ഷമാണ് നിങ്ങൾ. ഈ സംസ്ഥാനത്തോടുള്ള ബാധ്യത, നിങ്ങൾക്ക് വോട്ട് ചെയ്ത ജനങ്ങളോടുള്ള ബാധ്യത, നിങ്ങൾ നിറവേറ്റിയില്ല. ഭരിക്കാനനുവദിക്കാതെ പ്രത്യയശാസ്ത്രത്തിന്റെ തലനാരിഴ കീറിക്കൊണ്ട് സർക്കാരിനെതിരായി അക്രമാസക്തമായ, രക്തരൂക്ഷിതമായ സമരങ്ങൾ നടത്തി ജനങ്ങളെ ദ്രോഹിക്കാൻ, ഈ സംസ്ഥാനത്തിന്റെ വികസനത്തെ മുരടിപ്പിക്കാൻ ശ്രമിച്ചവരാണ് നിങ്ങൾ. ശ്രീ. വി.എസ്. അച്ചുതാനന്ദനെ വികസനത്തിന്റെ ശത്രു എന്നു ഞങ്ങൾ വിളിക്കുമ്പോൾ ശ്രീ. പിണറായി വിജയനെ ശത്രു എന്ന് അവർ വിളിക്കുന്നു എങ്കിലും ജനങ്ങൾ കണ്ടെത്തിയിരിക്കുന്നത് നിങ്ങൾ വികസന വിരോധികൾ ആണെന്നാണ്. കാരണം ഈ സംസ്ഥാനത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതനുസരിച്ച് നിങ്ങൾ വീണ്ടും വന്നാലല്ലാതെ നിങ്ങൾ വികസനം അനുവദിക്കുകയില്ല, അതല്ലേ? ഞങ്ങളുടെ കാലത്തുമാത്രമേ വികസനം ഉണ്ടായിട്ടുള്ളൂ; ഇപ്പോൾ വികസനം ഇല്ലെന്ന് നിങ്ങൾ പറഞ്ഞാൽ ഞങ്ങളെ സമാധാനമായി ഭരിക്കാൻ അനുവദിക്കുകയില്ല എന്നല്ലേ അതിനർത്ഥം? ഞങ്ങൾക്കധികാരം കിട്ടിയാലേ ഇവിടെ വികസനം അനുവദിക്കുകയുള്ളൂ

LIBRARY ARCHIVES Kerala Legislative Assembly

എന്നല്ലേ? കേരളത്തിലെ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. പൊട്ടാത്ത പടക്കം പോലുള്ള, നിങ്ങളുടെ അവിശ്വാസ പ്രമേയം ഞങ്ങൾക്ക് ആശ്വാസമാണ്. കാരണം, നിങ്ങളെക്കുറിച്ച് ജനങ്ങളോട് ഞങ്ങൾക്ക് പറയാൻ അവസരം ഒരുക്കിത്തന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനോടും അതിന് തന്ത്രപരമായ തീരുമാനമെടുത്ത പ്രതിപക്ഷ നേതാവിനോടും ഞങ്ങൾക്ക് അങ്ങേയറ്റം നന്ദിയുണ്ട്. ഞാൻ ഈ അവിശ്വാസപ്രമേയത്തെ ശക്തിയായിട്ട് എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി.ജെ. ജോയി]

ശ്രീ. ടി.പി.എം. സാഹിർ: സർ, പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 13 കാരണങ്ങൾ പറഞ്ഞ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ആരാനുംവേണ്ടി ഓശാനപാടുന്ന ഒരു തരംതാണ രാഷ്ട്രീയ പാർട്ടിയായി മാർക്സിസ്റ്റു പാർട്ടി ഇന്ന് മാറിയിരിക്കുകയാണ്. ഇപ്പോൾ സ്വന്തം പാർട്ടിയിലേക്ക് ചേക്കേറിവന്ന ചെറിയ കോൺഗ്രസ്സ് സംഘത്തെ സന്തോഷിപ്പിക്കാൻ വേണ്ടിയാണ് ഈ അവസരത്തിൽ അവിശ്വാസ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. അതല്ലെങ്കിൽ വേറെ എന്തു കാരണമാണ്? ഇപ്പോൾ ഈ അവിശ്വാസ പ്രമേയത്തിന് തക്കതായ കാരണമൊന്നുമില്ല. ഒരു പുതിയ മണവാട്ടിയെ സ്വന്തമായി കിട്ടിയപ്പോൾ ആ മണവാട്ടിയെ സന്തോഷിപ്പിക്കാനുള്ള ഒരു അവിശ്വാസപ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെ അഭിനന്ദിക്കുകയാണ്. ഇതിവിടെ അവതരിപ്പിച്ചുകൊണ്ട് 13 ഇനത്തിൽ 1140 കോടി രൂപയുടെ അഴിമതി ആരോപണമാണ് പറഞ്ഞിരിക്കുന്നത്. അത് ആരുപറഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നത്? പത്രസമ്മേളനത്തിൽ ശ്രീ. എം.പി. ഗംഗാധരനും ശ്രീ. പി. ശങ്കരനും പറഞ്ഞതെന്താണ്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് അദ്ദേഹത്തിന്റെ അഴിമതി ആരോപണങ്ങളല്ല, മറ്റുള്ളവർ പറഞ്ഞ .....(ബഹളം)..... വളരെ സമാധാനപരമായി അവർ പറഞ്ഞത് ഞങ്ങൾ കേട്ടതാണ്. ഒരു പുതിയ സാമാജികനായ ഞാൻ പറയുന്നത് .....(ബഹളം)..... മറ്റുള്ളവരെ സമാശ്വസിപ്പിക്കാൻ വേണ്ടി കൊണ്ടുവന്ന ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു. സ്വന്തം പാർട്ടിയിലെ തന്നെ ഉന്നതനായ നേതാവിനെ പുറത്താക്കിയശേഷം സ്വന്തം അണികളെ തൃപ്തിപ്പെടുത്തി സന്തോഷിപ്പിക്കാൻ ഈ അവസരം ഉപകരിക്കുമെന്ന് പ്രതിപക്ഷം കണ്ടിരിക്കാം. കേരളത്തിലെ ഗവൺമെന്റ് ഇന്ന് ഈ നാടിന്റെ നന്മയ്ക്കുവേണ്ടി സ്വാശ്രയ സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ട് ഇവിടെ മാതൃകാപരമായി ഒരു ഭരണം നടത്തുന്നു, സാമ്പത്തികമായ വളർച്ചയിൽ കേരളം ഇന്ന് മുന്നോട്ടുവന്നു. സ്വാശ്രയ കോളേജ് അനുവദിച്ചതിൽ അതൃപ്തിയുണ്ടെങ്കിൽ അതിന് ബിൽ അവതരിപ്പിക്കുമ്പോൾ നിങ്ങൾക്ക് പറയാമായിരുന്നു. അന്ന് ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാതെ ഇറങ്ങിപ്പോയശേഷം കുട്ടികളെക്കൊണ്ട് തെരുവിൽ അക്രമരാഷ്ട്രീയം കാണിച്ചുകൊണ്ട് രാജ്യത്തെ സ്തംഭിപ്പിക്കാൻ വേണ്ടി നോക്കുന്ന പാർട്ടിയായി മാർക്സിസ്റ്റ് പാർട്ടി മാറിയിരിക്കുകയാണ്. കേരളത്തെ ഒറ്റപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുകയാണ്. ബംഗാൾ ഇന്ന് അതിവേഗം മുന്നോട്ടുപോയിക്കൊണ്ടിരിക്കുമ്പോൾ കേരളത്തെ പടുകുഴിയിലേക്ക് ആക്കാൻവേണ്ടി നിങ്ങൾ ഞങ്ങളെ സ്തംഭിപ്പിക്കാൻ ശ്രമിക്കുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ സ്വാശ്രയ കോളേജുകൾക്കെതിരായ വിദ്യാർത്ഥി സമരം. വാസ്തവത്തിൽ ഒരു വിദ്യാർത്ഥിക്ക് അവന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സമയമാണ് കൗൺസലിംഗ്. കൗൺസലിംഗ് സ്തംഭിപ്പിക്കാൻ ഇടതുപക്ഷ സംഘടനകളിലെ വിദ്യാർത്ഥികൾ മുതിർന്നത് ഈ കേരളത്തിലെ 6 ലക്ഷം വിദ്യാർത്ഥികളോട് ചെയ്ത ഒരു പാതകമാണ്. ആ സമയത്താണ് ഈ അവിശ്വാസ പ്രമേയവും. ഇന്ന് ഏകദേശം പത്തോളം ബില്ലുകൾ അവതരിപ്പിക്കേണ്ട ദിവസമാണ്; നാളേയും മറ്റെന്നാളും കേരളത്തിന്റെ പുരോഗതിക്കുവേണ്ടി നിയമനിർമ്മാണങ്ങൾ നടത്തേണ്ട ദിവസങ്ങളാണ്. ഇന്ന് അവിശ്വാസ പ്രമേയം നൽകുകവഴി മുതിർന്ന നേതാക്കൻമാരും കുട്ടികൾ തെരുവിൽക്കാണിക്കുന്ന അതേ രീതിയിൽ തന്നെ, ഈ നിയമസഭയുടെ സമയം അപഹരിച്ചുകൊണ്ട് കേരളത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. സ്വാശ്രയസ്ഥാപനങ്ങൾക്കെതിരെയുള്ള ഈ സമരം വാസ്തവത്തിൽ കേരളത്തോടുള്ള ഏറ്റവും വലിയ വഞ്ചനയാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കർണാടക-തമിഴ്നാട് ലോബികൾ കേരളത്തിലെ വിവിധ ലോഡ്ജുകളിൽ വന്ന് അവരുടെ കോളേജുകളിൽ ആളുകളെ ആകർഷിക്കാൻ വേണ്ടി-ദിവസവും ദേശാഭിമാനി അടക്കമുള്ള പത്രങ്ങളിൽ വാർത്ത നൽകുന്നുണ്ട്-കർണാടക ഗവൺമെന്റിന്റെ ആളുകൾ വന്ന് തമ്പടിച്ചിരിക്കുന്നു. ഇവിടെയുള്ള കൗൺസലിംഗ് മുടക്കാൻ വേണ്ടി പ്രതിപക്ഷ സംഘടനകളിലെ വിദ്യാർത്ഥികളെ തെരുവിലിറക്കി ഗവൺമെന്റിനെതിരായി കളിക്കുന്ന ഈ സമരം, വിദ്യാഭ്യാസ വകുപ്പുമന്ത്രി നാടിനുവേണ്ടിയുണ്ടാക്കിയ പുരോഗതി അത് ജനങ്ങളോടുള്ള ഒരു മറുപടിയായിതന്നെയാണ് ഗവൺമെന്റ് കാണുന്നത്. അതുപോലെതന്നെ റോഡ് വികസനത്തിൽ അല്ലെങ്കിൽ കേരളത്തിന്റെ മറ്റുള്ള എല്ലാ കാര്യങ്ങളിലും നാം പുരോഗതിയിലാണ്. സാമ്പത്തികമായനേട്ടത്തിന്റെ കാര്യമെടുത്താൽ, മുമ്പ് കടത്തിലായിരുന്ന കേരളം ഇന്ന് കടമെല്ലാം വീട്ടി പുരോഗതിയിലേക്ക് വന്ന് വികസനത്തിന്റെ വഴികൾ തുറന്നിരിക്കുകയാണ്. ഈ അവസരത്തിൽ ആവശ്യമില്ലാതെയാണ് ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഈ ഗവൺമെൻറിനെതിരെ കുറ്റമായി പറയാൻ ആകെയുള്ളതെന്താണ്? പിന്നെ അഴിമതി ആരോപണമാണ്. ഇത് സാധരണ ഏതു ഗവൺമെൻറിനും എതിരെയും ആരും പറയുന്നതാണ്. അതല്ലാതെ ഈ ഗവൺമെൻറിന്റെ ചെയ്തികളിൽ അക്കമിട്ട് പറഞ്ഞിട്ടുള്ളതിൽ ആരോപണമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒന്നും അവതരിപ്പിച്ചിട്ടില്ല. ഘടകകക്ഷികളുടെ കൂട്ടുത്തരവാദിത്വം ഇല്ലെന്നാണ് ഇവിടെ പറയുന്നത്. മുസ്ലിംലീഗ് ഇന്ന് കേരളത്തിൽ ഒരു ശക്തിയായി വളർന്ന്, കേരളത്തിലെ മറ്റ് രാഷ്ട്രീയ പാർട്ടികൾക്കില്ലാത്തവിധം അഭൂതപൂർവ്വമായ ഒരു വളർച്ച കൈവരിച്ചിരിക്കുന്ന ഈ അവസരത്തിൽ, വെറുതെ കോൺഗ്രസ്സുമായി പിണക്കമുണ്ടാക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവന ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. അത് ഒരിക്കലും ഇവിടെ സംഭവിക്കാത്തതാണ്. അഴിക്കോടു നടന്ന ഉപതെരഞ്ഞെടുപ്പിൽ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യത്തെ തെരഞ്ഞെടുപ്പിൽ കിട്ടിയതിൽ ഒരു വോട്ടും കുറയാതെ മുസ്ലീംലീഗിന് ലഭിച്ചിട്ടുണ്ട്. അവിടെ ഒരു ബൂത്തിൽ എന്തെങ്കിലും സംഭവിച്ചു എന്നുപറഞ്ഞാൽ അത് ഒരു പാർട്ടിയുടെ ഒരു പ്രശ്നമായി കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപോലെതന്നെ ഇന്നാണെങ്കിൽ തീവ്രവാദികൾ രംഗത്തുവരാൻ കാത്തുനിൽക്കുന്ന ഈ അവസരത്തിൽ തീവ്രവാദികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രീണന നയം പ്രതിപക്ഷം സ്വീകരിക്കുന്നത് കേരളത്തിന്റെ സമാധാനാന്തരീക്ഷത്തിന് ഭൂഷണമല്ല. തീവ്രവാദത്തിന്റെ വളർച്ചയ്ക്ക് സഹായം നൽകുന്ന വിധത്തിലുള്ള ഒരു പ്രവർത്തനമാണ് പ്രതിപക്ഷം ഇവിടെ കാഴ്ചവയ്ക്കുന്നത്. അതുകൊണ്ടുതന്നെ ഈ അവിശ്വാസ പ്രമേയത്തെ ഞാൻ എതിർക്കുന്നു. സർവ്വവിധ പിന്തുണയും നൽകി കേരളത്തിലെ ജനങ്ങൾ ഉമ്മൻചാണ്ടി ഗവൺമെന്റിനെ മുമ്പോട്ടുകൊണ്ടുപോകാൻ തയ്യാറാണെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷജനാധിപത്യ മുന്നണി ഈ നാലുകൊല്ലത്തിനു ശേഷമാണല്ലോ ഇത്തരം ഒരു അവിശ്വാസ പ്രമേയവുമായി വന്നതെന്ന് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇവിടെ ചോദിച്ചു. ശ്രീ. എം. എം. ഹസ്സനറിയാം അതിന്റെ ആവശ്യമില്ലായിരുന്നു. കാരണം ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി ഏതാണ്ട് നാലുകൊല്ലത്തോളം ഭരണം നടത്തിയ ശ്രീ. എ. കെ. ആന്റണി, അദ്ദേഹവും ശ്രീ. എം. എം. ഹസ്സൻ അടക്കമുള്ള അന്നത്തെ മന്ത്രിമാരും സംസ്ഥാന ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ ജനങ്ങളുടെ മുമ്പാകെ വിശദീകരിക്കുകയും അതിനാണ് ഞങ്ങൾ വോട്ടു ചോദിക്കുന്നതെന്നു പറഞ്ഞുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയും ചെയ്തു. എന്നാൽ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം കോൺഗ്രസ് ഐ-ക്ക് ജനപിന്തുണ നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട എ. കെ. ആന്റണി രാജി വച്ചതിന്റെ ഭാഗമായി ശ്രീ. എം. എം. ഹസ്സനും ശ്രീ. കടവൂർ ശിവദാസനുമടക്കമുള്ളവർക്ക് മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടി വന്നു. കേരളത്തിലെ ജനങ്ങൾക്ക് യു. ഡി. എഫ്-ൽ വിശ്വാസമില്ലെന്നു ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് രാജിവയ്ക്കേണ്ടി വന്നതെന്ന് പറഞ്ഞത് മറ്റാരുമല്ല, ശ്രീ. എ. കെ. ആന്റണി തന്നെയാണ്. തങ്ങളുടെ നാലുകൊല്ലത്തെ ഭരണം കൊണ്ട് കേരളത്തിലെ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടു എന്ന് ശ്രീ. എ. കെ. ആന്റണിക്കു ബോദ്ധ്യപ്പെട്ടു. പാർലമെന്റ് തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ചില മന്ത്രിമാർ പറഞ്ഞു, തങ്ങളുടെ കൂടെയുള്ള ചില ആളുകളുടെ തകരാറുകൊണ്ടാണ്, അവരുടെ കുഴപ്പം കൊണ്ടാണ്, അവരുടെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് തങ്ങളുടെ ഭൂരിപക്ഷം കുറഞ്ഞതെന്ന്. അതു കഴിഞ്ഞ് രണ്ടു ഉപതെരഞ്ഞെടുപ്പുകൾ വന്നു. രണ്ടു മണ്ഡലങ്ങളിലും പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കു ലഭിച്ചതിനെക്കാൾ കൂടുതൽ വോട്ടുകൾ ലഭിച്ചു എന്ന വസ്തുതയും നമ്മുടെ മുമ്പിലുണ്ട്. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? അതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം. മുൻധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണനും മുഖ്യമന്ത്രിയും ഒരു

അഞ്ചു വർഷത്തെ ദുർഭരണത്തെ സംബന്ധിച്ചുള്ള ഒരു പ്രസ്താവനയുമായിട്ടാണ് നിയമസഭയിലേക്കു കടന്നുവന്നത്. ഇന്നു നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്താണ്? അതു സംബന്ധിച്ചു പറയാൻ യു.ഡി.എഫ്. ഇന്നു സന്നദ്ധമാകുമോ? നമ്മുടെ നാട്ടിലെ പാവപ്പെട്ട ആദിവാസികളുടെ, ന്യൂനപക്ഷങ്ങളുടെ പിന്നോക്ക സമുദായങ്ങളുടെ മക്കൾ അക്രമികളാണെന്ന് ലോകം മുഴുവൻ പരസ്യമായി പ്രസ്താവന ഇറക്കുന്ന ഒരു ചുമട്ടുതൊഴിലാളി ബില്ലുമായിട്ടാണ് നിങ്ങൾ ഈ നിയമസഭയെ അഭിമുഖീകരിച്ചത്. അവരെ അക്രമികളെന്ന് വിളിച്ചതിന്റെ പാപഭാരം, അവരുടെ ശാപമാണ് നിങ്ങളെ ഓരോ ഘട്ടത്തിലും പിൻതുടർന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ പ്രകടന പത്രിക എടുത്തുവായിച്ചു. 15 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്നുപറഞ്ഞു. എത്ര ലക്ഷം ആളുകൾക്ക് നിങ്ങൾ തൊഴിൽ കൊടുത്തു? നമ്മുടെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലെ വ്യവസായശാലകളിൽ നിന്നും എത്ര ആളുകൾ വി. ആർ. എസ്. വാങ്ങി പിരിഞ്ഞുപോകുന്നു, അതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. നിങ്ങൾ നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടില്ലെന്നുമാത്രമല്ല, സാമ്പത്തിക രംഗത്ത് കൂടുതൽ കടഭാരം വരുത്തിവച്ച്, ചെറുകിടവ്യവസായ മേഖലയടക്കമുള്ള, സാധാരണക്കാരന് ജോലി ലഭിക്കേണ്ട മേഖലകളെയെല്ലാം നിങ്ങൾ തകർത്തു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമെന്നുപറഞ്ഞിട്ട് നാലുകൊല്ലം കഴിഞ്ഞു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയോ? നടത്താൻ സന്നദ്ധമായോ ? ഇവിടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ എടുത്ത് ശ്രീ. എം. എം. ഹസ്സൻ വായിച്ചു. ആ മാനിഫെസ്റ്റോയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യം പറഞ്ഞു. വിവിധ സംഘടനകൾ ഇവിടെ പ്രക്ഷോഭം നടത്തി. നിങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പ്രക്ഷോഭം നടത്തിയത്. ഇവിടെ വിദ്യാഭ്യാസ പ്രക്ഷോഭത്തെ സംബന്ധിച്ചു പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ മേഖലയിൽ പ്രക്ഷോഭമുണ്ടായി. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ വാക്കുകൾ പരിശോധിക്കാം. കോൺഗ്രസ് ഐ. യുടെ വിദ്യാർത്ഥി വിഭാഗമായ കെ. എസ്.യു. വിന്റെ സംസ്ഥാന ക്യാമ്പിൽ, കെ. എസ്.യു. വിന്റെ പ്രമുഖരായ പഴയകാല നേതാക്കളെല്ലാം പങ്കെടുത്തു. അവിടെവച്ച് ശ്രീ. എ. കെ. ആന്റണി പറഞ്ഞു, ഇതിനെല്ലാം കാരണക്കാർ നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളാണെന്ന്. ഇന്നിവിടെ പ്രതിപക്ഷം അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്നു. ഞങ്ങളുടെ ഒരു സഹപ്രവർത്തകൻ ഇവിടെയില്ല. എങ്ങനെയാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ഇല്ലാതായത്? ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഓർക്കണം. ഇതൊരു ജനാധിപത്യ രാജ്യമാണ്. ഇന്ന് അധികാരത്തിലിരിക്കുന്നവർ നാളെ പ്രതിപക്ഷത്തിരിക്കും. ഇന്നു പ്രതിപക്ഷത്തിരിക്കുന്നവർ നാളെ അധികാരത്തിലിരിക്കും. അവകാശങ്ങൾ നേടിയെടുക്കാൻ മുദ്രാവാക്യം വിളിച്ചുകൊണ്ട് തെരുവിലിറങ്ങിയ പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭങ്ങളെ ഗ്രനേഡും കണ്ണീർ വാതകഷെല്ലുകളും ഉപയോഗിച്ചുകൊണ്ട് നേരിടാൻ ശ്രമിക്കുന്ന നിങ്ങൾ, ഏതു ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തെയാണ് സംരക്ഷിക്കുന്നത്? രാഷ്ട്രീയ പാർട്ടികളുടെ ഓഫീസിനുനേരെ ഗ്രനേഡുകൾ എറിയുന്നത് എന്തു ജനാധിപത്യമാണ്? ജനാധിപത്യത്തിനു ഒരു പ്രത്യേകതയുണ്ട്. ജനാധിപത്യം സംരക്ഷിക്കപ്പെടണമെങ്കിൽ, സമൂഹത്തിലെ ഭൂരിപക്ഷം ആളുകൾ ജനാധിപത്യ വിശ്വാസികളാകണമെങ്കിൽ, അധികാരത്തിലിരിക്കുന്നവർ ജനാധിപത്യപരമായ മാതൃക പിൻതുടരണം. എന്നാൽ മാത്രമേ ഏതു പ്രതിഷേധത്തിനേയും നേരിടാൻ അവർക്ക് കഴിയൂ. നിങ്ങൾ അധികാരത്തിലിരുന്ന നാലു വർഷവും, വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ കച്ചവടവൽക്കരണത്തിനെതിരായി നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തിൽ രക്ഷിതാക്കൾക്കാണ് മർദ്ദനവും, പോലീസ് ലാത്തിചാർജ്ജും അനുഭവിക്കേണ്ടി വന്നത്. അവരുടെ മക്കളാണ് ജയിലിൽ കിടന്നത്. അവരുടെ വിദ്യാഭ്യാസമാണ് നഷ്ടപ്പെട്ടത്. പാവപ്പെട്ടവന്റെ മക്കൾ കച്ചവടവൽക്കരണത്തിനെതിരായി സ്വയം പീഡനം അനുഭവിച്ചുകൊണ്ടാണ് സമരം നടത്തിയത്. അല്ലാതെ ഇവിടത്തെ പൊതുമുതൽ നശിപ്പിച്ചല്ല. ഇവിടെ ശ്രീ. എം. എം. ഹസ്സനും മറ്റും തത്വശാസ്ത്രം പറയുന്നു. വിദ്യാഭ്യാസ കച്ചവടവൽക്കരണത്തിനെതിരെ താങ്കളും വിദ്യാർത്ഥി സംഘടനയുടെ നേതാവായപ്പോൾ സമരം നടത്തിയില്ലേ? കഴിഞ്ഞ നാലുകൊല്ലം കേരളത്തിൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ പേരിൽ, വിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവന്ന പീഡനത്തിന്റെ പേരിൽ കേസ്സെടുക്കുമ്പോൾ ഒന്നാം പ്രതി ആരായിരിക്കണം? കേരളത്തിൽ അധികാരത്തിൽ ഇരുന്ന മുഖ്യമന്ത്രിയും മന്ത്രിമാരുമല്ലേ? നിങ്ങൾ ഇന്നു മന്ത്രി സ്ഥാനത്തുനിന്നും മാറി നാളെ കേന്ദ്രമന്ത്രിയൊക്കെ ആകാം. പോലീസ് മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കുന്നവരെ കാണാൻ ഞങ്ങൾ ഇന്നലെ പോയി. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം. പി. പാർലമെന്റ് സ്പീക്കർക്ക്, അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്ന ലാത്തിച്ചാർജ്ജിനെ സംബന്ധിച്ച് എഴുതിയപ്പോൾ ഒരു ഉദ്യോഗസ്ഥന്റെ വക റിപ്പോർട്ട് ഇവിടെ വായിച്ചു. ആ റിപ്പോർട്ടിൽ പറയുന്നത് "ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം. പി. പറഞ്ഞു, അങ്ങനെയൊരു പ്രശ്നം ഇവിടെയില്ല. സമാധാനപരമായ അന്തരീക്ഷമാണ്" എന്നാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഞങ്ങളുടെ ഒരു സഹപ്രവർത്തകൻ മർദ്ദനമേറ്റ് ആശുപത്രിയിലാണ്. അദ്ദേഹത്തിന്റെ അഭാവത്തിലാണ് അവിശ്വാസ പ്രമേയത്തിന്റെ ചർച്ച നടക്കുന്നത്. 12-ാം ധനകാര്യ കമ്മീഷൻ വന്നപ്പോൾ കേരളത്തിന്റെ താൽപ്പര്യം നിങ്ങൾ സംരക്ഷിച്ചോ? ഏത് ജനവിഭാഗങ്ങളുടെ താൽപ്പര്യം നിങ്ങൾ സംരക്ഷിച്ചു? ഇവിടെ ശ്രീ. എം. എം. ഹസ്സൻ പറഞ്ഞു, കേരളം സമാധാനപരമാണെന്ന്. എങ്ങനെ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാദാപുരത്തുണ്ടായ ഒരു സംഭവം. ഒരു വനിതയോട് ഏറ്റവും മോശമായി, അവരുടെ ചാരിത്ര്യത്തിന്തന്നെ തകരാറു പറ്റുന്ന രൂപത്തിൽ, അവിടെ എൽ. എഡി. എഫ്. ന്റെ പ്രവർത്തകൻ പ്രവർത്തിച്ചു എന്ന് നിങ്ങൾ പ്രചരണം നടത്തി. അന്ന് പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ സത്യസ്ഥിതി അറിയാൻ കേരളം മുഴുവൻ പര്യടനം നടത്തി. അവസാനം എന്തുപറ്റി? ആ സംഭവം നിങ്ങൾ കെട്ടിച്ചമച്ച ഒരു കള്ളക്കഥയായിരുന്നില്ലേ? തിരഞ്ഞെടുപ്പു കഴിഞ്ഞയുടനെ ഒരു പാവപ്പെട്ട ചെറുപ്പക്കാരനെ കുത്തിക്കൊന്നു. അതിനുശേഷവും അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉണ്ടായില്ല. ആരാണ് ഈ രാജ്യത്ത് സമാധാനം സംരക്ഷിക്കാൻ ശ്രമിച്ചത്? നിങ്ങളാണോ? നാദാപുരം മേഖലയിൽ സമാധാനമുണ്ടാക്കാൻ ശ്രമിച്ച് വിജയിച്ചവർ നിങ്ങളല്ല. അധികാരവും തോക്കും പോലീസും ഒന്നുമല്ല, സൗഹാർദ്ദപരമായി ഞങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അവിടെ സമാധാനമുണ്ടായത്. പാർലമെന്റ് തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പിലും ജനങ്ങൾ നിങ്ങൾക്ക് താക്കീതുതന്നു. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതുപോലെ നിയമസഭയിൽ നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്. ആ കാലാവധി തികയ്ക്കാൻ അനുവാദം കൊടുക്കുന്നു. നിങ്ങളെ പിൻതള്ളിയ ജനങ്ങളുടെ മനസ്സിലേക്ക് സ്നേഹം കൊണ്ട് വീണ്ടും കയറാൻ പറ്റുമോ എന്ന് പരിശോധിക്കുന്നതിന് പകരം, ഗ്രനേഡ് ആയുധമാക്കിയാൽ, ആ ഗ്രനേഡ് ആയുധമാക്കുന്നവർക്ക് ജനാധിപത്യത്തിൽ സ്ഥാനമില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ ശക്തിപൂർവ്വം എതിർക്കുകയാണ്. ബഹുമാന്യനായ സി. കെ. നാണു സംസാരിച്ചപ്പോൾ ഇവിടെ നടക്കുന്ന സമരങ്ങളെയൊക്കെ അടിച്ചമർത്തുകയാണെന്ന് പറഞ്ഞു. എന്നാൽ ഇവിടെ നടക്കുന്നത് സമരങ്ങളല്ല, സമരാഭാസങ്ങളാണ്. അക്രമവും തീവെയ്പ്പും കൊള്ളയും നടത്തുകയും പൊതുമുതൽ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്. പ്രകടനം ആരംഭിക്കുന്നതുതന്നെ പോലീസിനുനേരെ കല്ലെറിഞ്ഞുകൊണ്ടാണ്. അങ്ങനെയുള്ള സമരങ്ങൾ നടക്കുമ്പോൾ അതിനെതിരെ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചാൽ അത് അടി ചോദിച്ച് വാങ്ങുന്നതിന് തുല്യമാണ്. പാവപ്പെട്ട വിദ്യാർത്ഥികളെ തെരുവിലിറക്കി സമരം നടത്തുകയാണ് ചെയ്യുന്നത്. അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി സമാധാനപരമായി സമരം ചെയ്യുന്നതിനോട് ഇവിടെ ആരും എതിരല്ല. ജനകീയ സമരങ്ങളെ, അവയ്ക്ക് നൽകേണ്ട പ്രാധാന്യത്തോട് കൂടിത്തന്നെ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്; ഇതിൽ യാതൊരു സംശയവും വേണ്ട. ശ്രീ. സി. കെ. നാണു പൊതുമുതൽ നശിപ്പിച്ചിട്ടില്ലെന്ന് പറഞ്ഞു. കഴിഞ്ഞ ആഴ്ച ചാനലിലൂടെ പൊതുമുതൽ നശിപ്പിക്കുന്നത് കേരളത്തിലെ ജനങ്ങൾ മുഴുവൻ കണ്ടതല്ലേ? എത്രയോ വാഹനങ്ങൾ കത്തിച്ചു. പോലീസിന്റെ ജീപ്പ്, മോട്ടോർ സൈക്കിൾ എന്നിവ കത്തിച്ചു. സർക്കാർ വാഹനങ്ങൾ കത്തിച്ചു. ഇതൊക്കെ നോക്കി നിൽക്കുന്ന പോലീസാണ് വേണ്ടതെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടത്തെ സ്ഥിതി എന്തായിരുന്നു? വികസന മേഖലയാകെ തകർന്ന് തരിപ്പണമായിരിക്കുകയായിരുന്നു. അങ്ങനെയുള്ള ഒരു മേഖലയെ വികസനത്തിന്റെ രാജപാതയിലേക്ക് എത്തിക്കുകയാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ചെയ്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടത്തെ ട്രഷറികൾ പൂട്ടിക്കിടക്കുകയായിരുന്നില്ലേ? ട്രഷറിയിൽ നിന്ന് പണം കിട്ടുമായിരുന്നോ? നിങ്ങൾ ജനകീയാസൂത്രണത്തിന്റെ പേരിൽ കൊടുത്ത 500 രൂപയുടെ ചെക്ക് പോലും ആറ് മാസമായിട്ടും മാറാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് ജനങ്ങൾ നിങ്ങളെ അധികാരത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പുറത്താക്കിക്കൊണ്ട് ഞങ്ങളിൽ 100 പേരെ ഈ നിയമസഭയിലേക്ക് അയച്ചത്. അങ്ങനെ കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റിനെതിരെ നിങ്ങൾ അതുമിതും പറഞ്ഞിട്ട് കാര്യമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സാഹചര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ? ഇവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടായിരുന്നോ? ഒരാഴ്ചയിൽ ഒരു ദിവസംപോലും തൊഴിൽ കിട്ടാത്ത തൊഴിലാളികളുണ്ടായിരുന്നു. കച്ചവടക്കാർക്ക് കച്ചവടമുണ്ടായിരുന്നോ? കച്ചവടസ്ഥാപനങ്ങളിൽ വിൽപ്പന നടക്കുന്നുണ്ടായിരുന്നോ? അതുപോലെ കൃഷി മേഖല തകർന്നുപോയിരുന്നില്ലേ? ഇവിടത്തെ കൃഷിക്കാർക്ക് അവരുടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്ന സാഹചര്യമുണ്ടായിരുന്നോ? ഇവിടത്തെ വ്യവസായികൾക്ക് അവരുടെ വ്യവസായങ്ങളുമായി മുന്നോട്ടു പോകാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നോ? കേരളത്തിലേക്ക് വ്യവസായ സംരംഭവുമായി ആരെങ്കിലും കടന്നുവരാൻ തയ്യാറാകുമായിരുന്നോ? അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക ഭദ്രതക്കു വേണ്ടി, കേരളത്തിന്റെ തകർന്നടിഞ്ഞ സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനുവേണ്ടി ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി തുടങ്ങിവച്ച നടപടികൾക്കെതിരെ സമരാഭാസവുമായി നിങ്ങൾ നടക്കുകയല്ലേ? ഇവിടെ ഗവൺമെന്റ് ആദ്യം തുടങ്ങിയത് വിദേശത്തുനിന്നും സ്വദേശത്തു നിന്നും കൂടുതൽ ആളുകളെ നിക്ഷേപരംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ്. അതിന്റെ തുടക്കമെന്ന നിലയിൽ ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് കൊച്ചിയിൽ നടത്തി. അന്ന് ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വന്ന് പ്രസംഗിച്ച പ്രതിപക്ഷ നേതാവ് അതിന് എല്ലാ പിൻതുണയും പ്രഖ്യാപിച്ചു. ഇൻഡ്യയിലെ ഏറ്റവും വലിയ വ്യവസായിയായ അംബാനിയോടൊപ്പമിരുന്ന് പ്രസംഗിക്കാൻ ശ്രീ. അച്ചുതാനന്ദന് യാതൊരു മടിയുമുണ്ടായിരുന്നില്ല. പക്ഷെ ഒരാഴ്ച കഴിഞ്ഞില്ല ഇവിടെ പ്ലേറ്റ് മാറ്റി. സമരം തുടങ്ങി. മുത്തങ്ങാ സംഭവത്തിന്റെ പേരിൽ ആദ്യം സമരം തുടങ്ങി. കേരളം മുഴുവൻ കത്തിച്ചു. കേരളത്തിലെ ജനങ്ങളെയാകെ ഭീതിയിലാക്കി. അങ്ങനെ സമരവുമായി മുന്നോട്ടുപോയി. കേരളത്തിൽ ആർക്കും വ്യവസായ സംരംഭം തുടങ്ങാൻ കഴിയില്ലെന്ന പ്രതീതി ജനിപ്പിക്കാനുള്ള ശ്രമം മാർക്സിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നുണ്ടായി. കേരളത്തെ പുതിയ ദിശയിലേക്ക് നയിക്കൻ ബഹുമാന്യനായ എ. കെ ആന്റണി നടത്തിയ പരിശ്രമങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത വിധത്തിൽ തടയിടുകയാണ് പ്രതിപക്ഷം ചെയ്തത്. അങ്ങനെ മുത്തങ്ങാ സംഭവത്തിൽ കേരളം കത്തിച്ചതിനു ശേഷം മുന്നോട്ടുപോയി. പിന്നീട് ഉണ്ടായതെന്താണെന്നോ, കേരളത്തിലെ കാലഹരണപ്പെട്ട നിയമങ്ങളൊക്കെ പരിഷ്ക്കരിക്കാൻ വേണ്ടി ഇവിടെ Law Reforms Committee-യെ വയ്ക്കാനുള്ള നടപടി സ്വീകരിക്കുകയും കേരളത്തിൽ നിരവധി നിയമങ്ങൾ മാറ്റി എഴുതാനും പുതിയ നിക്ഷേപ സംസ്ക്കാരം കൊണ്ടുവരുന്നതിനുവേണ്ടിയുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിന്റെ പേരിൽ ഇവിടെ തൊഴിൽ നിയമങ്ങളിൽ ചില മാറ്റങ്ങളുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചപ്പോൾ സെക്രട്ടേറിയറ്റിനു ചുറ്റും ഉപരോധമെന്നു പറഞ്ഞ് തൊഴിലാളികളെ കൊണ്ടുവന്ന് സി.ഐ.ടി.യു -ക്കാർ നടത്തിയ അക്രമവും നമ്മൾ കണ്ടതല്ലേ? ഇവിടത്തെ എം. എൽ. എ -മാർക്കുപോലും സെക്രട്ടേറിയറ്റിനുള്ളിൽ കടന്നു ചെല്ലാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചുകൊണ്ടും ജീവനക്കാർക്കുപോലും സെക്രട്ടേറിയറ്റിനുള്ളിൽ കടന്നു ചെല്ലാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചുകൊണ്ടും അക്രമങ്ങൾ നടത്തുകയായിരുന്നു മാർക്സിസ്റ്റ് പാർട്ടിയും എൽ. ഡി. എഫും അന്ന് ചെയ്തത്. അങ്ങനെയുള്ള സമരങ്ങളിലൂടെയൊന്നും പിന്നോട്ടുപോകുവാൻ യു. ഡി. എഫ്. തയ്യാറല്ല. കേരളത്തിലെ ജനങ്ങൾ അതല്ല ആഗ്രഹിക്കുന്നതെന്ന ബോദ്ധ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുമായി യു. ഡി. എഫ്. ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. നിങ്ങൾ ഇവിടെ വലിയ സുവിശേഷ പ്രസംഗം നടത്താറുണ്ടല്ലോ. ഞാനൊന്ന് ചോദിക്കട്ടെ, ഇടതുപക്ഷത്തിന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും മുഖമുദ്രതന്നെ ഇരട്ടത്താപ്പ് നയമാണ്. അതിന് യാതൊരു സംശയവും വേണ്ട. അത് ഓരോന്നായി ഞാൻ സൂചിപ്പിക്കാം. ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനു വേണ്ടി നമ്മൾ പരിശ്രമം നടത്തി. ഇവിടെ 16,000 കോടി രൂപയുടെ നിക്ഷേപവും അതുപോലെ കേന്ദ്ര നിക്ഷേപം ഉൾപ്പെടെ ഏതാണ്ട് 26,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് വരാൻ സാഹചര്യമുണ്ടായപ്പോൾ മുതൽ തുടങ്ങിയതാണ് നിങ്ങളുടെ നിഷേധാത്മക സമരം. ആ സമരം ഇപ്പോൾ സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരായിട്ടുള്ള സമരമായി മാറുകയാണ്. സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരെ സമരം നടത്തുന്ന പ്രതിപക്ഷത്തോട് ഞാനൊന്ന് ചോദിക്കട്ടെ, കേരളത്തിലെ സാധാരണക്കാരന്റെ മക്കൾ പോലും കർണ്ണാടകത്തിലും തമിഴ്നാട്ടിലും പോയി ലക്ഷക്കണക്കിന് രൂപ മുടക്കി അവിടത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിച്ചപ്പോൾ നിങ്ങൾക്കാർക്കും ഒരു പരാതിയും ഇല്ലായിരുന്നല്ലോ? അവിടെ നിങ്ങളുടെ മക്കളെ വിട്ട് പഠിപ്പിച്ചപ്പോഴും നിങ്ങൾക്ക് ഒരു കുഴപ്പവുമില്ലായിരുന്നു. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരായി സമരം നടത്തുന്ന മാർക്സിസ്റ്റ് പാർട്ടിയിലെ നേതാക്കൻമാരുടെ മക്കൾ പഠിച്ചത് എവിടെയാണെന്ന് പറയണം. നിങ്ങളുടെ മക്കൾ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിച്ചിട്ടില്ലേയെന്ന് പറയണം. ഇത് ഇരട്ടത്താപ്പ് നയമല്ലേ? പാവപ്പെട്ട ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിയല്ലേ? നിങ്ങൾ അധികാരത്തിൽ വരാനുള്ള സമരമല്ലേ നടത്തുന്നത്? കരിമണൽ ഖനനത്തെക്കുറിച്ചുള്ള ആലോചന വന്നപ്പോൾ പൊട്ടിത്തെറിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി വന്നു. പിന്നീട് ഇപ്പോൾ അത് മാറി കരിമണൽ ഖനനമാകാം എന്ന് പറയുന്ന സാഹചര്യമുണ്ടായി. സമരത്തിന്റെ രീതി മാറ്റി. ഇങ്ങനെയാണോ ജനങ്ങളെ പറ്റിക്കേണ്ടത്? നിങ്ങൾക്ക് ജനങ്ങളോട് പറയാനുള്ളത് നേരെ പറയാൻ തയ്യാറാകണം. അതുപോലെ തന്നെ ഇവിടെ എക്സ്പ്രസ് ഹൈവേ കൊണ്ടുവന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ജെ. ജോസഫാണ് അത് തുടങ്ങി വച്ചത്. ആ പദ്ധതിയുടെ പുരോഗമന നടപടിയുമായി ബഹുമാന്യനായ ഡോ. എം. കെ. മുനീർ പോയപ്പോൾ അതിനെതിരെ ഇവിടെ പ്രചരണം തുടങ്ങി. അതിനെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞുപരത്തുന്നത്! ഇവിടെ 40 ലക്ഷം ലോഡ്

LIBRARY ARCHIVES Kerala Legislative Assembly

മണ്ണുകൊണ്ടുവന്ന് വലിയ മതിൽ കെട്ടുന്നു. ചൈനയിലെ വന്മതിൽപോലെ മതിൽ കെട്ടുന്നു. അങ്ങനെ മതിൽ കെട്ടി കേരളത്തെ രണ്ടായി തിരിക്കുന്നു. ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞു, എന്റെ പശുവിനെ എന്റെ പറമ്പിന്റെ അപ്പുറത്ത് കൊണ്ടു പോയി കെട്ടണമെങ്കിൽ ഈ എക്സ്പ്രസ് ഹൈവെ വന്നാൽ പറ്റില്ലെന്ന്.....(ബഹളം).....

മിസ്റ്റർ ചെയർമാൻ: പ്ലീസ്.....പി. സി. ജോർജ്ജ് ഇരിക്കണം.....

ശ്രീ. തോമസ് ചാഴികാടൻ: എനിക്ക് സൂചിപ്പിക്കാനുള്ളത് കേരളത്തിൽ വികസനം വരണം; കേരളത്തിൽ വികസനം വരണമെങ്കിൽ റോഡുകളും പാലങ്ങളും അടിസ്ഥാനസൗകര്യങ്ങളുമുണ്ടാകണം. അല്ലാതെ അന്നേരം പശുവിനെ കെട്ടാൻ അപ്പുറത്ത് പോകാൻ പറ്റുമോയെന്നുള്ളതിനെ കുറിച്ചല്ല ആലോചിക്കേണ്ടത്. കേരളത്തിൽ റെയിൽവേ ലൈൻ വന്നപ്പോഴും അതിനെ എതിർത്തവരുണ്ട്. ഇന്ന് കേരളത്തിൽ കൂടുതൽ റെയിൽവേ ലൈനുകൾ വേണമെന്നാണ് എല്ലാപേരും ആവശ്യപ്പെടുന്നത്. കേരളത്തിൽ റെയിൽവേ ലൈൻ വന്നപ്പോൾ പറഞ്ഞത് കേരളം വിഭജിക്കപ്പെടും എന്നാണ്. വടക്കേ അറ്റം മുതൽ തെക്കേയറ്റം വരെ ഒരു ലൈനിൽ പോയാൽ ആ ലൈനിന്റെ അപ്പുറത്തുകൂടി വണ്ടികയറ്റാൻ പറ്റുകയില്ല എന്നൊക്കെ പറഞ്ഞവർ, ഇങ്ങനെ ഉട്ടോപ്യൻ ചിന്തകളുമായി നടക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് കേരളത്തിന്റെ വികസനത്തെ കുറിച്ച് ചിന്തിക്കാൻ നേരമില്ല. ഇവിടെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ സിസ്റ്റേഴ്സിനെ ആക്രമിച്ചിട്ട് അതിനെതിരെ എന്ത് നടപടി എടുത്തുവെന്ന് ചോദിക്കുകയുണ്ടായി. ഞാനൊന്ന് ചോദിക്കട്ടെ ബഹുമാന്യരായ വൈദികർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടിച്ചുതകർക്കുന്നവരല്ലേ നിങ്ങൾ.....? അവർ നടത്തുന്ന അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് നിങ്ങളുടെ സഖാക്കൾ വരുത്തിവച്ചത്! ഇത് എന്തിനുവേണ്ടിയിട്ടാണ്? ഒരു സഖാവ് ആ ആശുപത്രിയിൽ കടന്നുചെന്നപ്പോൾ അയാൾ പറഞ്ഞതുപോലെ ചെയ്യാത്തതിന്റെ പേരിൽ ആ ആശുപത്രിയിലെ ലക്ഷ കണക്കിന് രൂപയുടെ വസ്തുവകകൾ നഷ്ടപ്പെടുത്തിയവർക്ക് ന്യൂനപക്ഷപ്രേമം പറയാൻ എന്താണ് അവകാശം? നിങ്ങൾ വിദ്യാഭ്യാസത്തെ കുറിച്ചാണല്ലോ ഇവിടെ പറയുന്നത്. നൂറു വർഷം പിന്നിട്ട് കേരളത്തിന്റെ അഭിമാനമായ ചങ്ങനാശ്ശേരി എസ്. ബി. കോളേജ് എന്ന ആ വിദ്യാഭ്യാസ സ്ഥാപനം തകർക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടി നേതൃത്വം നൽകി. മാസങ്ങളായി അവിടെ സമരം നടത്തി എന്നാൽ ജനങ്ങൾ നിങ്ങളെ അംഗീകരിച്ചില്ല. പുഷ്പഗിരി മെഡിക്കൽ കോളേജിലെ മാനേജുമെന്റിന്റെ സ്വാശ്രയസംബന്ധമായ കാര്യങ്ങളെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ. അവരുടെ സ്ഥാപനത്തിനെ അടിച്ചുതകർത്തുകൊണ്ടാണോ നിങ്ങൾ നയം നേരെയാക്കുന്നത്? കേരളത്തിലെ ജനങ്ങൾക്ക് അതാണോ ആവശ്യം? പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം കിട്ടേണ്ടതല്ലേ? ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച ഈ നിയമസഭയിൽ പറഞ്ഞ ഒരു കണക്ക് ഞാൻ പറയട്ടെ. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ തുടങ്ങുന്നതിനുമുമ്പ് എം. ബി. ബി. എസ്-ന് 900 സീറ്റ് ആണ് 2000-ൽ ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. ആ ഐഡിയ തകർത്തത് പുഷ്പഗിരി മാനേജ്മെന്റാണ്.

ശ്രീ. തോമസ് ചാഴികാടൻ: മാനേജ്മെന്റ് ചെയ്ത തെറ്റിനെ ന്യായീകരിക്കാൻ വേണ്ടിയല്ല ഞാൻ പറഞ്ഞത്; ഈ ഗവൺമെന്റിന്റെ ഉദ്ദേശ ശുദ്ധിയുടെ കാര്യമാണ്. ബഹുമാന്യനായ എ. കെ ആന്റണി നേതൃത്വം നൽകിയ ഗവൺമെന്റ് ഇവിടെ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ച അവസരത്തിൽ എം. ബി. ബി. എസ്-ന് കേരളത്തിൽ ഉണ്ടായിരുന്നത് 900 സീറ്റാണ്. ഇന്ന് അത് 1500 സീറ്റായി വർദ്ധിച്ചു. 2000-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 90 പേർക്കാണ് എം. ബി. ബി. എസ്-ന് പഠിക്കാൻ അവസരമുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 150 കുട്ടികൾക്ക് പഠിക്കാനുള്ള അവസരം കിട്ടുന്നു. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സബ്സിഡി നൽകാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചില്ലേ? എഞ്ചിനീയറിംഗിന് 10,093 സീറ്റ് ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 27,837 സീറ്റുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആയിരത്തിലധികം കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് 2283 പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടായി. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ജോലി സമ്പാദിക്കാനുള്ള അവസരം ഉണ്ടാക്കിയത് ഈ ഗവൺമെന്റാണെന്ന് നിസ്സംശയം എനിക്ക് പറയാൻ കഴിയും. ഞാൻ ഇവിടെ ഇത് സൂചിപ്പിച്ചത് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും ഇരട്ടത്താപ്പ് നയവുമായി മുന്നോട്ടു പോകുന്നു എന്നുള്ളതുകൊണ്ടാണ്. ഇവിടെ നിങ്ങൾ കർഷകപ്രേമം ആണല്ലോ പറയുന്നത്. ഇൻഫാമിന്റെ കാര്യമൊക്കെ ഇവിടെ ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞു. ഞാൻ ഒന്ന് ചോദിക്കട്ടെ, കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ഇവിടെ ഭരിക്കുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നെടുമുടിയിലെ എത്സമ്മ എന്ന ഒരു സാധാരണ കർഷക സ്ത്രീയുടെ പാടത്തിന്റെ വരമ്പത്തുനിന്നും മൂന്നു വർഷം പ്രായമായ തെങ്ങിൻ തൈകൾ വലിച്ചു പറിച്ചു കളഞ്ഞില്ലേ? അവിടെയുള്ള വാഴ വെട്ടിക്കളഞ്ഞില്ലേ? അന്ന് ഫിഷറീസ് മന്ത്രിയായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ആഹ്വാനം കേട്ട് ആ പാടത്ത് മത്സ്യകൃഷി നടത്തിയിരുന്ന സ്ഥലത്തുനിന്നും മത്സ്യക്കുഞ്ഞുങ്ങളെ മുഴുവൻ വരമ്പ് വെട്ടിത്തുറന്ന് കായലിലേയ്ക്ക് വിട്ടില്ലേ? ചെങ്ങന്നൂരിൽ നൂറു കണക്കിന് റബ്ബർ തൈകൾ വെട്ടി നിരത്തിയില്ലേ? ഏറ്റവും അവസാനമായി കഴിഞ്ഞയാഴ്ചയിൽ കണ്ണൂർ പടിയൂരിലെ ഒരു കർഷകൻ അവന്റെ നിലം നികത്തി കൃഷി ചെയ്തിരുന്ന നൂറ്റിയൻപതോളം റബ്ബർ തൈകൾ വെട്ടി നിരത്തിയില്ലേ? എന്നാൽ തൊട്ടുചേർന്ന് മാർക്സിസ്റ്റു പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറിയുടെ 100 കവുങ്ങുകൾ നിങ്ങൾക്ക് വെട്ടാൻ പറ്റിയില്ല. അതിന് ബുദ്ധിമുട്ടുണ്ട്. മങ്കൊമ്പിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമ്മേളനം ചേർന്ന് സമരം പ്രഖ്യാപിച്ചത് നിലം നികത്തി പണിത പാർട്ടി ആഫീസിൽ വച്ചാണ്. അങ്ങനെയുള്ള സമരവുമായി നിങ്ങൾ നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തോമസ് ചാഴികാടൻ: ഇവിടെ കോവളം കൊട്ടാരത്തെ കുറിച്ചും അതിന്റെ വിൽപ്പനയെക്കുറിച്ചുമൊക്കെ വളരെ കാര്യങ്ങൾ പറഞ്ഞു. വലിയ ഹോട്ടൽ മുതലാളിമാർക്കെതിരെ നിങ്ങൾ സമരം നടത്തുകയാണ്. അതേ സമയം ശ്രീ. പിണറായി വിജയൻ ദുബായിൽപോയി ഒരു ഫൈവ് സ്റ്റാർ ഹോട്ടലിലാണ് താമസിച്ചത്. ചോദിച്ചപ്പോൾ പറഞ്ഞത് പാർട്ടി ആവശ്യത്തിന് അല്ലാത്തതുകൊണ്ടാണ് എന്നാണ്. അങ്ങനെയുള്ള വ്യവസായികളുടെ ആതിഥ്യം സ്വീകരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ഈ ഇരട്ടത്താപ്പുമായിട്ട് മുന്നോട്ട്പോകാൻ പറ്റില്ല. കേരളത്തിലെ ജനങ്ങൾ അതിനെ സമ്മതിക്കില്ല.

മിസ്റ്റർ ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തോമസ് ചാഴികാടൻ: .....(മൈക്ക് ഓഫ് ചെയ്തു) വരുന്ന തെരഞ്ഞെടുപ്പിൽ..... പ്രതിപക്ഷതിനെതിരെ സംസ്ഥാനം വിധിയെഴുതും; ഭാവി ചരിത്രം അത് തെളിയിക്കും എന്നതിന് യതൊരു സംശയവുമില്ല. ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരെ നിങ്ങളുടെ അവിശ്വാസമൊന്നും നടക്കില്ല. അങ്ങനെ തകർന്ന്പോകുന്ന ഗവൺമെന്റല്ല ഈ ഗവൺമെന്റ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കോടിയേരി ബാലകൃഷ്ണൻ ഉമ്മൻചാണ്ടി ഗവൺമെന്റിനെതിരായി ഈ സഭയിൽ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ അങ്ങേയറ്റം സന്തോഷത്തോടുകൂടി പിന്താങ്ങുന്നു. 1964 മുതൽ നടന്ന പല അവിശ്വാസ പ്രമേയ ചർച്ചകളിലും പങ്കെടുക്കാൻ ഭാഗ്യമുണ്ടായ ഒരാളാണ് ഞാൻ. അതിലൊക്കെ എത്രയോ കാര്യക്ഷമതയില്ലാത്ത ആ കാലഘട്ടത്തിലെ ഭരണത്തേക്കാൾ എത്രയോ കാര്യക്ഷമതയില്ലാത്ത, ജനങ്ങൾ വെറുക്കുന്ന ഒരു ഭരണമാണ് ശ്രീ. ഉമ്മൻചാണ്ടിയുടേയും അദ്ദേഹത്തിന്റെ മന്ത്രിമാരുടേയും ഭാഗത്തുനിന്നും ഇന്ന് ഉണ്ടായിരിക്കുന്നത് എന്നുള്ളത് വസ്തുതയാണ്. ശ്രീ. എം. എം. ഹസ്സൻ ഇവിടെ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് മറ്റു കാര്യങ്ങളിലേക്ക് ഞാൻ കടക്കാം. ഞങ്ങൾ പ്രതിപക്ഷത്തേക്ക് മാറിയിരിക്കുന്നു; ഞങ്ങൾ പ്രതിപക്ഷത്തുപോയി എന്നൊക്കെ ശ്രീ. എം. എം. ഹസ്സൻ ഭംഗ്യന്തരേണ പറഞ്ഞു. ഞാൻ മറുപടിപറയണ്ട എന്നു കരുതിയതാണ്. അദ്ദേഹം അത് ആവർത്തിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്. 1980-ൽ ഐക്യ ജനാധിപത്യമുന്നണി ഉണ്ടായ കാലം മുതൽ 24 വർഷക്കാലം ഞാനും ശ്രീ. ടി. എം. ജേക്കബും ഉൾപ്പെടെയുള്ളവർ ഐക്യജനാധിപത്യമുന്നണിക്കുവേണ്ടി ഒരുപാട് വേദനകൾ അനുഭവിക്കുകയും വിയർപ്പ് ചിന്തുകയും ചെയ്തവരായിരുന്നു. ഈ രാജ്യത്തിലെ ജനങ്ങൾക്ക് അതറിയാം. യു. ഡി. എഫ്. എന്നു പറയുന്ന ഈ അവശിഷ്ട മുന്നണിയെ കേരളത്തിൽ അധികാരത്തിൽ എത്തിക്കാൻവേണ്ടി ഒരുപാട് ത്യാഗം സഹിച്ചവരാണ് ഞങ്ങൾ, ആ ത്യാഗത്തിന്റെ വില ഞങ്ങൾ ആവശ്യപ്പെടുന്നില്ല; അതിന്റെയൊന്നും ആവശ്യവുമില്ല. ഞങ്ങൾ പ്രതിപക്ഷത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോന്ന കാര്യം എല്ലാവർക്കുമറിയാം ഞങ്ങൾ സ്വീകരിച്ച നിലപാടിനെക്കാൾ ഈ മുന്നണി ഉണ്ടാക്കാൻ വേണ്ടി മുന്നണിയുടെ തലതൊട്ടപ്പനായി പ്രവർത്തിച്ച്, ഈ മുന്നണിക്കുവേണ്ടി ഏറ്റവും കൂടുതൽ വിയർപ്പ് ഒഴുക്കിയ ശ്രീ. കെ. കരുണാകരൻ മുന്നണി വിട്ടുപോയിട്ടുപോലും അദ്ദേഹത്തിന് യാതൊരു ദുഃഖവും കണ്ടില്ല എന്നുള്ളതാണ് ഇത് പറയാൻ എന്നെ പ്രേരിപ്പിച്ച ചേതോവികാരം. ശ്രീ. കെ. കരുണാകരൻ ആണല്ലോ ഈ മുന്നണിയുടെ ശിൽപ്പി. അപ്പോൾ ഇന്ന് യഥാർത്ഥത്തിൽ യു. ഡി. എഫ്. എന്ന് പറയുന്നത് ഉണ്ടോ? സൺലൈറ്റ് സോപ്പിന്റെ സൺ എടുത്തുകളഞ്ഞാൽ ആ സോപ്പ് സൺലൈറ്റ് ആകുമോ എന്നു ചോദിക്കുന്നതുപോലെയാണ് ഈ മുന്നണിയെപ്പറ്റി എനിക്ക് പറയാനുള്ളത്. ഈ മുന്നണിയിലെ മൂന്നു കക്ഷികൾപോയി എന്നു മാത്രമല്ല, നാലാമത്തെ കക്ഷി, അല്ലെങ്കിൽ ഒന്നാമത്തെ കക്ഷി പിളർന്നിരിക്കുന്നു. അവർക്ക് എത്ര വോട്ട് ഉണ്ട് എന്ന കണക്കിലേക്കൊന്നും ഞാൻ പോകുന്നില്ല. അതൊക്കെ തെരഞ്ഞെടുപ്പ് വരുമ്പോൾ അറിയേണ്ട കാര്യമാണ്. വിരുന്നു വന്നവരാണ് ഇപ്പോൾ ആ മുന്നണിയിലെ പ്രമാണിമാർ എന്ന് പറഞ്ഞുകൊണ്ട് ആ ഭാഗം ഞാൻ അവസാനിപ്പിക്കുന്നു. ഇവിടെ ശ്രീ. ടി. എം. ജേക്കബിനെക്കുറിച്ചും എന്നെക്കുറിച്ചും അഴിമതി ആരോപണം ഉണ്ടായി എന്ന് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞു. അങ്ങ് രേഖകൾ പരിശോധിക്കണം. എനിക്കോ ശ്രീ. ടി. എം. ജേക്കബിനോ എതിരായി ഏതെങ്കിലും അഴിമതി ആരോപണം ആരെങ്കിലും ഈ സഭയിൽ എഴുതിത്തന്ന് ഇവിടെ ഉന്നയിച്ചതായി എനിക്ക് ഓർമ്മയില്ല. ശ്രീ. ടി. എം. ജേക്കബിനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിനും ഓർമ്മയില്ല എന്നാണ് പറഞ്ഞത് അങ്ങനെ ഒരു ആരോപണം ഉന്നയിച്ചിട്ടില്ല. തീയിൽ കുരുത്ത് ഒരുപാട് മുന്നോട്ടുപോയ ആളാണ് ഞാൻ. ഇന്ന് ഇവിടെ ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ അതിലേക്ക് വരികയാണ്, എനിക്ക് അതിനെക്കുറിച്ച് പറയാനുണ്ട്. നിയമസഭയിലേക്ക് വലിയ ഭൂരിപക്ഷത്തോടുകൂടി എന്നെ തെരഞ്ഞെടുത്തപ്പോൾ എന്നെ മന്ത്രിസഭയിൽ നിന്ന് ഒഴിച്ചുനിർത്താൻ, ശ്രീ. എ. കെ. ആന്റണി ശ്രീ. ഉമ്മൻചാണ്ടിയുമായി കൂടിയാലോചിച്ചശേഷം എന്നോട് മന്ത്രിസഭയിൽ നിന്ന് മാറിനിൽക്കണമെന്ന് ആവശ്യപ്പെട്ടു. അന്ന് ശ്രീ. ഉമ്മൻചാണ്ടിയായിരുന്നല്ലോ അദ്ദേഹത്തിന്റെ ആലോചനക്കാരൻ. പിന്നീട് സുപ്രീം കോടതി എന്നെ കുറ്റവിമുക്തനാക്കുക മാത്രമല്ല, ഞാൻ ചെയ്തത് തികച്ചും ശരിയാണെന്നും രാജ്യസ്നേഹപരമാണെന്നും കൂടിയ വിലയ്ക്ക് കർണ്ണാടക ഗവൺമെന്റിന് കറണ്ട് വിറ്റ് വിദ്യുച്ഛക്തി ബോർഡിന് ലാഭമുണ്ടാക്കിക്കൊടുത്ത നടപടി അംഗീകരിക്കപ്പെടേണ്ട വസ്തുതയാണെന്നുമുള്ള വിധി പ്രസ്താവിച്ചു. ആ വിധിക്കുശേഷമാണ് വീണ്ടും ഞാൻ മന്ത്രിസഭയിലേക്ക് കടന്നുവന്നത്. ഞാൻ ആരുടേയും സഹായം അഭ്യർത്ഥിച്ചിട്ടില്ല. ആ കേസ് മുന്നോട്ടുകൊണ്ടുപോകാനും എന്നെ വെള്ളത്തിലാക്കാനും ശ്രമിച്ചവർ ഇപ്പോഴും ഈ മന്ത്രിസഭയിൽ ഇരിപ്പുണ്ട്. ഞങ്ങൾ ഒരുമിച്ചിരുന്നപ്പോൾ എന്നെ വെളിയിലാക്കാൻ ശ്രമിച്ചവർ ഉണ്ട്. അതാരാണെന്ന് ഞാൻ പറയുന്നില്ല. ഞാൻ ആരുടേയും കാരുണ്യത്തിന് അപേക്ഷിച്ചില്ല. ശ്രീ. ടി. എം. ജേക്കബ് ആദ്യംതന്നെ വന്നില്ലേ, തീർച്ചയായും ശ്രീ. ജേക്കബ് കുറ്റക്കാരൻ ആയിരുന്നു എങ്കിൽ എങ്ങനെ ശ്രീ. ജേക്കബിനെ അന്ന് മന്ത്രിസഭയിൽ എടുക്കുമായിരുന്നു. വാദത്തിനു വേണ്ടി വാദം പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കാര്യമില്ല. അപ്പോൾ അനാവശ്യമായി കേസുകളുണ്ടാക്കുന്നതിന്റെ ഫലം എന്താണെന്നുള്ളത് മുഖ്യമന്ത്രി പരിശോധിക്കണം. എന്റെ ഓർമ്മ ശരിയാണെങ്കിൽ എന്നെ കുടുക്കാൻ വേണ്ടി ഈ സർക്കാർ 35 കോടി രൂപയാണ് ഖജനാവിൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. പ്രത്യേകിച്ച് ശ്രീ. വക്കം പുരുഷോത്തമൻ. ആ കണക്കുകൾ പരിശോധിച്ചാൽ കൊള്ളാം. ആർ. ബാലകൃഷ്ണപിള്ളയെ തകർക്കാൻ വേണ്ടി അനാവശ്യമായി കേസുകൾ ഉണ്ടാക്കി ഇവിടത്തെ ഖജനാവിൽനിന്ന് മാറി മാറി വന്ന ഗവൺമെന്റുകൾ ചെലവാക്കിയത് 35 കോടി രൂപയാണ്. അനാവശ്യമായി കേസുകൾ ഉണ്ടാക്കരുത്. അവിടെ പോയി നേരിട്ട് അന്വേഷണം നടത്തണം, സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ പ്രിലിമിനറി ഒബ്സർവേഷൻ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ച് ക്ലിയർ ചെയ്യുകയോ തള്ളുകയോ ചെയ്തതിനുശേഷം ഫൈനലായി എ. ജി. നൽകുന്ന റിപ്പോർട്ടാണ് സി. എ. ജി. റിപ്പോർട്ട്. എന്നാൽ ഒരു വാൽ എടുത്തുവച്ചിട്ട് കുരുടൻ ആനയെ കാണാൻ പോയതുപോലെ കൊമ്പിൽ തപ്പിയിട്ട് കൂർത്തിരിക്കുന്നു, വാലിൽ തപ്പിയിട്ട് ചൂലുപോലിരിക്കുന്നു, ചെവിയിൽ പിടിച്ചിട്ട് മുറം പോലെയാണ് ആന എന്ന് പറഞ്ഞതുപോലെയല്ലേ ഈ റിപ്പോർട്ട്? ഈ റിപ്പോർട്ട് എവിടെനിന്ന് വന്നു, ഇത് എങ്ങനെ ചോർത്തിക്കൊടുത്തു, ആർക്ക് ചോർത്തിക്കൊടുത്തു എന്നുള്ളത് അന്വേഷിക്കണം. 8,9 കൊല്ലം വിദ്യുച്ഛക്തി മന്ത്രിയായിരുന്ന ആളാണ് ഞാൻ. ഈ ചോർത്തൽ തന്നെ ഗവൺമെന്റിന്റെ വിശ്വാസ്യതയെ തുരങ്കം വയ്ക്കുന്നതാണ്. ഈ ചർച്ചയിൽ എസ്. എൻ.സി. ലാവ്‌ലിൻ കേസിനെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ പത്രങ്ങളൊക്കെ ചോർത്തിക്കൊടുത്തു, പത്രങ്ങൾക്കും ശരിയായിട്ടുള്ള വിവരം കിട്ടിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. എട്ട്, ഒൻപത് കൊല്ലം വിദ്യുച്ഛക്തി മന്ത്രിയായിരുന്ന ആളാണ് ഞാൻ. അവിടത്തെ പ്രോസീഡുവർ ഒക്കെ അറിയാവുന്ന ആളുകളാണ് ഇവിടെ ഇരിക്കുന്നത്. പി. എ. സി. കമ്മിറ്റിയിൽ വരാതെയുള്ള സി. ആന്റ് എ. ജി. റിപ്പോർട്ടിന് എന്ത് പവിത്രതയാണുള്ളത്? ഈ റിപ്പോർട്ട് എങ്ങനെ റിപ്പോർട്ടാകും, മാത്രമല്ല ഈ റിപ്പോർട്ട് നിയമസഭയിൽ വച്ച് അംഗീകരിച്ചതിനുശേഷം നിയമപ്രകാരം സഭയിൽ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടെങ്കിലും ചർച്ച ചെയ്തില്ലെങ്കിൽപ്പോലും ഒരു പ്രത്യേക കാലഘട്ടം കഴിഞ്ഞാൽ ഈ റിപ്പോർട്ട് നിലവിൽ വരും. പി. എ. സി. യിൽ അംഗങ്ങളായി നമ്മളിൽ പലരും ചുമതല വഹിച്ചിരുന്നവരാണ്. അങ്ങനെയല്ലേ പതിവ്? എന്നാൽ ഇപ്പോൾ പി. എ. സി. റിപ്പോർട്ട് വരുന്നതിന് മുമ്പ് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ പറഞ്ഞിരിക്കുന്നു, ഈ റിപ്പോർട്ട് കണ്ടിട്ടേയില്ല എന്ന്. കാണുന്നത് പി. എ. സി. യിൽ വന്ന് പി. എ. സി. ഇത് പരിശോധിച്ചതിനു ശേഷമാണ്. ഞാൻ വക്കാലത്തൊന്നും ഏറ്റെടുക്കുകയല്ലാ, ഏറ്റെടുത്താലും തെറ്റില്ല. എസ്. എൻ. സി. ലാവ്‌ലിനെ സംബന്ധിച്ച് എന്താണ് പറഞ്ഞിരിക്കുന്നത് "An MOU between SNC LAVELINE and KSEB was signed on August 10, 1995 for the above project"ആരാ അന്ന് ഭരിക്കുന്നത്? ഞാൻ കാനഡയുമായിട്ട് ഇടുക്കി സ്റ്റേജ് II നും ലോവർ പെരിയാറിനും ബാർഗെയിൻ ചെയ്ത് പണം വാങ്ങി ഇത് നടത്തിയവനാണ്, അപ്പോൾ അതിന്റെ പ്രൊസീഡുവർ എനിക്കറിയാം. ഇടുക്കി സെക്കന്റ് സ്റ്റേജ് പദ്ധതി അന്നുണ്ടായതാണ്. എനിക്കറിയാം "(2) The main

LIBRARY ARCHIVES Kerala Legislative Assembly

contract given for supply of Canadian power generating equipment and services was signed on February 24, 1996"അന്ന് ആരാണ് ഭരിച്ചത്? എക്വിപ്മെന്റ്സ് ഉണ്ട്, ഇവിടെ ചില പത്രങ്ങളൊക്കെ എഴുതി, ഒരു മീഡിയ കഴിഞ്ഞ കുറേ ദിവസങ്ങളായി എഴുതുകയാണ് എക്വിപ്മെന്റ്സ് ഇല്ലാ, കൺസൾട്ടൻസി മാത്രമേയുള്ളൂ എന്ന്. അതാണ് ഇത് അന്വേഷിച്ചുപോകാൻ കാരണം, അതിനെപ്പറ്റി എനിക്ക് അറിയാവുന്നതുകൊണ്ടാണ് ഞാൻ അന്വേഷിച്ചത്. "(3) The cost of original contract for supply of Canadian equipment was 68.113 million Canadian dollars and that of services was 9.644 million Canadian dollars." ഇവിടെ പറയപ്പെടുന്ന ആ എഗ്രിമെന്റിന്റെ ഡേറ്റ് വച്ചുള്ള ഡോക്യുമെന്റിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. ആവശ്യമില്ലാതെ പണം ചെലവാക്കുകയും അനാവശ്യമായി ധൃതി കാണിച്ച് കുഴപ്പം കാണിക്കാൻ ശ്രമിക്കുകയും ചെയ്താൽ ഖജനാവിന് ഇപ്പോൾ പോയതിനെക്കാളൊക്കെ ഒരു പാട് കോടി രൂപ ഇനിയും ആവശ്യമില്ലാതെ നഷ്ടമുണ്ടാകും. കാശ് കൂടുതൽ ഉണ്ടാക്കി എന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ പറഞ്ഞതിന് ഒരുപാട് ബുദ്ധിമുട്ട് അനുഭവിച്ചവനാണ് ഞാൻ. ആരും സഹായിക്കാനും വന്നില്ല അതുകൊണ്ട് വളരെ ആലോചിച്ച് വേണം നമ്മൾ ഈ ആരോപണങ്ങൾ ഉന്നയിക്കേണ്ടത്. ഇവിടെ ഈ ഗവൺമെന്റിന് തെറ്റുപറ്റി. ശ്രീ. ഉമ്മൻചാണ്ടി ശ്രദ്ധിക്കണം. വിദ്യാഭ്യാസ രംഗത്ത് നമ്മൾ കാണിച്ച എടുത്തുചാട്ടം സർക്കാരിനെ വലിയ നാശത്തിലെത്തിച്ചിരിക്കുകയാണ്. നമ്മൾ എന്ന് പറയുമ്പോൾ അതിനകത്ത് ഞാനും പങ്കാളിയാണ്. പക്ഷേ ഞാൻ ഉത്തരവാദിയല്ല. യു. ഡി. എഫ്. ഗവൺമെന്റിൽ ഞാൻ ഉണ്ടായിരുന്ന സമയത്ത് ഈ സ്വകാര്യ കോളേജ് മാനേജ്മെന്റുകൾക്ക് സ്വാശ്രയ മേഖലയിൽ കോളേജുകൾ അനുവദിച്ചപ്പോൾ ഞാൻ പറഞ്ഞു നിയമവിദഗ്ദ്ധൻമാരുമായി ആലോചിച്ച് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഒരു എഗ്രിമെന്റ് വാങ്ങാതെ ഇത് അനുവദിക്കാൻ പാടില്ല എന്ന്. കർശനമായി പറയുകയും അങ്ങനെ തീരുമാനം എടുത്ത് ക്ലിഫ് ഹൗസിൽ നിന്ന് അന്ന് വൈകിട്ട് പോകുകയും ചെയ്തു. 'കൊല്ലനും അറിഞ്ഞില്ല കൊല്ലത്തിയും അറിഞ്ഞില്ല തിത്തെയ്യ് എന്നൊരു കൊച്ചരിവാൾ' എന്നു പറഞ്ഞതുപോലെ എങ്ങനെയാ ഇത് വന്നത് എന്ന് ആർക്കും അറിയില്ല. ഇവിടെ നമ്മൾ തീരുമാനിച്ചതല്ലേ, ഈ കുഴപ്പം മുഴുവൻ ഉണ്ടായത് അങ്ങനെയല്ലേ, അവരെ വിശ്വസിച്ചതല്ലേ, അങ്ങേക്ക് യു. ഡി. എഫ്.ന്റെ കൺവീനറെന്നുള്ള നിലയ്ക്ക് ഈ ഉത്തരവാദിത്വത്തിൽ നിന്ന് മാറി നിൽക്കാൻ സാധിക്കുമോ? ഇപ്പോഴും നിങ്ങൾ അനുവദിച്ചുകൊണ്ടിരിക്കുന്ന കോളേജുകൾക്ക് എൻ. ഒ. സി. കൊടുക്കുന്നതിനുമുമ്പായി ഒരു എഗ്രിമെന്റ് എഴുതിവാങ്ങിക്കാൻ തയ്യാറാകുന്നുണ്ടോ? ഇല്ല; നിങ്ങൾ ഇപ്പോഴും അത് ചെയ്യുന്നില്ല. ഇപ്പോൾ നഴ്സിംഗ് കോളേജ് അനുവദിച്ചു, ഡെന്റൽ കോളേജ് അനുവദിച്ചു, നിങ്ങൾ എന്തെങ്കിലും ചെയ്തോ? ഇത് നമുക്ക് പറ്റിയ ഒരു തെറ്റല്ലേ, നമ്മെ കബളിപ്പിച്ചതല്ലേ? ശ്രീ. ആന്റണി പറഞ്ഞത് ശരിയല്ലേ, ആന്റണി അതിൽ ഉത്തരവാദിയല്ലെന്ന് എനിക്ക് ബോദ്ധ്യമുള്ളതുകൊണ്ടാണ് പറയുന്നത്. ആരാണ് അതിന് ഉത്തരവാദി? എനിക്കും നിങ്ങൾക്കും അറിയാവുന്നതുകൊണ്ടാണ്

12 noon]

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഈ സ്വകാര്യ കോളേജ് മാനേജുമെന്റിനേയും സ്വാശ്രയ കോളേജ് മാനേജ്മെന്റിനേയും കയറൂരിവിടാൻ ഇടയായത് എഗ്രിമെന്റ് ഇല്ലാത്തതുകൊണ്ടാണ്, നേരെ മറിച്ച് ഒരു എഗ്രിമെന്റ് ഉണ്ടായിരുന്നുവെങ്കിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഗവൺമെന്റിന് പിടിച്ചുനിൽക്കാമായിരുന്നു. ഇന്ന് ഇപ്പോൾ നമ്മുടെ കയ്യിൽ നിന്ന് പിടിവിട്ടിരിക്കുകയാണ്. ഇന്ന് എൻജിനീയറിംഗ് കോളേജുകാർ പറയുന്നത് ഞങ്ങൾ 10 ശതമാനം സ്കോളർഷിപ്പ് കൊടുക്കാമെന്നാണ്. ഈ പിച്ചക്കാശിനുവേണ്ടി സർക്കാർ അവരുടെ പുറകെ നടക്കേണ്ട കാര്യമുണ്ടോ, പത്തു ശതമാനമെന്നുപറയുന്നത്, അഞ്ചു കുട്ടികൾക്ക് 50 ശതമാനം ഫീസ്, അതും 50 ശതമാനമാണ് ഫീസ്. വരുമാനം നോക്കിയാണ് കൊടുക്കുന്നത്. അറുപതിനായിരം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് ഈ ആനുകൂല്യം ഇല്ല. നമ്മുടെ കശുവണ്ടിത്തൊഴിലാളികൾക്ക് അതിനേക്കാൾ വരുമാനമുണ്ട്. അതുകൊണ്ട് ആർക്കെങ്കിലും ഇതിന്റെ പ്രയോജനം കിട്ടുമോ? ഇതിനേക്കാൾ കൂടുതൽ ഗവൺമെന്റിനെ അവഹേളിക്കാൻ ഉണ്ടോ, എന്നാൽ ഇവരെ പിടിക്കാൻ മാർഗ്ഗമില്ലേ, മാർഗം ഉണ്ടല്ലോ, ഇന്നലെ ഞാൻ സൂര്യയിൽ ആണെന്നു തോന്നുന്നു, ഏതോ മീഡിയയിൽ കണ്ടു എനിക്ക് ഓർമ്മയില്ല, തിരുവല്ല പുഷ്പഗിരി കോളേജിൽ 25 ലക്ഷം രൂപ വാങ്ങി അഡ്മിഷൻ കൊടുക്കുന്ന ആൾക്ക് അഞ്ചു ലക്ഷം രൂപ കമ്മീഷനും നൽകണം എന്ന്. 25 ലക്ഷം രൂപയും 5 ലക്ഷം രൂപ കമ്മിഷനും കൊടുത്താൽ തിരുവന്തപുരത്ത് അഡ്മിഷൻ വാങ്ങി കൊടുക്കാൻവേണ്ടി നടത്തപ്പെടുന്ന ഒരു സ്ഥാപനമുണ്ട്. ആ സ്ഥാപനം റെയ്ഡ് ചെയ്താൽ അയാളെ അകത്താക്കാമല്ലോ, കൈക്കൂലി വാങ്ങിക്കുന്നതടക്കം, പുഷ്പഗിരി വരെ പോകേണ്ട, ഇവിടെ തിരുവനന്തപുരത്ത് വച്ച് വഴിയിലിട്ട് പെൺപിള്ളേരെ നെഞ്ചത്തു ചവിട്ടിയ ആ എ.സി.യെ കുറച്ചു ദിവസത്തേക്ക് അതിലേക്ക് വിടണം. നാട്ടിൽ ഒരു നല്ല കാര്യം വന്നാൽ വന്നോട്ടെ, വിരോധമില്ല. ഈ ഏർപ്പാട് ഇവിടെ നടക്കുകയില്ല. മെഡിക്കൽ കോളേജുകാർ ഒന്നിനും തയ്യാറല്ല. ജാതിയും സമുദായവും കയ്യിലുണ്ടെന്ന് പറഞ്ഞ് എന്തും ചെയ്യാമെന്നുള്ള നിലയിലേക്ക് ഈ രാജ്യത്തെ എത്തിക്കുന്ന സ്ഥിതി ഉണ്ടാകരുത്. ഇവർക്ക് കടിഞ്ഞാണിടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്തൊക്കെ പരാജയപ്പെട്ടിരിക്കുന്നു. ഒരു കാര്യം കൂടി പറയാം. ഭൂമിയില്ലാത്ത ആദിവാസികൾക്കെല്ലാം ഭൂമി കൊടുക്കുമെന്ന്, ശ്രീ. ആന്റണി പറഞ്ഞു. സർ, പത്തനാപുരം താലൂക്കിൽ ശ്രീ. ഗണേഷ്കുമാറിന്റെ നിയോജകമണ്ഡലത്തിൽ വിയോട് മലയിൽ കുറേ ആദിവാസികളെ താമസിപ്പിച്ചിട്ടുണ്ട്. അവർ ഈ അടുത്ത കാലത്ത് കണ്ടപ്പോൾ പറഞ്ഞു, ഞങ്ങൾ അവിടെ കുടിലിൽ താമസിച്ച് തേൻ എടുത്തും അതുപോലെ കിഴങ്ങ് പറിച്ചും ജീവിച്ചവരാണ് എന്ന്, പാവപ്പെട്ട ആ ആദിവാസികളെ പുനലൂർ മുനിസിപ്പാലിറ്റിയിൽ കൊണ്ടിട്ടു. അവർക്ക് തൊഴിൽ ഇല്ല. ഡോ. കുട്ടപ്പന് ഈ സ്ഥലമറിയാമല്ലോ, ആദിവാസികളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് നൂറ് ശതമാനമല്ല, ആയിരം ശതമാനം പരാജയപ്പെട്ടിരിക്കുന്നു. ഒന്നുരണ്ടേക്കർ സ്ഥലം കൊടുത്തുകൊണ്ട്, മീനിനെ പിടിച്ച് കരയ്ക്കിട്ടാൽ മീൻ ജീവിക്കണമെന്നു പറയുന്നതു പോലെയാണിത്. മീനിനെ പിടിച്ച് കരയ്ക്കിട്ടാൽ അത് ജീവിക്കുമോ? അതിന് വെള്ളം വേണ്ടേ; കാട്ടിൽ കിടക്കുന്നവരെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽകൊണ്ടുവന്നിട്ട് അവർക്ക് അക്കോമഡേഷൻ കൊടുക്കാതെ, അവർക്ക് ആഹാരമില്ലാതെ, വസ്ത്രമില്ലാതെ, കുട്ടികളെ പള്ളിക്കൂടത്തിൽ അയയ്ക്കാൻ കഴിയാതെ അവർക്ക് ജോലിയില്ലാതെ വിഷമിക്കുന്ന സ്ഥിതിയിൽ ഈ രാജ്യത്തെ കൊണ്ടെത്തിച്ച ഈ ഗവൺമെന്റിന്റെ പ്രവൃത്തികളെ എങ്ങനെയാണ് അനുകൂലിക്കുന്നത്? അതുപോലെ ഏത് സമരമോ ആകട്ടെ, ശ്രീ. ഉമ്മൻചാണ്ടിയും ഞാനും ഒരു സഭയെ അനുകൂലിക്കുന്നവരാണ്. ശ്രീ. ഉമ്മൻചാണ്ടി തെറ്റു ചെയ്തു എന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഏത് സാഹചര്യമാണെങ്കിലും ശരി, ഈ പള്ളിയുടെ വഴക്ക് തീർത്തു. പക്ഷെ വഴക്ക് വർദ്ധിച്ചു. തൃക്കുന്നത്ത് സെമിനാരി മാത്രമല്ല, ഇന്നലെ കോലഞ്ചേരി പള്ളിതന്നെ തുറന്നുവെന്ന് ഒരു സെറ്റ്, തുറന്ന പള്ളിയിൽ കയറിയിറങ്ങി ഒരു സെറ്റ്, രണ്ടു സെറ്റും കൂടി പൂട്ടിയിട്ടിരിക്കുന്ന പള്ളിയുടെ പൂട്ട് പൊളിച്ച് ആളുകളെ അകത്തുകയറ്റുന്ന ആർ.ഡി.ഒ. യും പോലീസ് ഉദ്യോഗസ്ഥൻമാരും ഈ ഗവൺമെന്റിന് ഭൂഷണമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ പൂട്ടുപൊളിച്ച് പള്ളി തുറന്ന് ആരാധനക്ക് കൊടുക്കുന്ന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയല്ലാതെ മറ്റാരും ഉണ്ടാകില്ല. സർ, അച്ചൻമാർ ആരും ആകട്ടെ സഭയുടെ വ്യത്യാസം അവിടെ നിൽക്കട്ടെ, പോലീസ്, അച്ചൻമാരുടെ താടിപിടിച്ച് അതും കൃത്രിമമാണോയെന്ന് പരിശോധിക്കുന്ന അവസ്ഥ ഉണ്ടായാൽ, ഇനി സ്ത്രീകളുടെ തലമുടി കൃത്രിമമാണോയെന്നു അവർ പരിശോധിക്കുകയില്ലേ; കാരണം തലമുടിയുള്ള കന്യാസ്ത്രീകളാണ് ഇപ്പോഴുള്ളത്, അതു വേണമെങ്കിലും അവർ പരിശോധിക്കും. അച്ചൻമാരുടെ താടിക്കുപിടിക്കുകയും അതുപോലെ അവരെ കുർബ്ബാന ചൊല്ലിച്ച് അവരെ തല്ലുകയും ചെയ്താണോ ക്രമസമാധാനം പാലിക്കുന്നത്? കന്യാസ്ത്രീകളെ തല്ലിയെന്നാണ് പത്രറിപ്പോർട്ട്. ശ്രീ. ഉമ്മൻചാണ്ടി, ഏത് സഭയോ ആകട്ടെ, അച്ചൻമാരും കന്യാസ്ത്രീകളും ആരും ആകട്ടെ, കുറ്റംചെയ്തവർ ആരാണെങ്കിലും ശരി അവർ ശിക്ഷിക്കപ്പെടണം. പോലീസിന്റെ ഈ പെരുമാറ്റത്തെക്കുറിച്ച് അന്വേഷിക്കണം. ഈ സംഭവം ഒരു ജില്ലാ കളക്ടറെ കൊണ്ട് അന്വേഷിപ്പിച്ചാൽ മാത്രം പോരാ, ഇത് independent ആയി ആരെയെങ്കിലും കൊണ്ട് അന്വേഷിപ്പിക്കണം. ജുഡീഷ്യൽ അന്വേഷണം വേണമെന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിന് പുറത്തുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ടായാലും വിരോധമില്ല, ഇത് അന്വേഷിപ്പിക്കണം. അച്ചൻമാരെയും കന്യാസ്ത്രീകളെയും തല്ലുന്ന ഒരു നിലപാട് ഈ രാജ്യത്ത് ഒരിക്കലും നല്ലതല്ല. അതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിന് തുടരാൻ അർഹതയില്ല. നിങ്ങൾക്ക് Mandate ഇല്ല. നിങ്ങൾക്ക് ജനങ്ങൾ mandate തന്നിട്ടില്ല. mandate യു. ഡി. എഫിനാണ്. യു. ഡി. എഫ്.ന്റെ mandate ഇപ്പോൾ ശ്രീ. കോടിയേരി പറഞ്ഞ കണക്കനുസരിച്ച് 20 ശതമാനം പോയി പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 ശതമാനം വോട്ട് പോയി എന്നു പറഞ്ഞാൽ 100 എം. എൽ. എ. മാരിൽ നിങ്ങൾക്ക് ഇരുപത് ഇരുപത്തിമൂന്നു പേരുടെ mandate മാത്രമേ ഉള്ളൂ. അതും ചെറിയ ഭൂരിപക്ഷത്തിലാണ് നിങ്ങൾ ചെയ്യേണ്ടത് കഴിയുന്നതും വേഗം ഈ നിയമസഭ പിരിച്ചുവിട്ട് ഒരു പുതിയ തെരഞ്ഞെടുപ്പു നടത്താൻ തയ്യാറാകണം. അതാണ് കേരളത്തിലെ ജനങ്ങളുടെ ആവശ്യവും ആഗ്രഹവും

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയം സന്തോഷപൂർവ്വം ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ശ്രീ. കോടിയേരിയുടെയും ശ്രീ. ബിനോയ് വിശ്വത്തിന്റെയും പ്രസംഗങ്ങളിൽ നിന്ന് അവർ ഇത് അത്ര ഗൗരവമായി എടുത്തിട്ടില്ല, എന്ന് ബോദ്ധ്യമാകുന്നുണ്ട്. ആ തരത്തിലുള്ള അവിശ്വാസപ്രമേയാവതരണമാണ് ഇന്ന് ഇവിടെ കാണാൻ സാധിച്ചത്. സർ, ഈ കഴിഞ്ഞ നാലു വർഷത്തെ ഗവൺമെന്റിന്റെയും പ്രതിപക്ഷത്തിന്റെയും പ്രവർത്തനം വിലയിരുത്തിയാൽ ഈ ഗവൺമെന്റ് അധികാരത്തിൽ കയറിയ കാലം മുതൽ തന്നെ അക്രമ സമരങ്ങൾ പ്രതിപക്ഷം തുടരുന്നു എന്ന് ബോദ്ധ്യമാകും. ഈ സമരങ്ങൾ ഓരോന്നും പരിശോധിച്ചാൽ അവരുടെ ഭരണ കാലത്ത് അവർ എടുത്തിട്ടുള്ള തീരുമാനങ്ങൾക്ക് എതിരു തന്നെയായിട്ടാണ് ഓരോ സമരങ്ങളും നടത്തിയതെന്നും ബോദ്ധ്യമാകും. ആദ്യം എ. ഡി. ബി. വിരുദ്ധ സമരമുണ്ടായിരുന്നു. എന്നാൽ 1999-ലെ ശ്രീ. ശിവദാസമേനോന്റെ ബഡ്ജറ്റ് പ്രസംഗം നോക്കിയാൽ എൽ. ഡി. എഫ്. ഗവൺമെന്റാണ് ആദ്യമായി എ. ഡി. ബി.യിൽ നിന്ന് വായ്പയെടുക്കുന്നതിനും നാലായിരം കോടി രൂപ ലഭ്യമാക്കുന്നതിനും വേണ്ടി കൺസെപ്ട് പേപ്പറിൽ ഒപ്പിട്ടുകൊടുത്തിരുന്നത് എന്ന് കാണാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിനെതിരെ സമരം; പ്ലാച്ചിമട സമരം ഇടതുപക്ഷ പഞ്ചായത്തു തന്നെ കൊടുത്ത ലൈസൻസിന് എതിരെയുള്ളതായിരുന്നു. കൊച്ചിയിലെ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈയ്ക്ക് എതിരെയുള്ള സമരവും ആദിവാസികളെ സംബന്ധിച്ചിട്ടുള്ള സമരവും ഇതു പോലെ തന്നെയാണ്. എൽ. ഡി. എഫ്. ഭരണകാലത്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചെടുത്ത് കൊടുക്കണമെന്ന് വിധിച്ചിട്ടുപോലും ആ വിധി നടപ്പിലാക്കാൻ തയ്യാറാകാതെ ആ വിധിയുടെ പേരിൽ contempt of court വന്നപ്പോൾ ആ വിധി ഇല്ലാതാക്കാൻ ആദിവാസി നിയമം കൊണ്ടുവന്നു. ഭൂമി എടുത്തു കൊടുക്കാൻ കോടതി നിർദ്ദേശമുണ്ടായിട്ടുപോലും ആ ഭൂമി കൊടുക്കാതെ ഇന്നിപ്പോൾ ആദിവാസികൾക്കു വേണ്ടി അവർ കണ്ണീർ ഒഴുക്കുകയാണ്. അതുപോലെ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കി തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നോക്കിയാൽ ഏതു രംഗത്തും വികസനമുണ്ടായിട്ടുണ്ട് എന്ന് കാണാം. കാർഷിക-വ്യാവസായിക-ഐ.ടി.-ടൂറിസം മേഖലകളിൽ കഴിഞ്ഞ നാല് വർഷങ്ങളായി ഉണ്ടായിട്ടുള്ള വികസനം പരിശോധിച്ചാൽ പ്രതിപക്ഷം അവിശ്വാസ പ്രമേയത്തിന് അടിസ്ഥാനമായി ഉന്നയിച്ച ആരോപണങ്ങൾ അവാസ്തവങ്ങളാണെന്ന് ബോദ്ധ്യമാകും. ഇന്ന് എറ്റവും വലിയ പ്രശ്നമുള്ള മേഖല വിദ്യാഭ്യാസ രംഗമായിട്ടണ് അവർ ചിത്രീകരിക്കുന്നത്. പക്ഷെ ഒന്നു നാം മനസ്സിലാക്കണം. അഞ്ചു വർഷക്കാലം ഈ സംസ്ഥാനം ഭരിച്ചിട്ട് ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ഒരു കുട്ടിക്കുപോലും ഏതെങ്കിലും പ്രൊഫഷണൽ കോളേജിൽ സീറ്റ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാതെ അധികാരം വിട്ടൊഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞപ്പോൾ മദ്രാസിലേയും കർണ്ണാടകയിലും മാനേജ്മെന്റുകളുടെ ഭാഷയിലാണ് ഇപ്പോൾ പ്രതിപക്ഷം സംസാരിക്കുന്നത്. ഏതാണ്ട് രണ്ടായിരം കോടി രൂപ മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിയിരുന്ന ഈ സംസ്ഥാനത്ത് അതിന് തടയിടുന്നതിന് എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും എം. ബി. എ., MCA കോളേജുകളും മറ്റ് പ്രൊഫഷണൽ കോളേജുകളും കൊണ്ടുവന്നതുതന്നെ വിദ്യാഭ്യാസ രംഗത്തുള്ള ഈ ഗവൺമെന്റിന്റെ പ്രധാന നേട്ടമാണ്. സർ, അതുപോലെതന്നെ ഇവിടെ സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതിന് നിയമം പാസ്സാക്കാത്തതല്ല. ക്രോസ് സബ്സിഡി പാടില്ല എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചു. ആ വിധിയുടെ അടിസ്ഥാനത്തിൽ ഒരു കമ്മീഷനെ വച്ചിട്ടുവേണം ഫീസ് സ്ട്രക്ച്ചർ നിശ്ചയിക്കാൻ. അങ്ങനെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജസ്റ്റിസ് തോമസ് കമ്മീഷനെ നിയമിക്കുകയാണ് ചെയ്തത്. ജസ്റ്റിസ് തോമസ് കമ്മീഷൻ 1,13,000 രൂപയാണ് മെഡിക്കൽ കോളേജുകൾക്കുവേണ്ടി ഫിക്സ് ചെയ്തത്. എന്നാൽ അതിനെ മറികടക്കുന്നതിന് 50:50 എന്ന് പ്രിൻസിപ്പിളിൽ സ്വാശ്രയ കോളേജുകൾ നടത്തിക്കാനായിട്ട് ഈ നിയമസഭ ബിൽ പാസ്സാക്കിയതാണ്. പക്ഷേ നിയമസഭ ബിൽ പാസ്സാക്കിയിട്ടും 50 ശതമാനം സീറ്റുകളിൽ ഗവൺമെന്റ് ഫീസ് വേണമെന്നുള്ള നിർദ്ദേശം നിയമത്തിൽ ഉണ്ടായിരുന്നിട്ടും സുപ്രീം കോടതിയുടെ ഉത്തരവുമൂലം ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ ഫീസ് നിലനിൽക്കണമെന്നുള്ള അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. 50 ശതമാനം മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് വേണമെന്നുള്ള വകുപ്പ് പ്രയോഗിക തലത്തിൽ സുപ്രീം കോടതിയുടെ ഉത്തരവുകൊണ്ട് സ്റ്റേ ചെയ്യപ്പെട്ടിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. അതിന് വിരുദ്ധമായ ഫീസ് ഈടാക്കുന്നതിന് സർക്കാർ ശ്രമിച്ചാൽ അത് കണ്ടംപ്ട് ഓഫ് കോർട്ട് ആകും. അതുപോലെതന്നെ സുപ്രീം കോടതിയുടെ നിർദ്ദേശത്തിനുമേൽ മെരിറ്റ് ലിസ്റ്റിൽനിന്നും മാനേജുമെന്റിന്റെ കൺസോർഷ്യത്തിൽ നിന്നുമുള്ള ടെസ്റ്റ് നടത്തി അതിൽനിന്നും മാനേജുമെന്റ് ക്വാട്ടയിലേക്ക് കുട്ടികളെ സെലക്ട് ചെയ്യാമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം മാത്രമാണ് നമ്മുടെ ബില്ലിൽ ഉൾപ്പെടുത്തിയത്. യാഥാർത്ഥ്യങ്ങൾ ഇങ്ങനെയിരിക്കേ കോടതി വിധിക്ക് എതിരായാണ് എൻട്രൻസ് എക്സാമിനേഷൻ നടക്കുന്നത് എന്ന് പറയുന്നത് വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും കബളിപ്പിക്കാനാണ്. അതിനുവേണ്ടിയല്ലേ ഈ സമരം നടത്തിയത്? സമരത്തിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി പെൺകുട്ടികളെ തല്ലിയെന്നാണ് പരാതി. നമ്മൾ എല്ലാപേരും മീഡിയായിൽ കണ്ടിരുന്നു. ശ്രീമതി കെ. ആർ. ഗൗരിയമ്മ, സുശീല ഗോപാലൻ, ശ്രീമതി ടീച്ചർ, സുജാത ടീച്ചർ ഇവരൊക്കെ സമരം നടത്തിയിട്ടുണ്ട്. അവരൊക്കെ ഇതുപോലെയുള്ള സമരമാണോ സർ നടത്തിയത്? കേരളത്തിൽ ആദ്യമായി പെൺകുട്ടികളെക്കൊണ്ട് പോലീസിനെ കല്ലറിയിച്ചിരിക്കുന്നു .....(ബഹളം)..... സർ, വിദ്യാഭ്യാസ മേഖലയിൽ ചെയ്ത പ്രവർത്തനം തന്നെയാണ് ഇവർ വ്യവസായ രംഗത്തും ചെയ്തത്. 282 പ്രവർത്തകരെ സംഘടിപ്പിച്ച് 972 പ്രകടനങ്ങൾ തലസ്ഥാന നഗരിയിൽ നടത്തി. അങ്ങനെ 7 കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിന് ഉണ്ടാക്കി. ഇവരുടെ പ്രവർത്തനം കൊണ്ട് നമുക്ക് നേടാൻ കഴിഞ്ഞതേട്ടം നമ്മുടെ തലസ്ഥാന നഗരത്തെപ്പറ്റി പ്രതികൂലമായി ബി. ബി. സി.-യിൽ വാർത്ത വന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. എന്നിട്ടും, സർ വ്യവസായ രംഗത്ത് എത്രമാത്രം നേട്ടങ്ങളാണ് ഈ സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്! രണ്ടായിരം കോടി രൂപ വല്ലാർപാടം പദ്ധതിക്കും 7,600 കോടി രൂപ കായംകുളം തെർമൽ പ്ലാന്റിനും 1600 കോടി രൂപ കൊച്ചിയിലെ എൽ. എൻ. ജി. പദ്ധതിക്കും ഒക്കെയായിട്ട് ഏതാണ്ട് ഈ ഗവൺമെന്റിന്റെ പൂർത്തീകരണ ഘട്ടമാകുമ്പോഴേക്കും 30,000 കോടി രൂപയുടെ നിക്ഷേപം ഇവിടെ വന്നു ചേരുമെങ്കിൽ അത് വ്യവസായ രംഗത്തെ വികസനമാണ്. സർ, കാർഷിക രംഗത്ത് ദീർഘ വീക്ഷണത്തോടെയുള്ള ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. തെങ്ങ് കൃഷിയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1924 കോടി രൂപയുടെ പദ്ധതി കേന്ദ്രം അംഗീകരിച്ചിരിക്കുന്നു. കുട്ടനാട്ടിലെ കൃഷി വികസനത്തിന് 200 കോടി രൂപ അനുവദിച്ചിരിക്കുന്നു. അതുപോലെതന്നെ കാർഷിക കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി പെരണിയൽ ക്രോപ്പിനെ സഹായിക്കുന്നതിനുവേണ്ടി 106 കോടി രൂപ നേടിയെടുത്തിരിക്കുന്നു. സർ ഐ. ടി. രംഗത്തും ടൂറിസം രംഗത്തും ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ച ഈ ഗവൺമെന്റ് ഒരു നവകേരളത്തിനുവേണ്ടി നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകുമ്പോൾ അതിനെതിരായി അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അവതരിപ്പിക്കുന്ന ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ)

ഡോ. കെ. സി. ജോസഫ്: ശ്രീ. ഉമ്മൻചാണ്ടി നേതൃത്വംകൊടുക്കുന്ന ഗവൺമെന്റിനെതിരായി അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻഅനുകൂലിക്കുകയാണ്. കഴിഞ്ഞ 50 മാസക്കാലത്തെ ഭരണം കൊണ്ട് ഈ സംസ്ഥാനത്തെ സർവ്വനാശത്തിലേക്ക് നയിച്ച ഒരു ഗവൺമെന്റിനെതിരായിട്ടാണ് ഈ അവിശ്വാസ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞടുപ്പുകാലത്ത് ജനങ്ങളുടെ മുമ്പിൽ വച്ച വാഗ്ദാനങ്ങൾക്കു ഘടകവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തി വികസനത്തെ മുരടിപ്പിക്കുക മാത്രമല്ല, കേരളത്തിന്റെ സമസ്ത മേഖലകളേയും പിന്നോട്ടു നയിച്ച ഒരു ഗവൺമെന്റാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. ഇവിടെ ബഹുമാന്യരായ എ. എൻ. രാജൻ ബാബു, തോമസ് ചാഴികാടൻ അടക്കമുള്ളവർ മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കിയ ഒരു ഗവൺമെന്റാണിത് എന്ന് പറയുമ്പോഴും ഓരോ വകുപ്പിന്റെയും പ്രവർത്തനത്തെ എടുത്ത് വിലയിരുത്തുമ്പോൾ അവിടത്തെ വളർച്ച മുകളിലേക്കല്ല താഴേയ്ക്കാണെന്ന് കാണാൻ കഴിയും. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച എന്നു പറയുന്നത് റബ്ബർ കൃഷി മേഖലയിൽ മാത്രമാണ്. ബാക്കി എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ഈ ഗവൺമെന്റ് നിയമസഭയിൽ വച്ചിട്ടുള്ള രേഖയിൽ തന്നെ പറയുന്നത് അതാണ്. ഓരോ പ്രധാനപ്പെട്ട മേഖലയും എടുത്തു പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. നെല്ലിന്റെ പ്രൊഡക്ഷൻ 2000-01-ൽ 7.51 ലക്ഷം ടൺ ആയിരുന്നെങ്കിൽ 2003-04 ആയപ്പോൾ 5.7 ലക്ഷം ടണ്ണായി അതിന്റെ പ്രൊഡക്ടിവിറ്റി. 2000-01-ൽ ഒരു ഹെക്ടറിന് 2162 കിലോഗ്രാം ആയിരുണെങ്കിൽ ഇന്ന് 1984 ആയി

LIBRARY ARCHIVES Kerala Legislative Assembly

അത് കുറഞ്ഞിരിക്കുന്നു. നാളികേരത്തിന്റെ കാര്യത്തിൽ 2000-01-ൽ 5536 മില്ല്യൺ നാളികേരം ഇവിടെ ഉൽപ്പാദിപ്പിച്ചിരുണെങ്കിൽ 2003-04 ആയപ്പോൾ 5484 മില്ല്യൺ നട്ട്സായി കുറഞ്ഞിരിക്കുന്നു. ഇതാണ് ഉൽപ്പാദന രംഗത്തും ഉൽപ്പാദനക്ഷമത യുടെ കാര്യത്തിലും ഉണ്ടായിട്ടുള്ള മാറ്റം. വിലയുടെ കാര്യത്തിലും കുറവു തന്നെ ഉണ്ടായിരിക്കുന്നു. 2000-01-ൽ സംസ്ഥാന ഗവൺമെന്റിന്റെ ആകെ വരുമാനത്തിന്റെ 16.1 ശതമാനം കൃഷി മേഖലയിൽനിന്നുമായിരുന്നു; ഇപ്പോൾ അത് 13 ശതമാന മായി കുറഞ്ഞിരിക്കുന്നു. ഇതെല്ലാമായിട്ടും കൃഷിമേഖല വളർന്നിരിക്കുന്നു എന്ന് പറയുന്നതിൽ എന്താണ് അർത്ഥം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെല്ല് സംഭരിക്കുന്നതിനുവേണ്ടി കൊടുത്ത തുകയുടെ എത്രയോ മടങ്ങ് ഈ ഗവൺമെന്റ് കൊടുത്തു എന്ന്. എന്നാൽ ഇപ്പോൾ 18 കോടി രൂപ കൊടുത്തപ്പോഴും 2 കോടി അല്ലെങ്കിൽ 5 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ചെലവ ഴിച്ചപ്പോൾ ഉള്ളതിനേക്കാൾ മോശമായ അവസ്ഥയിലേക്ക് നെൽക്കൃഷി മേഖല എത്തി നിൽക്കുന്നു എന്നുള്ളതല്ലേ വസ്തുത? ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ച സംഘങ്ങൾ ആകെ പ്രതി സന്ധിയിലല്ലേ? നെല്ല് സംഭരണ ഏജൻസികൾക്ക് നെല്ല് വിറ്റഴിക്കാൻ കഴിയാതിരി ക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. മേയ് മൂന്നാം തീയതി എന്നുള്ള ഒരു തീയതി യിൽ സ്റ്റോക്ക് അറിയിക്കാത്ത സംഘങ്ങളുടെ നെല്ലെടുക്കുകയില്ല. അതാണോ വാഗ്ദാനം? സർക്കാർ നിശ്ചയിച്ച വിലയ്ക്കനുസരിച്ച് സംസ്ഥാനത്ത് സംഭരിച്ചി ട്ടുള്ള മുഴുവൻ നെല്ലും എഫ്. സി. ഐ.-യെക്കൊണ്ട് വാങ്ങിപ്പിച്ചു. ഇത് നഷ്ടപ്പെ ടാതെ സൂക്ഷിക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. എന്നാൽ ആ ഉറപ്പ് പാലിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സാങ്കേതികത്വം പറയുമ്പോൾ മേയ് മൂന്നാം തീയതിക്ക് മുമ്പ് അറിയിച്ചിട്ടുള്ള സംഘങ്ങളുടെപോലും നെല്ല് ഏറ്റെടുക്കുന്നതിന് തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ കോൺഫ റൻസിൽ എടുത്ത തീരുമാനമനുസരിച്ചുപോലുമുള്ള നെല്ല് എടുക്കുന്നുണ്ടോ? സാങ്കേതികത്വം പറയുന്നതുതന്നെ ശരിയല്ലെന്നിരിക്കേ, ഈ പറയുന്ന സാങ്കേതി കത പോലും പാലിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഇത് കേരള ത്തിലെ കൃഷിക്കാരെ സർവ്വ നാശത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്, ഗവൺമെന്റിന്റെ ഈ നിലപാട് കേരളത്തിലെ നെൽക്കൃഷി മേഖലയുടെ നില നിൽപ്പിനെത്തന്നെ ബാധിക്കുന്ന ഒരു സ്ഥിതിയിലേക്കാണ് കൊണ്ടു ചെന്നെത്തി ക്കുന്നത് എന്നുമാത്രം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഇതു പോലെ ഓരോ മേഖലയും എടുത്താൽ അവിടെ വികാസം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്ന് കാണാം. വ്യാവസായിക മേഖലയാകട്ടേ, തൊഴിൽ മേഖലയാ കട്ടേ, വിദ്യാഭ്യാസ മേഖലയാകട്ടേ എല്ലാ രംഗത്തും അതാണ് സ്ഥിതി. വിദ്യാഭ്യാസ രംഗത്ത് എഞ്ചിനീയറിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചതിനെക്കുറിച്ച് ഭരണ കക്ഷി അംഗങ്ങൾ ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എഞ്ചിനീയറിംഗ് കോളേജുക ളിൽ ഉണ്ടായിരുന്ന സീറ്റുകൾ ഇരട്ടിയിലേറെയായി. ആ ഗവൺമെന്റ് പോകു മ്പോൾ സീറ്റ് വർദ്ധിപ്പിച്ചു. അപ്പോഴും അതിനു മുമ്പുണ്ടായിരുന്ന ഐക്യജനാ ധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഐ. എച്ച്. ആർ. ഡി. പോലെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള സ്ഥാപനങ്ങളിൽ 100 സീറ്റിലും വലിയ തുക കൊടുക്കേണ്ടി വന്നപ്പോൾ 50:50 എന്ന അനുപാതത്തിൽ ഫ്രീ സീറ്റും പേമെന്റ് സീറ്റുമായി മാറ്റിവച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സഹകരണ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിച്ച 50% സീറ്റുകൾ സർക്കാർ ഫീസിൽ കൊടുത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വലിയ ചലനങ്ങൾ ഉണ്ടാക്കുവാൻ അന്ന് കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് ആ സമ്പ്രദായം മാറ്റി ചോദിച്ചവർക്ക് മുഴുവൻ എൻ. ഒ. സി. നൽകി കേരളം ഹയർ എഡ്യൂക്കേഷന്റെ ഡെസ്റ്റിനേഷൻ ആക്കുമെന്ന് പറയുമ്പോൾ, സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം ഈ രംഗത്ത് വളർച്ച നേടാനാകുമോ? പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുവാൻ പാവപ്പെട്ടവർക്ക് സൗകര്യം ലഭിക്കുന്നതിലൊക്കെയുള്ള മാറ്റങ്ങളെക്കുറിച്ച് നാം കാണേണ്ടതല്ലേ? എന്നാൽ ആ നിലയിലുള്ള മാറ്റം ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഇവിടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തായാലും എൻജിനീയറിംഗ് വിദ്യാഭ്യാസ രംഗത്തായലും പുതിയതായി കോളേജുകൾ അനുവദിക്കുമ്പോൾ, വിദ്യാർത്ഥികൾക്ക് നല്ല പരിശീലനം നൽകാനാവശ്യമായ അദ്ധ്യാപകർ അവിടെയുണ്ടോയെന്നകാര്യം നാം പരിശോധിക്കാറുണ്ടോ? അതിന്റെയൊക്കെ പരിണത ഫലമെന്താണ്? സർക്കാർ സ്ഥാപനങ്ങളിൽ അദ്ധ്യാപകർ ഇല്ലാതാകുന്നു. മെഡിക്കൽ കോളേജിലെ അദ്ധ്യാപകർ അവിടെ നിന്ന് ലീവെടുത്ത് സ്വകാര്യമേഖലയിലേക്ക് പോകുന്നു. സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പരിശീലനം കിട്ടുന്നില്ല. ആ നിലയിൽ ഈ വിദ്യാഭ്യാസ രംഗത്തെ ഗുണമേൻമയെ തകർക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ചില മെമ്പർമാർ ചെക്കിന്റെ കാര്യം പറഞ്ഞല്ലോ? കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരുന്നു ചെക്ക് മാറുന്നില്ല എന്ന കാര്യം. ആറ് മാസക്കാലത്തേക്കുണ്ടായ ചില സാമ്പത്തിക ബുദ്ധിമുട്ടുകൾ, കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന് നൽകേണ്ടിയിരുന്ന വിഹിതം നൽകാതെ, അവർ കൊടുക്കേണ്ടിയിരുന്ന ലോൺ കൊടുക്കാതെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കിയപ്പോൾ ഉണ്ടായ ചില ബുദ്ധിമുട്ടുകൾ നിങ്ങൾ പെരുപ്പിച്ചു കാട്ടി. ആ ഒരു സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായപ്പോൾപ്പോലും അഞ്ച് വർഷവും പദ്ധതി വിഹിതം പൂർണ്ണമായി കൊടുത്തു; പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് മുഴുവൻ വിഹിതവും കൊടുത്തിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതെങ്കിലും ഒരു വർഷം ഈ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞോ? ഏതെങ്കിലും ഒരു വർഷം പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് പറഞ്ഞ തുക പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ലെന്ന് മാത്രമല്ല ഇപ്പോൾ എല്ലാ രംഗത്തും കുടിശ്ശികയാണ്. ഏതാണ്ട് 1,200 കോടി രൂപ പൊതുമരാമത്ത് മേഖലയിൽ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ട്. 26 മാസത്തെ പെൻഡിംഗ് ബില്ലാണ് പി. ഡബ്ല്യു. ഡി. യിലുള്ളത്. മറ്റ് സാമൂഹ്യ സുരക്ഷാ മേഖലയിലുള്ള പെൻഷനുകളിൽ വൻ കുടിശ്ശികയുണ്ട്. ഈ നിലയിൽ ചെക്ക് മാറുന്നില്ല, ചെക്ക് മാറാതെ പോകുന്നു എന്നൊക്കെ പറയുന്നുണ്ട്. ഇപ്പോൾ നിങ്ങൾ ചെക്ക് കൊടുക്കുന്നേയില്ല. ചെക്ക്കൊടുക്കാതെ എങ്ങനെ ചെക്ക് മടങ്ങും? അനുവദിക്കേണ്ടുന്ന വിഹിതംപോലും കൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചോർന്ന് കിട്ടിയ ഡ്രാഫ്റ്റ് റിപ്പോർട്ടാണ് ഇപ്പോൾ നിങ്ങളുടെ ഏക ആശ്രയം. എസ്. എൻ. സി. ലാവ്‌ലിൻ-അങ്ങനെയൊരു റിപ്പോർട്ട് ഉണ്ടോ? അതൊരു ഡ്രാഫ്റ്റ് റിപ്പോർട്ടാണ്. അത് നമുക്ക് അറിയില്ലേ? എ. ജി. റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്നതിന് മുമ്പ് ഡ്രാഫ്റ്റ് റിപ്പോർട്ട് അതാത് വകുപ്പിന് അയച്ചുകൊടുക്കും. അവരുടെ കമന്റ്സ് വാങ്ങും. റിപ്പോർട്ട് ഫൈനലൈസ് ചെയ്ത് നിയമസഭയിൽ വയ്ക്കും. നിയമസഭയിൽ വച്ച റിപ്പോർട്ടായാൽപോലും അതിലെ പവിത്രത നിങ്ങൾക്ക് പറയാൻ കഴിയുമോ? എങ്കിൽ പാംഓയിൽ വിവാദത്തിൽ എ. ജി. യുടെ റിപ്പോർട്ട് ഈ നിയമസഭയിൽ കൊണ്ടുവന്ന് ശ്രീ. ഹസ്സൻ ചെയർമാൻ ആയിട്ടുള്ള പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി അതിനെ കുറിച്ച് അന്വേഷണം നടത്തണമെന്ന് പറഞ്ഞു. എന്താണ് മുഖ്യമന്തിയുടെ സ്റ്റാൻഡ്? എ. ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞത്, അത് അന്യായമായിരുന്നു, അതിൽ അഴിമതിയില്ല, സംസ്ഥാനത്തിന് ഗുണകരമാണ്, അതുകൊണ്ട് എടുത്ത വിജിലൻസ് കേസ് തന്നെ പിൻവലിക്കാൻ പോകുന്നു എന്ന് പറയുന്ന ആളുകൾക്ക് ഈ ഡ്രാഫ്റ്റ് റിപ്പോർട്ടിനെ കുറിച്ച് പറഞ്ഞുകൊണ്ട് എങ്ങനെ ജനങ്ങളെ കബളിപ്പിക്കാൻ കഴിയും? ഇങ്ങനെ അർത്ഥശൂന്യമായ വാദഗതികൾ നിരത്തി നിങ്ങളുടെ കെടുകാര്യസ്ഥതയും ജനവിരുദ്ധ സമീപനവും പരാജയവും മറച്ചുവയ്ക്കാൻ നിങ്ങൾക്ക് കഴിയില്ല. അങ്ങനെ എല്ലാ മേഖലയിലും ഈ രാജ്യത്തെ സർവ്വനാശത്തിലേക്ക് നയിച്ച് വാഗ്ദാനലംഘനങ്ങൾ നടത്തി നാടിന്റെ വികസനം മുരടിപ്പിച്ച ഈ ഗവൺമെന്റിന് ഇനി തുടർന്നുകൊണ്ടുപോകാനുള്ള ധാർമ്മിക അവകാശം നഷ്ടപ്പെട്ടിരിക്കുന്നു എന്നതു കൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. വന്ന വഴി ചിന്തിക്കുമ്പോഴേ പോകുന്ന വഴിയെപ്പറ്റി ആലോചിക്കാൻ കഴിയു. ഈ രാജ്യത്തുള്ള മതമൗലികവാദികൾക്ക്, നടപ്പിലാക്കാൻ കഴിയാത്ത വാഗ്ദാനങ്ങൾ കൊടുത്തുകൊണ്ട് അവരുടെ വോട്ട് വാങ്ങി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ നിങ്ങൾക്ക് മനഃസാക്ഷി അനുസരിച്ച് ഈ രാജ്യത്തെ ജനങ്ങളോട് നീതി ചെയ്യാൻ കഴിയില്ല. അതനുസരിച്ച് ഭരിക്കാൻ കഴിയില്ല. ഞാൻ ചോദിക്കട്ടെ, ആദിവാസികളെ വെടിവച്ച് കൊന്ന ഒരു ഗവൺമെന്റല്ലേ ഇത്? മുഹമ്മദ് യാസിന്റെ റിപ്പോർട്ട് പൂഴ്ത്തി വൃക്ക കച്ചവടക്കാർക്ക് സഹായം ചെയ്യുന്ന ഒരു ഗവൺമെന്റല്ലേ ഇത്? രാജൻ മധേക്കർ റിപ്പോർട്ട് പൂഴ്ത്തിവച്ചുകൊണ്ട് കള്ളപ്പട്ടയക്കാർക്ക് ഓശാന പാടുന്ന ഒരു ഗവൺമെന്റല്ലേ ഇത്? 23,000 കോടി രൂപയുടെ കടവുമായി വന്നു എന്ന് പറഞ്ഞ് ഞങ്ങളെ അപമാനിച്ചിട്ട് ഇപ്പോൾ 48,000 കോടി രൂപയുടെ കടമാക്കി കേരളത്തിലെ ജനങ്ങളെ വഞ്ചിച്ച ഒരു ഗവൺമെന്റല്ലേ ഇത്? തൊഴിൽ മേഖലയെ തകർത്ത ഒരു ഗവൺമെന്റല്ലേ ഇത്? കാർഷിക മേഖലയെ തകർത്ത ഒരു ഗവൺമെന്റല്ലേ? ഏത് മേഖലയിലാണ് നിങ്ങൾക്ക് നേട്ടം ചൂണ്ടിക്കാണിക്കാണിക്കാനുള്ളത്? ഇന്ന് കൃഷിക്കാരുടെ ഗതിയെന്താണ്? കാർഷിക വിളകളുടെ വിലയിടിവ് പറഞ്ഞുകൊണ്ട് പ്രചരണം നടത്തി അധികാരത്തിൽവന്ന നിങ്ങൾക്ക് ഇന്ന് കാർഷികമേഖലയെപ്പറ്റി ചിന്തിക്കാൻ കഴിയുമോ? എവിടെയും കച്ചവട മനഃസ്ഥിതി മാത്രമാക്കി മാറ്റിയില്ലേ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ? അപ്പോൾ ഒരു മേഖലയിലും നേട്ടങ്ങളെപ്പറ്റി മിണ്ടാൻ അവകാശമില്ലാത്ത ഒരു ഗവൺമെന്റ് എന്തിന് ഇനി അധികാരത്തിലിരിക്കുന്നു? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഉണ്ടായ ഉപതെരഞ്ഞെടുപ്പിലെല്ലാം ജനം ഗവൺമെന്റിനെതിരായി വിധി പറഞ്ഞു. നിങ്ങൾ അവിടെ ഇരിക്കണ്ട, നിങ്ങൾ ഇറങ്ങിപ്പോകണം എന്ന് ആവശ്യപ്പെട്ടു. പക്ഷെ നിങ്ങൾ വീണ്ടും ചടഞ്ഞ്കൂടിയിരിക്കുന്നു. നൂറുമായി വന്ന നിങ്ങൾ 85 ആയി. അധികം താമസിയാതെ ഇനിയും എണ്ണം കുറയും. അതിൽ എനിക്ക് സംശയമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി വന്നിട്ടുണ്ട്. അങ്ങ് ആലോചിക്കണം, അങ്ങയെ ഈ നിയമസഭയിലേക്ക് പറഞ്ഞുവിടുന്നതിൽ എറ്റവും കൂടുതൽ സംഭാവന ചെയ്ത മണർകാട് പള്ളിയിലെ അഭിവന്ദ്യ അച്ചന്മാരെയും ആ ഇടവക വിശ്വാസികളെയും ഭീകരമായി മർദ്ദിച്ചത് അങ്ങയുടെ പോലീസാണ്. ശ്രീ. ബാലകൃഷ്ണ പിള്ള അക്കാര്യം ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിലേക്ക് കടക്കുന്നില്ല. അങ്ങ് ആലോചിക്കണം. നടയടി കൊടുക്കുന്നതുപോലെ പോലീസുകാർ രണ്ട് ലൈനായി നിന്നിട്ട് അങ്ങേക്ക് വോട്ട് ചെയ്ത് അങ്ങയെ വിജയിപ്പിച്ച് വിട്ട വൈദികൻമാരുടെ താടിയിൽ പിടിച്ച് അമ്മാനമാടി; വൈദികനെ ഭീകരമായി മർദ്ദിച്ചു. വൈദികരെ മാത്രമാണോ? വിശ്വാസികളെ മർദ്ദിച്ചില്ലേ? കളക്ടറെ അതു അന്വേഷിക്കാനായി വച്ചിരിക്കുകയാണ്. നാണമുണ്ടോ നിങ്ങൾക്ക്? കളക്ടർ നിങ്ങളുടെ ഉദ്യോഗസ്ഥനല്ലേ? വളരെ മോശമായിപ്പോയി. മുഖ്യമന്ത്രി അങ്ങോട്ടേക്ക് ചെല്ലണ്ടേ? എനിക്ക് അങ്ങയോട് ആവശ്യപ്പെടാനുള്ളത് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് അങ്ങ് ഉത്തരവിടണം, അല്ലാതെ പോയാൽ കാര്യമില്ല എന്നാണ്. ഇല്ലെങ്കിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ അങ്ങയെ ജനങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു നിലയുണ്ടാകും. അങ്ങ് അത് മനസ്സിലാക്കണം. ഞാൻ ചോദിക്കട്ടെ, അങ്ങ് ഇപ്പോൾ എന്തെല്ലാം പരിപാടികളുമായിട്ടാണ് ഇറങ്ങിയിരിക്കുന്നത്? ജനസമ്പർക്ക പരിപാടി, 14 ജില്ലയിലും ഓശാന പാടി നടന്നു. അത് കഴിഞ്ഞ് ഇപ്പോൾ വേറൊരെണ്ണം തുടങ്ങിയിട്ടുണ്ട്. സുതാര്യ കേരളം ദൂരദർശനിൽ. ജനസമ്പർക്ക പരിപാടിയും സുതാര്യ കേരളവും. ഈ സുതാര്യ കേരളം പരിപാടി, 23 സെക്കന്റ്, എല്ലാ ശനിയാഴ്ചയും ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ശനിയാഴ്ച ഏഴര മണിക്ക് ജിജി തോംസൺ എന്ന ഐ. എ. എസ്.-കാരനാണ് ഇതിന്റെ കച്ചവടക്കാരൻ. അതിൽ ലില്ലിക്കുട്ടിയെയാണ് കാണിക്കുന്നത്. ഇപ്പോൾ എത് പരസ്യമെടുത്താലും ലില്ലിക്കുട്ടിയാണ്. ലില്ലിക്കുട്ടിയുടെ പടം ഇതാണ് (സഭയിൽ പടം ഉയർത്തി കാണിച്ചു) ബഹുദൂരം അതിവേഗം മുഖ്യമന്ത്രിയുടെ പടത്തോടൊപ്പം ലില്ലിക്കുട്ടിയുടെ പടവുമുണ്ട്. അതുകഴിഞ്ഞ് 100 ദിവസം; ജനങ്ങളോടൊത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിവസം. അതിനകത്തും ലില്ലിക്കുട്ടി. ആ ലില്ലിക്കുട്ടി എങ്ങനെയാണ് ഇരിക്കുന്നത്? കണ്ടോ? ലില്ലിക്കുട്ടി നമ്മുടെ മുഖ്യമന്ത്രിയുടെ താടിയിൽ പിടിച്ച് വെട്ടിക്കുന്ന ഭാഗമാണിത്. മനസ്സിലായല്ലോ? ലില്ലിക്കുട്ടി..... ഈ ലില്ലിക്കുട്ടിക്ക് വേണ്ടി പ്രചരണം നടത്താൻ 5 കോടി രൂപയാണ് ചെലവാക്കിയത്. ലില്ലിക്കുട്ടിയുടെ പോസ്റ്റർ, ലക്ഷക്കണക്കിന് പോസ്റ്റർ, ഉമ്മൻചാണ്ടിയുടെ താടിക്ക് ലില്ലിക്കുട്ടി പിടിക്കുന്ന പോസ്റ്റർ കേരളം മുഴുവൻ അടിച്ചൊട്ടിച്ചു. ആ ലില്ലിക്കുട്ടിയുടെ ഗതി ഇപ്പോൾ എന്താണ്? ആ ലില്ലിക്കുട്ടിയുടെ കാര്യം മംഗളം

LIBRARY ARCHIVES Kerala Legislative Assembly

പത്രത്തിൽ വന്നിട്ടുണ്ട്. 9-ാം തീയതിയിലെ പത്രമാണ്. ലില്ലിക്കുട്ടിയുടെ കാര്യം, ചങ്ങനാശ്ശേരി കുറിച്ചി കൃഷിഭവനിലാണ് മലങ്കുന്നം വിരാളശ്ശേരി ലില്ലിക്കുട്ടി വർഗ്ഗീസ് ജോലി ചെയ്യുന്നത്. 1987 നവംബർ 1-ന് മുൻപ് കാഷ്വൽ സ്വീപ്പർ ജോലിയിൽ പ്രവേശിച്ചവരെ പാർട്ട് ടൈം കണ്ടിജൻസിയിൽ നിയമിക്കാൻ സർക്കാർ ഉത്തരവുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനങ്ങളോടൊത്തുള്ള ഈ ബഹുദൂരം അതിവേഗം ജനസമ്പർക്ക പരിപാടിയിലും സുതാര്യ കേരളത്തിലുമൊക്കെ ലില്ലിക്കുട്ടി പോയി മുഖ്യമന്ത്രിയെ കണ്ടു. ആ മുഖ്യമന്ത്രിയെ കാണുന്ന പടമാണിത് (പടം സഭയിൽ ഉയർത്തി കാണിച്ചു). ഇത് നല്ല പടം, സുന്ദരമായിരിക്കുന്നു. പക്ഷേ ഒരു കാര്യം ഈ ലില്ലിക്കുട്ടി കഴിഞ്ഞ ദിവസം കോട്ടയം ജില്ലാ കളക്ട്രേറ്റിൽവച്ച് പറഞ്ഞത്, മുഖ്യമന്ത്രി പറഞ്ഞു, ഈ ജോലി ഉറപ്പിച്ചു എഴുതിക്കൊടുത്തിട്ട് ധൈര്യമായിട്ട് പൊയ്ക്കൊള്ളാം എന്നാണ്. മുഖ്യമന്ത്രിയുടെ പറച്ചിലൊക്കെ വളരെ നന്നായിരുന്നു പക്ഷേ ആ ലില്ലിക്കുട്ടിയുടെ ഗതി അറിയാമോ? നിങ്ങളറിയണം. ലില്ലിക്കുട്ടിയെ ഞാൻ ഇപ്പോൾ ഫോണിൽ 9.57-ന് ആ ലില്ലിക്കുട്ടിയുടെ ഫോൺ നമ്പർ തപ്പിപ്പിടിച്ച് വിളിച്ചു. അങ്ങ് ഈ നമ്പർ എഴുതിയെടുക്കണം 04812322419 അങ്ങ് എഴുതിയെടുക്കണം. അങ്ങയുടെ അയൽവാസിയാണ്. ആ ലില്ലിക്കുട്ടിയെ ഞാൻ വിളിച്ചു പി.സി.ജോർജ് എം.എൽ.എ. ആണെന്നു പറഞ്ഞു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ജോലി ശരിയായോ എന്നു ചോദിച്ചു. അപ്പോൾ വലിയ ഒരു കരച്ചിലാണ് ഞാൻ ഫോണിലൂടെ കേട്ടത്. അങ്ങ് വിളിക്കണം..... (ബഹളം)..... രാവിലെ 9 മണി 57 മിനിറ്റ് 54 സെക്കന്റിൽ മൊബൈൽ ഫോണിൽ ഞാൻ വിളിക്കുന്നു. അന്നേരം അവർപറഞ്ഞു, ഈ അടുത്ത കാലത്ത് മുഖ്യമന്ത്രിയെ കണ്ട് അപേക്ഷ കൊടുത്തു, ഒരു കാര്യവും നടന്നിട്ടില്ല, ജോലി തരപ്പെട്ടിട്ടില്ലയെന്ന്. അതിലും കടുംകൈ കഴിഞ്ഞ ദിവസം കോട്ടയം ജില്ലയിൽ ഒരു ഉദ്യോഗസ്ഥനെ കാണാൻ അവർ ചെന്നപ്പോൾ ഉണ്ടായി. ആ ഉദ്യോഗസ്ഥനോട് പറഞ്ഞു, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിങ്ങൾ എല്ലാവരും ഉണ്ടായിരുന്നല്ലോ, എനിക്ക് ജോലി തരാമെന്നു മുഖ്യമന്ത്രി പറഞ്ഞതാണ്, അത് ഉറപ്പാണ്, അതുകൊണ്ട് ആ കാര്യത്തിൽ ഓർഡർ വേണം എന്ന്. അത് പറഞ്ഞപ്പോൾ ആ ബഹുമാനപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞു, മുഖ്യമന്ത്രി അങ്ങനെ പലതും പറയും ഇതൊന്നും നടക്കുകയില്ല എന്ന് എന്റെ മുഖ്യമന്ത്രീ, അങ്ങയോട് ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെയുള്ള ബഹുമാനവും ആദരവും എനിക്കുണ്ട്. എന്തിനാണ് ഈ ലില്ലിക്കുട്ടിയുമായിട്ട് ഈ നടപ്പ് നടക്കുന്നത്? ഈ പോസ്റ്റർ കേരളം മുഴുവൻ ഒട്ടിച്ചിരിക്കുകയാണ്. രാത്രി ഏഴര മണിക്കുള്ള ദൂരദർശൻ പരിപാടിയിൽ, ശ്രീ. ജിജി തോംസൺ കൂടി പങ്കെടുക്കുന്ന പരിപാടിയിൽ ഈ ലില്ലിക്കുട്ടിയെയാണ് കാണിക്കുന്നത്. പക്ഷേ ഇതുവരെ കാര്യം നടന്നിട്ടില്ല. ഇതു മോശമല്ലേ, ഇത് വളരെ മോശമല്ലേ. ഇവിടെ ശ്രീ. എം.എം. ഹസ്സൻ വളരെ ആവേശത്തോടെ പറയുകയാണ് സി.എ.ജി. റിപ്പോർട്ടിനെപ്പറ്റി ഞാൻ ചോദിക്കട്ടെ, ആ റിപ്പോർട്ടിൽ അങ്ങനെ വന്നു. ആ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കട്ടെ. നിയമസഭ കാണണ്ടേ? നിയമസഭ കാണാതെ നിങ്ങൾക്ക് എങ്ങനെ കിട്ടി? ശ്രീ. ആര്യാടൻ മുഹമ്മദ് ചോർത്തി തന്നതാണോ? പറയണം. ആ റിപ്പോർട്ടിന്റെ ചരിത്രത്തെപ്പറ്റി പറഞ്ഞു. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വിനയത്തോടുകൂടി ശ്രീ. ഹസ്സനോട് ചോദിക്കുകയാണ്. ശ്രീ. ഹസ്സൻ, ഇവിടെ നിയമസഭയിൽവച്ച് അംഗീകരിച്ച കുറ്റ്യാടി വിപുലീകരണ പദ്ധതിയുടെ റിപ്പോർട്ടുണ്ട്. യഥാർത്ഥ നീരൊഴുക്കിൽ വേണ്ടത്ര പരിഗണന നൽകാതെ ക്രമാതീതമായി കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പിലാക്കിയതിൽ 201.40 കോടി രൂപയുടെ മുതൽമുടക്ക് പ്രയോജനരഹിതമാക്കിത്തീർത്തു. ഈ റിപ്പോർട്ടിനുമേൽ നടപടി സ്വീകരിക്കാത്തത് എന്താണ്? ഇത് ആര് കൊണ്ടുവന്നതാണ്? .....(ബഹളം)..... ഇത് ആരുടെ കാലത്താണ്?

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, പോയിന്റ് ഓഫ് ഓർഡറുണ്ട്.

ശ്രീ. പി.സി. ജോർജ്: സർ, എന്തു പോയിൻറ് ഓഫ് ഓർഡർ...അനുവദിച്ചോ. എന്ത് പോയിന്റ് ആരുടെ പോയിന്റ് .....(ബഹളം)..... എന്ത് പോയിന്റ് ഓഫ് ഓർഡർ .....(ബഹളം).....

മിസ്റ്റർ ചെയർമാൻ: അങ്ങ് conclude ചെയ്യണം.

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, എനിക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ സമയം തരണം.

മിസ്റ്റർ ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ അങ്ങ് പറയണം.

ശ്രീ. ടി.എച്ച്. മുസ്തഫ: അവരുടെ ബഹളം തീർന്നോട്ടെ.....(ബഹളം)..... അവരുടെ ബഹളം നിർത്തട്ടെ അദ്ദേഹം കുറെ മാസികകളും കുറെ പോസ്റ്ററുകളും.....

ശ്രീ. പി.സി. ജോർജ്: ഇദ്ദേഹം എന്താണ് പറയുന്നത്? എന്തോ പറ്റി..... ഇദ്ദേഹത്തിനു എന്തു സംഭവിച്ചു?

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, അദ്ദേഹം കുറെ മാസികകളും പോസ്റ്ററുകളും പൊക്കിപ്പിടിച്ചു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പൊതുജന സമ്പർക്കപരിപാടിയിൽ പങ്കെടുത്തപ്പോൾ അദ്ദേഹത്തെ വന്നു കണ്ട ലില്ലിക്കുട്ടി പരാതിയുമായി മുഖ്യമന്ത്രിയുടെ മുമ്പിൽ നിൽക്കുന്ന പടമാണത്. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് എടുത്ത പടം, അതാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ അടുത്ത് പരാതിയുമായി വരുമ്പോൾ, മുഖ്യമന്ത്രിക്കു കൊടുക്കുന്ന അപേക്ഷയിന്മേൽ മുഴുവനും മുഖ്യമന്ത്രിക്ക് അനുവദിക്കാൻ പറ്റില്ല. മുഖ്യമന്ത്രിക്ക് സർക്കാർ ഉദ്യോഗത്തിൽ നേരിട്ട് നിയമനം നടത്താൻ പറ്റില്ല. നേരിട്ട് നിയമനം നടത്തണമെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലെങ്കിൽ പി.എസ്.സി. വഴിയോ ആയിരിക്കണം. ഈ രണ്ടു വഴിക്കല്ലാതെ മുഖ്യമന്ത്രി നിയമനം നടത്താൻ പാടില്ല. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഈ വാർത്ത, ഈ പോസ്റ്റർ ഇവിടെ കാണിച്ച് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ? സർ, എനിക്ക് റൂളിംഗ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, I, am on a point of order. ഇവിടെ എല്ലാവർക്കും അറിയാവുന്നതുപോലെ അവിശ്വാസ പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. അവിശ്വാസ പ്രമേയ ചർച്ച വന്നപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അവിശ്വാസ പ്രമേയത്തെക്കുറിച്ച് ചർച്ച ആരംഭിച്ച് ഇവിടെ നിരവധി ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും ഈ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ ഒരു കാര്യം അങ്ങേയ്ക്കു കൃത്യമായി മനസ്സിലാകും. ഒരു ഭാഗത്തു നിന്നു ഇരച്ചുകയറിയും ബഹളം ഉണ്ടാക്കുകയും ചെയ്യുന്നത് മറു ഭാഗത്തെ ചർച്ചകൾ ജനങ്ങൾ കേൾക്കാതിരിക്കാനാണ്. അത് ഈ സമൂഹവും രാജ്യവും അറിയാതിരിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ നീക്കമാണ്. ഇപ്പോൾ അതുതന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്പരുകളുടെ അടിസ്ഥാനത്തിലാണെങ്കിൽ ഇങ്ങനെ കൂവി ഇരുത്താൻ കഴിയുമോ, ആരെയെങ്കിലും ഈ നിയമസഭയ്ക്കകത്ത് കൂവിയിരുത്താൻ കഴിയുമോ? ആളുകളെ കൂവി ഇരുത്തി ഏകപക്ഷീയമായി ഈ സഭയിൽ ഇരച്ചുകയറി ചർച്ച ഏകപക്ഷീയമാക്കാനും ചർച്ചയിൽ ശബ്ദം കൊണ്ട് അതിന്റെ ആധിപത്യം ഉണ്ടാക്കാനും അങ്ങ് അനുവദിക്കരുത്. അതുകൊണ്ട് നീതിപൂർവ്വമായ ചർച്ചയാണ് നടക്കേണ്ടത്. ലോകം ഇത് അറിയട്ടെ....

മിസ്റ്റർ ചെയർമാൻ: സഭയിൽ എല്ലാ അംഗങ്ങളും മാന്യമായി പെരുമാറണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നടന്നുകൊണ്ടിരിക്കുന്ന ചർച്ച ലോകം അറിയട്ടെ.

മിസ്റ്റർ ചെയർമാൻ: നടപടിക്രമം അനുസരിച്ച് മുന്നോട്ട് പോകാൻ സമ്മതിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവർക്ക് പറയാനുള്ള കാര്യങ്ങൾ ആളുകളറിയട്ടെ. സാധാരണഗതിയിൽ പലപ്പോഴും പകൃതികൾ എന്ന് അറിയപ്പെടുന്ന ആളുകൾ ബോധപൂർവ്വമായി കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി ഈ സഭയിൽ മനഃപ്പൂർവ്വമായി ചർച്ച കുഴപ്പത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് അങ്ങ് റൂളിംഗ് നൽകണം. മറ്റ് ചർച്ചകൾ അംഗങ്ങൾ പങ്കെടുക്കുന്നതുപോലെ തന്നെ ഈ ചർച്ചയിലും മാതൃകാപരമായി പങ്കെടുക്കണം. അതിന് അങ്ങ് റൂളിംഗ് നൽകണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

മിസ്റ്റർ ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ .....പ്ലീസ് ഇരിക്കണം .....(ബഹളം).....

ശ്രീ. പി.സി. ജോർജ്: അദ്ദേഹത്തിന് എന്തുപറ്റി?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ചെയർമാൻ: മെമ്പർ ഇരിക്കണം പ്ലീസ് ..... ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം. ബഹുമാനപ്പെട്ട പി. സി. ജോർജ് ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹം പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ ഒരു പ്രസിദ്ധീകരണം എടുത്ത് കാണിച്ച് അതിലെ ചില കാര്യങ്ങൾ പറഞ്ഞു എന്നു മാത്രമേയുള്ളൂ. അതിൽ ഒബ്ജക്ഷനുള്ള ഒരു കാര്യം ഉള്ളതായിട്ട് ചെയറിന് ബോധ്യപ്പെട്ടിട്ടില്ല .....(ബഹളം).....

ശ്രീ. പി.സി. ജോർജ്: ബഹുമാനപ്പെട്ട ചെയറിന് നന്ദി.....(ബഹളം)..... ആരാണ് വഴക്കുണ്ടാക്കുന്നത്? എന്താണ് കാര്യം? എന്നെ സംസാരിക്കാൻ അനുവദിക്കണം.

മിസ്റ്റർ ചെയർമാൻ: എല്ലാവരും കൂടി സംസാരിച്ചാൽ സഭ മുന്നോട്ടു കൊണ്ടുപോകാൻ ഒക്കുകയില്ല.....(ബഹളം).....

ശ്രീ. പി.സി. ജോർജ്: ഇദ്ദേഹത്തിന് എന്തുപറ്റി?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് റൂൾ ചെയ്തതിനെ പൂർണ്ണമായി അംഗീകരിക്കുന്നു. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റേത് ഒരു പബ്ലിക് ഡോക്യുമെന്റാണ്. ആ ഡോക്യുമെന്റ് ഇവിടെ അവതരിപ്പിക്കുമ്പോൾ ദുഃസൂചനയുടെ അംശമുണ്ടാകുന്ന രൂപത്തിൽ ആരെങ്കിലും സംസാരിച്ചാൽ അത് അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പക്ഷെ നിയമസഭാ രേഖകളിൽ അത് വരാൻ പാടില്ല. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം. ഒരു നിയമസഭ എപ്പോഴും ഇതുപോലുള്ള കാര്യങ്ങളിൽ വിശുദ്ധിയും പവിശുദ്ധിയും പാലിക്കണം. അതിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചുവെങ്കിൽ അത് അവരുടെ സംസ്കാരമാണ്. അതുകൊണ്ട് അത്തരം പരാമർശങ്ങൾ നിയമസഭാ രേഖയിൽ വരരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മിസ്റ്റർ ചെയർമാൻ: നേരത്തെ ഞാൻ പറഞ്ഞു കഴിഞ്ഞു. ശ്രീ. പി.സി. ജോർജ് ഇവിടെ വായിച്ചത് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രസിദ്ധീകരണമാണ്. അദ്ദേഹം പറഞ്ഞതിൽ അൺ പാർലമെന്ററിയായതോ ദുഃസ്സൂചനയുള്ളതോ ആയ പരാമർശം ഉണ്ടെങ്കിൽ രേഖകൾ പരിശോധിച്ച ശേഷം നടപടി സ്വീകരിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി.സി. ജോർജ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രീ. മുസ്തഫയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഒരു പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർക്ക് യോജിക്കാത്ത വിധത്തിൽ അദ്ദേഹം ഇങ്ങനെ ഇടപെടുന്നത് അങ്ങ് നിയന്ത്രിക്കണം. ഇത്തരം സന്ദർഭങ്ങൾ ഉണ്ടാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ചെയർമാൻ: അങ്ങനെയാണെന്ന് ചെയർ കരുതുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രതിപക്ഷത്തെ നോക്കുകുത്തിയാക്കി വെച്ചിട്ട് അവിശ്വാസ പ്രമേയം കൊണ്ടുവരുന്ന പണിയൊന്നും എനിക്കില്ല.

മിസ്റ്റർ ചെയർമാൻ: ശ്രീ. പി.സി.ജോർജ് കൺക്ലൂഡ് ചെയ്യണം. സമയം കഴിഞ്ഞു ഇനിയും സംസാരിക്കരുത്.

ശ്രീ. പി.സി. ജോർജ്: അവിശ്വാസ പ്രമേയ ചർച്ചയിൽ കുറേ സത്യങ്ങൾ വെളിയിൽ വരുമ്പോൾ ഇതുപോലെ ഹാലിളകുമെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഹാലിളകിയതുകൊണ്ട് കാര്യമില്ല.....(ബഹളം)..... ബഹുമാന്യനായ മുസ്തഫയെപ്പറ്റി ടി.എം. ജേക്കബ്ബ് പറഞ്ഞതിനേക്കാൾ കൂടുതലായി ഒന്നും പറയാനില്ല. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ പരുവമായല്ലോ. ദുഃഖമുണ്ട്. അങ്ങ് പാർലമെന്ററി കാര്യമന്ത്രിയാണ്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

മിസ്റ്റർ സ്പീക്കർ: ശ്രീ. പി.സി. ജോർജ് അങ്ങയുടെ സമയം കഴിഞ്ഞു :.....(ബഹളം)..... അദ്ദേഹം 17 മിനിട്ട് എടുത്തിരിക്കുകയാണ്.

ശ്രീ. പി.സി. ജോർജ്: ഞാൻ അങ്ങയുടെ റൂളിംഗ് മാനിച്ചുകൊണ്ട് ചുരുക്കുകയാണ്. ഞാൻ 5 മിനിട്ടേ സംസാരിച്ചുള്ളൂ.

മിസ്റ്റർ സ്പീക്കർ: പി.സി. ജോർജിന് ആകെ അനുവദിച്ച സമയം 5 മിനിട്ടാണ്. ഞാൻ ഈ പരിപാടിയൊക്കെ അവിടെയിരുന്ന് കാണുന്നുണ്ടായിരുന്നു. പി.സി. ജോർജ് 5 മിനിട്ടിൽ കൂടുതൽ സംസാരിച്ചു.

ശ്രീ. പി.സി. ജോർജ്: ഞാൻ നിർത്തുകയാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത് സി.എ.ജി. റിപ്പോർട്ടിന്റെ ആധികാരികത സഭയിൽ ചർച്ചചെയ്യപ്പെടണമെന്നാഗ്രഹിക്കുന്നു. കുറ്റ്യാടി വിപുലീകരണ പദ്ധതിക്ക് 201.40 കോടി രൂപ നഷ്ടപ്പെടുത്തിയതിനെക്കുറിച്ച് റിപ്പോർട്ടിൽ വന്നിട്ട് ഒരു അന്വേഷണവും നടന്നില്ല. ആരുടെ കാലത്താണ് ഇത്? ഇത് 1993 നവംബറിലെ റിപ്പോർട്ടാണ്. അതിന് നടപടി സ്വീകരിക്കേണ്ടത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എന്നിട്ട് സഭയിൽ വരാത്ത ഒരു റിപ്പോർട്ടെടുത്തുകൊണ്ട് കേരളത്തിലെ ഏറ്റവും പ്രിയങ്കരനായ ജനനേതാവിനെ അപമാനിക്കാൻ നടത്തുന്ന നീക്കം അന്തസ്സിന് ചേർന്നതല്ല.....(ബഹളം).....ആ നടപടിയെ എതിർക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ചർച്ചചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത് .....(ബഹളം)..... ഞാൻ ഇടതുപക്ഷ മുന്നണിയിലെ എല്ലാവരുടേയും വക്കാലത്ത് ഏറ്റെടുക്കുന്നവനാണ്. അതിന് ഒരു മടിയുമില്ല. തന്റേടത്തോടെ പറയുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രവർത്തകർ മുതൽ നേതാക്കന്മാർ വരെയുള്ള എല്ലാവരും എനിക്ക് പ്രിയപ്പെട്ടവരാണ്. അവർക്കുവേണ്ടി പോരാടാൻ ഞാൻ ബാധ്യതപ്പെട്ടവനുമാണ്. ഈ അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, ഈ സഭയിൽ അവതരിപ്പിച്ച അവിശ്വാസ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഞാൻ പ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരിയുടെ പ്രസംഗം മുതൽ ഇപ്പോൾ ഇവിടെ പരാമർശിക്കപ്പെട്ട ശ്രീ. പി.സി. ജോർജിന്റെ ലില്ലിക്കുട്ടി പുരാണം വരെ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. പ്രമേയാവതാരകനായ ശ്രീ. കോടിയേരി ബാലകൃഷ്ണന് ഇന്ന് എന്തുപറ്റി എന്ന് ഇതുവരെ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. നല്ല വാഗ്വൈഭവമുള്ള ആളാണ് ശ്രീ. കോടിയേരി.....(ബഹളം).....

മിസ്റ്റർ സ്പീക്കർ: അവർ സംസാരിക്കട്ടെ. പരാക്രമം സ്ത്രീകളോടല്ല വേണ്ടതു.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: അദ്ദേഹത്തിന്റെ വാഗ്വൈഭവം കൊണ്ട് ഈ സഭയ്ക്കകത്ത് ആടിനെ പട്ടിയാക്കുന്ന വിദ്യ പലവട്ടം ഞാൻ കണ്ടിട്ടുണ്ട്. ആ നുണുക്കു വിദ്യപോലും ഇന്ന് അവതരിപ്പിക്കാൻ നിർഭാഗ്യവശാൽ അദ്ദേഹത്തിന് സാധിച്ചില്ല. തുടക്കമൊക്കെ ഉഗ്രനായിരുന്നു. ഞാൻ വലിയ മല വരുന്നു എന്നാണ് വിചാരിച്ചത്. പക്ഷെ എലിപോലും ആയില്ല. നമ്പറൊക്കെ ഉണ്ടായിരുന്നു. പതിമൂന്നെണ്ണം. നാളെ അവസാനിക്കുമെന്ന് വിചാരിച്ചാണ് പതിമൂന്ന് പോയിന്റുമായി വന്നത്. ചർച്ച ഒരു ദിവസം കൂടി ആയിക്കോട്ടെ എന്ന് പ്രതിപക്ഷനേതാവ് വെറുതെ ഒന്ന് പറഞ്ഞുനോക്കിയതാണ്. അത് ഗവൺമെന്റ് സമ്മതിക്കുകയും ചെയ്തു. ഒരു ദിവസം കൂടി കഴിഞ്ഞ് പതിനാല് വരെ ചർച്ചയുള്ളപ്പോൾ പതിമൂന്നല്ല പതിനാല് പോയിന്റും ആകാമായിരുന്നു. അനുവദിച്ച സമയം 30 മിനിട്ട് കഴിയുന്നതിനു മുമ്പേ ചെയറിൽനിന്ന് ഒരു സൂചന വന്നു. ഇതാ 30 മിനിട്ട് കഴിയാൻ പോകുന്നുവെന്ന്. പറയാനൊന്നുമില്ലാത്ത അനുയായികൾ ഉടനെ ചാടിയെണീറ്റ് പറഞ്ഞു. അവരുടെ പതിനഞ്ചുമിനിട്ടു കൂടി കൊടുക്കുന്നുവെന്ന്. ഈ സഭയിൽ നടന്നകാര്യമാണ് പറയുന്നത്. അദ്ദേഹം പറഞ്ഞത് എനിക്ക് വേണ്ടതേ ഞാനെടുക്കൂ. ബാക്കിയുള്ളത് ബാക്കിയുള്ളവർ എടുത്തോട്ടെ എന്നാണ്. പതിമൂന്നിൽ പല പോയിന്റും പറഞ്ഞുകഴിഞ്ഞ് വിലക്കയറ്റവും വികസന സ്തംഭനവും കഴിയുന്നതും വിസ്തരിച്ച് അദ്ദേഹം പറയാൻ തുടങ്ങി. അനുവദിച്ച സമയം പോലും എന്നിട്ടുമായിട്ടില്ല. തുടർന്ന് ആവർത്തനത്തിലേക്ക് കടന്നു. സുനാമി, കൂട്ടുത്തരവാദിത്വം, മാനിഫെസ്റ്റോ എന്നിങ്ങനെ ആവർത്തിച്ചു. എന്നിട്ടേ സമയം കഴിഞ്ഞുള്ളൂ. ഞാൻ ശ്രദ്ധാപൂർവ്വം ആ പ്രസംഗം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടാണ് ഞാനും അത് അക്കമിട്ട് അക്കമിട്ട് പറയുന്നത്. മൂന്ന് പോയിന്റുകൾ ആവർത്തിച്ച് പറഞ്ഞ് സമയം തീർന്നു എന്ന അറിയിപ്പ് വന്നപ്പോൾ പിന്നെ അഭിമാന പ്രശ്നമായി അനുവദിച്ച പതിനഞ്ച് മിനിട്ടു പ്രസംഗിച്ച് തീർക്കേണ്ടേ? അതിനൊരു മൈതാനപ്രസംഗം. ആന കരിമ്പിൻകാട്ടിൽ കയറിയതുപോലെയായിരുന്നു പിന്നെ അങ്ങോട്ട്. നിർത്താൻ പോകുന്നു എന്ന് പറയാൻ തന്നെ കുറച്ചുസമയമെടുത്തു. കൂത്തുപറമ്പ്-അഴീക്കോട് ഇലക്ഷൻ, പണ്ടത്തെ കൂട്ടുകെട്ട്, ഇപ്പോൾ ഒഴിവില്ലാത്ത കാര്യം, അവസാനത്തെ കോൺഗ്രസ്സ് മുഖ്യമന്ത്രിയായിരിക്കും പത്ത് മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് നടത്തിക്കൂടെ എന്നൊക്കെ ഒരു കാടുകയറ്റം, പാർട്ടി അനുവദിച്ച

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി പതിനഞ്ച് മിനിട്ടുകൊണ്ട് അദ്ദേഹം നടത്തി. ഈ ഗവൺമെന്റിൽ അവിശ്വാസം പ്രഖ്യാപിക്കുന്ന ഒരൊറ്റക്കാര്യം പോലും സമർത്ഥമായി അവതരിപ്പിക്കാൻ പ്രമേയാവതാരകന് കഴിഞ്ഞില്ല എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ ഇനി മൂന്നുദിവസം ഇവിടെ ചർച്ചചെയ്യാൻ പോകുന്നു എന്നുള്ളതിനെക്കുറിച്ച് എനിക്കും ഒന്നും പറയാനില്ല. ജനപിന്തുണയെക്കുറിച്ചാണ് അദ്ദേഹം ആദ്യം സംസാരിച്ചുതുടങ്ങിയത്. അഴീക്കോടും കുത്തുപറമ്പിലും രണ്ട് എൽ.ഡി.എഫ്. സീറ്റുകളിൽ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ പ്രതിപക്ഷാംഗങ്ങൾ വിജയിച്ചതാണ് അദ്ദേഹം ആനക്കാര്യമായി പറഞ്ഞത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ജനപിന്തുണ നഷ്ടപ്പെട്ടു എന്നാണ് പറഞ്ഞത്. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ഉടൻ കേരളത്തിലെ 14 ജില്ലകളിലും പൊതുജന സമ്പർക്കപരിപാടി നടത്തി. രാവിലെ 9 മണിക്ക് തുടങ്ങുന്ന പൊതുജന സമ്പർക്കപരിപാടി പല ജില്ലാ കലക്ട്രേറ്റുകളിലും രാത്രി 12 മണി കഴിഞ്ഞിട്ടും തുടർന്നു. അഭൂതപൂർവ്വമായ ജനപ്രവാഹം മുഖ്യമന്ത്രിയുടെ അടുത്തേക്ക് വരുന്നു. ലില്ലിക്കുട്ടി പുരാണം ഇവിടെ ശ്രീ. പി.സി. ജോർജ് അവതരിപ്പിക്കേണ്ടിവന്നത് ഈ ജനപിന്തുണ കണ്ട് അമ്പരന്നു തന്നെയാണ്. മുഖ്യമന്ത്രിയുടെ ജനപിന്തുണയെക്കുറിച്ച് അറിഞ്ഞ അങ്കലാപ്പോടുകൂടിയാണ് വ്യത്തികെട്ട ഒരു പ്രചരണം വരെ അഴിച്ചുവിട്ട് ജനശ്രദ്ധതിരിക്കാൻ ഇവിടുത്തെ പ്രതിപക്ഷം ശ്രമിച്ചതെന്നും കൂടി ഞാൻ പറയും. ലോക്സഭാ ഇലക്ഷനെക്കുറിച്ചു കൂടി ഇവിടെ പരാമർശിക്കുകയുണ്ടായി. ലോക്സഭാ ഇലക്ഷനിൽ അമ്പേ പരാജയപ്പെട്ടു എന്ന് പറയുമ്പോൾ ശ്രീ. കോടിയേരിക്ക് സ്ഥലകാലഭ്രമം വന്നു. അദ്ദേഹം ഉമ്മൻചാണ്ടി രാജിവെക്കണമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ രേഖ പരിശോധിച്ചാൽ മതി. അത് കഴിഞ്ഞു പറഞ്ഞു. ശ്രീ. ഉമ്മൻചാണ്ടി രാജിവെച്ചു എന്ന്. പിന്നെ അദ്ദേഹം തന്നെ സ്വയംതിരുത്തി. ഉമ്മൻചാണ്ടി അല്ല ശ്രീ. എ.കെ. ആന്റണി രാജിവെച്ചു എന്ന്. അങ്ങനെ സ്ഥലകാല ഭ്രമത്തിനിടയിലാണ് ശ്രീ. കോടിയേരി പോലും ഇക്കാര്യം അവതരിപ്പിച്ചത്. അതുകഴിഞ്ഞ് അധികാരമാറ്റത്തിലൂടെ രണ്ടേ രണ്ട് നേട്ടങ്ങളുണ്ടായി എന്നദ്ദേഹം പ്രസ്താവിച്ചു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി, അങ്ങ് സ്പീക്കറായി. ഇത്രയേ ഉണ്ടായുള്ളൂ നേട്ടങ്ങളെന്ന് പറഞ്ഞു. സാധാരണ ഗ്രാമീണരുടെ ഭാഷയിൽ പറഞ്ഞാൽ ശുദ്ധ കണ്ണുകടിയാണ് ശ്രീ. കോടിയേരിയുടെ വാക്കുകളിൽ നിഴലിച്ചു നിൽക്കുന്നത്. ഇവിടെ ശ്രീ. എ.കെ. ആന്റണി രാജിവെക്കുമ്പോൾ ഇപ്പുറത്ത് മുഖ്യമന്ത്രി കസേരയിൽ ഇരിക്കാമെന്ന് അപ്പുറത്തിരിക്കുന്നവർ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ ശ്രീ. കോടിയേരി, ശ്രീ. രാജേന്ദ്രൻ, ശ്രീ. സി.കെ. നാണു, ശ്രീ. എ.എ. അസീസ് തുടങ്ങി അപ്പുറത്തുള്ള നേതാക്കന്മാരൊക്കെ ഈ നിയമസഭയുടെ ശേഷിച്ച കാലയളവിലെ മന്ത്രിമാരാകാമെന്ന് താല്പര്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിൽ യു.ഡി.എഫ്.-ന് ഒരു ഉത്തരവാദിത്വവുമില്ല. ശുദ്ധകണ്ണുകടിയാണ്. അരി വെന്തോ എന്നുള്ളത് അറിയാൻ രണ്ട് വറ്റെടുത്ത് തിരുമ്മി നോക്കിയാൽ മതി എന്ന് പറഞ്ഞു. ഒരു ഗ്ലാസ്സ് പാൽ ചീത്തയാകുന്നതിന് ഒരു തുള്ളി വിഷം ചേർത്താലും മതി. ഇവിടെ പൊതു ജനസമ്പർക്കപരിപാടിക്ക് കിട്ടിയ പിന്തുണ മനസ്സിലാക്കി അതിനു തൊട്ടുപിന്നാലെയാണ് അപവാദ പ്രചരണത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഈ നാട്ടിൽ അരാജകത്വം ഉണ്ടാക്കിയത്. അസ്ഥിരതയിലേക്കാണ് അദ്ദേഹം അടുത്തതായി കടന്നത്. കൂട്ടുത്തരവാദിത്വമായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ പോയിന്റ് അത് വിട്ടിട്ട് അസ്ഥിരതയിലേക്ക് ചാടി. പിന്നെ ചില കണക്കൊക്കെ പറയുന്നത് കേട്ടു. തുടക്കത്തിൽ 40 മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ 46 ആയി എന്നൊക്കെ. ജാനുവിന്റെ മുഖത്തെ ഷേപ്പ് മാറി എന്ന് പറഞ്ഞപ്പോഴാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒന്നാംതരം നടനാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. എത്ര നിരുദ്ധകണ്ഠനായാണ് അദ്ദേഹം അത് അവതരിപ്പിച്ചത്! ടേപ്പ്ഡ് വോയ്സ് ഉണ്ട് ശ്രദ്ധിച്ചു നോക്കാം. എങ്ങനെയാണ് പെട്ടെന്ന് വാക്കുകൾ കോടിയേരിയുടെ തൊണ്ടയിൽ കുരുങ്ങി പുറത്തേക്ക് വരുന്നത് എന്ന്. ശ്രീ. കെ.പി. രാജേന്ദ്രൻ അടുത്തിരുന്ന് പറഞ്ഞു. ബൂട്ടിട്ട് ചവിട്ടി എന്ന്. അതുകൊണ്ട് ശ്രീ. കോടിയേരി അതുംകൂടി പറഞ്ഞു. എന്നിട്ട് ചില സമകാലിക പ്രശ്നങ്ങളാണ് പറഞ്ഞത്. ആരു ഭരിച്ചാലും എപ്പോഴും ഉണ്ടാകാവുന്നതരം ചില പ്രശ്നങ്ങൾ അടിയന്തിര പ്രമേയങ്ങൾ അവതരിപ്പിച്ച് തലനാരിഴ കീറി പലപ്പോഴും പ്രതിപക്ഷം ഈ സഭയിൽ അവതരിപ്പിച്ച ചില പ്രശ്നങ്ങളൊക്കെ അവതരിപ്പിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് അസ്ഥിരമായി എന്ന് സ്ഥാപിക്കാൻ അദ്ദേഹം ശ്രമിച്ചത്. പിന്നെ നമ്മുടെ മാനിഫെസ്റ്റോയിലായി പിടുത്തം. മാനിഫെസ്റ്റോയിൽ വാഗ്ദാനം ചെയ്ത ഒന്നും നടത്തിയിട്ടില്ലെന്നു പറഞ്ഞു. "ഒരു മനുഷ്യായുസ്സിൽ സന്ദർശിച്ചിരിക്കേണ്ട ആറ് സ്വപ്നതീരങ്ങളിൽ ഒന്ന്" എന്നാണ് അന്താരാഷ്ട്രതലത്തിൽ കേരളത്തിന് കിട്ടിയിട്ടുള്ള പ്രശസ്തി പത്രം. ഈ ഗവൺമെന്റിന്റെ നാല് കൊല്ലത്തെ ഭരണത്തിന്റെ നേട്ടമാണ് ഇത്. കാര്യങ്ങൾ മനസ്സിലാക്കി വേണം പ്രതിപക്ഷം മുന്നോട്ടുപോകാൻ. 'ഒരു മനുഷ്യായുസ്സിൽ സന്ദർശിച്ചിരിക്കേണ്ട ആറ് സ്വപ്നതീരങ്ങളിൽ ഒന്ന്' എന്ന പ്രശസ്തിപത്രം നേടിയ സർക്കാരാണ് ഇപ്പോൾ രാജ്യം ഭരിക്കുന്നത്. ധവള പത്രം ഇറക്കി. വ്യവസായനയവും തൊഴിൽ നയവുമൊക്കെ പുത്തനായി അവതരിപ്പിച്ചു. തൊഴിൽ നയത്തിൽ ചുമട്ടു തൊഴിലാളികളുടെ മേഖലയിൽ അനാശാസ്യമായ ചില പ്രവണതകൾക്ക് നിയന്ത്രണം വയ്ക്കാൻ വേണ്ടി ഒരു നിയമം തന്നെ ഉണ്ടാക്കിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. സ്വകാര്യ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകുക എന്നുള്ള സമീപനം സ്വീകരിച്ചത്, അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുന്ന ഇവിടുത്തെ പല കാര്യങ്ങൾക്കും നിയന്ത്രണം ഉണ്ടാക്കുക എന്ന വ്യക്തമായ ഉദ്ദേശത്തോടുകൂടി തന്നെയായിരുന്നു. നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കാൻവേണ്ടി ഇവിടെ എന്തുചെയ്തു എന്ന് വിസ്തരിക്കാൻ ചർച്ചയ്ക്കിടയിൽ എനിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സമയം പോരാ എന്നുള്ളതുകൊണ്ട് ഞാനത് പറയുന്നില്ല. ലോകസഭാ തെരഞ്ഞെടുപ്പിൽ പരാജയം ഏറ്റു വാങ്ങേണ്ടിവന്നപ്പോൾ ഈ രാജ്യത്തിന്റെ തന്നെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ശ്രീ. ആന്റണി നയിച്ച മന്ത്രിസഭയുടെ രാജി ഉണ്ടായത്; അത് ചരിത്രസംഭവമാണ്. അതിൽ നിങ്ങൾ കരിവാരി തേക്കേണ്ട കാര്യമൊന്നുമില്ല ധാർമ്മികതയുടെ പേരിലാണ് ശ്രീ. എ.കെ. ആന്റണിയുടെ മന്ത്രിസഭ ഇവിടെ രാജിവെച്ചത്. അത് ചരിത്ര സംഭവമാണ്; ചികഞ്ഞ് നോക്കിക്കൊള്ളുക. ഒരു കൂട്ടുത്തരവാദിത്വത്തിന്റെ പേരിൽ എല്ലാ മന്ത്രിമാരും ഒഴിയുകതന്നെയാണ് ചെയ്തിട്ടുള്ളത്. ഞാൻ വിശദമാക്കി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ഇവിടെ ഇഷ്ടംപോലെ മുന്നേറ്റങ്ങൾ എല്ലാവകുപ്പുകളിലും ഉണ്ടായിട്ടുണ്ട്. സേവനപ്രദാന പദ്ധതിയുമായി, എസ്.ടി.പി.യു.മായി, കേരളം മുന്നോട്ടുപോകുമ്പോൾ മുപ്പത്തിമൂവായിരം സ്ഥാപനങ്ങളിലാണ് ഇത് നടപ്പിലാക്കാൻ, ഭരണാനുമതി നൽകാൻ പോകുന്നത്. മുപ്പത്തിനാലായിരം കോടി രൂപയുടെ പദ്ധതി ഈ ഒറ്റക്കാര്യത്തിനുമാത്രം തയ്യാറാക്കപ്പെട്ടുകഴിഞ്ഞു. എസ്.ടി.പി.-യുടെ 2585 സ്ഥാപനങ്ങളിൽ 1102 അംഗൻവാടികൾ ഉൾപ്പെടെ എട്ട് വകുപ്പുകളിലൂടെ— പോലീസ്, റവന്യൂ, വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യം, സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമം, തദ്ദേശസ്വയം ഭരണം എന്നിങ്ങനെ എട്ട് വകുപ്പുകളിലൂടെ 2585 സ്ഥാപനങ്ങളിൽ, 1102 അംഗൻവാടികൾ ഉൾപ്പെടെ—സാധാരണക്കാരായ സ്ത്രീകളുടെ കണ്ണീരൊപ്പാൻ സഹായിക്കുന്ന വളർന്നുവരുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ, ഉയർത്താൻ നാം അടിത്തറയിട്ട് കൊടുക്കുന്ന അംഗൻവാടി ഉൾപ്പെടെ—2585 സ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. പാലക്കാട് കലക്ടറേറ്റ് ഇന്ത്യയിലെ ആദ്യത്തെ കമ്പ്യൂട്ടർവൽകൃത കലക്ടറേറ്റായത് ഈ പദ്ധതിയിലാണ്. ഓരോ ജില്ലയിലും നാല് പ്രോഗ്രാം എക്സിക്യൂട്ടീവ് ഉൾപ്പെടെ ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി നിയമിതരായിക്കഴിഞ്ഞു. ഇത്തരം സത്യങ്ങളുടെ നേർക്ക് കണ്ണടയ്ക്കരുത്. ഇതിനകം 2,29,36,55,959 രൂപയാണ് ലേറ്റസ്റ്റ് പദ്ധതിയെന്ന് വിശേഷിപ്പിക്കാവുന്ന ഈ പദ്ധതിയിൽ മാത്രം ചെലവഴിച്ചത്. ഗൗരവതരമായ കണക്കുകൾ നിങ്ങൾക്ക് ദഹിക്കുന്നില്ലെങ്കിൽ സാധാരണക്കാർക്ക് മനസ്സിലാക്കൻ പറ്റുന്ന പാകത്തിൽ മൂന്ന് ഹ്രസ്വ ഫിലിമുകളും ഇവിടത്തെ പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നിർമ്മിച്ചിട്ടുണ്ട് — കെ.പി.എ.സി. ലളിത, നെടുമുടി വേണു, ജഗദീഷ് എന്നിവർ അഭിനയിച്ചത്. എം.ജി.പി. ആയിട്ട് സുരേഷ്ഗോപിയാണ് വേഷമിടുന്നത്. സിനിമ കണ്ടെങ്കിലും മനസ്സിലാക്കുക, എന്തു പുരോഗതിയാണ് സാധാരണക്കാർക്ക് വേണ്ടി ഇവിടെ ഉണ്ടാക്കുന്നതെന്ന്. മേയർമാരുടെ ലോകസമ്മേളനം 2005 ഏപ്രിൽ 2, 3, 4 എന്നീ തീയതികളിലാണ് നടന്നത്. മേയർമാർ പലരും നിങ്ങളുടെ സ്വന്തമാണല്ലോ? എന്താണുണ്ടായതെന്ന് ചോദിച്ചു നോക്കൂ. രാവിലെ ഇവിടെ ക്വസ്റ്റ്യൻ അവറിൽ മേയർമാർ പറഞ്ഞത് മനസ്സിലാക്കാതെ ചില വിഡ്ഢിത്തങ്ങൾ പറഞ്ഞത് ഞാൻ കേട്ടു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 2005 ഏപ്രിൽ 2, 3, 4 തീയതികളിൽ കൊച്ചിയിൽ വെച്ച് മേയർമാരുടെ അന്താരാഷ്ട്ര സമ്മേളനം നടന്നു. നമ്മുടെ മേയർമാരും പങ്കെടുത്തിട്ടുണ്ട്— നിങ്ങൾക്ക് കൂടുതൽ അടുപ്പം ഉള്ളവരാണ്; ചോദിച്ചു നോക്കുക. ഓരോവകുപ്പിലേയും വികസനപ്രവർത്തനങ്ങൾ എണ്ണിയെണ്ണി പറയാൻ തുടങ്ങിയാൽ സമയം ഇതുപോരാ. വേണമെന്നുണ്ടെങ്കിൽ, താല്പര്യമുണ്ടെങ്കിൽ, എനിക്ക് അറിയാവുന്ന കാര്യങ്ങൾ സൗജന്യ ട്യൂഷനെടുത്തുതരാം. ഞാൻ ഒരു അധ്യാപികയാണ്. 35 വർഷത്തെ അധ്യാപന പരിചയം ഉണ്ട് — പറഞ്ഞുതരാം. ധവളപത്രം നടപ്പാക്കിയിട്ടില്ലെന്ന് പറഞ്ഞു ഇറങ്ങിയ കാലത്ത് എന്തായിരുന്നു ധവളപത്രത്തെക്കുറിച്ചുള്ള കോലാഹലം! 38 ദിവസം മാത്രമാണ് ട്രഷറിയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നത് എന്നാണ് ആക്ഷേപം. ഇതിനുമുമ്പത്തെ സർക്കാരിന്റെ കാലത്ത് ട്രഷറി പൂട്ടിയിടാത്ത എത്ര ദിവസം ഉണ്ടായിരുന്നു എന്ന് മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ. വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

തകർന്നു എന്നു പറയാൻ ബീഡി വ്യവസായം മാത്രമാണ് ശ്രീ. കോടിയേരിയുടെ കണ്ണിൽ ഉണ്ടായിട്ടുള്ളത്. ഒരു മേനിക്ക് വേണ്ടി മേമ്പൊടിയിട്ട് പരമ്പരാഗത വ്യവസായമെന്നു പറഞ്ഞു എന്നു മാത്രമേയുള്ളൂ. കൂടുതലൊന്നും ആ വിഷയം സംബന്ധിച്ച് സംസാരിച്ചില്ല. ആയിരം കോടി ഉറുപ്പികയിൽ കവിഞ്ഞ ആദായമാണ് കുടുംബശ്രീ എന്ന ഒറ്റ പ്രോജക്ടിലൂടെ ഈ സംസ്ഥാനം സ്വന്തമാക്കിയത്. ദാരിദ്ര്യരേഖയ്ക്ക് താഴെ നില്ക്കുന്ന സ്ത്രീകൾ സംഘടിച്ച് പ്രവർത്തിച്ച് ഈ നാടിന് ആയിരംകോടി ഉറുപ്പികയുടെ ആദായം ഉണ്ടായിട്ടുണ്ട്. ഇത്രയും ആയപ്പോഴാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഞ്ചാമത്തെ പോയിന്റിൽ നിന്ന് പതിമൂന്നാമത്തെ പോയിന്റിലേക്ക് ഒരു എടുത്തുചാട്ടം നടത്തിയത്. സുനാമി പതിമൂന്നാമത്തെ പോയിന്റായിരുന്നു. പറയാൻ നേരം കിട്ടിയില്ലെങ്കിലോ? വെപ്രാളപ്പെട്ട് ഹനുമാൻ ലങ്കയിലേക്ക് ചാടിയതിനേക്കാൾ സ്പീഡിൽ ഒറ്റച്ചാട്ടം. എന്നിട്ട് ചോദിച്ചതെന്താണ്—ഇടുക്കിയിലും വയനാട്ടിലും കാശുകൊടുത്തതെന്തിനാണ്? നാല് കിലോമീറ്റർ ദൂരത്തിൽ കടൽ ഭിത്തി കെട്ടിയതെന്തിനാണ്? ഇവിടെ സുനാമി ദുരന്തം ഉണ്ടായിപ്പോയി എന്നുള്ളതുകൊണ്ട് ശ്രീമതി ഗൗരിയമ്മയുടെ നിയോജകമണ്ഡലത്തിൽ കടലോര പ്രദേശത്ത് കടൽ ഭിത്തികെട്ടണ്ടേ? എത്രയോ പ്രവശ്യം ഇതൊക്കെ ഈ സഭയ്ക്കകത്ത് വിസ്തരിച്ചു കഴിഞ്ഞതാണ്. കേന്ദ്രത്തിന്റെ സഹായത്തോടു കൂടിയുള്ള സുനാമി ഫണ്ട് നിശ്ചിത കാര്യങ്ങൾക്ക് മാത്രമേ പ്രയോജന പ്പെടുത്താൻ പാടുള്ളൂ. മറിച്ച് ഇവിടെ കളക്ട് ചെയ്ത സുനാമി ദുരിതാ ശ്വാസത്തിനുള്ള ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കാണ് പോകുന്നത് എന്ന് ഈ സഭയിൽ പറഞ്ഞു കഴിഞ്ഞതാണ്. സുനാമി ഉണ്ടായിപ്പോയി എന്നു പറഞ്ഞ് പാവങ്ങൾക്ക് ചികിത്സയ്ക്ക് കാശ് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞാൽ അതിന്റെ അന്തസ്സാരശൂന്യത കേരളം മനസ്സിലാക്കിക്കൊള്ളൂ. പ്രതിപക്ഷ കക്ഷിക്ക് രണ്ടായിരം, ഭരണകക്ഷിക്ക് അയ്യായിരം അങ്ങനെയാണ് മുഖ്യമന്ത്രി അനുവദിക്കുന്നതെന്ന് പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ ഞാൻ അംഗമായിരുന്നു. അന്നത്തെ മുഖ്യമന്ത്രി പാവപ്പെട്ട ഒരു കാൻസർ രോഗിക്ക് അനുവദിച്ച തുക ഒന്നര കൊല്ലം കഴിഞ്ഞിട്ടും കിട്ടിയിട്ടില്ലെന്നറിഞ്ഞ് ഞാൻ ബന്ധപ്പെട്ട കളക്ടറേറ്റിൽ ചോദിച്ചപ്പോൾ എനിക്ക് തന്ന ഉത്തരവിന്റെ കോപ്പി കളക്ടർക്ക് അയച്ചുകൊടുത്തിട്ടില്ലെന്നാണ് അറിഞ്ഞത്. എം.എൽ.എ. മാരെക്കൂടി കബളിപ്പിച്ച് ഒരു ഗവൺമെന്റിന്റെ പ്രതിനിധികളായിരുന്നവർ ഇവിടെ വന്ന് ഇപ്പോഴത്തെ മുഖ്യമന്ത്രി പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ ശ്രമിച്ചപ്പോൾ കോലാഹലമുണ്ടാക്കുന്നത് ഒട്ടും ശരിയല്ല എന്ന് മാത്രമേ ഞാൻ പറയൂ. സുനാമിയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയാൻ സമയക്കുറവുകൊണ്ട് ഇപ്പോൾ നിവൃത്തിയില്ല. സുനാമിയെക്കുറിച്ച് ഇഷ്ടം പോലെ പറഞ്ഞു. എസ്.എൻ.സി. ലാവ്‌ലിൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ എന്റെ സഹോദരൻ ശ്രീ. ഹസ്സൻ ഭംഗിയായി അവതരിപ്പിച്ചു. ശ്രീ. കോടിയേരിയാണെങ്കിൽ ആരൊക്കെയോ ഛർദ്ദിച്ചു വച്ചത് എന്തൊക്കെയോ വാരി വിഴുങ്ങിയിട്ട് നാലായിരം കോടി രൂപയുടെ അഴിമതി നടന്നു എന്ന് ഒഴുക്കനെ അങ്ങ് പറഞ്ഞു പോകുക മാത്രമേ ചെയ്തുള്ളൂ. അഴിമതിയുടെ കാര്യം അന്തസ്സായി ഉയർത്തട്ടെ. കഴിഞ്ഞ മുഖ്യമന്ത്രി പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഓംബുഡ്സ്മാന്റെ മുമ്പിൽ വരെ കൊണ്ടുവരട്ടെ, നമുക്ക് ചർച്ച ചെയ്യാം. പക്ഷെ അതല്ലാതെ വെറുതെ വർത്തമാനം പറയാൻ ഒന്നുമില്ലാത്തതുകൊണ്ട് നിയമസഭയുടെ വേദി ഇതുപോലെയുള്ള കാര്യങ്ങൾക്ക് വിലകുറഞ്ഞ മട്ടിൽ ഉപയോഗിക്കുന്നത് അന്തസ്സില്ലായ്മയാണ്. ഈ ഗവൺമെന്റിന്റെ
1.00 P.M. വ്യാവസായിക-കാർഷിക നയങ്ങൾ ഉൾപ്പെടെയുള്ള നയങ്ങൾ കാരണം ഇവിടെ പാവപ്പെട്ട ആളുകൾക്ക് ജീവിക്കാൻ പറ്റുന്നില്ല എന്നു പറഞ്ഞ അദ്ദേഹം രണ്ടു ഡിപ്പാർട്ടുമെന്റുകളെയാണ് കൂട്ടുപിടിച്ചത്. പി.ഡബ്ല്യു.ഡി.-യേയും വിദ്യാഭ്യാസത്തേയും. പി.ഡബ്ല്യു.ഡി-യിലെ ലേറ്റസ്റ്റ് ആയ കാര്യം പറയാം. ഇ.പി.സി.-എൻജിനീയറിംഗ്, പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ.....(ബഹളം)..... ഞാൻ പറഞ്ഞല്ലോ, എനിക്ക് അറിയാവുന്ന വിധത്തിൽ സഭയ്ക്ക് പുറത്ത് പഠിപ്പിച്ചുതരാം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ലേറ്റസ്റ്റ് ആയിട്ടുള്ള എഡ്യൂസാറ്റ്, ഐ.സി.റ്റി. സ്കൂൾ, ഐ.റ്റി. അറ്റ് സ്കൂളിന്റെ രണ്ടാം ഘട്ടം, സി.ഡാക്, എം.ആർ. സ്കൂളുകൾ, സ്പെഷ്യൽ സ്കൂളുകൾ, സ്കൂൾ ലൈബ്രറി നവീകരണം തൊട്ട് അങ്ങോട്ടുള്ള പദ്ധതികളെക്കുറിച്ച് പറയണമെന്നുണ്ടെങ്കിൽ മുൻ അധ്യാപികകൂടിയായ എനിക്ക് മിനിമം ഒരു ദിവസം വേണം. സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് ശ്രീ. കോടിയേരിക്ക് കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് ഓർമ്മ വന്നത്. കൂട്ടുത്തരവാദിത്വം സഹകരണ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും പരസ്പര ധാരണയോടുകൂടി മന്ത്രിമാർ പെരുമാറുന്നില്ല എന്നു പറഞ്ഞ് ഒരുണ്ടയില്ലാ വെടി വെച്ചതല്ലാതെ മറ്റൊന്നുമില്ല. അതിന്റെ യാഥാർത്ഥ്യം ഇന്നലേയും മിനിഞ്ഞാന്നും നടന്ന ചർച്ചകളിലൂടേയും മാധ്യമങ്ങളിലൂടെയുമൊക്കെ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഒന്നുംപറയാൻ സാധിക്കാത്ത ശ്രീ. കോടിയേരി സ്ത്രീകളുടേയും കുട്ടികളുടേയും ഒക്കെ ജീവൻ, സ്വത്ത് തുടങ്ങിയവ അപകടത്തിലാക്കിയിരിക്കുന്നുവെന്ന് പറഞ്ഞ് ചില കണക്കുകൾ ഉദ്ധരിച്ചു. ശ്രീ. കോടിയേരിയുടെ തൊട്ടുപുറകിൽ ഇരിപ്പുണ്ടല്ലോ ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ. കഴിഞ്ഞ 30-6-2005-ൽ ഞാനും ശ്രീമതി ടീച്ചറും ഒക്കെയുള്ള സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും നിയമസഭാ സമിതി കണ്ണൂർ കലക്ട്രേറ്റിൽ തെളിവെടുപ്പ് യോഗത്തിന് പോയി. കണ്ണൂർ ജില്ലയുമായി ബന്ധപ്പെട്ട് ഈ സമിതിയുടെ മുമ്പിൽ ഇതുവരെ തീർപ്പു കൽപ്പിക്കപ്പെടാതെ കിടക്കുന്ന സ്ത്രീകളുടെ പരാതികളുടെ എണ്ണം എത്രയാണെന്ന് അറിയാമോ? വട്ടപ്പൂജ്യം. ഒരൊറ്റ പരാതിപോലും പെൻഡിംഗ് ആയിട്ടില്ല. എന്നുമാത്രമല്ല ഇത്തരം തെളിവെടുപ്പ് യോഗങ്ങളിൽ ഫ്രെഷ് ആയിട്ട് പരാതികൾ ഉന്നയിക്കാം എന്നിരിക്കെ, ഒരൊറ്റ സംഘടനാ പ്രതിനിധിപോലും ഒരു പരാതി ഉന്നയിക്കാൻ വേണ്ടി മുന്നോട്ടുവന്നില്ല. ജനാധിപത്യ മഹിളാ അസോസിയേഷനും കേരള മഹിളാ സംഘവും ഒക്കെയുണ്ട്. ഒരൊറ്റ ആളിന്റെ പ്രതിനിധിപോലും വന്നില്ല. കണ്ണൂരിൽ വിശേഷാൽ ഒന്നും പറയാനില്ല എന്നറിയുമ്പോൾ ചോരപ്പുഴ ഒഴുകിയിരുന്ന കണ്ണൂർ നാലുകൊല്ലംകൊണ്ട് ഏതുരീതിയിൽ നിയന്ത്രിതമായി എന്ന് നമുക്കൊക്കെ അറിയാം. അരിവെന്തോ എന്ന് നോക്കാൻ ഒരു വറ്റ് ഞെരടി നോക്കിയാൽ മതി. രണ്ടുവേണ്ട, ഒരെണ്ണം മതി. കണ്ണൂർ ജില്ല ഉദാഹരണമാക്കി കാണിച്ചുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും നേർക്കുള്ള അതിക്രമം

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞു എന്നുതന്നെ അവകാശപ്പെടാൻ എനിക്ക് സാധിക്കും. അതോടൊപ്പം തന്നെ ഒരു കാര്യംകൂടി, 25 ഗ്രനേഡുകളെക്കുറിച്ച് പറഞ്ഞതൊന്നും ഞാൻ പറയുന്നില്ല. പക്ഷെ ഇവിടെ സമരങ്ങളിൽ വിദ്യാർത്ഥിനികളെ ഉപദ്രവിക്കുന്ന കാര്യം പറയുമ്പോൾ ഒരു അമ്മ എന്ന രീതിയിൽ എനിക്ക് പറയാതിരിക്കാൻ സാധിക്കുന്നില്ല. മാധ്യമങ്ങളിലൂടെ കണ്ടതാണ് നാമെല്ലാവരും. ഒത്ത പ്രായപൂർത്തിയായ ഒരു പുരുഷൻ റോഡിൽ സമരത്തിന്റെ ഭാഗമായി മലർന്നു കിടക്കുന്നു. *** *** ***

*** *** ***

.....(ബഹളം)..... (ബഹളം)..... കൂട്ടത്തിലെ ആ പെൺകുട്ടിയുടെ കഴുത്തിനെ ഇരുവശവും കൂടി കൈകോർത്തു ബലമായി വനിതാ പോലീസിന് വിട്ടുകൊടുക്കാതെ..... വനിതാ പോലീസ് ഒരു വശത്തും സമരക്കാർ മറുവശത്തുംപിടിച്ചുവലിക്കുന്ന രൂപത്തിൽ ക്രൂരമായ ആ.....(ബഹളം).....(ബഹളം)..... എല്ലാവരും കണ്ട കാര്യമാണ്. ഇവരുടെ ആരുടേയെങ്കിലും മക്കൾ .....(ബഹളം).....(ബഹളം)..... പ്രതിപക്ഷത്തിരിക്കുന്നവരുടെ ആരുടെയെങ്കിലും മക്കൾ, സഹോദരിമാർ .....(ബഹളം)..... ഇങ്ങനെ നടുറോഡിൽ ലോകം മുഴുവൻ കാണത്തക്ക രീതിയിൽ മലർന്ന് കിടന്നാൽ ഇവർക്ക് സഹിക്കുമോ? .....(ബഹളം)..... ഇത്തരത്തിൽ ക്രൂരമായ സമരാഭാസങ്ങൾക്ക് നിർത്തുണ്ടാക്കേണ്ടുന്ന കാലം അതിക്രമിച്ചു കഴിഞ്ഞു.....(ബഹളം).....(ബഹളം) ..... ചില കാര്യങ്ങൾ കൂടി പറയണമെന്നുണ്ടായിരുന്നു .....(ബഹളം).....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ റൂൾ 307 അനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. മെമ്പർമാർ ഇവിടെ സംസാരിക്കുമ്പോൾ അനുസരിക്കേണ്ട ചില നടപടിക്രമങ്ങളുണ്ട്. അസഭ്യമോ, സഭ്യേതരമോ, ആയ അന്തസ്സില്ലാത്ത വാക്ക് സഭയിൽ പ്രയോഗിക്കാൻ പാടില്ല. ബഹുമാന്യയായ ടീച്ചർ ഒരു കോളേജ് പ്രൊഫസറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏത് കോളേജിലാണ് ആ ടീച്ചർ പഠിപ്പിച്ചത് എന്ന് എനിക്കറിയില്ല. ഇങ്ങനെയുള്ള പഠിപ്പാണ് അവിടെ പഠിപ്പിച്ചതെങ്കിൽ അത് പരിശോധിക്കേണ്ടതാണ്. അവർ പറഞ്ഞത് റോഡിൽ രണ്ട് സ്ത്രീകളും ഒരു പുരുഷനും കൂടി .....(ബഹളം)..... മലർന്നു കിടന്നു എന്നാണ് .....(ബഹളം)..... അങ്ങനെ ഒരു പരാമർശം ഇവിടെ നടത്തി. അത് ഓർഡറിൽ അല്ല. അത് സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം .....(ബഹളം).....(ബഹളം).....

മിസ്റ്റർ സ്പീക്കർ: ഇങ്ങനെ രണ്ടുഭാഗത്തുനിന്നും ആളുകൾ ബഹളം കൂട്ടിയതുകൊണ്ട് കാര്യമില്ല. ഞാൻ സമ്മതിച്ചല്ലോ. ശ്രീ. കോടിയേരി പറഞ്ഞ കാര്യം ഞാൻ പരിശോധിക്കാം.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ ആരേയും വേദനിപ്പിക്കാൻ ഉദ്ദേശിച്ച് ഒന്നും പറഞ്ഞില്ല. നിയമസഭ പിരിഞ്ഞശേഷം എം.എൽ.എ. ഹോസ്റ്റലിലെ ടി.വി.-യിൽ കാണിച്ച ചില രംഗങ്ങൾ കണ്ട് എന്റെ വേദന, ഒരു അമ്മയുടെ വേദന, ഒരു സഹോദരിയുടെ വേദന ആ വേദന കൊണ്ടുമാത്രം അർഹതപ്പെട്ട ഒരു വേദിയിൽ, അർഹതപ്പെട്ട ഒരു സമയ പരിധിക്കകത്ത് ഒതുങ്ങി

*** ഫയൽ നമ്പർ 435/ഇ.ബി./2005/ലെ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് പറഞ്ഞു എന്നേയുള്ളൂ. അതല്ലാതെ ആരേയും വേദനിപ്പിക്കാൻ പറഞ്ഞതല്ല. ഞാൻ ചോദിച്ച ചോദ്യം ഇവരുടെ നെഞ്ചിൽ കൊള്ളുന്നു. പ്രതിപക്ഷത്തിരിക്കുന്നവരുടെ ആരുടെയെങ്കിലും മക്കളെ ഇങ്ങനെ കിടത്തുമോ എന്നാണ് ഞാൻ ചോദിച്ചത്. ആ ചോദ്യത്തിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ഞാൻ ആ ചോദ്യം ചോദിച്ചില്ല എന്ന് വയ്ക്കുക. കേരളത്തിലെ അമ്മമാരുടെ വേദന അങ്ങയുടെ മുമ്പിൽ അവതരിപ്പിച്ചു എന്നു മാത്രമേയുള്ളൂ. വിലക്കയറ്റത്തേക്കുറിച്ചും വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചതിനെക്കുറിച്ചുമൊക്കെ പ്രമേയാവതാരകൻ അനുവദിച്ച സമയപരിധിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട്, പിന്നീട് വേലിക്ക് പുറത്ത് നിന്നുകൊണ്ട് പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. നേതാക്കന്മാർ പാർട്ടി മാറുന്നതിനെക്കുറിച്ച് ആയിരുന്നു അദ്ദേഹത്തിന്റെ വിഷാദം. ദൃശ്യമാധ്യമങ്ങൾ കള്ളം പറയില്ല. അദ്ദേഹത്തിന്റെ സമീപത്ത് ഇരുന്ന ഒരു നേതാവ് അപ്പോൾ തലകുനിച്ചിരുന്നത് കാണേണ്ട കാഴ്ചയായിരുന്നു. അത് തൽസമയം തന്നെ ലോകം ഉടനീളം കണ്ടിട്ടുണ്ടാകും എന്നാണ് എന്റെ പ്രതീക്ഷ. ശ്രീമതി ഗൗരിയമ്മയേയും ശ്രീ. എം.വി. രാഘവനേയുമൊക്കെ പുകച്ച് പുറത്തുചാടിച്ചതുപോലെ മറ്റ് നേതാക്കന്മാരേയും പുകച്ച് പുറത്തുചാടിക്കുന്നതിന് മുമ്പേ കേരളം ഞെട്ടിക്കുന്ന സമ്പ്രദായത്തിൽപ്പെട്ട മറ്റ് ചില കാര്യങ്ങൾ കാണിച്ച് ശ്രദ്ധ തിരിച്ചു വിടണമെന്ന് ഇവർക്കുണ്ടെങ്കിൽ, ഞാൻ കൂടുതലൊന്നും പറയുന്നില്ല. അനുവദിച്ച സമയം കഴിഞ്ഞു എന്ന് അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ കൂടുതൽ പറയാനുള്ള കാര്യങ്ങൾ മറ്റൊരു അവസരത്തിൽ ആകാം എന്ന ആഗ്രഹത്തോടുകൂടി ഈ പ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. യു.സി. രാമൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. അവിശ്വാസ പ്രമേയം അവതരിപ്പിച്ചത് പ്രതിപക്ഷമാണ്. ഇവർക്കു നേരെ വന്നുകൊണ്ടിരിക്കുന്നത് വൻതിരിച്ചടിയാണ്. അതിൽനിന്ന് മുഖം രക്ഷിക്കാനുള്ള അടവു മാത്രമാണ് ഈ അവിശ്വാസപ്രമേയം. ശ്രീ. വി.എസ്. അച്ചുതാനന്ദനും, ശ്രീ. പിണറായി വിജയനും തമ്മിലുള്ള പോരും വൈരുദ്ധ്യവും മൂടിവയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു പുകമറ സൃഷ്ടിക്കുക എന്നുള്ളതാണ് ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നതിന്റെ ഭാഗമായി പ്രിയപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉദ്ദേശിച്ചത്. മാടങ്ങളിലും കൂടിലുകളിലും നിന്ന് മുമ്പ് പടർന്നുപൊന്തിയ കമ്മ്യൂണിസ്റ്റ് പാർട്ടി, ഇന്ന് കോ-ഓപ്പറേറ്റീവ് കമ്പനി എക്സിക്യൂട്ടീവുകളുടെ പ്രിയപ്പെട്ട വാക്കായി മാറിയിരിക്കുകയാണ്. കർണ്ണാടക ലോബിക്കാരെ സഹായിക്കുന്നതിനുവേണ്ടി കേരളക്കരയിലെ വിദ്യാർത്ഥികളെ മുഴുവൻ ഇളക്കിവിട്ട് ഇവർ ഇവിടെ നടത്തിയ അക്രമ സമരം നമ്മൾ കാണുകയുണ്ടായി. ആ അക്രമസമരത്തിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ പൊതുമുതലാണ് ഇവിടെ നശിപ്പിക്കപ്പെട്ടത്. ഇവിടെ കഴിഞ്ഞ ദിവസം പത്രങ്ങളിലൊക്കെ വന്ന വലിയ വാർത്ത നമ്മൾ കാണുകയുണ്ടായി. എസ്.എൻ.സി. ലാവ്‌ലിൻ ഇടപാടിൽ 375 കോടി രൂപ നഷ്ടമുണ്ടായി എന്ന് സി.എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇതിൽ ഈ കമ്പനിക്ക് 110 കോടി രൂപയുടെ ലാഭമുണ്ടായി എന്ന് ഇന്നും പത്രത്തിൽ വാർത്തയുണ്ട്. ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വലിയ അഴിമതി ഇടപാടിന് കൂട്ടുനിന്നത് അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ ആണ്. U.D.F. മാത്രമല്ല പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള ആളുകൾ ഇക്കാര്യം സൂചിപ്പിച്ചു. അഴിമതി സംബന്ധമായ അന്വേഷണം ഉൾപ്പെടെയുള്ള ശക്തമായ നടപടികളുമായി ഈ സർക്കാർ മുമ്പോട്ടുപോകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. "അവശന്മാർ, ആർത്തന്മാർ, ആലംബഹീനൻമാർ, ഇവരുടെ സങ്കടം ആരറിയാൻ" എന്ന് പാടിക്കേട്ടിട്ടുണ്ട്. ആ സങ്കടം അറിയുന്ന ഒരു സർക്കാരാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഈ സംസ്ഥാനം ഭരിച്ചു കൊണ്ടിരിക്കുന്നത്. മലയുടെ മക്കൾക്കും, മണ്ണിന്റെ മക്കൾക്കും, കടലിന്റെ മക്കൾക്കും മനം നിറയെ സൗഭാഗ്യം നൽകിയ സർക്കാരാണ് ഈ സംസ്ഥാനം ഭരിക്കുന്നത് എന്ന് പറയുന്നതിൽ എനിക്കഭിമാനമുണ്ട്. കത്തിപ്പടരുമായിരുന്ന കോഴിക്കോട് മാറാട്, അതുപോലെയുള്ള മാറാടുകളെ സ്നേഹസന്തോഷത്തിലൂടെ ശാശ്വത സമാധാനത്തിലേക്ക് നയിച്ച സർക്കാരാണ് ഈ സംസ്ഥാനം ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്നത്. ബഹുദൂരം അതിവേഗം എന്ന മുഖ്യമന്ത്രിയുടെ മുദ്രാവാക്യം പാവങ്ങളുടെ ദുരിതപൂർണ്ണമായ ജീവിതത്തിന് അറുതി വരുത്താനുള്ള വികസന മന്ത്രമാണ്. ആ മന്ത്രവുമായി മുന്നോട്ടുപോകാൻ അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തിയുണ്ടാകട്ടെ എന്ന് നിറഞ്ഞു പ്രാർത്ഥിക്കുകയാണ്. ഭരണനവീകരണ പദ്ധതിയിലൂടെ (എം.ജി.പി.) ആയിരക്കണക്കിന് ഗവൺമെന്റോഫീസുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനും, ജനപക്ഷത്ത് നിർത്തുവാനും സഹായിച്ച സർക്കാരാണ് കേരളത്തിലെ യു.ഡി.എഫ്. സർക്കാർ. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലൂടെ പുതിയ ഒരു ആകാശവും പുതിയ ഒരു ഭൂമിയും കേരളത്തിൽ തുറക്കാൻ കഴിഞ്ഞത് ഈ സർക്കാരിനാണ്. ഇവിടെ നേരത്തേ പരാമർശിച്ച ഒന്നുരണ്ടു കാര്യങ്ങൾ..... ഇവിടെ ആദിവാസികളെ പറഞ്ഞുപറ്റിച്ചുവെന്നൊക്കെ ചില ആളുകൾ സൂചിപ്പിക്കുകയുണ്ടായി. കേരളക്കരയിലെ ആദിവാസികൾക്ക് (കാടിന്റെ മക്കൾക്ക്) ഒരു ഏക്കർ മുതൽ 5 ഏക്കർ വരെയുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ തയ്യാറായത് യു.ഡി.എഫ്. സർക്കാരാണ്. ആ നീക്കത്തിന് ആക്കം കൂട്ടിയതും ഈ സർക്കാരാണ്. ആ ഭൂമി മാത്രമല്ല ആ ഭൂമിയിൽ വീടുവയ്ക്കാനുള്ള സഹായവും നൽകിയത് ഈ സർക്കാരാണ്. പാലക്കാട് പോലെയുള്ള പ്രദേശങ്ങളിൽ എൽ.ഡി.എഫ്. ഭരണകാലത്ത് ഭൂമി കിട്ടിയ ആളുകൾ അവർക്കു ലഭിച്ച ആ കല്ലുനിറഞ്ഞ ഭൂമിയിൽ താമസിക്കാൻ കൊള്ളാത്തതിന്റെ പേരിൽ അവസാനം അവിടെനിന്ന് ഒഴിഞ്ഞുപോകേണ്ടി വന്നു. അങ്ങനെ കാടും, വീടും നഷ്ടപ്പെട്ട അവരെ എൽ.ഡി.എഫ്. ഗവൺമെന്റ് അനാഥമാക്കിയ ഒരവസ്ഥ നമുക്കറിയാവുന്നതാണ്. ഈ സംസ്ഥാനത്ത് 30,000 കോടി രൂപയുടെ നിക്ഷേപമാണ് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വരുത്താൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ ക്രമസമാധാന രംഗം വളരെ നല്ല നിലയിലേക്ക് ഉയർത്തിക്കൊണ്ടു വന്നത് ഈ യു.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തന ഫലമായാണ്. ഞാൻ ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ നാദാപുരവും, വിലങ്ങാടുമുൾപ്പെടെയുള്ള ഒട്ടേറെ പ്രദേശങ്ങളിൽ എന്നും സംഘർഷം ഉണ്ടാകുന്നത് വേദനയോടുകൂടി മാത്രമേ കാണാനാകൂ. തൊട്ടടുത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂരിൽ എല്ലാ ദിവസവും, അവിടെ സി.പി.എമ്മും, ബി.ജെ.പി.യും അങ്ങോട്ടും ഇങ്ങോട്ടുമുള്ള നിരന്തരമായ രാഷ്ട്രീയ സംഘർഷങ്ങളും കലാപങ്ങളും അറുകൊലയും നിത്യസംഭവമായിരുന്നു. ഈ നിയമസഭയിലെ സി.പി.എം. എം.എൽ.എ. മാർക്ക് അവരുടെ വീടുകളിൽ പോലീസ് സഹായം ഇല്ലാതെ പോകാൻ കഴിയുന്ന ഒരു അവസ്ഥ കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് ഉണ്ടായിരുന്നില്ല. ആ അവസ്ഥയൊക്കെ ഇന്ന് മാറി. നിർഭയമായി പുറത്തിറങ്ങാൻ കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യം ഈ സംസ്ഥാനത്തുണ്ടാക്കിയത് ഈ യു.ഡി.എഫ്. സർക്കാരാണെന്ന് പറയുന്നതിൽ എനിക്ക് വളരെ അഭിമാനമുണ്ട്. അതുപോലെതന്നെ നമ്മുടെ രാജ്യത്തിന് ആകെ മാതൃകയാകുന്ന രൂപത്തിൽ എസ്.എസ്.എൽ.സി. ക്ക് ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കിയത് ഈ സർക്കാരാണ്. അതോടൊപ്പം തന്നെ നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായി I T അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കിയത് യു.ഡി.എഫ്. സർക്കാരാണ്. ഇവിടെ എന്റെ സമുദായമായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് 35,000 രൂപ ഗ്രാന്റായി കൊടുത്തിരുന്നത് 70,000 ആയി വർദ്ധിപ്പിച്ചത് ഈ സംസ്ഥാന സർക്കാരാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഞാൻ നേരത്തെ പറഞ്ഞു പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നല്കിയത് ഈ സർക്കാരാണ്. അതുപോലെതന്നെ എടുത്തുപറയാൻ കഴിയുന്ന ഒരു കാര്യമാണ് കഴിഞ്ഞ 4 വർഷമായി ഒരു ദിവസംപോലും ഇവിടെ പവർകട്ടില്ലാത്ത ഒരു ഭരണം കാഴ്ചവച്ചത് ഈ സർക്കാരാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2,60,000-ത്തിൽപ്പരം ആളുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയത് ഈ സർക്കാരാണ്. അതുപോലെ ഒരുമിച്ച് 4,000 ആളുകൾക്ക് പി.എസ്.സി.യിലൂടെ നിയമനം നൽകിയ ഒരു സർക്കാരാണ് ഇന്ന് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. സഹകാരികൾക്കുവേണ്ടി ഗഹാൻ പദ്ധതി നടപ്പിലാക്കി. ആ പദ്ധതി കേരളക്കരയിലെ ആയിരക്കണക്കിന് സഹകാരികൾക്ക് ലക്ഷക്കണക്കിന് രൂപയുടെ സൗകര്യമാണ് ഉണ്ടാക്കിയതെന്ന് ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മുഴുവൻ പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കാൻ തയ്യാറായത് ഈ ഐക്യജനാധിപത്യ മുന്നണി സർക്കാരാണ്. ഈ സർക്കാരിന്റെ ആരംഭകാലത്തെ ദിനംപ്രതി പത്രങ്ങളിലുണ്ടായിരുന്ന വാർത്തയാണ് കോൺട്രക്ടർമാരുടെ കുടുംബങ്ങളുടെ കൂട്ട ആത്മഹത്യകൾ. കോൺട്രക്ടർമാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുകയും അവരെ ആത്മഹത്യയിൽ നിന്ന് രക്ഷിച്ചു കൊണ്ടുവന്നതും ഈ സർക്കാരാണ്. ഒറ്റ ദിവസം പോലും ട്രഷറി പൂട്ടാത്ത സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയത് ഈ സർക്കാരാണ്. അങ്ങനെ ഈ സമൂഹത്തിന് ഗുണകരമായ ഒട്ടേറെ പദ്ധതികളും പ്രവർത്തനവുമായി മുന്നോട്ടു പോകാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ നേരത്തേ സൂചിപ്പിച്ചപോലെ ഈ കാര്യങ്ങൾ മൊത്തം എടുത്ത് പറയുമ്പോൾ സമയം മതിയാകാത്ത ഒരു അവസ്ഥയുണ്ട്. കേരളക്കരയിലെ ജനലക്ഷങ്ങൾക്ക് സഹായകരമായ ആശ്വാസ നടപടികൾ സ്വീകരിച്ച ഈ യു.ഡി.എഫ്. സർക്കാരിന് എല്ലാ വിധമായ ഭാവുകങ്ങളും നേർന്നുകൊണ്ട് ഒരിക്കൽക്കൂടി ഈ അവിശ്വാസപ്രമേയത്തിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ചെയർമാൻ ശ്രീ. ബിനോയ് വിശ്വം]

ശ്രീ. കെ.സി. ജോസഫ്: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ എതിർക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുതൽ അപ്പുറത്തു നിന്നു സംസാരിച്ച ശ്രീ. പി.സി. ജോർജ് വരെ നടത്തിയ പ്രസംഗങ്ങൾ കേട്ടാൽ ഇത്രയും വിരസമായ ഒരു അവിശ്വാസ ചർച്ച സഭയിൽ ഉണ്ടായിക്കാണില്ല എന്നു മനസ്സിലാകും. ആശയ ദാരിദ്ര്യം കൊണ്ട് ശ്രീ. പി.സി. ജോർജിന് അവസാനം ലില്ലിക്കുട്ടിയുടെ കാര്യം വരെ പറയേണ്ടി വന്ന അവസ്ഥ ഈ സഭയിൽ ഉണ്ടായി. അവിശ്വാസത്തിന്റെ ഗൗരവമില്ലാത്ത, ഒരു ഗവൺമെന്റിന് എതിരായ അവിശ്വാസ പ്രമേയത്തിന്റെ ഗൗരവം ഉൾക്കൊള്ളാത്ത ഒരു ചർച്ചയാണ് സഭയിൽ ഉണ്ടായത്. പ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഴീക്കോട്ടേയും, കൂത്തുപറമ്പിലേയും വിജയഗാഥ ഇവിടെ പാടിക്കേട്ടു. ശരിയാണ് സാർ. അഴീക്കോട്ടിലും കൂത്തുപറമ്പിലും യു.ഡി.എഫ്. പരാജയപ്പെട്ടു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം മനസ്സിലാക്കണം. ഒരു ചക്ക വീണാൽ മുയൽ ചത്തെന്ന് വിചാരിച്ച് എല്ലാ ചക്ക വീഴുമ്പോഴും മുയൽ ചാകാൻ പോകുന്നില്ല. 1991-ൽ ജില്ല കൗൺസിൽ തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയം കൊണ്ട നിങ്ങൾ അസംബ്ളി പിരിച്ചുവിട്ട് തെരഞ്ഞെടുപ്പിലേക്ക് പോയതാണ്. അന്നുണ്ടായ ഫലം എന്താണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണന് നല്ല ബോദ്ധ്യം ഉണ്ടാകും. ഈ സഭയിൽ ഈ പ്രമേയം ചർച്ച ചെയ്യുമ്പോൾ ഈ സഭയിലും, സഭയ്ക്കു പുറത്തുമുള്ള ഏറ്റവും വലിയ വിഷയം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബോധപൂർവ്വം അവഗണിക്കുകയുണ്ടായി. രണ്ടുമൂന്ന് ദിവസമായി ഈ സഭയിലുണ്ടായ, സഭയിൽ മാത്രമല്ല, സഭയ്ക്ക് പുറത്തും എല്ലാ മാധ്യമങ്ങളിലും വിഷ്വൽ മീഡിയയിൽ പോലും ചർച്ച ചെയ്യുന്ന വിഷയമാണ് എസ്.എൻ.സി. ലാവ്‌ലിനുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങൾ. ഞാൻ വിചാരിച്ചത്, ഈ സംഭവം ഉണ്ടായ അവസരത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ മെമ്പറായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം ഈ സഭയിലേക്കു വരുമ്പോൾ ഈ സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമെന്നാണ്. അദ്ദേഹം ബോധപൂർവ്വം അക്കാര്യം അവഗണിക്കുകയായിരുന്നു. ശ്രീ. എം.എം. ഹസ്സൻ ഇവിടെ പറഞ്ഞതുപോലെ ഇന്ത്യാവിഷന്റേയും, ഏഷ്യാനെറ്റിന്റേയും ഒക്കെ വ്യൂവേഴ്സ് ഇന്നലെ ഏതാണ്ട് 80% പേരും പറയുകയാണ് ഈ സംഭവത്തിൽ ശ്രീ. പിണറായി വിജയൻ അഴിമതി കാണിച്ചു എന്നു ബോദ്ധ്യമുണ്ടെന്ന്. ഇത്രയും വ്യക്തമായി ജനങ്ങൾ വിശ്വസിക്കുന്ന ഒരു കാര്യത്തിൽ ഈ സഭയിലേക്ക് വരുമ്പോൾ അതിന്റെ യഥാർത്ഥ അവസ്ഥ പറയാനുള്ള സാമാന്യമായ ചുമതല ശ്രീ. കോടിയേരി ബാലകൃഷ്ണന് ഉണ്ടായിരുന്നു. പൊതു മേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ-ന്റെ ഓഹരിയുടെ 10% വിൽക്കാൻ യു.പി.എ. ഗവൺമെന്റ് തീരുമാനിച്ചപ്പോൾ അതിനെതിരെ വലിയ വിവാദമുണ്ടാക്കിയവരാണ് പ്രതിപക്ഷം. ഇപ്പോൾ യു.പി.എ. ഗവൺമെന്റിനെ മുൾമുനയിൽ നിർത്തിക്കൊണ്ട് മുമ്പോട്ട് പോകുന്ന ശ്രീ. പ്രകാശ് കാരാട്ടും, ശ്രീ. ബർദാനും, ശ്രീ. അംബാനി റോയിയുമൊക്കെ നയിക്കുന്ന ഇടതുപക്ഷം ഭരിക്കുമ്പോഴാണ് ഇല്ക്ട്രിസിറ്റി ബോർഡിന്റെ പബ്ലിക്ക് ടെന്റർ സമർപ്പിച്ച ബി.എച്ച്.ഇ.എല്ലിന്റെ ഏറ്റവും കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ മാറ്റിവച്ചുകൊണ്ട് വിദേശ കമ്പനിയായ എസ്.എൻ.സി. ലാവ്‌ലിന് നല്കിയത്. ഇത് കോടികളുടെ നഷ്ടമാണുണ്ടാക്കിയത്. അതേപ്പറ്റി ഒരു വാക്കെങ്കിലും പറയേണ്ടതായിരുന്നു. സഭയിൽ സംസാരിക്കുമ്പോൾ രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. കഴിഞ്ഞ നാലുകൊല്ലക്കാലമായി കേരളത്തിൽ നിയമവാഴ്ച പുനഃസ്ഥാപിച്ച ഗവൺമെന്റിന്റെ നേട്ടങ്ങൾ. നാലുകൊല്ലം മുൻപ് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സഭാ സമ്മേളനം കഴിഞ്ഞ് കണ്ണൂരിലേക്കു മടങ്ങാൻ ശ്രീ. പിണറായി വിജയനും ശ്രീ. ഗോവിന്ദൻ മാസ്റ്റർക്കുമൊക്കെ ട്രെയിനിലടക്കം കനത്ത പോലീസ് സംരക്ഷണം വേണമായിരുന്നു. മാർക്സിസ്റ്റ് പാർട്ടി ഭരിക്കുമ്പോൾ പാർട്ടി എം.എൽ.എ.മാർക്ക് പോലീസ് സംരക്ഷണം വേണ്ട അവസ്ഥയായിരുന്നു. കണ്ണൂരിൽ ഇറങ്ങിയാലോ പോലീസിന്റെ പട തന്നെയുണ്ടായിരുന്നു. ഇന്ന് ശ്രീ. പിണറായിക്കാണെങ്കിലും ശ്രീ കോടിയേരിക്കാണെങ്കിലും സൈരമായും സമാധാനപൂർണ്ണമായും യാത്രചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കിയത്, ഒരു കലാപരംഗമായിരുന്ന, രക്തക്കളമായിരുന്ന കണ്ണൂരിൽ നിയമവാഴ്ച പുനഃസ്ഥാപിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമാണ്; ആ കാര്യം വിസ്മരിക്കരുത്. വികസന രംഗത്ത് സംസ്ഥാനത്തുണ്ടായ മാറ്റങ്ങൾ നിങ്ങൾ കാണാതെ പോകുന്നു. ഏറ്റവും ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയത് വിദ്യാഭ്യാസ രംഗത്താണ്. ആ രംഗത്ത് ചില പാകപ്പിഴകൾ ഉണ്ടായത് തിരുത്താൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 2001-ൽ ഈ ഗവൺമെന്റ് ഭരണത്തിൽവരുമ്പോൾ എൻജിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ ആകെ ഉണ്ടായിരുന്നത് 7378 സീറ്റുകളാണ്. ഗവൺമെന്റ് മേഖലയിൽ 4020 ഉം, സെൽഫ് ഫിനാൻസിംഗ് മേഖലയിൽ 3558 ഉം സീറ്റുകളാണ് ഉണ്ടായിരുന്നത്. എന്നാൽ നാലുകൊല്ലം കഴിഞ്ഞപ്പോൾ 22948 സീറ്റായി വർദ്ധിച്ചു; ഏതാണ്ട് നാലിരട്ടി വർദ്ധനവുണ്ടായി. കേരളത്തിൽ 2001 വരെ ആകെ ഉണ്ടായിരുന്നത് അഞ്ചു മെഡിക്കൽ കോളേജുകളാണ്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ എന്നിവ. ഇന്ന് സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ആറു പുതിയ മെഡിക്കൽ കോളേജുകൾ കൂടി ആരംഭിച്ചു. സെൽഫ് ഫിനാൻസിംഗ് മേഖലയിൽ 50% മെറിറ്റ് സീറ്റിലാണ് പ്രവേശനം. സർക്കാർ ഖജനാവിൽ നിന്ന് ഒരു പൈസ പോലും മുടക്കാതെ വിദ്യാഭ്യാസ രംഗത്തുണ്ടായ വമ്പിച്ച മാറ്റം കാണാതെ പോകരുത്. സംസ്ഥാനമാകെ കലാപമുണ്ടാക്കി സംഘർഷങ്ങൾ ഉണ്ടാക്കി മാറ്റങ്ങളെ തകർക്കാൻ ശ്രമിക്കരുത്.

ശ്രീ. കെ.പി. രാജേന്ദ്രൻ: മെഡിക്കൽ കോളേജിന്റെയും സ്വകാര്യ മെഡിക്കൽ കോളേജിന്റെയും കണക്ക് അനുസരിച്ചാണല്ലോ സീറ്റുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചത്. ചില കോളേജുകൾ ഡീംഡ് യൂണിവേഴ്സിറ്റി ആകാനുള്ള അപേക്ഷ കൊടുത്തുകഴിഞ്ഞു. അമൃത മെഡിക്കൽ കോളേജ് ഇപ്പോഴേ ഡീംഡ് യൂണിവേഴ്സിറ്റി ആയിക്കഴിഞ്ഞു. ഇപ്പോൾ മൂന്ന് സ്വകാര്യ മെഡിക്കൽ കോളേജുകളും പതിനൊന്ന് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളും അപേക്ഷകൾ നൽകി നടപടികൾ പൂർത്തിയായി വരുന്നു. ഇത്തരം സ്ഥാപനങ്ങൾ വന്നാൽ അവിടെ 50% മെറിറ്റ് സീറ്റ് ഇല്ല; ഒരു

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള സംവരണവുമില്ല. എന്നു പറഞ്ഞാൽ സമ്പൂർണ്ണമായി സ്വകാര്യ മാനേജ്മെന്റുകളുടെ വിദ്യാഭ്യാസ കച്ചവടത്തിന് കൂട്ടുനിൽക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്തത്?

ശ്രീ. കെ.സി. ജോസഫ്: ഈ രാജ്യത്ത് പാർലമെന്റും അസംബ്ളിയും പാസ്സാക്കിയ നിയമത്തിന് വിധേയമായി ആർക്കും പോകാം. ഏതെങ്കിലും കോളേജ് ഡീംഡ് യൂണിവേഴ്സിറ്റി ആകുന്നെങ്കിൽ അത് പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പിൻബലത്തിലാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആകെയുണ്ടായിരുന്ന 1604 സീറ്റ് 5104 ആയി. പുതിയ 24 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. കേരളത്തിലുണ്ടായ മാറ്റം കാണാതെ ചെറിയ പ്രശ്നങ്ങൾ ഊതിപ്പെരുപ്പിച്ചുകൊണ്ട് വ്യാപകമായ സമരത്തിലൂടെ, സംഘർഷങ്ങളിലൂടെ, കലാപങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്തെ കലാപ കലുഷിതമാക്കാൻ ശ്രമിക്കുമ്പോൾ ഈ രംഗത്ത് പൊതു ഖജനാവിൽ നിന്ന് ഒരു പൈസ പോലും മുടക്കാതെ ഈ ഗവൺമെന്റ് വമ്പിച്ച പുരോഗതി ഉണ്ടാക്കിയത് നിങ്ങൾ വിസ്മരിക്കരുത്. പിന്നെ പി.ഡബ്ല്യു.ഡി. മേഖല—കഴിഞ്ഞ ആഴ്ച ഡോക്ടർ എം.കെ. മുനീർ കണ്ണൂരിൽ ഉണ്ടായിരുന്നു. ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ മണ്ഡലത്തിലെ പാലം ഉദ്ഘാടനത്തിനു പോയതാണ്. ശ്രീ. ഗോവിന്ദൻ മാസ്റ്റർ സി.പി.എം.ന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിയാണ്. അവിടെ കഴിഞ്ഞ നാലുകൊല്ലം കൊണ്ട് ഏഴ് പാലങ്ങളുടെ പണി ആരംഭിച്ചു. രാഷ്ട്രീയമായി വേർതിരിവില്ലാതെ കേരളത്തിലെ 140 മണ്ഡലങ്ങളിലുണ്ടായ മാറ്റം നിങ്ങൾ കാണുന്നതല്ലേ? എൽ.ഡി.എഫ്. ഭരിക്കുമ്പോൾ അഞ്ചുകൊല്ലക്കാലം ഞാൻ എം.എൽ.എ. ആയിരുന്നു. എന്റെ മണ്ഡലത്തിന് ലഭിച്ചത് ഒരു ചെറിയ റോഡും പാലവും മാത്രമാണ്. നിങ്ങൾ വിവേചനം കാണിച്ചു. ഞങ്ങൾ വിവേചനമില്ലാതെ പൊതു ഖജനാവിലെ പണത്തെ മാത്രം ആശ്രയിക്കാതെ എല്ലാ മേഖലയിൽനിന്നും, നബാർഡിന്റേയും, എൽ.ഐ.സി.യുടേയും, ലോകബാങ്കിന്റേയുമെല്ലാം പണം സമാഹരിച്ചുകൊണ്ട് കേരളത്തിലുണ്ടാക്കിയ വികസന മുന്നേറ്റം കാണാതെ പോകരുത്. ട്രാൻസ്പോർട്ട് മേഖലയിൽ—കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് 150 പുതിയ ബസ്സുകളിറക്കി; അനന്തപുരി ബസ് സർവ്വീസ് ആരംഭിച്ചു; 130 ബസ്സുകളുമായി വേണാട് സർവ്വീസ് ആരംഭിച്ചു. പ്രഗൽഭന്മാർ പലരും നയിച്ച കെ.എസ്.ആർ.ടി.സി.യെ ഇന്ന് ശ്രീ. ശക്തൻ നയിക്കുന്നു. അദ്ദേഹം ശക്തനാണെന്ന് തെളിയിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി. നഷ്ടം കുറച്ചു, ജീവനക്കാർക്ക് സാധ്യമായ ആനുകൂല്യങ്ങൾ കൊടുത്തു. വൈദ്യുതി മേഖല — ശ്രീ. ആര്യാടൻ മുഹമ്മദ് കേന്ദ്രഗവൺമെന്റിന്റെ പുതിയ രാജീവ് ഗാന്ധി ഗ്രാമീണ പദ്ധതിയിൽപ്പെടുത്തി കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ വൈദ്യുതി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു. ഇന്നലെ വരെ കണ്ണൂരിൽ വൈദ്യുതി ലഭിക്കണമെങ്കിൽ മിനിമം ഗ്യാരണ്ടിയിൽ അപേക്ഷിച്ചാൽ ആറും ഏഴും കൊല്ലം കാത്തിരിക്കണമായിരുന്നു. അത് ലഭിച്ചാലോ 400-500 രൂപയും കൊടുക്കണം; ഈ ഗവൺമെന്റ് മിനിമം ഗ്യാരണ്ടി എടുത്തു കളഞ്ഞു. കേരളത്തിലെ എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കാനുള്ള സമഗ്ര പദ്ധതി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നു. കേരളത്തിന്റെ വികസനരംഗത്ത് വമ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

നേട്ടങ്ങളോടെ ഗവൺമെന്റ് മുമ്പോട്ട് വരികയാണ്. ആ മുന്നേറ്റത്തിനിടയിൽ നിങ്ങൾ മുക്കുമുറിച്ചു ശകുനം മുടക്കാൻ ശ്രമിക്കുന്നു. നിരന്തരമായ സമരങ്ങളിലൂടെ ഈ സംസ്ഥാനത്ത് കലാപമുണ്ടാക്കാൻ പ്രതിപക്ഷം ശ്രമിക്കുന്ന കാര്യം മാർക്സിസ്റ്റ് പാർട്ടി വിസ്മരിക്കരുത്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. നിങ്ങൾക്കാവശ്യം രാഷ്ട്രീയ പ്രചരണത്തിനുള്ള പുതിയ തന്ത്രങ്ങളാണ്. കഴിഞ്ഞ ആഴ്ച പണിമുടക്കും കലാപങ്ങളുമുണ്ടായി. മെറിറ്റ് സീറ്റിൽ കൗൺസലിംഗ് തടസ്സപ്പെടുത്തി. നിങ്ങൾക്കാവശ്യം കർണ്ണാടകയിലെ വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപ്പര്യസംരക്ഷണമായിരുന്നു. കേരളത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹം പ്രസ്താവിച്ചു, കേരളത്തിലെ വിദ്യാർത്ഥികൾ പഠിക്കാനാഗ്രഹിക്കുന്ന ഏതു കോഴ്സും പഠിക്കാനുള്ള സൗകര്യം കേരളത്തിൽ ഉണ്ടാകണമെന്ന്. ആ കാര്യത്തിൽ ഈ ഗവൺമെന്റ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. കർണ്ണാടകയിലേക്കുള്ള വലിയ ഒഴുക്ക് കുറഞ്ഞിരിക്കുന്നു. ഒരു കൊല്ലം 2000 കോടി രൂപയോളം കേരളത്തിലെ കുട്ടികൾ കർണാടകത്തിൽ ചെലവഴിച്ചിരുന്നു. ഇന്ന് അവർ കുട്ടികളെ ക്യാൻവാസ് ചെയ്യാൻ കേരളത്തിലേക്ക് വരികയാണ്. അവരുടെ താൽപ്പര്യ സംരക്ഷകരായി വിദ്യാഭ്യാസ രംഗത്ത് സമരങ്ങൾ ഉണ്ടാക്കി തടയാൻ ശ്രമിക്കുന്നത് കേരളത്തിന്റെ വികസനത്തെയാണ്, പുരോഗതിയെയാണ്. ഈ സംസ്ഥാനത്തെ ഓരോ മേഖലയിലും ഉണ്ടാകുന്ന പുരോഗതി ദയവായി വിസ്മരിക്കരുത്. കഴിഞ്ഞ മൂന്നുകൊല്ലക്കാലം നിങ്ങൾ ശ്രീ. എ. കെ. ആന്റണിയുടെ വിമർശകരായിരുന്നു. ഇന്ന് അദ്ദേഹം നിങ്ങൾക്ക് നല്ലവനായി. അത് നല്ല കാര്യം. രാജ്യസഭാ തിരഞ്ഞെടുപ്പുണ്ടായി നിങ്ങൾ സ്ഥാനാർത്ഥിയെ നിർത്തിയോ? ഞങ്ങൾ ആരെയും കൂറുമാറാൻ പ്രേരിപ്പിക്കുന്നില്ല. ഒൻപത് എം. എൽ. എ. മാരെ സംരക്ഷിക്കാൻ വേണ്ടി അവരുടെ എം. എൽ. എ. സ്ഥാനം സംരക്ഷിക്കാൻ വേണ്ടി സ്വന്തം മുന്നണിയിലുള്ള ആളുകളെ വിശ്വാസത്തിലെടുക്കാതെ മാർക്സിസ്റ്റ് പാർട്ടി നാടകം കളിച്ചില്ലേ? എൽ. ഡി. എഫ്. കമ്മിറ്റിയിൽ മാർക്സിസ്റ്റ് പാർട്ടി മാപ്പു പറഞ്ഞില്ലേ? നിങ്ങൾ എതിർത്ത ശ്രീ. എ. കെ. ആന്റണിയെ നിങ്ങൾ വിജയിപ്പിച്ചു.

സർ, അപ്പോൾ നിങ്ങൾ, നിങ്ങളുടെ സംരക്ഷണയിൽ കേരളത്തിലുണ്ടായ പുതിയ പാർട്ടിയെ, നിങ്ങൾ സംരക്ഷിക്കുന്ന ശ്രീ. കരുണാകരന്റെ പാർട്ടിയെ, നിങ്ങൾ രക്ഷകർത്താവായ പാർട്ടിയെ രക്ഷിക്കാൻ ശ്രമിക്കുന്നു. നിയമസഭയിൽ 9 എം. എൽ. എ.-മാരെ കൂറുമാറ്റിയില്ലെങ്കിലും അവരെ പിന്നിൽ നിന്ന് സംരക്ഷിക്കാൻ ശ്രമിക്കുന്ന നിങ്ങളുടെ രാഷ്ട്രീയമായ കാപട്യം കേരളം കാണുന്നുണ്ട്. കഴിഞ്ഞ നാലു കൊല്ലക്കാലം നടത്തിയ യു. ഡി. എഫ്-ന്റെ വികസന സംരംഭങ്ങൾ, വികസനമുന്നേറ്റം ഈ രാജ്യം അംഗീകരിക്കുന്നു. നിങ്ങളുടെ സമരങ്ങളെ, സമരക്കൊടുങ്കാറ്റുകളെ അസ്തമിപ്പിക്കും. കേരളത്തിന്റെ പുരോഗതിയുടെ മുന്നേറ്റത്തിൽ ശ്രദ്ധേയമായ സംഭാവന നൽകിയ ഈ ഗവൺമെന്റിന് ജനങ്ങളുടെ വിശ്വാസം ഉണ്ടാകും. തീർച്ചയായും സഭയിലും സഭയ്ക്കു പുറത്തും ജനങ്ങൾക്കുള്ള വമ്പിച്ച വിശ്വാസം അടുത്ത ഒമ്പതു മാസത്തിനുള്ളിൽ ബോധ്യപ്പെടുമെന്ന വിശ്വാസത്തിൽ ഞാൻ ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ അവിശ്വാസപ്രമേയത്തിലേക്ക് നയിച്ച കാര്യങ്ങൾ എണ്ണിയെണ്ണി പറഞ്ഞു. ഈ ഗവൺമെന്റിനെതിരേ അവിശ്വാസ പ്രമേയം കൊണ്ടുവന്നപ്പോൾ കാതലായ ഒരു കാര്യമെങ്കിലും ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങൾക്ക് നെഞ്ചത്ത് കൈ വച്ച് പറയാൻ കഴിയുമോ? ഒരു കാര്യം പോലുമില്ല. ഒരുപാട് അവിശ്വാസപ്രമേയങ്ങൾക്ക് കേരള നിയമസഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം എൽ. ഡി. എഫ്. ഭരിച്ചപ്പോൾ യു. ഡി. എഫ്. അഞ്ചു വർഷത്തെ മാൻഡേറ്റ് കൊടുത്തുകൊണ്ട് പൂർണ്ണമായി കാര്യങ്ങൾ നോക്കിക്കാണാനും കാര്യങ്ങൾ വിലയിരുത്താനും ശ്രമിച്ചു. കാലാവധി കഴിയുന്നതിനു മുമ്പ് ഇത്തരമൊരു അവിശ്വാസം അന്നത്തെ പ്രതിപക്ഷം കൊണ്ടുവന്നില്ല, വേണമെങ്കിൽ കൊണ്ടുവരാമായിരുന്നു. ഒരുപാട് അഴിമതിയാരോപണങ്ങൾ കൊടികുത്തി വാണിട്ടുപോലും അതു ചെയ്തില്ല. ഏതാണ്ട് 300 പ്ളസ് ടു സ്കൂളുകളുടെ നടത്തിപ്പിൽ കാര്യമായ അഴിമതിയുണ്ടെന്ന് എല്ലാവരും സമ്മതിച്ച കാര്യത്തിൽപ്പോലും, ഹൈക്കോടതി പറഞ്ഞിട്ടു പോലും ഒരു അവിശ്വാസപ്രമേയം അന്ന് കൊണ്ടുവന്നില്ല. പക്ഷേ നിങ്ങൾ എന്താണ് കൊണ്ടുവന്നത്? എനിക്ക് മനസ്സിലായത്, ഇവിടെ ഒരുപാട് സമരങ്ങൾ നടത്തി, കേരളത്തിനെ കലാപകലുഷിതമാക്കി മാറ്റി, ചോരപ്പുഴയൊഴുക്കി. എന്നിട്ടും ഒന്നും സംഭവിച്ചില്ല. ഗവൺമെന്റ് എല്ലാം വളരെ പക്വമായി നേരിട്ടു. അതിനുശേഷം സഭ നടക്കുമ്പോൾ പ്രക്ഷുബ്ധമായ അന്തരീക്ഷമുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമം നടത്തി. അതുകൊണ്ടും രക്ഷയില്ല എന്നു കണ്ടപ്പോൾ അവസാനം മുണ്ടുപൊക്കി കാണിച്ചു. ഇന്ന് ഗ്യാലറിയിൽ ഒറ്റ സ്ത്രീകൾ പോലുമില്ല. കാരണമെന്താണ്? ഇതുപോലുള്ള അവസ്ഥ ഇന്നുമുണ്ടാകുമെന്ന് ഭയപ്പെട്ടാണ് വരാത്തത്. ഇങ്ങനെയൊരു ദയനീയമായ അവസ്ഥയിൽ എത്തിയശേഷം അവസാനം രക്ഷയില്ലാതെ വന്നപ്പോൾ അവിശ്വാസപ്രമേയം കൊണ്ടു വന്നു.....(ബഹളം).....അതാണെങ്കിൽ മരുന്നില്ലാത്ത പടക്കംപോലെ ചീറ്റിപ്പോയി. ഇവിടെ ഉപതെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. ഉപതെരഞ്ഞെടുപ്പ് ഒരു ചൂണ്ടുപലകയായി കാണാൻ കഴിയുമോ? 1990-ൽ ഇവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടന്നു. മലപ്പുറം ജില്ലയൊഴിച്ച് ബാക്കി 13 ജില്ലയും നിങ്ങൾ തൂത്തുവാരി. അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ആരാണ് ജയിച്ചത്? അതുപോലെ 2000-ത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തി. അപ്പോൾ ഭൂരിപക്ഷം സീറ്റുകളും നിങ്ങൾ തൂത്തുവാരി. ഒരു വർഷം കഴിഞ്ഞ് 2001-ൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ യു. ഡി. എഫ്. തിരിച്ചുവന്നിട്ടുണ്ട്. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ നിങ്ങളാണ് വിജയിച്ചതെങ്കിൽ വരുന്ന തെരഞ്ഞെടുപ്പിൽ യു. ഡി. എഫ്. ശക്തമായി തിരിച്ചുവരുമെന്ന കാര്യത്തിൽ സംശയമില്ല.....(ബഹളം).....വസ്തുതകൾ നിരത്തിയാണ് ഞാൻ പറയുന്നത്. വെറുതേ പ്രവചനം നടത്തുന്നതല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ഉണ്ടായ അനുഭവങ്ങൾ മുൻനിർത്തി, പ്രയോഗികമായിട്ടാണ് പറയുന്നത്. അല്ലെങ്കിൽ നിഷേധിക്കൂ. വെറുതേ പറയുന്നതല്ല.

ശ്രീ. എം. വി. ജയരാജൻ: സുനാമി ഫണ്ട്.....

ശ്രീ. സി. മമ്മൂട്ടി : .....(ബഹളം).....സർ, എന്റെ സമയം നഷ്ടപ്പെടുത്തുകയാണ്. വലിയൊരു പ്രമേയമെന്ന നിലയ്ക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തിന്മേൽ ചർച്ച നടക്കുമ്പോഴാണ് അദ്ദേഹം ചേനക്കാര്യത്തെക്കുറിച്ച് പറയുന്നത്. ഇതെന്താണ്? ഗവൺമെന്റിന്റെ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ അവസരം ചോദിച്ചു, അവസരം കിട്ടി അതു ചർച്ച ചെയ്യുമ്പോൾ ഇവിടെ ചേനക്കാര്യം പറയുകയാണ്. വെറുതെ സമയം കളയുകയാണ്.....(ബഹളം).....സർ, എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. മറുപടി അർഹിക്കുന്നതു മാത്രമേ പറയാൻ കഴിയൂ. അർഹിക്കാത്തതിന് എങ്ങനെ മറുപടി പറയാൻ കഴിയും? മഅ്ദനിയെ ജയിലിൽ നിന്ന് മോചിപ്പിച്ചോ എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. 1996-ൽ നടന്ന തെരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധിയും മഅ്ദനിയും ഒരുപോലെയാണെന്ന് പ്രസംഗിച്ചു നടന്ന് വോട്ട് നേടിയശേഷം പിന്നീട് അധികാരത്തിൽ വന്നശേഷം മഅ്ദനിയെ കൂച്ചുവിലങ്ങിട്ട് കോയമ്പത്തൂർ ജയിലിൽ അയച്ചത് നിങ്ങളാണോ? ഞങ്ങളാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും തമിഴ്നാട്ടിൽ പോയി അവിടത്തെ മുഖ്യമന്ത്രി ജയലളിതയെ കണ്ട് അദ്ദേഹത്തിന് പരോൾ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്തത്. അതാണ് ഞങ്ങൾ ചെയ്ത നീതിയുക്തമായ മാർഗ്ഗം. നിങ്ങളാണ് അദ്ദേഹത്തിന് കൂച്ചുവിലങ്ങ് വച്ചത്. അവസാനം തെരഞ്ഞെടുപ്പ് മുന്നിൽ എത്തിയപ്പോൾ നിങ്ങൾ പറയുന്നതെന്താണ്? മഅ്ദനിയെ നിങ്ങൾ വിടാത്തത് എന്താണെന്നാണ്. ഞങ്ങൾ തമിഴ്നാട് മുഖ്യമന്ത്രിയോട് പറഞ്ഞു. ഞങ്ങൾ നിരന്തരമായി സമ്പർക്കം പുലർത്തി.....(ബഹളം).....നിങ്ങൾ പറയുമ്പോൾ ഞങ്ങളാരും ബഹളം വച്ചില്ലല്ലോ? വസ്തുതകൾ പറയുമ്പോൾ എന്തിനാണ് നിങ്ങൾ ബഹളം വയ്ക്കുന്നത്? പിന്നീട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് അഴിമതിയെക്കുറിച്ചാണ്. വി. എച്ച്. എസ്. ഇ. യിലുള്ള അഴിമതിയാണ് യു. ഡി. എഫ്. ഭരിക്കുമ്പോഴും ചർച്ച ചെയ്യുന്നത് നിങ്ങൾ ഭരിച്ചപ്പോഴുള്ള എസ്. എൻ. സി. ലാവ്‌ലിൻ അഴിമതിയെക്കുറിച്ചാണ്. ഇപ്പോൾ പോലും നിങ്ങൾക്ക് യു. ഡി. എഫ്. ഗവൺമെന്റിനെക്കുറിച്ച്, ഏതെങ്കിലും അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞോ? സാധിച്ചിട്ടില്ല. നിങ്ങൾക്ക് പറയാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. അഴിമതി നേരത്തേ ഉന്നയിക്കുകയും പത്രസമ്മേളനം നടത്തുകയും പ്രചണ്ഡ പ്രചാരണങ്ങൾ നടത്തുകയും ചെയ്ത ആളുകൾ ഇപ്പോൾ നിങ്ങളോടൊപ്പം ആയതോടുകൂടി ഏതാണ്ട് വേലായുധന്റെ സർപ്പയജ്ഞം പോലെയായി. ഇടതു പക്ഷമുന്നണി ഇപ്പോൾ വേലായുധന്റെ സർപ്പയജ്ഞംപോലെയാണ്. അതിൽ മൂർഖനുണ്ട്, പെരുമ്പാമ്പുണ്ട്, അണലിയുണ്ട്, ചേരയുമുണ്ട്. അണലിയും മൂർഖനും അവരുടെ കൂടാരത്തിൽ കൂടിയതോടുകൂടി ഒരു സർപ്പയജ്ഞം പോലെ വി. എസ്. അച്ചുതാനന്ദനും കൂട്ടരും വല്ലാതെ കഷ്ടപ്പെടുകയാണ്. അവിശ്വാസ പ്രമേയത്തിൽ ഏതെങ്കിലും ഒരു അഴിമതിയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് കഴിഞ്ഞോ? രണ്ടായിരത്തിൽ നിങ്ങൾ അനുവദിച്ച പ്ലസ് ടു സ്കൂളുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതല്ലാതെ നിങ്ങൾക്ക് ഒന്നും പറയാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, നിങ്ങൾ ഇപ്പോൾ പലതും എതിർക്കുന്നു. ശ്രീ. ബിനോയ് വിശ്വം പ്രസംഗിക്കുമ്പോൾ പറഞ്ഞത്, 'ഓരോ തുള്ളി ചോരയ്ക്കും പകരം ഞങ്ങൾ ചോദിക്കും' എന്നാണ്. അതുപോലെ മറ്റൊരു മുദ്രാവാക്യവും നിങ്ങൾക്കുണ്ടായിരുന്നു. 'ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരം പേർ ഉയരുന്നു' എന്നാണ്. ഇപ്പോൾ ഞാൻ ചോദിക്കട്ടെ, കൃഷ്ണപിള്ളയെപ്പോലെ, എ. കെ. ജി.-യെപ്പോലെ നിസ്വാർത്ഥരായ, നിഷ്ക്കളങ്കരായ നേതാക്കന്മാർ പടുത്തുയർത്തിയ പാർട്ടിയുടെ ഇന്നത്തെ അവസ്ഥ എന്താണ്? അമ്യൂസ്മെന്റ് പാർക്കുകൾ തുറക്കലല്ലേ; ടൂറിസ്റ്റ് റിസോർട്ടുകൾ തുറക്കുകയല്ലേ നിങ്ങൾ ചെയ്യുന്നത്? ഇക്കണോമിക് ടൈംസിൽ വന്ന റിപ്പോർട്ട് എന്താണ്? നാലായിരം കോടി രൂപയുടെ ആസ്തിയുള്ള പാർട്ടി കേരളത്തിലെ മാർക്സിസ്റ്റു പാർട്ടി ആണെന്നാണ്. ഞാൻ പറയുന്നതല്ല. പത്രത്തിൽ വന്നതാണ്. കേരളത്തിലെ ഏറ്റവും വലിയ സമ്പന്നമായ പാർട്ടി ഏതാണ് എന്നു ചോദിച്ചാൽ ഉത്തരം പറയാൻ കഴിയും, അത് മാർക്സിസ്റ്റു പാർട്ടിയാണ്. ഇതു ഞാൻ പറയുന്നതല്ല. ഇക്കണോമിക്ക് ടൈംസിലെ റിപ്പോർട്ടാണ്. ടൈംസ് ഓഫ് ഇൻഡ്യയുടെ പ്രസിദ്ധീകരണത്തിൽ പറഞ്ഞതാണ്. രേഖാമൂലം ഈ കാര്യം പത്രങ്ങളിൽ വന്നതാണ്. നിങ്ങൾക്ക് നിഷേധിക്കാനായിട്ടില്ല. അതു കൊണ്ട് ഇപ്പോൾ 'ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരം പേർ ഉയരുന്നു' എന്നതിനു പകരം 'ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരം കോടി ഉയരുന്നു' എന്നാക്കി സി. പി. എം.-ന്റെ മുദ്രാവാക്യം മാറ്റിയിരിക്കുന്നു. നിങ്ങൾക്ക് എന്താണ് അതിനെക്കുറിച്ച് പറയാൻ ധാർമ്മികമായ അവകാശമുള്ളത്? പാവപ്പെട്ടവരെക്കുറിച്ച് നിങ്ങൾക്ക് പറയാൻ അവകാശമുണ്ടോ? നിങ്ങളുടെ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. നാലായിരം കോടി രൂപയുടെ ആസ്തിയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ എന്തിനാണ് തടസ്സപ്പെടുത്തുന്നത്.....(ബഹളം) .....നിങ്ങൾക്ക് അവസരം വരുമ്പോൾ പറയാം. ഞങ്ങളുടെ അവസരം എന്നു പറയുന്നത് കുറച്ചു സമയമാണ്. എനിക്ക് സംസാരിക്കാൻ അവസരം തരണം..... (ബഹളം).....

മി. ചെയർമാൻ: ശ്രീ. ബാലൻ, അദ്ദേഹം വഴങ്ങുന്നില്ല. വഴങ്ങാത്ത പക്ഷം നിങ്ങൾ ഒച്ചയുണ്ടാക്കാൻ പാടില്ല. വഴങ്ങിയാൽ ചോദ്യം ചോദിക്കാം..... (ബഹളം).....

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ ഭരണപക്ഷത്തുനിന്നും പ്രൊഫ. സാവിത്രി ലക്ഷ്മണൻ പ്രസംഗിച്ചപ്പോൾ ബഹളം, ശ്രീ. കെ. സി. ജോസഫ് പ്രസംഗിച്ചപ്പോൾ ബഹളം, ശ്രീ. എം. എം. ഹസ്സൻ പ്രസംഗിച്ചപ്പോൾ ബഹളം, ഇപ്പോൾ ഞാൻ പ്രസംഗിക്കുമ്പോഴും ബഹളം. നിങ്ങൾ പറഞ്ഞത് സഹിഷ്ണുതയോടുകൂടി ഞങ്ങൾ കേട്ടല്ലോ, ഞങ്ങൾ ഇടപെട്ടില്ലല്ലോ. ജനാധിപത്യത്തിന്റെ മാന്യതയും മര്യാദയുമെന്നു പറയുന്നത്, പറയുന്നത് കേൾക്കുകയും നിങ്ങളുടെ അവസരം വരുമ്പോൾ പ്രതികരിക്കുകയുമാണ്. ഞാനൊരു പുതിയ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറാണെങ്കിലും ഞാൻ കേട്ടറിഞ്ഞതനുസരിച്ച് നിയമസഭയിൽ പറയുവാനുള്ളത് പറയുകയും, അത് സഹിഷ്ണുതയോടുകൂടി കേൾക്കുകയും, തന്റേടമുണ്ടെങ്കിൽ അതിന് വ്യക്തമായ മറുപടി പറയുകയും ചെയ്തുകൊണ്ടാണ് അതിനെ നേരിടേണ്ടത് എന്നാണ് അല്ലാതെ പറയുമ്പോൾ ബഹളം വച്ചിട്ട് വെറുതെ ഒരു പുകമറ സൃഷ്ടിക്കുകയല്ല വേണ്ടത്. നിങ്ങൾ മറുപടി പറയണം. ഞാൻ അക്കമിട്ട് വ്യക്തമായി പറയുന്നു, 4000 കോടി രൂപ എന്നുള്ളത് എന്റെ ആരോപണമല്ല, പത്രത്തിൽ ആരോപണം വന്നതാണ്, നിങ്ങൾ നിഷേധിക്കണം. അല്ലാതെ ഞാൻ ഇതു പറയുമ്പോൾ, അവിശ്വാസപ്രമേയം കൊണ്ടുവന്ന നിങ്ങൾ പറയുന്ന ഓരോ പോയിന്റുമെടുത്ത് ഞാൻ അതേക്കുറിച്ച് പരാമർശിക്കുമ്പോൾ മറിച്ചൊന്ന് പറയുന്നത് ശരിയല്ല.....(ബഹളം).....സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. എനിക്ക് പകരം സമയം തരാമെന്ന് ചെയർ പറയുകയാണെങ്കിൽ ഞാൻ വഴങ്ങാം. തരാൻ തയ്യാറുണ്ടോ?

മി. ചെയർമാൻ : പകരം സമയമില്ല.

ശ്രീ. സി. മമ്മൂട്ടി : ഇല്ലെങ്കിൽ വഴങ്ങാൻ തയ്യാറല്ല, നമുക്ക് പുറത്ത് വഴങ്ങാം. 25,000 കോടി രൂപയുടെ കടത്തിൽ ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ മുന്നോട്ടുപോകാൻ ഒരു മാർഗ്ഗവുമില്ലായിരുന്നു. ചായകുടിച്ച പൈസ കൊടുക്കാൻപോലും കഴിയാതെയാണ് മുൻ ഗവൺമെന്റ് ഇറങ്ങിപ്പോയത്. അപ്പോൾ പുതിയ ഗവൺമെന്റിന് ചായ കിട്ടിയില്ല. വിമാനം കയറാൻ പോയപ്പോൾ ശ്രീ. എ. കെ. ആന്റണിക്ക് ടിക്കറ്റ് കിട്ടിയില്ല. ഈ ഒരവസ്ഥയിൽ എങ്ങനെ മുന്നോട്ടുപോകും? പരമാവധി വിദേശനിക്ഷേപം കൊണ്ടുവരിക, അതിലൂടെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് അവസരം സൃഷ്ടിച്ചുകൊടുക്കുക, പരമാവധി നിക്ഷേപങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഈ കേരള ഗവൺമെന്റിനേയും ഈ കൊച്ചു സംസ്ഥാനത്തിനേയും വികസനത്തിലേക്ക് മുന്നോട്ടു നയിക്കുക എന്നുള്ള ലക്ഷ്യമായിരുന്നു ഈ ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്നത്. അതായിരുന്നു അവർ ചെയ്തത്. ജിമ്മിലൂടെ ആഗോളസംഗമവും നിക്ഷേപ സംഗമവും നടത്തി. സ്വാശ്രയ സ്ഥാപനങ്ങളിലൂടെ മറ്റേതു സംസ്ഥാനത്തേക്കും കേരളത്തിൽ നിന്ന് ഒഴുകിക്കൊണ്ടിരുന്ന കോടിക്കണക്കിന് രൂപ ഇവിടെത്തന്നെ നിക്ഷേപിക്കാൻ അവസരമൊരുക്കി. നിങ്ങൾ വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയസ്ഥാപനങ്ങളെ എതിർക്കുന്നുവല്ലോ? നിങ്ങളുടെ മക്കൾ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നില്ലേ? ഞാൻ കണക്ക് പറയണോ? ഞാൻ പേരു പറയണോ, പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇല്ലെങ്കിൽ നിങ്ങൾ നിഷേധിക്കണം. ഏതായാലും കേരളത്തിൽ ഇത്തരം നിക്ഷേപം വന്നതുകൊണ്ട് വമ്പിച്ച മാറ്റമുണ്ടായി. നിങ്ങൾ ഭരിക്കുമ്പോൾ എഞ്ചിനീയറിംഗ് സീറ്റ് ഇവിടെ 7378 മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം 2005-2006-ൽ 22,948 സീറ്റുണ്ട്. മെഡിക്കൽ സീറ്റ് 1604 ആണ് നിങ്ങൾ ഭരിക്കുമ്പോഴുണ്ടായിരുന്നത്. ഇപ്പോൾ 5104 സീറ്റുണ്ട്. നിങ്ങൾ ഭരിക്കുമ്പോൾ 339 സീറ്റാണ് അഗ്രിക്കൾച്ചറിന് ഉണ്ടായിരുന്നതെങ്കിൽ അതും വർദ്ധിച്ചിട്ടുണ്ട്. അതുപോലെ ബി. ഫാമിന് 48 സീറ്റാണ് നിങ്ങൾ ഭരിക്കുമ്പോൾ ഉണ്ടായിരുന്നതെങ്കിൽ അത് 1120 സീറ്റായി വർദ്ധിച്ചിട്ടുണ്ട്. മൊത്തം എല്ലാത്തിനുംകൂടി നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുമ്പോൾ 9369 സീറ്റായിരുന്നുവെങ്കിൽ ഇന്ന് 29,511 സീറ്റാണ്. നിഷേധിക്കാനാകുമോ? നിങ്ങൾ മനസ്സിലാക്കണം 20,000-സീറ്റോളം വർദ്ധിച്ചു. ഈ 20,000 സീറ്റിന്, പുറത്തുപോവുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് മൂന്നു ലക്ഷം രൂപ വച്ച് കൊടുക്കുകയാണെങ്കിൽ എത്ര കോടി രൂപയാണ് പുറത്തേക്ക് ഒഴുകുക? അത് കേരളത്തിൽ കൊണ്ടുവന്നതാണോ തെറ്റ്? ഇതിൽ തന്നെ 50% ഓപ്പൺ മെറിറ്റിലാണ്. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന് നിയമം കൊണ്ടുവന്നു.....(ബഹളം).....എന്നെ പറയാൻ അനുവദിക്കണം, എനിക്ക് സംരക്ഷണം തരാൻ അങ്ങ് ബാധ്യസ്ഥനാണ്.

മി. ചെയർമാൻ : അദ്ദേഹം വഴങ്ങുന്നില്ല.....

ശ്രീ. എം. വി. ജയരാജൻ : സർ,.....(ബഹളം).....

മിസ്റ്റർ എം. വി. ജയരാജൻ അവിടെയിരിക്കണം. അദ്ദേഹത്തോട് ചോദിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്, അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം വഴങ്ങാത്തപക്ഷം ബഹളം വയ്ക്കാൻ പാടില്ല. so you have to sitdown there. .....(ബഹളം).....അദ്ദേഹം വഴങ്ങുന്നില്ല.....സഹകരിക്കണം. Shri Mammootty, you continue your speech.

ശ്രീ. സി. മമ്മൂട്ടി : ഇവിടെ ഭരണപക്ഷത്തുനിന്നും പ്രസംഗിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ വളരെയധികം ശല്യം ചെയ്യുന്നു, അതുകൊണ്ട് അദ്ദേഹത്തെ പിടിച്ചുകെട്ടണം. എനിക്ക് പറയാനുള്ളത് ഇവിടെ 50% പ്രൈവറ്റ് മേഖലയിൽ കൊടുത്തു, അതിന് ആരാണ് ഉത്തരവാദി? കേരള ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ കഴിയുമോ? ഈ നിയമ സഭയിൽ ബിൽകൊണ്ടുവന്നു. ബിൽ കൊണ്ടുവന്ന് 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ സഹകരണം ചോദിച്ചപ്പോൾ, പ്രതിപക്ഷം തയ്യാറല്ല. ഇപ്പോൾ അവസാന നിമിഷംപോലും മുഖ്യമന്ത്രി ആവർത്തിച്ചു. അപ്പോൾ എന്താണ് പറഞ്ഞത്? അവസാനം അങ്ങുതന്നെ സഹകരണം ചോദിച്ചില്ല എന്നു പറഞ്ഞു. അവസാനത്തെ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഈ ഇരിക്കുന്ന ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഇനിയെങ്കിലും സഹകരിക്കാൻ തയ്യാറുണ്ടോയെന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം എന്താണ് പറഞ്ഞത്? ഇനിയിപ്പോൾ ഇങ്ങനെയൊക്കെ ഈ കൊല്ലമങ്ങുപോകും, അടുത്ത കൊല്ലം ഞങ്ങൾ വരുമ്പോൾ നോക്കിക്കോളാം എന്നാണ്. അതാണോ പറയേണ്ടത്? നിങ്ങളും ഞങ്ങളും എന്നുള്ളതല്ല, കേരളം ഒരു Continuing institution എന്നുള്ള നിലയ്ക്ക്, ഒരു പെർമനെന്റ് സ്ഥാപനമെന്നുള്ള നിലയ്ക്ക് നിങ്ങൾ പോയി ഞങ്ങൾ വന്നാലും, ഞങ്ങളില്ലാതെ നിങ്ങൾ വന്നാലും ഈ കേരളത്തിലെ ജനത ഒരുപോലെയാണ് അത് അനുഭവിക്കുന്നതെന്നു മനസ്സിലാക്കിക്കൊണ്ട് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അങ്ങ് പിന്തുണ നൽകിയിരുന്നുവെങ്കിൽ നിങ്ങളുടെ ആത്മാർത്ഥതയെ ഞങ്ങൾ അംഗീകരിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മമ്മൂട്ടി പറഞ്ഞത് ഈ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തേണ്ടുന്ന കാര്യമാണ് എന്നാണ്. ഞങ്ങൾ അന്ന് അതിന് അനുകൂലമായിരുന്നു. ഇപ്പോൾ അത് പെടുത്താൻ പറ്റുമായിരുന്നു. ഈ വർഷത്തേതെല്ലാം കഴിഞ്ഞു, ഇനി അടുത്ത വർഷം മാത്രമേ പ്രവേശനമുള്ളൂ. അടുത്തവർഷം പ്രവേശനമാകുമ്പോൾ ഇവിടെ ഈ ഗവൺമെന്റായിരിക്കില്ല പുതിയൊരു ഗവൺമെന്റ് അധികാരത്തിൽ വരും. അപ്പോൾ ആ ഗവൺമെന്റിന് വിട്ടുകൊടുക്കുന്നതായിരിക്കും നല്ലതെന്നാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. സി. മമ്മൂട്ടി : സർ, എങ്കിൽ വാദത്തിനുവേണ്ടി അങ്ങ് പറയുന്നതുപോലെ അങ്ങുതന്നെ അധികാരത്തിൽ വന്നുവെന്നിരിക്കട്ടെ, എങ്കിൽ അന്ന് ആലോചിച്ച് ഈ നിയമം നടപ്പിലാക്കാൻ കഴിയുമോ? 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ ഇപ്പോൾ തന്നെ തുടങ്ങിവച്ചാൽ മാത്രമേ അടുത്തകൊല്ലം പ്രവേശനത്തിന് അത് കൊടുക്കാൻ കഴിയുകയുള്ളൂ, അല്ലെങ്കിൽ അത് കൊടുക്കാൻ കഴിയില്ല. വസ്തുതകൾ വളച്ചൊടിക്കരുത്. അങ്ങയെപ്പോലുള്ള പരിണതപ്രജ്ഞനായ ഒരു നേതാവിൽ നിന്നും ഞാൻ പ്രതീക്ഷിച്ചതല്ല ഈ മറുപടി. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ തന്നെ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ കഴിയുമായിരുന്നുവെങ്കിൽ അടുത്തവർഷമെങ്കിലും എല്ലാ കുട്ടികൾക്കും ആനുകൂല്യം കിട്ടുമായിരുന്നു. അടുത്ത വർഷം ഇലക്ഷൻ നടക്കുന്നത് ഏപ്രിൽ മാസത്തിലാണ്. അതിനുശേഷം 9-ാം ഷെഡ്യൂളിൽപ്പെടുത്തി ചെയ്യാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ? ഇല്ല. അതിനർത്ഥം നിങ്ങൾ ഇപ്പോൾ സമരം നടത്തി.....(ബഹളം).....മിസ്റ്റർ ജയരാജൻ എന്നെ പറയാൻ അനുവദിക്കൂ, ഞാൻ ഒരാൾക്ക് വഴങ്ങിയല്ലോ, അങ്ങയുടെ നേതാവിനായതുകൊണ്ട് വഴങ്ങിയതാണ്. ഏതായാലും സത്യം പറഞ്ഞാൽ ഒരു സംവിധാനത്തിൽ ഒരു അംഗീകാരത്തോടെ മുന്നോട്ടുപോയിരുന്നുവെങ്കിൽ നമുക്ക് അടുത്തവർഷമെങ്കിലും ഉൾപ്പെടുത്താൻ കഴിയുമായിരുന്നു. പക്ഷേ അത് ചെയ്തില്ല. അതുമാത്രമല്ല, ഇവിടെ നമ്മൾ എന്തിനാണ് എതിർക്കുന്നത്? ഇവിടെ ആർക്കാണ് അവസരം തരുന്നത്?

മിസ്റ്റർ ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു. One minute more.

ശ്രീ. സി. മമ്മൂട്ടി: ഇല്ല, ഏതാണ്ട് ആറ് മിനിട്ട് എനിക്ക് നഷ്ടമായി. അതുകൊണ്ട് കുറച്ചുസമയംകൂടി എനിക്ക് അനുവദിച്ചുതരണം. ഒരിക്കലും അങ്ങ് നീതിരഹിതമായി പെരുമാറരുതെന്ന് അപേക്ഷിക്കുകയാണ്. പ്രതിപക്ഷം പറയുന്നത് അവർ സ്മാർട്ട് സിറ്റിയെ എതിർക്കും എന്നാണ്. ഹർത്താൽ, ബന്ത്, അറസ്റ്റ് ചെയ്യും എന്നൊക്കെയാണ് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറയുന്നത്! പാവം അറിയാതെ പറഞ്ഞുപോയതായിരിക്കും, അദ്ദേഹത്തെ എല്ലാ സ്ഥാനത്തുനിന്നും നീക്കംചെയ്ത് നീക്കംചെയ്ത് അവസാനം അറസ്റ്റ് ചെയ്യുന്നതാരെയാണെന്ന് കണ്ടറിയണം. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ ഞാൻ ഒരു കാര്യം ചോദിക്കട്ടെ, നമ്മുടെ ഈ നാട്ടിൽ നടന്ന വികസനങ്ങൾ, ഗവൺമെന്റ് മേഖലയിൽ പി. ഡബ്ലിയു. ഡി. യാകട്ടെ, എഡ്യൂക്കേ

LIBRARY ARCHIVES Kerala Legislative Assembly

ഷനാകട്ടെ ഏതെങ്കിലുമൊരു മേഖലയെ എതിർത്ത് തിരിച്ചുപറയാൻ നിങ്ങൾക്ക് കഴിയുമോ? ഇത്രയും വികസനമുണ്ടായിട്ട് ഇതെല്ലാം ജനങ്ങൾക്കു വേണ്ടിയാണെന്ന് മനസ്സിലാക്കിയിട്ട്, നിങ്ങൾ ആദ്യം എല്ലാത്തിനേയും എതിർക്കും പിന്നീട് നിങ്ങൾക്ക് തന്നെ സമ്മതിക്കേണ്ടിവരും. ട്രാക്ടറിനെ എതിർത്ത കൂട്ടരാണ് നിങ്ങൾ, കംപ്യൂട്ടറിനെ എതിർത്ത കൂട്ടരാണ് നിങ്ങൾ. അങ്ങനെ ഇവിടെ വരുന്ന എല്ലാ വികസനത്തേയും എതിർത്ത നിങ്ങൾ ഈ കേരളത്തെ കാളവണ്ടിയുടെ യുഗത്തിലേക്ക് നയിക്കാൻവേണ്ടി ശ്രമിച്ച നിങ്ങൾ, പ്രീഡിഗ്രി ബോർഡിനെ എതിർത്ത നിങ്ങൾ, പിന്നീട് വന്ന് പ്ലസ് ടു സ്വകാര്യമേഖലയിൽ തന്നെ കൊടുത്തു. അങ്ങനെ നിങ്ങൾക്ക് ഭരണം കിട്ടുമ്പോൾ ഭരിച്ചു ഭരിച്ച് മുടിക്കുകയും അതൊരു മുതൽക്കൂട്ടാക്കി തീർക്കുകയും ചെയ്യുന്ന ഒരു പ്രവണതയിലേക്ക് എത്തുന്ന നിങ്ങൾ ഒരിക്കലും കേരളത്തെ രക്ഷിക്കാനല്ല മറിച്ച് ഈ കേരളത്തെ അധോഗതിയിലേക്ക് നയിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കണ്ണീരില്ലാത്ത കണ്ണൂർ സംഭാവന ചെയ്ത യു. ഡി. എഫ്. ഗവൺമെന്റിനെതിരെ കണ്ണൂർക്കാരനായ ശ്രീ. കോടിയേരി ബാലകൃഷ്ണന് ഒരു അവിശ്വാസം കൊണ്ടുവരാൻ എങ്ങനെ ധൈര്യം വന്നു? അങ്ങയുടെ തലപോലും ഉടലിൽ നിൽക്കുന്നത് ഈ കേരള ഗവൺമെന്റിന്റെ ഭരണം സുതാര്യമായി നടക്കുന്നതുകൊണ്ടല്ലേ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ എന്റെ സഹപ്രവർത്തകർ, സുഹൃത്തുക്കൾ നെഞ്ചത്തു കൈവച്ച് ചോദിക്കണം. അവരിവിടെ എന്തെല്ലാം ചെയ്തുകൂട്ടിയാലും ഈ രാജ്യത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് സ്മാർട്ട് സിറ്റി പദ്ധതി ഇവിടെ നിലവിൽ വരണം എന്നാണ്. ഇവിടെ 33,000 വരുന്ന തൊഴിലവസരങ്ങൾ കൊടുക്കുന്ന വിധത്തിൽ ഒരു വമ്പിച്ച മുന്നേറ്റം ഉണ്ടാക്കുന്ന, കുതിച്ചുചാട്ടം നടത്തുന്ന വിധത്തിലുള്ള ഈ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ജനങ്ങളിലേക്ക് ഇറങ്ങി നടന്ന് കാര്യങ്ങൾ മനസ്സിലാക്കുന്ന മുഖ്യമന്ത്രി എന്നുള്ള നിലയ്ക്ക് ഈ ഗവൺമെന്റ് ഇനിയും അടുത്തവർഷം തിരിച്ചുവരുമെന്നുള്ള ഉറപ്പുണ്ട്. 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി. ജെ. പി. ഗവൺമെന്റ് വീണ്ടും വരുമെന്ന് എല്ലാ മീഡിയകളും പ്രവചനം നടത്തിയിട്ടും തിരിച്ചുവന്നത് ഇവിടെ യു. പി. എ. ഗവൺമെന്റാണെങ്കിൽ, തീർച്ചയായും ഈ ഗവൺമെന്റ്, ഐക്യജനാധിപത്യമുന്നണി തന്നെ വീണ്ടും അധികാരത്തിൽ വരും. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയത് ശ്രീ. സി. അച്ചുതമേനോൻ ഉൾപ്പെടുന്ന ഐക്യമുന്നണിയാണ്. അതുപോലെ നിങ്ങൾക്ക് പലതും പറയാനല്ലാതെ നടപ്പാക്കാൻ കഴിയില്ല. കഴിഞ്ഞകാല ചരിത്രങ്ങൾ പരിശോധിച്ചാൽ കേരളത്തെ വികസനപാതയിലേക്ക് മുന്നോട്ടു നയിച്ച, വളരെയധികം വിപ്ലവകരമായ സംഭാവനകൾ ചെയ്ത യു. ഡി. എഫ്. ഗവൺമെന്റുതന്നെ ഇനിയുള്ള വർഷവും വരുമെന്നുള്ളതുകൊണ്ട് ഈ അവിശ്വാസ പ്രമേയം തികച്ചും രാഷ്ട്രീയ പ്രേരിതവും ജുഗുപ്സാവഹവുമായ നീക്കമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അവിശ്വാസ പ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് ഇനിയും വളരെയധികം കാലം ഭരിക്കാനുള്ള അവസരം, ജനങ്ങൾക്ക് അതുവഴി നല്ലൊരു ഭരണവും കാഴ്ചവയ്ക്കാൻ യു. ഡി. എഫ്. ഗവൺമെന്റിന് സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: സർ, ഞാൻ ഈ അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. ഒരുതരത്തിൽ നോക്കിയാൽ ഈ ഗവൺമെന്റും ശ്രീ. ഉമ്മൻചാണ്ടിയും ഇത് ചോദിച്ചു വാങ്ങിയതാണെന്നു പറയാം. ഇന്നലത്തെ വിദ്യാഭ്യാസ ബന്ത് സമാധാനമാർഗ്ഗത്തിലൂടെ ഒതുക്കി തീർത്തില്ലായിരുന്നുവെങ്കിൽ അവരുടെ സമരദാഹവും രക്തദാഹവുമൊക്കെ തെരുവീഥികളിൽ പ്രകടിപ്പിക്കാൻ അവസരം കിട്ടുമായിരുന്നു. പക്ഷേ ഉമ്മൻചാണ്ടി ഗവൺമെന്റ് അതിന് സമ്മതിച്ചില്ല. ഈ രാജ്യത്തെ 1500 പേർ സമരം ചെയ്യുന്നതുകൊണ്ടല്ല മറിച്ച് 60 ലക്ഷം വിദ്യാർത്ഥികളുടേയും അവരുടെ രക്ഷിതാക്കളുടേയും ഈ രാജ്യത്തെ വിദ്യാഭ്യാസത്തേയുമെല്ലാം ഓർത്ത് അത് ഒതുക്കി തീർത്തപ്പോൾ, എന്നാൽപിന്നെ അവിശ്വാസപ്രമേയമാകട്ടെ എന്നായി. ഇന്നലെ അദ്ദേഹം ടി.വി.യിൽ സംസാരിക്കുന്നത് ഞാൻ കേട്ടു. ഇവിടെ ഒരു ദിവസമേ പൊതുചർച്ചയുള്ളൂ. അപ്പോൾ പൊതുചർച്ച വരാൻ ഇതൊരവസരമാകട്ടെ എന്ന് അവർ കരുതി. ഇത്ര ലാഘവത്തോടുകൂടി ഇതിനെ കൈകാര്യംചെയ്തത് നിർഭാഗ്യകരമായിപ്പോയെന്നുമാത്രം. പിന്നെ അവിശ്വാസം, സി.പി.എമ്മിന്റെ ഇന്നത്തെ ഒരു മാനസികാവസ്ഥയ്ക്ക് അവിശ്വാസപ്രമേയമേ അവർക്കു കഴിയുകയുള്ളൂ. അതെനിക്ക് മനസ്സിലാകുന്ന കാര്യമാണ്. മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ എല്ലാവർക്കും എല്ലാവരേയും അവിശ്വാസമാണ്. പരസ്പരം അവർക്ക് അവിശ്വാസമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. പ്രമേയാവതാരകന് അടുത്ത സീറ്റിലിരിക്കുന്ന ബഹുമാന്യനായ നേതാവിനെ അവിശ്വാസമാണ്. അദ്ദേഹത്തിന് തിരിച്ചും അവിശ്വാസമാണ്. പിന്നെ ഇവിടെ അവിശ്വാസംകൊണ്ടു വന്നിട്ട് എന്തുകാര്യമാണ്? എം.എൻ. ഗോവിന്ദൻനായരേയും ടി.വി. തോമസ്സിനെയും അഴിമതിയാരോപണം പറഞ്ഞ് അവിശ്വാസംകൊണ്ടുവന്ന മന്ത്രിസഭയിൽനിന്നും പുറത്താക്കി. മുള്ളാക്കമ്മീഷനെവച്ചു. മുള്ളാക്കമ്മീഷൻ നിങ്ങൾ പറഞ്ഞതെല്ലാം ശുദ്ധ അബദ്ധമാണെന്ന് പറഞ്ഞു. അതെല്ലാം പഴയകഥകൾ. പിന്നെ നിങ്ങളുടെ കൂടെ ഇപ്പോൾ ഇരിക്കുന്ന സ്നേഹിതൻ മാരുണ്ടല്ലോ, എന്റെ ബഹുമാന്യ നേതാവ് കെ. കരുണാകരൻ മുതൽ അവിടെ ഇരിക്കുന്നവരെപ്പറ്റി നിങ്ങൾ എന്തെല്ലാം അഴിമതികളാണ് പറഞ്ഞത്! നിങ്ങൾ ചെളിതെറിപ്പിക്കാത്തവരായിട്ട് ആണായി ജനിച്ചവർ ആരെങ്കിലുമുണ്ടോ? അതെല്ലാം പിൽക്കാലത്ത് ശരിയല്ലെന്ന് തെളിയുകയും ചെയ്തിട്ടുണ്ട്. ആ അവിശ്വാസം മുത്ത്മുത്ത് ചിന്തയിൽനിന്നും ദേശാഭിമാനിയിൽനിന്നും ശ്രീ. വിഎസ്. അച്ചുതാനന്ദൻ പോയി എങ്കിലും എനിക്ക് നിങ്ങളോട് മതിപ്പാണ്. മേയ്ദിന സന്ദേശം ഉൾക്കൊണ്ട്, തൊഴിലാളി വർഗ്ഗത്തിന്റെ അവകാശം, എട്ടുമണിക്കൂർ ജോലി, എട്ടുമണിക്കൂർ വിശ്രമം, എട്ടുമണിക്കൂർ വിനോദം, ആ ഗ്രൗണ്ടിലാണ് പ്രതിപക്ഷനേതാവിനെ തട്ടിയത്. ജോലിഭാരം കൂടിപ്പോയി എന്നാണ് പറയുന്നത്. ഇനി ജോലിഭാരം കൂടിയാൽ ആരുടെ തലയാണോ ഉരുളാൻ പോകുന്നത് അത് ഞാൻ ചോദിക്കുന്നില്ല. അത് നിങ്ങളുടെ കാര്യമാണ്. ഏതായാലും തൊഴിലാളി വർഗ്ഗത്തിനു മാതൃകയാണ് നിങ്ങൾ. ആ മാതൃക തുടർന്നും പിന്തുടരട്ടെ. ഈ കഴിഞ്ഞ നാലരവർഷവും ജോലിഭാരം കൂടുതലാണെന്നുള്ള കാര്യം ഓർക്കാതിരുന്നത് എന്താണെന്ന് ഞാൻ ചോദിക്കുന്നില്ല. നിരാശരും പ്രക്ഷുബ്ധരുമായ നിങ്ങളുടെ ലക്ഷക്കണക്കിനു

LIBRARY ARCHIVES Kerala Legislative Assembly

അണികൾ, ഈ മനുഷ്യനോട് ചെയ്യുന്ന -- ജോലിഭാരത്തിന്റെ ഈ നിഷേധമുണ്ടല്ലോ, അവർ ചോദിച്ചുകൊള്ളും. ഞാൻ ഒന്നും പറയുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ആലോചിക്കുന്നുണ്ടാകും, നാലരവർഷം എന്താണ് ഈ ബുദ്ധി തനിക്കുതോന്നാത്തത് എന്ന്. ഇവിടെ പ്രശ്നം അതൊന്നുമല്ല. ഇപ്പോൾ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ എന്നു പറഞ്ഞാൽ നിങ്ങൾ കലിതുള്ളും. ബാധ വരും.

"പണ്ടേ കുരങ്ങായതുകൊള്ളുമോന്തി
രണ്ടാമതത്തേളുകുത്തി

ഉണ്ടാമിടയ്ക്കങ്ങൊരു ഭൂതബാധ" എന്നു പറയുന്നതുപോലെയാണ് മാർക്സിസ്റ്റ് പാർട്ടി. എന്നാൽ ഇന്നലെവരെ അദ്ദേഹം മാർക്സിനു തുല്യം, ബഹുമാന്യൻ, ശ്രീ. കെ. കരുണാകരനെതിരായി പറഞ്ഞപ്പോൾ, രാജീവ്ഗാന്ധിയെക്കുറിച്ച് എഴുതിയപ്പോൾ, രാജീവ്ഗാന്ധി ഗാന്ധി, ബോഫോഴ്സ് .....(ബഹളം) ..... എന്തൊരു സുഖമായിരുന്നു ഇതെഴുതിവച്ചപ്പോൾ. "ആരാന്റെ അമ്മയ്ക്കു ഭ്രാന്തുവന്നാൽ കാണാൻ നല്ല സുഖം". ഇപ്പോൾ നിങ്ങൾക്ക് എതിരായി കോൺഗ്രസ്സുകാർ, നിങ്ങൾ നൂറുകോടി അടിച്ചെന്നോ ഇരുനൂറുകോടി രൂപ അടിച്ചെന്നോ ഉള്ള ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. ഞങ്ങളോട് എന്തിനാണ് ക്ഷോഭിക്കുന്നത്? "അങ്ങാടിയിൽ തോറ്റതിന് അമ്മയോട്" എന്ന നിലയിൽ ഞങ്ങളോട് എന്തിനാണ് ക്ഷോഭിക്കുന്നത്? ഈ രാജ്യത്ത് സർക്കാരിന്റെ എല്ലാ കാര്യങ്ങളും നോക്കാനുള്ള സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ. ആ കണക്കുശാസ്ത്രം പറഞ്ഞു, ശ്രീ. പിണറായി വിജയൻ 370 കോടി രൂപ തട്ടിയെന്ന്. എല്ലാത്തിനും നിങ്ങൾക്ക് സമരമാണല്ലോ, ഡി.വൈ.എഫ്.ഐ.ക്കാരെയും വിളിച്ചുകൊണ്ട് ശ്രീ. പിണറായി വിജയന്റെ ഓഫീസിലേക്ക് ചെല്ലൂ. അവിശ്വാസപ്രമേയവുമായി ഞങ്ങളെ എന്തിനാണ് ഉപദ്രവിക്കുന്നത്? കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ എന്നു പറയുന്നത് ഒരു ബോംബായി നിങ്ങളുടെ പുറത്ത് വീണിരിക്കുകയല്ലേ? എപ്പോഴാണ് വീണത്? സമരം നടത്തിനടത്തി രസിച്ച്, രാഷ്ട്രീയ കൊടുങ്കാറ്റുണ്ടാക്കി, ആ കൊടുങ്കാറ്റിൽ വലിയ തിരകളുണ്ടാക്കി, ആ തിരയുടെ പതയിൽ, "On the formy crust of the wave"ൽ അങ്ങനെ സുഖിച്ചിരിക്കുമ്പോൾ ദാ കിടക്കുന്നു, തിരയുടെ അഗാധ ഗർത്തത്തിലേക്ക് ഒരു വിഴ്ച. അപ്പോൾ പിന്നെ അദ്ദേഹത്തെ വിടാൻകൊള്ളാമോ? അദ്ദേഹത്തെ വിടാൻ കൊള്ളില്ല. അതാണ് കാര്യം. ഈ റിപ്പോർട്ട് സാങ്കേതികമാണ്, അത് ശരിയല്ല എന്നെല്ലാം എന്റെ ചില സ്നേഹിതന്മാർ പറഞ്ഞു. അവരോടുള്ള എല്ലാ ബഹുമാനവും നിലനിർത്തി ഞാൻ പറയട്ടെ, "രാജാവിനേക്കാൾ വലിയ രാജഭക്തിവേണ്ട". എല്ലാ പത്രങ്ങളിലുമുണ്ട്. ഞാൻ മാതൃഭൂമി പത്രം വായിക്കാം. "സി.പി.എം.ന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് ഇതിൽ ആക്ട് ചെയ്തിരിക്കുന്നു". ഈ റിപ്പോർട്ടിനെ സംബന്ധിച്ച് അത് കള്ളമാണ്, തെറ്റാണ് എന്നൊക്കെ പറഞ്ഞാൽ, അവർ വ്യാഖ്യാനം നടത്തിയതാണോ? സാക്ഷാൽ വി.എസ്. അച്ചുതാനന്ദൻ ഇതിനെപ്പറ്റി അഭിപ്രായം പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. കരുണാകരൻ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. മുരളീധരൻ വരെ ഇത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അവർ ആരും ഇത് നിഷേധിച്ചിട്ടില്ല. ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളെ വിശേഷിച്ചും മാതൃഭൂമി പത്രത്തെ അപമാനിക്കുന്ന തരത്തിൽ നീചമായ റിപ്പോർട്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതാണ് അതിനു പറയുന്ന വലിയൊരു ആരോപണം. "കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി മേഖലയിൽ വലിയ പാതകം നടന്നു എന്നുള്ള മട്ടിൽ സത്യവുമായി പുലബന്ധമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. പള്ളിവാസൽ-ചെങ്കുളം-പന്നിയാർ ജലവൈദ്യുതപദ്ധതി നവീകരണ കരാർ ഉണ്ടാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റല്ല. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജി. കാർത്തികേയൻ വൈദ്യുതിമന്ത്രിയായ ഗവൺമെന്റാണ്." എന്നാണ് അവർ പറയുന്നത്. 1996 ഫെബ്രുവരി 24ന് ഒപ്പുവച്ച കരാർ അനുസരിച്ചാണ്; എന്താണ് കാര്യമെന്നറിയില്ല; എവിടെയാണ് കള്ളമെന്നറിയില്ല; വസ്തുതകൾ പരിപൂർണ്ണമായും വാസ്തവവിരുദ്ധവുമാണ് എന്നൊക്കെയാണ് അവരിപ്പോൾ പറയുന്നത്. ഒന്നുകിൽ റിപ്പോർട്ടിലെ കാര്യങ്ങളും മറ്റും വായിച്ചപ്പോൾ അവർക്ക് മനസ്സിലായിട്ടില്ലായിരിക്കാം. അല്ലെങ്കിൽ ഇവിടത്തെ ജനലക്ഷങ്ങളെ കബളിപ്പിക്കാൻ സ്ഥിരം അവർ പറയുന്നതായിരിക്കാം ഇതെല്ലാം. മാർക്സിസ്റ്റു പാർട്ടിക്ക് ഒരു ധാർഷ്ട്യമുണ്ടല്ലോ, ഞങ്ങൾ പറയുന്നതെല്ലാം ശരി. മറ്റുള്ളവർ പറയുന്നതെല്ലാം തെറ്റ്. ഇനി ഈ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. പത്രക്കാരും എല്ലാവരം പറയുന്ന കാര്യങ്ങൾതന്നെയാണ്. "Feasibility rennovation of the three projects was studied by the retired Chief Engineer of the Board who was the consultant of SNC and based on the report and further discussions a contract was signed on February 1996."ആ റിപ്പോർട്ട് പ്രകാരമാണ് കരാറുണ്ടാക്കിയതെന്നാണ് പറഞ്ഞിരിക്കുന്നത്. ".....with SNC for providing technical service for management engineering, procurement, construction and supervision." ഇതു ശരിക്കും മനസ്സിലാക്കാൻ വേണ്ടി സി.എ.ജി. ഇലക്ട്രിസിറ്റി ബോർഡിലെ പ്രൊസിഡ്യൂവർ പറഞ്ഞിട്ടുണ്ട്. ഒരു ടെൻഡർ എങ്ങിനെ കൊടുക്കണമെന്നും അതിനകത്തു പറഞ്ഞിട്ടുണ്ട്. അതു വയലേറ്റു ചെയ്തു എന്നുള്ളതാണ് ശ്രീ. പിണറായി വിജയനെതിരെയുള്ള ആക്ഷേപം. "As per the system conventionally followed by the Board, the project implementation involved the following procedures :

1. Investigaion of schemes project and preparation of feasibility study;
2. Identification of Consultants if any.";

അതാണ് 1996 ഫെബ്രുവരി 26-ലെ കരാർ എന്നു പറയുന്നത്. ഉദാഹരണത്തിന് ഇലക്ട്രിസിറ്റി ബോർഡിന് 10,000 പോസ്റ്റ് ആവശ്യമുണ്ട്. അതിനൊരു കൺസൽട്ടന്റിനെ ആവശ്യമുണ്ട്. അവർക്കു പത്രത്തിൽ പരസ്യപ്പെടുത്താം. ഗ്ലോബൽ ടെണ്ടറാണെങ്കിൽ വലിയ പരസ്യം വേണം. അങ്ങിനെ പരസ്യപ്പെടുത്തിയിട്ട് ലഭിക്കുന്ന ക്വട്ടേഷനുകളിൽ ക്വാളിഫിക്കേഷൻസെല്ലാം നോക്കിയിട്ട് അവരിൽ ഇന്നയാളുടെ ക്വട്ടേഷൻ യോഗ്യതയുള്ളതാണെന്നു പറഞ്ഞ് സെലക്ടുചെയ്യും.....(ബഹളം)..... ഇവിടെ എന്താണുണ്ടായത്? നിങ്ങൾ 1000 രൂപവച്ച് പതിനായിരം പോസ്റ്റുകളിൽനിന്നും ഇത്രവാങ്ങിക്കൊള്ളൂ... (ബഹളം)... തീർന്നു. അതാണ് ഷെഡ്യൂൾ കോൺട്രാക്ട്. ഞാനല്ല ഇതു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സി.എ.ജി.തന്നെ പറയുന്നു. ബാക്കി ഭാഗം ഞാൻ വായിക്കാം "....Engineering procurement, construction and supervision to ensure completion of the project within three years. On subsequent October 1996 discussions held by the delegation headed by the Minister for Electricity above consultancy service was converted." 1996 ഒക്ടോബറിൽ വൈദ്യുത മന്ത്രിയായിരുന്ന പിണറായി വിജയൻ കാനഡയിൽപോയി എന്താണ് ചെയ്തത്? "Based on subsequent October 1996 discussion was held by the delegation headed by the Minister for Electricity, the above consultancy service was converted into a fixed price contract."അപ്പോൾ ആരൊക്കെയാണ് രക്തസാക്ഷികളായത്? "Preparation of the detailed project report. Invitation of indigenous or global tenders. Identification of contractor for supply, execution and commission, execution of agreement".

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

ടെണ്ടർ വിളിക്കാതെ നടത്താനുള്ള ഒരു നിയമം ഈ രാജ്യത്തുണ്ടോ? എങ്ങനെയാണ് ഇത്രയും കൂടുതൽ കടം വന്നത്? ഇതിനെ സംസ്കൃതത്തിൽ കരതലാമലകം എന്നു പറയും. കൈയിൽ ഒരു നെല്ലിക്ക
2.00 P.M.] ഇരിക്കുന്നതുപോലെ ക്ലിയറല്ലേ? ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയ കരാറിൽ കൺസൾട്ടൻസി വേണമെന്നാണ് എഗ്രിമെന്റ് ഉണ്ടാക്കിയത് എന്നു പറഞ്ഞാൽ ഗ്ലോബൽ ടെണ്ടർ ഇൻവൈറ്റ് ചെയ്യാൻ ഇവരെ ചുമതലപ്പെടുത്തി. നിങ്ങളുടെ ഭരണകാലത്ത് ചെയ്യാതിരുന്നതല്ലേ. ഞങ്ങൾ ഒരിക്കലും ആരോപണം ഉന്നയിച്ചിട്ടില്ല. ഞാൻ ഇതിന്റെ അർത്ഥം പറഞ്ഞെന്നേയുള്ളൂ. അവിടെ ചെന്നിട്ട് cancel ചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. ഇനി പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ. "Based on subsequent October discussion held by the delegation headed by the Minister for Electricity, above consultancy service was converted (February 1997) into a fixed price contract for supply of goods and services for the rennovation at a cost of 67.94 million Canadian Dollars (CAD). Arrangements of 85% foreign financing the EDC was also included in the contract with the reduction in scope of supply by their Engineers." ഇതിൽ വളരെ ക്ലിയറായിട്ടാണ് ഇവർ പറഞ്ഞിരിക്കുന്നത്. എന്നിട്ട് ഞങ്ങളാണ് ചെയ്തിരിക്കുന്നതെന്നാണല്ലോ ഇവർ പറയുന്നത്. ഞങ്ങൾ ചെയ്തതല്ല. ഇത് സി.എ.ജി. പറഞ്ഞിട്ടുള്ളതാണ്. വളരെ ക്ലിയറായിട്ടുള്ള കാര്യമാണ്. അതിന് വലിയ explanation ഒന്നും വേണ്ട. This is a fact. ശ്രീ കോടിയേരി ബാലകൃഷ്ണൻ അവിടെ ഇരിക്കുന്നുവെന്നും ഞാൻ ഇവിടെ നിൽക്കുന്നുവെന്നും പറയുന്നപോലെയുള്ള വസ്തുതകളാണ് ഉള്ളത്. അതിൽപ്പിന്നെ വല്ല തർക്കവും വേണോ? ഇത് ശരിയാണ്. ആര് ഭരണത്തിൽവന്നാലും ഇങ്ങനെ കോൺട്രാക്ട്കൊടുക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുക്കുന്നത് ശരിയാണെന്ന് പറയാൻ സി.പി.എം-നോ എൽ.ഡി.എഫ്.-നോ ധൈര്യമുണ്ടോ? ടെണ്ടർ വിളിക്കാതെ അതാതു കാലങ്ങളിൽ വരുന്ന മന്ത്രി അയാളുടെ തോന്ന്യാസംപോലെ എവിടെയെങ്കിലും പോയി ആർക്കെങ്കിലും ടെണ്ടർ കൊടുക്കുന്നത് രാജനീതിയാണോ? അത് നിയമത്തിനെതിരാണ്. അധാർമ്മികമാണ്. അത് പോരാഞ്ഞിട്ടാണ് ഇപ്പോൾ അന്വേഷണത്തിന് കളമൊരുക്കിയിരിക്കുന്നത്. ഇതിന്റെ ദൂഷിതഫലം ഞാൻ നിങ്ങളോട് പറയാം. ഈ കോൺട്രാക്ടുകളെ സംബന്ധിച്ച് സി.എ.ജി. ഒരു പഠനം നടത്തിയിട്ടുണ്ട്. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പറഞ്ഞിരുന്നു. അദ്ദേഹം ഒരു പത്രത്തിൽ പറഞ്ഞിരുന്നതാണ് ഞാൻ വായിക്കുന്നത്. "എസ്.എൻ.സി ലാവ്‌ലിൻ സംബന്ധിച്ച് സി.എ.ജി. റിപ്പോർട്ട് വളരെ ഗൗരവമുള്ളതുതന്നെയാണ്. എന്നാൽ അതു സംബന്ധിച്ച് അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയനും അതിനുശേഷം ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റും പ്രതികരിക്കുമെന്നാണ് ഞാൻ കരുതിയത്" എന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അന്നത്തെ മന്ത്രിയായിരുന്നു. അതുകൊണ്ട് പ്രതികരിക്കുകയാണ്. എന്റെ സ്നേഹിതന്മാരും പ്രതികരിക്കും. ശ്രീ. പിണറായി വിജയനും പ്രതികരിക്കണം. അതിന് വല്ല സാങ്കേതികത്വവും പറഞ്ഞിട്ട് കാര്യമുണ്ടോ? പള്ളിവാസൽ, ചെങ്കുളം, പന്നിയാർ നവീകരണപദ്ധതികൾക്ക് ടെണ്ടർകൊടുക്കാതെ 66 കോടി രൂപയ്ക്ക് ഇത് ചെയ്യാവുന്നതാണെന്ന് എന്റെ സ്നേഹിതന്മാർ പറയുന്നു. ബാലാനന്ദൻ റിപ്പോർട്ടുണ്ടെന്നും പറഞ്ഞു. എന്നിട്ട് അതൊക്കെ നിഷേധിച്ചു. അതൊക്കെ നിഷേധിച്ച് ചെയ്തപ്പോൾ ഒരു മെഗാവാട്ട് വൈദ്യുതിക്ക് 2.24 ചെലവ് ഉണ്ടായി. ചരിത്രത്തിലൊന്നും കേട്ടിട്ടില്ലാത്ത ചെലവ്. ഇതാര് താങ്ങണം? ഈ രാജ്യത്തിലെ ലക്ഷക്കണക്കിനുവരുന്ന പാവപ്പെട്ട ആൾക്കാർ താങ്ങണം. എന്റെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്നേഹിതന്മാരേ..... നിങ്ങൾക്ക് പാവപ്പെട്ടവരുടെ ക്ഷേമത്തെപ്പറ്റി ഒരു അജണ്ടയുമില്ലേ? പാവപ്പെട്ടവരുടെ ക്ഷേമത്തെപ്പറ്റി അജണ്ടയുള്ള ആർക്കെങ്കിലും ഇങ്ങനെ ഇലക്ട്രിസിറ്റി ഉണ്ടാക്കിയതിനെപ്പറ്റി പറയാനുണ്ടോ? ഇവിടെ ഞങ്ങളാണല്ലോ മോശം. ഞങ്ങൾ അഴിമതിക്കാരാണ്, കൊള്ളക്കാരാണ്. അതുകൊണ്ട് ഞങ്ങൾ രാജി വെക്കണമെന്നാണല്ലോ നിങ്ങൾ പറയുന്നത്. ഞാൻ മന്ത്രിയായിരുന്ന അവസരത്തിലാണ് നേര്യമംഗലം പദ്ധതി ടെണ്ടർകൊടുത്ത് നടത്തിയത്. അപ്പോൾ 1.07, 2.24-നിന്ന് 1.07ൽ ഉണ്ടാക്കി. ശബരിഗിരി പദ്ധതിയും എന്റെ കാലത്ത് ടെണ്ടർകൊടുത്ത് നടത്തിയതാണ്. 0.26 ആണ് ഒരു മെഗാവാട്ടിന്റെ ചെലവ് നിങ്ങളുടെ കാലത്ത് ചെലവ് 2.24. അപ്പോൾ 2 കൂടുതലാണ്. ഈ 66 കോടി രൂപയ്ക്ക് ഇവർ ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ 6 ന് കിട്ടുമായിരുന്നു. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് വേണ്ട. ഈ വിഷയം നിങ്ങൾ തമ്മിൽ പറഞ്ഞ് തീർത്താൽമതി. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിന്റെ കാര്യം ഞാൻ വിടുന്നു. ഞങ്ങൾ വലിയ തെറ്റുചെയ്തെന്നും അതുകൊണ്ട് രാജിവെക്കണമെന്നുമാണല്ലോ നിങ്ങൾ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ: കുറ്റ്യാടി എക്സ്റ്റൻഷന്റെ കാര്യംകൂടി പറയണം.

ശ്രീ. കടവൂർ ശിവദാസൻ: അതിന് ഞാനല്ലല്ലോ കോൺട്രാക്ടുണ്ടാക്കിയത്. അതും ഞാൻ പറയാം, നമുക്കൊരു ചർച്ചയാകാം. നിങ്ങളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ ധാരാളമുണ്ട്. ഇതൊരു വിവാദവിഷയമല്ലാത്തതുകൊണ്ട് പറയുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബ്രഹ്മപുരം പദ്ധതിയുടെ കാര്യവും പറയണം.

ശ്രീ. കടവൂർ ശിവദാസൻ: അതും നമുക്കു ചർച്ചചെയ്യാം. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ 1300 കോടിരൂപയുടെ കടമായിരുന്നു. അതിപ്പോൾ നാല്പതോ അമ്പതോ കോടി രൂപയായി കുറഞ്ഞു.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2001-ൽ 1286 കോടി രൂപയായിരുന്നു റവന്യൂ ഗ്യാപ്പ്. അത് 2004-2005-ലെ 492 കോടിരൂപയായി. റഗുലേറ്ററി കമ്മീഷന്റെ കണക്കനുസരിച്ച് 296 കോടി രൂപയാണ്.

ശ്രീ. കടവൂർ ശിവദാസൻ: ഇതിന് ഞങ്ങൾ രാജിവയ്ക്കണമോ... (ബഹളം).... ഇത് കടബാധ്യതയാണ്. ഞങ്ങൾ കുറച്ചുകൊണ്ടുവന്നതാണ്.

ശ്രീ. എം.വി. ജയരാജൻ: അതുകൊണ്ടാണ് അദ്ദേഹത്തിന് മന്ത്രിസ്ഥാനം പോയത്.

ശ്രീ. കടവൂർ ശിവദാസൻ: ഞാൻ പാർലിമെന്ററി ഡെപ്യൂട്ടി ലീഡർ എന്ന പദവിയിലേക്ക് ഉയർന്നതാണ്. I have been raised. എനിക്ക് അധികാരത്തിന്റെ craze ഓ പണത്തിന്റെ craze ഓ ഇല്ല. പദവി സ്വല്പമുണ്ട്. അതുകൊണ്ട് പാർലിമെന്ററി ഡെപ്യൂട്ടിസ്ഥാനം തന്നതിൽ I am quiet satisfied with that. I prefer that.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് മന്ത്രിയായിരുന്നപ്പോൾ റവന്യൂ ഗ്യാപ് കുറച്ചു. കടബാധ്യതകുറച്ചു. ഞാൻ മന്ത്രിയായതിനുശേഷം ഒരു കൊല്ലംകൊണ്ട് 800 കോടി രൂപയുടെ കടബാധ്യത ഞാനും കുറച്ചു..... (ബഹളം)....

മിസ്റ്റർ സ്പീക്കർ: ശ്രീ. എം.വി. ജയരാജൻ ഇരിക്കൂ, അദ്ദേഹം വഴങ്ങുന്നില്ലല്ലോ....

ശ്രീ. കടവൂർ ശിവദാസൻ: കടബാധ്യതയുടെ കാര്യം മാത്രമല്ല, 1200 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്നത് ലാഭമാക്കുകയും ചെയ്തു. ഇതിന് നമ്മൾ രാജിവെക്കണമോ? ഇനി ഒരോ ഡിപ്പാർട്ടുമെന്റും എടുക്കുക. 8000 കോടി രൂപയുടെ വർക്ക് ആണല്ലോ വിവിധ സ്ഥലങ്ങളിലായിട്ട് വരുന്നത്. ഇവിടെ എം.സി. റോഡിന്റെ കാര്യം മാത്രം നോക്കിയാൽ 1500 കോടി രൂപയുടെ വർക്ക് നടന്നതായി കാണാം. നാഷണൽ ഹൈവേ മിക്കവാറും തീർന്നു. അതിന് 3500 കോടി രൂപ.....(ബഹളം)..... പി.ഡബ്ല്യു.ഡി.യുടെ കാര്യത്തിലെങ്കിലും നിങ്ങൾ സമ്മതിക്കും എന്നാണ് ഞാൻ വിചാരിച്ചത്. ചരിത്രത്തിൽ ഏറ്റവും നല്ല

LIBRARY ARCHIVES Kerala Legislative Assembly

സുവർണ്ണകാലം നിങ്ങളുടെ കാലത്തുതന്നെയായിരുന്നു. ഞാനൊക്കെ അന്ന് പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾ ആലങ്കാരികമായി പ്രസംഗിക്കുമായിരുന്നു. എന്നാൽ അന്ന് യാത്രചെയ്യാൻ ചെറിയ വള്ളവും കൂടിവേണമായിരുന്നു. ഇന്നിപ്പോൾ റോഡുകളൊക്കെ അങ്ങനെയാണോ കിടക്കുന്നത്? നിങ്ങളുടെ നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും തകർന്ന റോഡുകളുണ്ടോ. പഞ്ചായത്തിനെപ്പറ്റി ശ്രീമതി സാവിത്രി ലക്ഷ്മണൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു. പഞ്ചായത്തുവഴി കുടുംബക്ഷേമം, ശ്രേയസ്സ് അങ്ങനെ ദരിദ്രജനങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി ഈ ഗവൺമെന്റ് ഇറക്കുന്ന ആയിരക്കണക്കിന് കോടികളെപ്പറ്റി നിങ്ങൾക്ക് അറിയില്ല. കാരണം നിങ്ങൾ ഇപ്പോൾ വൈശ്രവണ പദവിയിലാണ്. 4000 കോടി രൂപയുടെ അസറ്റ് ഉള്ള ബിസിനസ്സ് ഫീൽഡിൽ കാലുകുത്തി ബിസിനസ് സാമ്രാജ്യത്തിൽ നിൽക്കുന്ന നിങ്ങളുടെ വർഗ്ഗസ്വഭാവം മാറി. നിങ്ങൾ ഇപ്പോൾ ത്രിശങ്കുസ്വർഗ്ഗത്തിലാണ്. പണ്ട് വിശ്വാമിത്രൻ ഒരു ത്രിശങ്കു ലോകം ഉണ്ടാക്കി. അതുപോലെ 4000 കോടി രൂപയുടെ അസറ്റും അതിന്റെ പ്രഭാവവും എല്ലാം ആയിട്ടുള്ള ഒരു ലോകം. ഈ വൈശ്രവണപദവിക്ക് ഒരു കാര്യം മതി. നിങ്ങൾ ഒരു തൊട്ടിയെടുത്ത് കുലുക്കിയാൽ അലാവുദ്ദീന്റെ അത്ഭുതവിളക്കും കഴിഞ്ഞിട്ട് പിന്നെയെന്തു മഹാത്ഭുതമാണുള്ളത്! മഹാ സൗധങ്ങൾ, അനേകം നിലകളുള്ള വീടുകൾ, ബഹുനിലകെട്ടിടങ്ങൾ, ഇപ്പോൾ ഇതാ അമ്യൂസ്മെന്റ് പാർക്ക്. മാനസികവികാസത്തിൽനിന്നും നിങ്ങൾ വർഗ്ഗപരമായി മാറി. പിന്നെ ഞങ്ങളുടെ പാർട്ടി ഭിന്നിച്ചതിനെപ്പറ്റി ഇവിടെ ഒരു അഭിപ്രായം വന്നു. നിങ്ങളുടെ വിശ്വസ്ത പ്രവാചകരായി പ്രചരണംചെയ്ത പു.ക.സ. (പുരോഗമന കലാസമിതി) ഇപ്പോൾ ഉണ്ടോ. ശാസ്ത്രസാഹിത്യപരിഷത്ത് ഇപ്പോൾ ഉണ്ടോ? ക്രിമിനൽസല്ലാതെ എഴുത്തും വായനയും പഠിച്ചവർ ആരെങ്കിലുമുണ്ടോ? നിങ്ങൾ കവലച്ചട്ടമ്പികളെ കല്ലുംകൊടുത്തുകൊണ്ട് ഇറക്കി ഈ രാജ്യത്ത് പ്രക്ഷോഭമുണ്ടാക്കിക്കുകയല്ലേ? ഞാൻ ചോദിക്കട്ടെ, ഈ രാജ്യത്ത് പ്രക്ഷോഭത്തിന് അവകാശമുണ്ടോ? നിങ്ങളുടെ സങ്കട പരിഹാരത്തിന് നമുക്ക് ഒരു സർവ്വകക്ഷി സമ്മേളനം വിളിച്ചുകൂട്ടിക്കൊണ്ട് ഒരു തീരുമാനം എടുക്കാം. ഒരു ജാഥ വരുമ്പോൾ അവിടെയെങ്ങും പോലീസ് പാടില്ല. എന്തിനാണ് നേതാക്കന്മാരെ അടിക്കാൻ പോലീസ് അവിടെ വരുന്നത്? ഈ രാജ്യത്ത് നിയമവും നീതിയും ഇല്ലേ? കോടതിയില്ലേ? ഹൈക്കോടതിയില്ലേ? പൗരാവകാശമില്ലേ? നിങ്ങൾ നടത്തുന്ന ഓരോ നടപടിയും പൗരാവകാശത്തിന്റെ പേരിലാണ്. ബന്ദ് നടത്തി ആളുകളെ കൊല്ലുന്നത്, ആളുകളെ എറിയുന്നത്, ബസ് തകർക്കുന്നത്, കാർ തകർക്കുന്നത് അതൊക്കെ നിങ്ങളാണ് ചെയ്യുന്നതെന്ന് ഞാൻ പറയുന്നില്ല. നമുക്ക് ഒരു എഗ്രിമെന്റുണ്ടാക്കാം. അവിടെ എങ്ങും പോലീസ് വരികയില്ല. അതിന്റെ കൂടെ എത്ര കാർ ചുട്ടാൽ പോലീസിന് ഇടപെടാം, എത്രപോലീസുകാരനെ എറിഞ്ഞിട്ടാൽ പോലീസിന് ഇടപെടാം, അതിനെപ്പറ്റിയൊക്കെ ഒരു ധാരണവേണം. ഇത് പരിഷ്കൃത രാജ്യമാണ്. സ്വാതന്ത്ര്യം കിട്ടിയിട്ട് പത്തറുപത് കൊല്ലമായി. അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെ ജനാധിപത്യ പ്രവർത്തകർ ഈ ജനാധിപത്യം കണ്ടാൽ ലജ്ജിക്കില്ലേ? രാവിലെ മുതൽ വൈകുന്നേരം വരെ ക്രിമിനൽസിനെ ഇറക്കി അക്രമം നടത്തുന്നത് നിർത്തി

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് രണ്ടുകൂട്ടർക്കുംകൂടി ഒരു ധാരണയുണ്ടാക്കാം. അടികൊണ്ട് വീഴുന്നവനും, കണ്ണ് തകരുന്നവനും കൈകാലുകൾ തകരുന്നവനും ഒക്കെയുണ്ട്. അവരുടെ ദുഃഖത്തിൽ നിങ്ങൾക്ക് കരുണയില്ല. നിങ്ങളുടെ ഒരു ക്ലാസിക്കൽ എക്സാമ്പിൾ ആണ് വിനീത. പാർട്ടി നേതാവിന്റെ ഭാര്യയെ 13 കൊല്ലം നിങ്ങൾ പീഡിപ്പിച്ചു. ഇപ്പോൾ മണ്ണെണ്ണ ഒഴിച്ച് അവരെ കൊല്ലാൻ ശ്രമിച്ചു. അങ്ങനെ എത്ര വിനീതമാരുണ്ട്? ഇത് പരിഷ്കൃതമായ ഒരു പാർട്ടിയാണോ? പിന്നെ നിങ്ങൾ സംസ്കാരത്തെപ്പറ്റി പറയുകയാണ്. അധികാരം ഞങ്ങളുടെ കൈവശമായി എന്ന് അഹങ്കാരത്തോടുകൂടി നിങ്ങൾ പറയുമ്പോൾ ഞാൻ പറയുന്നു, അത് മലർപ്പൊടിക്കാരന്റെ സ്വപ്നമാണ് എന്ന്. ഈ രാജ്യത്ത് അക്രമത്തിന്റെ തിരമാലകളിൽനിന്ന് നിങ്ങൾ താഴെപ്പോയിരിക്കുന്നു. ഇവിടുത്തെ ഒന്നാം റാങ്കിട്ടിയ കുട്ടിക്ക് പോകണമെങ്കിൽ 10 പ്രാവശ്യം പ്ലസ്ടു തോറ്റ ചട്ടമ്പിയുടെ അനുമതി വേണം എന്ന് ഒരു നിയമം ഈ രാജ്യത്ത് ഉണ്ടായിച്ചാൽ രക്ഷിതാക്കൾ നിങ്ങളെ വെറുതെ വിടുമോ? അപ്പോൾ മലർപ്പൊടിക്കാരന്റെ സ്വപ്നം ഒന്നും സാക്ഷാത്കരിക്കാൻ പോകുന്നില്ല. രാഷ്ട്രീയ തരംഗങ്ങൾ മാറി അടുത്ത തിരയിൽ ഞങ്ങൾ ഉണ്ടാകും. അതിന് യാതൊരു സംശയവുമില്ല. ഞങ്ങളെ 100 സീറ്റ് നൽകി ജയിപ്പിച്ച ഈ ഹൃദയങ്ങളിൽ നിങ്ങളോടുണ്ടായിരുന്ന പ്രതികാരാഗ്നി ഇപ്പോഴും അണഞ്ഞിട്ടില്ല. അടികൊണ്ടും എറികൊണ്ടും നിങ്ങൾ കൊന്നിട്ട പ്രൊഫസർ. ഒരു പെറ്റീഷൻ കൊടുക്കാൻപോയ ആളെ മാനസികരോഗാശുപത്രിയിലാക്കി. അവസാനം കോടതിയിൽവന്ന് കേസ് എടുത്തുകൊണ്ടുപോയി. ഇത് ഭ്രാന്താലയമാണോ? കായംകുളത്ത് കെ.പി. കുഞ്ഞി എന്നു പറയുന്ന ഒരാളുടെ മകനെ അന്വേഷിച്ചുചെന്നപ്പോൾ മകനെ കാണാത്തതുകൊണ്ട് തന്തയെ പിടിച്ചുകൊണ്ടുപോയി തല്ലിക്കൊന്നു. ഇങ്ങനെ നിങ്ങളുടെ ഭരണത്തിൽ എത്രയായിരം കേസുകൾ ഉണ്ട്! നിങ്ങൾക്ക് പയ്യാവൂർ സംഭവം ഓർമ്മയുണ്ടോ? ഈ രാജ്യത്തെ ജനങ്ങൾ പഞ്ചായത്തിരാജ് സംവിധാനത്തിൽ വോട്ട് ചെയ്യുമ്പോൾ പയ്യാവൂർ സംഭവംതൊട്ട് നിങ്ങൾ നടത്തിയ ആക്രമങ്ങളും ഹൈക്കോടതിവിധിയും മറക്കില്ല. ഞങ്ങൾ ഭൂരിപക്ഷം ആറു പേർ. നിങ്ങൾക്കു മൂന്നു പഞ്ചായത്തുകാർ പോലീസിനെ ഉപയോഗിച്ച് സ്റ്റേഷനിൽ ഞങ്ങളുടെ ആളുകളെ വച്ചിട്ട് നിങ്ങൾ തെരഞ്ഞെടുപ്പുനടത്തി. എന്തൊരു ജനാധിപത്യം? ജനങ്ങൾ അത് മറക്കില്ല, പൊറുക്കില്ല. രണ്ടുപേരെ നിങ്ങൾ ബലംപ്രയോഗിച്ച് കൊണ്ടുപോയി. ഭൂരിപക്ഷം നിർത്തി. തെരഞ്ഞെടുപ്പുനടത്തിയാൽ മതിയെന്നു പറഞ്ഞ് അധികാരത്തിന്റെ ഗർവ്വുമായി ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഗർജ്ജിക്കുകയാണല്ലോ. നിങ്ങളുടെ ഈ നിഷ്ഠൂരകൃത്യമൊന്നും ജനങ്ങൾ മറക്കില്ല. ശാരി എന്ന പെൺകുട്ടിക്ക് പീഡനം നടന്നില്ല എന്ന് നിങ്ങളുടെ മഹിളാ അസോസിയേഷനാണ് പറഞ്ഞത്. ശ്രീ. എ. കെ. ഗോപാലൻ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു മഹിളാ അസോസിയേഷൻ പറയുമോ? ഞാൻ ഇനി അങ്ങോട്ട് ദീർഘിപ്പിക്കുന്നില്ല. ഈ അവിശ്വാസപ്രമേയം അടിസ്ഥാനശൂന്യമാണ്. ഞങ്ങളുടെ എല്ലാ വകുപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly

സമസ്തരംഗത്തും അഭൂതപൂർണമായ വളർച്ചയാണുള്ളത്.....(ബഹളം).... എവിടെയാണ് വളർച്ചയില്ലാത്തതെന്ന് നിങ്ങൾ പറഞ്ഞാൽ മതി.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: മഹിളാ അസോസിയേഷൻ പറഞ്ഞു എന്ന് അങ്ങ് പറഞ്ഞുവല്ലോ. എന്താ മഹിളാ അസോസിയേഷൻ ജീവനുള്ള വസ്തുവാണോ?

ശ്രീ. കടവൂർ ശിവദാസൻ: ഏതായാലും അതു വലിയ വിവാദമായ വിഷയമാണ്. അനേഷി ഉൾപ്പെടെയുള്ള എല്ലാ മഹിളാ അസോസിയേഷനുകളും നിങ്ങളുമായിട്ട് തർക്കമുണ്ടായിരുന്നു.....(ബഹളം).... എന്നാൽ. ഞാൻ ശാരിയുടെ കാര്യംവിട്ടു. എന്നാലും കിടക്കുകയല്ലേ ഈ അക്രമത്തിന്റെ കോലഹല പരമ്പരകൾ. രാഷ്ട്രീയം രാഷ്ട്രത്തേക്കാൾ വലുതാണ് എന്ന് നിങ്ങൾ വിചാരിക്കുന്നു. എന്തുവിലകൊടുത്തായാലും വേണ്ടില്ല നിങ്ങൾ പറയുന്നതാണ് ശരി; ബാക്കിയുള്ളവർ പറയുന്നത് തെറ്റ് എന്ന ഭാവം നിങ്ങൾക്കുണ്ട്. ഞങ്ങൾ ശരിപറഞ്ഞാലും നിങ്ങൾ അത് അംഗീകരിക്കില്ല. ഇത് ഫാസിസത്തിന്റെ മുഖമാണ്; ഇത് ഫെഡറലിസമാണ്. സോഷ്യലിസമെന്നു പറഞ്ഞാൽ വസ്തുനിഷ്ഠമായ അപഗ്രഥനം. റിയലൈസേഷന്റെ അടിസ്ഥാനത്തിലുള്ള യുക്തിസഹമായ കൺക്ലൂഷനാണ്. ഞാൻ ഇനി അധിക സമയം എടുക്കുന്നില്ല. ഒരു സ്വയംകൃതാനർത്ഥം എന്ന നിലയിൽ ഇതുകൊണ്ടുവന്ന് പറയാനുള്ള സൗകര്യം നിങ്ങൾക്കുകിട്ടി എന്നല്ലാതെയാതൊരു അടിസ്ഥാനവുമില്ല. സൂര്യപ്രഭപോലെ ജ്വലിച്ചുയരുന്ന ഈ ഗവൺമെന്റിന്റെ തേജസ്സിൽ നിങ്ങളുടെ കണ്ണഞ്ചിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ഒരിക്കൽകൂടി ഈ അവിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ഡോ. തോമസ് ഐസക്: സർ, ഞാൻ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തത് തങ്ങൾ ഇതുപോലുള്ള ഒട്ടേറെ അവിശ്വാസപ്രമേയചർച്ചകളിൽ പങ്കാളികളായിട്ടുണ്ട് എന്നുള്ള ഭാവേനയാണ്. 1995ലാണ് കഴിഞ്ഞ തവണ ഇവിടെ അസംബ്ലിയിൽ അവിശ്വാസപ്രമേയം വന്നത്. അവിശ്വാസപ്രമേയം അവതരിപ്പിക്കുക എന്നുള്ളത് അസാധാരണമായിട്ടുള്ള സംഭവമാണ്. ആ സാഹചര്യം എന്തെന്ന് ശ്രീ കോടിയേരി ബാലകൃഷ്ണൻ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സഭയിൽ വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇവിടെ ടീച്ചറടക്കം പലരും ഒരു പല്ലവി പറഞ്ഞു. ശ്രീ കോടിയേരിക്ക്, പ്രതിപക്ഷത്തിന്, ഉശിര് പോരാ, ഇത്രയൊന്നും പറഞ്ഞാൽ പോരാ എന്ന രീതിയിൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാരേ, നിങ്ങളുടെ ആ കസേരയോട് കൊറുവുള്ള ആരോ അവിടെ പിറകിലൊക്കെയുണ്ടെന്ന് തോന്നുന്നു. കാരണം ഞങ്ങൾക്ക് ഇത് മനസ്സിലാകുന്നുണ്ട്. ആ കുറവ് ഞങ്ങൾ തീർത്തുതരാം. ദിവസം രണ്ടുണ്ടല്ലോ. ടീച്ചറുടെ നിലവാരത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉയരണമോ വേണ്ടയോ എന്നുള്ളത് മാത്രമാണ് ശങ്ക. കൂടുതൽ പറയുന്നില്ല. ഞങ്ങളുടെ നിലപാട് ഈ സർക്കാരിന് കേരളത്തിൽ തുടർന്നു ഭരിക്കാനുള്ള ധാർമ്മികമായ അവകാശം നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. അംഗസംഖ്യ 100-ൽനിന്ന് 84 ആയിട്ട് നിങ്ങൾ ചുരുങ്ങി എന്നുള്ളതുമാത്രമല്ല, നിങ്ങളുടെ ഘടകകക്ഷികൾ മുന്നണിവിട്ടു, കോൺഗ്രസ്തന്നെ പിളർന്നു. മാത്രമല്ല, നിങ്ങളുടെ ജനകീയ അടിത്തറ തകർന്നുകൊണ്ടിരിക്കുകയാണ്. ഏതു വിഭാഗമാണ് കേരളത്തിൽ നിങ്ങളുടെ സർക്കാരിനെതിരെ സമരം ചെയ്യാത്തവരായിട്ടുള്ളത്? നിങ്ങൾ അധികാരത്തിലേറിയത് കേരളത്തിലെ ജാതീയ കൂട്ടുകെട്ടുകളെയെല്ലാം ഒരുമിച്ച് അണിനിരത്തിക്കൊണ്ടാണല്ലോ? ഇന്ന് അവർ, ഈ മതന്യൂനപക്ഷങ്ങൾ നിങ്ങളുടെ കൂടെയുണ്ടോ? കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പ്, അതിനുശേഷമുള്ള ഉപതെരഞ്ഞെടുപ്പുകൾ അതെല്ലാം കാണിക്കുന്നത് എന്താണ്? യു.ഡി.എഫ്.-ന്റെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് - വിരുദ്ധ - രാഷ്ട്രീയ - ജനകീയ അടിത്തറ തകർന്നിരിക്കുകയാണ്. അത് വരാൻപോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിലും അതിനുശേഷം വരാൻപോകുന്ന നിയമസഭാതെരഞ്ഞെടുപ്പിലും തെളിയാൻ പോവുകയാണ്. അതിന്റെ കേളികൊട്ടാണ് ഈ അവിശ്വാസപ്രമേയം. ഇത് അറിയാവുന്നതുകൊണ്ടാണ് സി.എ.ജി. റിപ്പോർട്ടുപോലെ ഇല്ലാത്ത പ്രശ്നങ്ങൾ എടുത്തുവെച്ച് ലാവ്‌ലിൻ പ്രശ്നത്തെക്കുറിച്ച് ഒരു പുകമറ സൃഷ്ടിക്കുന്നത്. ഇല്ലാത്ത സി.എ.ജി. റിപ്പോർട്ട് എന്നു പറയുമ്പോൾ എന്താ ചിരിക്കുന്നത്, ഈ നിയമസഭയിലുള്ള മുഴുവൻ ആളുകൾക്കും എന്താണ് സി.എ.ജി. റിപ്പോർട്ട് എന്നറിയില്ലേ? ഈ വർഷവും സി.എ.ജി. റിപ്പോർട്ട് നമുക്കുകിട്ടി. സി.എ.ജി. റിപ്പോർട്ടിനെപ്പറ്റി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സ്ഥാപനങ്ങളുടെ, സർക്കാരിന്റെ കണക്കുകൾ സി.എ.ജി. പരിശോധിക്കുന്നു. അതിൽ കാണുന്ന അവരുടെ വിമർശനങ്ങൾ നിരീക്ഷണത്തിന്റെ, ചോദ്യങ്ങളുടെ രൂപേണ ആ സ്ഥാപനങ്ങൾക്ക് നൽകുന്നു. ആ സ്ഥാപനങ്ങൾ സി.എ.ജി.ക്കു മറുപടി നൽകുന്നു, ആ മറുപടി പരിശോധിച്ചുകൊണ്ട് ആഡിറ്റ് റിപ്പോർട്ടിന് രൂപംനൽകുന്നു. അതിന്റെ അനന്തരഘട്ടത്തിലാണ് പി.എ.സി.ക്ക് പോകുന്നത്. ഈ സ്ഥാപനങ്ങൾ അവിടെ വിശദീകരണം നൽകുന്നത്, പി.എ.സി. റെക്കമന്റേഷൻ നൽകുന്നത്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് തുടങ്ങിയവയെപ്പറ്റിയെല്ലാം നമുക്കറിയാവുന്നതാണ്. ഇപ്പോൾ 2005 ജൂൺ 22-ാം തീയതി, ഒരു വർഷം കഴിഞ്ഞ് ഇറങ്ങാൻപോകുന്ന സി.എ.ജി. റിപ്പോർട്ടിന്റെ പ്രാരംഭ നടപടിയായിട്ട് ഈ ആഡിറ്റ് കാറീസ് പവർ ഡിപ്പാർട്ടുമെന്റിന് നൽകിയിരിക്കുകയാണ്. പവർഡിപ്പാർട്ടുമെന്റ് അത് ഇലക്ട്രിസിറ്റി ബോർഡിന് നൽകി. ഒരാഴ്ചകഴിയുന്നതിനുമുമ്പ് അത് കേരളത്തിലെ പത്രങ്ങൾ പാർട്ട്ബൈ പാർട്ടായിട്ട് വളരെ ആസൂത്രിതമായി പ്രചരിപ്പിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി ആര്യാടന് ഇതിൽ എന്തെങ്കിലും പങ്കുണ്ടെന്നൊന്നുമല്ല ഞാൻ പറയുന്നത്. അങ്ങ് ഇത് അന്വേഷിക്കണം. ഈ ഭരണഘടനാ സ്ഥാപനങ്ങൾ ഇതുപോലെ, ഇന്നത്തെ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടിയിട്ട് ഇത്തരംകാര്യങ്ങളെ ദുരുപയോഗപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഡിറ്റ് കാറീസിൽ എന്തെല്ലാം കാര്യങ്ങളാണ് ചോദിക്കുക എന്നുള്ളത് നിങ്ങൾക്കറിയാവുന്ന കാര്യങ്ങളല്ലേ? അത് മറച്ചുവച്ചുകൊണ്ട് ഈ കാര്യം ആരോപണമായിട്ട് പത്രത്തിലേക്ക് വരുത്തുന്നതിന് വളരെ സംഘടിതമായിട്ടുള്ള ഒരു പരിശ്രമം നടക്കുകയാണ്. ഇപ്പോൾ സഭയിൽ വിതരണംചെയ്ത 2004-ലെ സി.എ.ജി. റിപ്പോർട്ടിലെ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിനെക്കുറിച്ച് ഒരു ചർച്ചതന്നെയാകാം എന്നു ശ്രീ കടവൂർ പറഞ്ഞു. എപ്പോൾ വേണമെങ്കിലുമാകാം. അതിനെക്കുറിച്ച് ഒരു വാചകം ഈ സഭയിൽ പറയാത്തത് എന്താ? എന്താണ് ആ സി.എ.ജി. റിപ്പോർട്ടിൽ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്? ഞാൻ ഒരു ആരോപണം പറയുന്നതല്ല. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ സ്കീമുകളും തമ്മിലുള്ള സാമ്യവും വ്യത്യാസവും, അതിൽ എൽ.ഡി.എഫ്-ന്റെ നിലപാട്, യു.ഡി.എഫ്-ന്റെ നിലപാട് ഒക്കെ ഈ സഭയിൽ വിശദീകരിക്കാൻ വേണ്ടിയാണ് ഞാൻ വളരെ ഹ്രസ്വമായി കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിലേക്കുപോകുന്നത്. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ വിവാദ സ്ഥാപനമായിട്ടുള്ള എസ്.എൻ.സി. ലാവ്‌ലിന് കരാർ നൽകുന്നു. എന്തൊക്കെയാണ് സി.എ.ജി. ചൂണ്ടിക്കാണിക്കുന്നത് എന്നു നമുക്കു നോക്കാം. ലാവ്‌ലിന് 1.63 കോടി രൂപ പെർ മെഗാവാട്ട് എന്ന നിരക്കിലാണ് കരാർ ഉറപ്പിച്ചത്. 'ബെൽ' ഉം കോട്ട് ചെയ്തിരുന്നു. അതിനുശേഷമുള്ള ആഗ്മെന്റേഷൻ സ്കീമിൽ പോലും മെഗാവാട്ടിന് 0.63 കോടി രൂപയാണ് കോട്ട് ചെയ്തത്. 'ബെൽ'ന്റെ നിരക്കിനേക്കാൾ 2.4 മടങ്ങ് കൂടുതൽ നിരക്കിൽ ലാവ്‌ലിന് കരാർ ഉറപ്പിച്ചു. ഈ ലാവ്‌ലിൻ കമ്പനിക്ക് അനധികൃതമായിട്ട് നൽകിയിട്ടുള്ള മറ്റ് സൗജന്യങ്ങളെക്കുറിച്ച് റിപ്പോർട്ടിൽ പറയുന്നുണ്ട്. അത് ഞാൻ വിശദീകരിക്കുന്നില്ല. ഇതെല്ലാം കഴിഞ്ഞ് 201 കോടി മുടക്കിയതിനുശേഷം സി.എ.ജി. കണ്ടെത്തിയത് എന്താ? പറഞ്ഞ നീരൊഴുക്ക് ഇല്ലാത്തതുകൊണ്ട് ഈ പുതിയ എക്സ്റ്റൻഷൻ സ്ക്കീം നടപ്പാക്കിക്കഴിഞ്ഞപ്പോൾ എന്തുണ്ടായി? നേരത്തേയുണ്ടായിരുന്നതിനേക്കാൾ വൈദ്യുതി ഉല്പാദനം കുറഞ്ഞു. നവീകരണമല്ല, റീപ്ലേസ്മെന്റല്ല അഡീഷണൽ ജനറേറ്റർ വച്ചതാണ്. 201 കോടിരൂപ പാഴായി എന്നുള്ളതാണ് റിപ്പോർട്ടിൽ പറയുന്നത്. ഈ റിപ്പോർട്ടിനെക്കുറിച്ച് നമുക്ക് ചർച്ചചെയ്യാം. കാരണം സി.എ.ജി.യുടെ റിപ്പോർട്ടിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഓരോ തീരുമാനവും കരാറുകളും ഏതേതു വർഷം എടുത്തിട്ടുള്ളതാണ് എന്നു പറയുന്നുണ്ട്. ഈ കേസിൽ പ്രതിക്കൂട്ടിൽനിങ്ങളാണ്. എന്താണ് ഇതിൽ ഇപ്പോഴുള്ള നമ്മുടെ വിവാദ വിഷയമായ ലാവ്‌ലിൻ കേസുമായിട്ടുള്ള വ്യത്യാസം? ഈ കുറ്റ്യാടിയുമായി താരതമ്യപ്പെടുത്തുമ്പോൾ എന്താണ് വ്യത്യാസം എന്നു നോക്കാം. ആദ്യത്തെ പ്രശ്നം വരുന്നത് ഇത്തരത്തിൽ പള്ളിവാസലിലെ അല്ലെങ്കിൽ ചെങ്കുളത്തെ ജനറേറ്റർമാറ്റി സ്ഥാപിക്കേണ്ടത് ആവശ്യമുണ്ടായിരുന്നോ എന്നുള്ളതാണ്. അതാണല്ലോ ശ്രീ തിരുവഞ്ചൂർ ഈ നിയമസഭയിൽത്തന്നെ പണ്ട് ഉയർത്തിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട പ്രശ്നം. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടൊക്കെ ഇവിടെ ഉദ്ധരിച്ചു. ഇപ്പോൾ ചിലർ സെൻട്രൽ ഇലക്ട്രിസിറ്റിബോർഡ് വച്ചിരിക്കുന്നതിനെ കുറിച്ചെല്ലാം പറയുന്നു. ജനറേറ്റർ മാറ്റണമോ വേണ്ടയോ എന്നുള്ളത് വെറും സാങ്കേതികമായിട്ടുള്ള ഒരു തീരുമാനമാണ്. വേണമെങ്കിൽ പഴയ ജനറേറ്റർതന്നെ റിപ്പെയർ ചെയ്തുപയോഗിക്കാം; അതിന് സാങ്കേതിക തടസ്സമില്ല. പക്ഷേ പഴയ ജനറേറ്റർ റിപ്പെയർ തുടങ്ങിക്കഴിഞ്ഞാൽ മെയിന്റനൻസ് ഉണ്ടാകും; ചിലപ്പോൾ പണി മുടങ്ങി; ഉൽപ്പാദനംമുടങ്ങി എന്നുവരും; അതിന്റെ ഫലമായി ഉൽപ്പാദന നഷ്ടംവരും; ആ ഉൽപ്പാദനനഷ്ടം നികത്താൻ തെർമൽപ്ലാന്റിൽനിന്നും കറന്റ് വാങ്ങേണ്ടിവരും; അങ്ങനെയുണ്ടാകുന്ന നഷ്ടം വളരെ വലുതുമായിരിക്കും. 1991-1996 കാലയളവിൽ കേരളത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ മഴ ലഭിച്ചപ്പോൾ എല്ലാ വൈദ്യുതി നിലയങ്ങളിലും ആറു മുതൽ പതിനേഴ് ശതമാനംവരെ വൈദ്യുതി ഉല്പാദനം കൂടി. എന്നാൽ നമ്മുടെ ഈ മൂന്ന് നിലയങ്ങളിൽ ഉല്പാദനം 20 ശതമാനംവരെ താണു. പ്രശ്നം ഇതാണ്. 115 കോടി യൂണിറ്റാണ് നഷ്ടം വന്നത്. അതിന്റെ വിലയെടുത്തുകഴിഞ്ഞാൽ യൂണിറ്റിന് ഒന്നര രൂപ വിലയിട്ടു കഴിഞ്ഞാൽ 171 കോടി രൂപ വരുന്നു. സർ, അപ്പോൾ ഈ technology choice എന്നു പറഞ്ഞാൽ technical choice മാത്രമല്ല, techno -economic choice - ഉം ആണ്. ആ ഇക്കണോമിക്സ് വരുന്നതുകൊണ്ട് അതിന് എത്രമാത്രം weightage കൊടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായവ്യത്യാസങ്ങൾ വരും; അത് സ്വാഭാവികം. ഞാനൊരു വിലയിരുത്തൽ നടത്തുകയല്ല. പക്ഷേ ഇതുമാറ്റാൻ തീരുമാനിച്ചതാരാണ്? ഞങ്ങളാണോ മറുപടി പറയേണ്ടത്? രേഖകൾ കൃത്യമായിട്ടുണ്ടല്ലോ? ശ്രീ കടവൂർ ശിവദാസൻ തന്നെ ഉദ്ധരിച്ചത് 1995 ആഗസ്റ്റ് 10ന് എം.ഒ.യു. സൈൻ ചെയ്തു എന്നാണ്. അത് നിങ്ങളല്ലേ മാറ്റാൻ തീരുമാനിച്ചത്? അങ്ങനെ ഒപ്പിട്ടുകഴിഞ്ഞപ്പോഴാണ് ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടില്ല എന്നു കണ്ടത്. അപ്പോൾ ശ്രീ. രാധാകൃഷ്ണനെ നിയോഗിക്കുന്നു. ആരാണ് നിയോഗിച്ചത്? അന്ന് ശ്രീ. പരമരാജനാണ് മന്ത്രി. എന്നിട്ട് ഫീസിബിലിറ്റി സ്റ്റഡി നടത്താതെ പിണറായി വിജയൻ എതോ കരാർ ഒപ്പിടാൻ പോയി, എന്നുള്ള രീതിയിലുള്ള വ്യാഖ്യാനങ്ങളും കാര്യങ്ങളും ചിലപത്രങ്ങളിൽവന്നു. റിട്ടയേർഡ് ചീഫ് എഞ്ചിനീയർ "ലാവ്‌ലിൻ"-ന്റെ കൺസൾട്ടന്റ് ആണോ അല്ലയോ എന്നറിയില്ല; റിട്ടയർ ചെയ്തശേഷം നിങ്ങൾ അദ്ദേഹത്തിനുകൊടുത്ത അസൈൻമെന്റാണ്. അദ്ദേഹം പഠനംനടത്തി. അതിന്റെ അടിസ്ഥാനത്തിൽ 1996 ഫെബ്രുവരി 24-ന് കരാറും വച്ചു. അപ്പോൾ ഈ തീരുമാനമെടുത്തത് നിങ്ങളാണ്. അക്കാര്യം ഇനിയെങ്കിലും നിങ്ങൾ പറഞ്ഞാൽമതി. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടാണോ നല്ലത്, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പറഞ്ഞതാണോ ശരിയെന്നുള്ളത് പറഞ്ഞാൽ മതി. നിങ്ങൾ എടുത്ത ടെക്നോ- ഇക്കണോമിക് തീരുമാനം മുഖവിലയ്ക്കെടുത്തു; അതിന്റെ അടിസ്ഥാനത്തിൽ പ്രൊസീഡ് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. അപ്പോൾ രണ്ടാമത്തെ പ്രശ്നവും തീർന്നു. എസ്.എൻ.സി. ലാവ്‌ലിനെ സംബന്ധിച്ച് നിങ്ങളെടുത്ത തീരുമാനമാണിത്. എസ്.എൻ.സി. ലാവ്‌ലിനുമായി നിങ്ങളാണ് എം.ഒ.യു സൈൻ ചെയ്തത്. തുടർന്ന് ഞങ്ങൾ അധികാരത്തിൽവന്നപ്പോൾ, എസ്.എൻ.സി. ലാവ്‌ലിനുമായുള്ള എം.ഒ.യു. തുടരാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്; ഈ വിദേശകമ്പനിയെ മാറ്റിനിർത്തേണ്ടതല്ലേ ശരിയെന്നുള്ള ചോദ്യങ്ങൾ ന്യായമായി ഉയർന്നുവന്നു. അതിൽ പറയാറുള്ളത്, ഇവിടെയിരിക്കുന്ന ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട മന്ത്രിമാർക്ക് അറിയാവുന്നതുപോലെ നമ്മൾ ബഡ്ജറ്റിൽനിന്ന് ഇലക്ട്രിസിറ്റിബോർഡിന് പണമൊന്നും കൊടുക്കുന്നില്ല. ഇടക്കാലത്ത് ചിലപ്പോൾ കിട്ടിയതുപോലെ കുറച്ചുതുക സഹായം കിട്ടുമെന്നല്ലാതെ തുടർച്ചയായിട്ട് കിട്ടുന്നില്ല. അങ്ങനെയൊക്കെയാണ് റവന്യൂകമ്മി കുറഞ്ഞത്. കുറഞ്ഞത് നല്ല കാര്യമാണ്. വക്കം അത്രയും പണം നൽകിയത് നല്ല കാര്യമാണ്. ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ അതുകൊണ്ട് നവീകരണത്തിനും , വികസനത്തിനും സ്വയം പണം കണ്ടെത്തണം; വായ്പ എടുക്കണം. അത്തരത്തിൽ വായ്പ എടുക്കാൻ ശ്രമിക്കുമ്പോൾ അന്നു നിങ്ങൾ കരാറുണ്ടാക്കിയപ്പോൾ ടെണ്ടർ വിളിക്കാത്തത് എന്തെന്ന് ചോദിച്ചല്ലോ. നിങ്ങൾ തന്നെ പറയൂ., എന്താണ് വിളിക്കാതിരുന്നത്? എന്താണ് നിങ്ങൾ ആഗോള ടെണ്ടർ വിളിക്കാതെ എം.ഒ.യു.റൂട്ടിൽ പോയത്? ശ്രീ. കടവൂർ, നിങ്ങളാണ് പറയേണ്ടത്.

ശ്രീ. കടവൂർ ശിവദാസൻ: എം.ഒ.യു. എന്നുവച്ചാലും ടെണ്ടറെന്നുവച്ചാലും എന്താണ് അങ്ങ് ധരിക്കുന്നത്? Memorandum of Understanding in the beginning of a business, there it has been started. എന്താണ് പറഞ്ഞിരിക്കുന്നത്? നിങ്ങൾ കോൺട്രാക്ട് വർക്കിന് കരാറുണ്ടാക്കൂ. അല്ലാതെ ടെണ്ടർ എന്നു നമ്മളിവിടെ ഉദ്ദേശിക്കുന്നത് ആ വർക്കിന് ടെണ്ടർ വിളിക്കാനാണ് സി.എ.ജി. പറഞ്ഞിരിക്കുന്നത് he has converted the tender by fixing an agreement എന്നാണ് .....(ബഹളം).....

ഡോക്ടർ തോമസ് ഐസക്: എങ്ങനെയാണ് ശ്രീ. ശിവദാസൻ നമ്മുടെ ദേശീയനയങ്ങളിൽവന്ന മാറ്റങ്ങളാകെ മറന്നുപോയതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ശ്രീ. നരസിംഹറാവുവിന്റെ ഭരണം അവസാനിക്കുന്നതുവരെ എം.ഒ.യു. റൂട്ട് ഈ വൈദ്യുതിനിലയങ്ങളുടെ കരാറുകൾക്ക് പെർമിസിബിൾ ആയിരുന്നു. അതിനുശേഷമാണ് ആഗോള ടെണ്ടർ നിർബന്ധമായിട്ടുവന്നത്. അതുകൊണ്ട് നിങ്ങൾ എം.ഒ.യു. റൂട്ടിൽപോയി. എം.ഒ.യു. റൂട്ടിൽ എസ്.എൻ.സി. ലാവ്‌ലിനുമായി കരാറിലേർപ്പെടുമ്പോൾ എന്താണ് കരാർ? കനേഡിയൻ കമ്പനി പറയുന്നു, ഞങ്ങൾ കനേഡിയൻ എക്സ്പോർട്ട് കോർപ്പറേഷന്റെ ലോൺ ഉണ്ടാക്കിത്തരാം, എന്തിന്? കനേഡിയൻ സോഴ്സ് ഗുഡ്സ് വാങ്ങുകയാണെങ്കിൽ, അതാണ് കരാർ. കാനഡ ലോൺ തരുന്നത് അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാമെന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ്. നിങ്ങൾ, ലാവ്‌ലിനുമായി കരാറുണ്ടാക്കിയിട്ട് ഗ്ലോബൽ ടെണ്ടർ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുമോ. അപ്പോൾ നിങ്ങൾ കരാറെന്നുപറഞ്ഞാൽ എം.ഒ.യു. ധാരണയാണ്. ആ എം.ഒ.യു. ധാരണ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ വളരെ വിചിത്രമായിട്ടുള്ള.... നോ, പ്ലീസ് വഴങ്ങുന്നില്ല. നിങ്ങളെല്ലാപേരും ലാവ്‌ലിനെപ്പറ്റിത്തന്നെയാണ് പ്രസംഗിച്ചത്. മറുപടി കേൾക്കൂ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കുന്നതുകേട്ടു, ആ എം.ഒ.യു. കാലഹരണപ്പെട്ടു എന്ന്. ആ എം.ഒ.യു. പ്രകാരം ഒരുവർഷത്തിനുള്ളിൽ കരാറിലേക്ക് നീങ്ങണം. അത് നിങ്ങൾ ചെയ്തു. ആ ഉണ്ടാക്കിയ കൺസൾട്ടൻസി, procurement അടക്കമുള്ള കൺസൾട്ടൻസിയുടെ കരാർ 1996 ഫെബ്രുവരി 24നുണ്ടാക്കി. ആ കരാറിൽ ശ്രീ. തിരുവഞ്ചൂർ, ശ്രീ. കടവൂർ ശിവദാസൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, നിങ്ങൾ പറയൂ, അതിൽ മൂന്ന് വാല്യങ്ങൾ ആയിട്ടില്ലേ, ഓരോന്നും പ്രത്യേകം പ്രത്യേകമായിട്ടല്ലേ? അതിന് എന്തിനാണ് അവസാനം annexure ആയി ഓരോ മെഷിനറിയുടേയും വില നിങ്ങൾ നിശ്ചയിച്ചുവച്ചത്? ഈ ലാവ്‌ലിൻ വഴി procure ചെയ്യേണ്ട ഓരോ മെഷീനറി ഐറ്റത്തിന്റെയും വില മൊത്തം 243 കോടി രൂപ എന്നല്ലേ എഴുതിയിരിക്കുന്നത്? 1996-ൽ ആദ്യത്തെ കരാറുണ്ടാക്കുന്നു. എം.ഒ.യു. അല്ല, കരാർ ഉണ്ടാക്കുന്നു. ഓരോ മെഷീനറിയുടേയും വില അനക്സ്ചറായി നൽകിയിട്ടുണ്ട്. ഈ കരാറിനെക്കുറിച്ച് ഇലക്ട്രിസിറ്റിബോർഡ് സബ്ജക്ട് കമ്മിറ്റിയിൽ എന്താണ് പറഞ്ഞത്? ഇത് ചർച്ചചെയ്യാൻവേണ്ടി തർക്കംവന്നുകഴിഞ്ഞപ്പോൾ ഈ വിഷയത്തിൻമേലുള്ള ഇലക്ട്രിസിറ്റിബോർഡിന്റെ റിപ്പോർട്ട് മൂന്നാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ 30-3-2004-ലെ പീരീയോഡിക്കൽ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്, വായിച്ചുകേൾപ്പിക്കാം. 24-2-1996-ലെ കരാറിന്റെ തുടർച്ചയായി കൂട്ടിച്ചേർക്കലായിട്ടാണ് 10-2-1997-ലെ രണ്ടാമത്തേയും 6-7-1998-ലെ മൂന്നാമത്തേയും കരാറുകൾ; അഡണ്ടം-1, അഡണ്ടം-2 എന്നിവ ഒപ്പുവച്ചിരിക്കുന്നത്. ഇതുമൂലമാണ് 24-2-1996-ലെ കരാറിനെ ഒറിജിനൽ എഗ്രിമെന്റ് എന്നു പറയുന്നത്." എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് നിങ്ങൾ പറയുകയാണ്, അതൊക്കെ പിന്നെവന്ന ഇടതുപക്ഷസർക്കാർ വച്ചതാണെന്ന്. ഇടതുപക്ഷ സർക്കാർ വച്ചതല്ല; പുതിയതൊന്നും പറഞ്ഞിട്ടില്ല, ചെയ്തിട്ടില്ല എന്നല്ല; നിങ്ങളുണ്ടാക്കിയ എം.ഒ.യു.വിന്റെ അടിസ്ഥാനത്തിലുള്ള കരാറെന്നുപറയുന്നത് എ.ഡി.ബി. കരാറെടുത്താലും ഒറ്റ എഗ്രിമെന്റ് ആയിട്ടല്ല, അതിൽ പല എഗ്രിമെന്റുകൾ വരുന്നുണ്ട്. അപ്പോൾ നിങ്ങൾ ആ എഗ്രിമെന്റുണ്ടാക്കി, അതിന്റെ നിബന്ധനകളുടെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് ഈ പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകുന്നതിന് തീരുമാനിച്ച ഞങ്ങൾ, ഈ രണ്ടുഘട്ടങ്ങളിലായി അഡണ്ടം ഒന്ന്, രണ്ട്, മൂന്ന് എന്നുള്ള രീതിയിൽ കരാറുണ്ടാക്കി. ഇങ്ങനെ ഞങ്ങൾ പുതുക്കിയപ്പോൾ എന്തെങ്കിലും ധനനഷ്ടം സംസ്ഥാനത്തിന് ഉണ്ടാക്കിയോ എന്നുള്ളതാണ് ചോദ്യം. അതുവച്ചുനോക്കുമ്പോൾ എന്താണ് വരുത്തിയ മാറ്റം? 243 കോടി രൂപയിൽ 183 കോടിരൂപയാണ് ലോണായി foreign component കിട്ടേണ്ടിയിരുന്നത്. അഡണ്ടം 2ൽ 183 കോടി രൂപ എന്നുള്ളത് 133 കോടി രൂപയായി കുറച്ചു. ഇവിടെ foreign components കുറച്ചു. ഇന്ത്യൻ കോമ്പോണൻസ് കൂട്ടി. കുറ്റ്യാടി പ്രോജക്ടിലുമുണ്ട്, മുപ്പതു ശതമാനം ഗ്രാന്റ് ഇനം. എന്താണ് ഈ ഗ്രാന്റ് ഇനം?

LIBRARY ARCHIVES Kerala Legislative Assembly

സ്കാൻഡിനേവിയൻ രാജ്യങ്ങൾ, കാനഡപോലെയുള്ള രാജ്യങ്ങൾ പഴയ ഒരു പാരമ്പര്യത്തിന്റെ ഭാഗമായി, യു.എൻ.ഒ.യിൽ നടന്ന ചർച്ചയുടെ ഭാഗമായി, അവരുടെ ബഡ്ജറ്റിൽ നിശ്ചിതവിഹിതം അവികസിത രാജ്യങ്ങൾക്ക് ഗ്രാന്റായിട്ട് നൽകുന്ന പതിവുണ്ട്. അതവരുടെ വിദേശനയത്തിനെ സ്വാധീനിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താറുണ്ട്. ആഗോള വൽക്കരണത്തിന്റെ കാലഘട്ടത്തിൽ അവർ ഈ ഗ്രാന്റിനെ അവികസിത രാജ്യങ്ങളുമായുണ്ടാക്കുന്ന വ്യാപാരവുമായി ബന്ധിപ്പിക്കുന്നു. മറ്റുള്ള ഗ്രാന്റ് ഇതുമായിട്ട് നേരിട്ട് ബന്ധമുള്ളതല്ല; മറിച്ച് ഈ ഗ്രാന്റ് എൻവയോൺമെന്റ്, ഹെൽത്ത് തുടങ്ങിയ മേഖലകൾക്കുവേണ്ടി ചെലവഴിക്കാനുള്ളതാണ്. നിങ്ങൾ അതിനുള്ള പ്രോജക്ട് കൊടുക്കുകയാണെങ്കിൽ അതിന് ഗ്രാന്റ് തരും. ഇതാണ് ഈ ഗ്രാന്റിനെ സംബന്ധിച്ച് പറയാനുള്ളത്. ഇതിന് 40-ൽ പരം കോടിരൂപ ഗ്രാന്റ് കിട്ടുമെന്ന് വച്ചിരുന്നു. ഈ ചർച്ചയിൽ അത് 98 കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. നിങ്ങളുടെ Memorandum of Understanding നുശേഷം നൽകിയ terms paper-ൽ 7%ൽ പരം പലിശനിരക്കാണ് വച്ചിരുന്നത്, അത് 6% മായി താഴ്ത്തി. ഇതാണ് വരുത്തിയ മാറ്റം. ഇങ്ങനെ കരാറുണ്ടാക്കിയപ്പോൾ ഉൽപ്പന്നങ്ങൾക്ക് വിലവന്നു. ആരാണ് വില നിശ്ചയിച്ചത്? ഇവിടെ ആരോ പറയുന്നതു കേട്ടു. B H E L 200 ൽ ചിലാനം കോടി രൂപയുടെ വർക്ക് നൂറുകോടി രൂപയ്ക്ക് ചെയ്യാമെന്ന് പറഞ്ഞിട്ട് B H E L ന്റെ ഓഹരി വിൽപനയ്ക്കെതിരെ ഇത്രവികാരംകൊണ്ട് നിൽക്കുന്ന ഇടതുപക്ഷം 'B H E L'നെ തള്ളിക്കളഞ്ഞ് ഈ ഫോറിൻ കമ്പനിയുടെ പിറകെ പോയത് എന്തിന് എന്ന്. ശ്രീ കടവൂർ ശിവദാസൻ തന്നെ ഇവിടെ മറുപടി പറഞ്ഞു. ശ്രീ. ബി. വിജയകുമാറും മറ്റുള്ളവരും 16-10-2001-ന് ചോദിച്ച ചോദ്യത്തിന് നൽകിയ മറുപടിയാണ്. "കുറഞ്ഞ ചെലവിൽ ഈ വർക്ക് ചെയ്തുതരാമെന്ന് ഏതെങ്കിലും വ്യക്തിയോ കമ്പനിയോ അറിയിച്ചിരുന്നോ? എങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?" ശ്രീ. കടവൂർ ശിവദാസൻ നൽകിയ മറുപടി, "അങ്ങനെ ആരെങ്കിലുമറിയിച്ചിരുന്നതായി അറിവില്ല".

ശ്രീ. കടവൂർ ശിവദാസൻ : They did not get the opportunity to offer that tender. അവർ പറഞ്ഞു. പക്ഷേ അതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചില്ല.

ഡോക്ടർ തോമസ് ഐസക് : The moment you choose M.O.U. route and choose Lavelin Company, എങ്ങനെ പോകും ടെണ്ടർ? ഒരർത്ഥവുമില്ല. ഈ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിൽ അങ്ങനെതന്നെയല്ലേ തീരുമാനിച്ചത്. കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന്റെ വ്യത്യാസം എന്താണെന്നറിയാമോ? അതിന് ഫീസിബിലിറ്റി സ്റ്റഡി നടത്തിയപ്പോൾ 'ഭെൽ' നേരത്തേ പറഞ്ഞ നിരക്കിൽ കോട്ട് ചെയ്തിട്ടുണ്ട്. അത് തള്ളിക്കളഞ്ഞുകൊണ്ടാണ് പോയത്. ശ്രീ. പിണറായി വിജയൻ ചെയ്തത് എന്താണെന്നറിയാമോ? 1996 ഫെബ്രുവരി 24-ലെ കരാറിന്റെ annexure ആയി നൽകിയിരുന്ന ഫിക്സഡ് പ്രൈസുണ്ടല്ലോ? ആ ലിസ്റ്റിലെ വിലകൾ നീതീകരിക്കാനാവുന്നതാണോ എന്ന് നോക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോപവർ കോർപ്പറേഷനെ ഏല്പിച്ചുകൊടുത്തു. അവരത് international price ഉമായി comparable ആണെന്ന് പറഞ്ഞതിനുശേഷമാണ് നിങ്ങളുണ്ടാക്കിയ consultancy...(ബഹളം)..... നിങ്ങളുണ്ടാക്കിയ കരാറിൽ annexure ആയി അതു നൽകിയിട്ടുണ്ട്. അത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനറിയാമല്ലോ? ആ അനക്ഷറിൽ നൽകിയ പ്രൈസ് internationally comparable ആണെന്ന് അന്വേഷിച്ച് റിപ്പോർട്ടും കിട്ടി. നിങ്ങൾ അംഗീകരിച്ച പ്രൈസിൽ വാങ്ങുന്നതിന് കരാർ കൊടുത്തു. അപ്പോൾപിന്നെ ഈ കപ്പാസിറ്റി കൂടിയോ ഇല്ലയോ ഇതാണ് വേറെ തർക്കം. അതിൽ ശ്രീ. കടവൂർ ശിവദാസൻ, ശ്രീ. എ.കെ. മണി ഉൾപ്പെടെയുള്ളവർ 10-2-2005-ന് ഈ സഭയിൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞു, "പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികൾ നവീകരിക്കുന്നതിനുമുമ്പ് അവയുടെ സ്ഥാപിതശേഷി 115.5 മെഗാവാട്ടായിരുന്നു. നവീകരണം പൂർത്തിയായപ്പോൾ അവയുടെ സ്ഥാപിതശേഷി 124.48 മെഗാവാട്ട് ആണ്". കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടുമായിട്ടുള്ള വ്യത്യാസം എന്താണെന്നുവച്ചാൽ ഇതിൽ പുതിയ ജനറേറ്റർ വയ്ക്കാനുള്ളതല്ല, എക്സ്റ്റൻഷനുമല്ല; മറിച്ചു നിലവിലുള്ളതിന്റെ റീപ്ലേസ്മെന്റാണ്. എന്നിട്ടുപറയുന്നു ഈ സ്ഥാപിതശേഷി കിട്ടിയിട്ടില്ലെങ്കിൽ അവിടത്തെ വെള്ളം ഒഴുക്കുന്നത് തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ആലോചിക്കണം എന്ന്. കെ.എസ്.ഇ.ബി.യും സി.എ.ജി.യും തമ്മിൽ ചർച്ചചെയ്യേണ്ട കാര്യമാണ്. ആ കാര്യമൊക്കെ എടുത്ത് വേദവാക്യമായി നാടുമുഴുവനും പുകമറയുണ്ടാക്കാൻ ശ്രമിക്കുന്നതെന്തിനാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. കൃാൻസർസെന്ററിന്റെ പശ്ചാത്തലം ഞാൻ പറഞ്ഞു. അവർ 13 കോടി രൂപ അവിടെ മുടക്കിയിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ അതിലുണ്ടായ irregularities റഗുലറൈസ് ചെയ്തിട്ടുള്ള കത്ത് ഇന്ന് ലഭ്യമാണ്. ബാക്കിപണം എന്തുകൊണ്ട് അവർ നൽകിയില്ല? കാരണം, ഈ പണം നമുക്ക് തരികയില്ല. അവർ നേരിട്ട് വേറെ ഏജൻസിയെവച്ച് ആശുപത്രി പണിയുകയാണ്. ചെലവാകുന്ന മുറയ്ക്കേ പണം വരികയുള്ളു. അതിനും എം.ഒ.യു. ഉണ്ട്. ശ്രീ. ആന്റണി സർക്കാർ എം.ഒ.യു.റിന്യൂ ചെയ്തു. ആറുമാസം കൂടുമ്പോൾ റിന്യൂ ചെയ്യണം. ലാവ്‌ലിൻ ആവശ്യപ്പെട്ടത് അത് എഗ്രിമെന്റ് ആക്കി മാറ്റണം എന്നാണ്. എന്നാൽ എഗ്രിമെന്റാക്കി മാറ്റിയില്ല. ബ്ലഡ്ബാങ്ക് ഉൽഘാടനംചെയ്യാൻ മുഖ്യമന്ത്രി പോകുന്നതിനുമുമ്പ് കനേഡിയൻ അമ്പാസഡറെ അതിനു ക്ഷണിക്കുന്നതിനുമുമ്പ്, ലാവ്‌ലിൻ കമ്പനി നിങ്ങളുടെ സർക്കാരിന് എഴുതിയില്ലേ; ഈ എഗ്രിമെന്റ് ഇങ്ങനെ ത്രിശങ്കുവിൽകിടക്കുന്നത് ശരിയല്ല. ഡിസംബറിൽ എഗ്രിമെന്റ് ഒപ്പിടാൻ തയ്യാറാണ്. നിങ്ങൾ ആ എഗ്രിമെന്റ് ലാപ്സാക്കിയില്ലേ? കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിനു ഗ്രാന്റായി കിട്ടേണ്ട പണം ഒരിക്കൽപ്പോലും ചോദിക്കാതെ, ഇവിടെ ആ കമ്പനി എഗ്രിമെന്റ് ആക്കാമെന്നു പറഞ്ഞിട്ടുപോലും എഗ്രിമെന്റ് പുതുക്കാതെ ലാപ്സാക്കികളഞ്ഞിട്ട് എവിടെ കാൻസർസെന്ററിന് പണമെന്നാണ് ചോദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അങ്ങ് അപ്പോൾ പറഞ്ഞുവരുന്നത് ഗവൺമെന്റ് ലാപ്സാക്കി എന്നാണല്ലോ. എസ്.എൻ.സി. ലാവ്‌ലിൻ തന്നെ പറയുന്നത്, ഞങ്ങൾക്ക് അതിന്റെ ബാധ്യതയില്ല, ഞങ്ങൾക്ക് അങ്ങനെയൊരു കരാറില്ല, ബാക്കിയുള്ള ആളുകൾക്കാണെന്നാണ് അവർ പറയുന്നത്. ഈ രണ്ടു ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസും ഇവരുംകൂടി തരാമെന്ന് പറഞ്ഞത് അവർ സമ്മതിച്ച കാര്യമാണ്. രണ്ട്, അങ്ങ് പറഞ്ഞല്ലോ അവർ ചെയ്ത്തരേണ്ടതെന്ന്. അത് ചെയ്യിക്കേണ്ടത് നിങ്ങളായിരുന്നില്ലേ? കാരണം ഞങ്ങൾ വരുന്നതിനുമുമ്പ് പണി നിർത്തി അവർ പോയില്ലേ? അതു തുടരാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല.

ഡോ. തോമസ് ഐസക്: ആർക്കോ അവർ എഴുതി അയച്ചു എന്നുള്ളതല്ലേ? കത്തുണ്ട്. നമുക്ക് ഒരുമിച്ചുനോക്കാം.

ശ്രീ. എം.വി. ജയരാജൻ: 2002 ഡിസംബർ മാസം 2-ാം തീയതി, അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ.ആന്റണിക്ക് അന്നത്തെ എസ്.എൻ.സി. ലാവ്‌ലിൻ സീനിയർ വൈസ്പ്രസിഡണ്ട്, ലാൻസർ അവാർഡ്, അദ്ദേഹമയച്ച കത്തിൽ പറയുന്നത് "Chief Minister, S.N.C. Laveline hopes that, Kerala will allow us to contain co-operation to complete the Radio-graph Clinic"എന്നുപറഞ്ഞ് എഴുതിയില്ലേ എന്ന കാര്യം അറിയാമോ?

ഡോക്ടർ തോമസ് ഐസക്: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇത് രേഖകളിലുള്ള കാര്യമാണ്, നമുക്ക് നോക്കണമെന്ന്. അവസാനം കേസിന്റെ കാര്യം പറയുന്നതുകേട്ടു. ഈ നിയമസഭ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾ 35 എം.എൽ.എ. മാർ ഒരു മെമ്മോറാണ്ടം മുഖ്യമന്ത്രിക്ക് കൊടുത്തതാണല്ലോ? എന്നിട്ടും കേസ്സെടുത്തത് എപ്പോഴാണ്? കാബിനറ്റ് കൂടി ഫ്ളാഷ്ന്യൂസ് കൊടുത്തത് എപ്പോഴാണ്? മുത്തങ്ങ സമരം കത്തിപ്പിടിച്ചപ്പോഴാണ്. എന്നിട്ടിപ്പോൾ വർഷം രണ്ടരയായല്ലോ? കെ.എസ്.ഇ.ബി.യും വിജിലൻസും നിങ്ങളുടെ കയ്യിലല്ലേ, എന്തേ റിപ്പോർട്ടില്ലാത്തത്. അന്വേഷിച്ച് കേസ് വീണ്ടും എടുക്കണമെങ്കിൽ എടുക്കാം. കേസ് എടുക്കുമ്പോൾ സി.എ.ജി.യുടെ draft audit queries ന്റെ അടിസ്ഥാനത്തിലാണ് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട്, 800 കോടിരൂപ നഷ്ടം വന്നു. 45+75 ഇത്രയും കോടി രൂപയുടെ അഴിമതി നടന്നു എന്നു പറഞ്ഞ് റിപ്പോർട്ടിനെക്കുറിച്ച് എടുക്കണം എന്ന്. അന്ന് ശ്രീ. പത്മരാജൻ ആയിരുന്നു മന്ത്രി. എങ്കിലും ഇത് അങ്ങ് വേഗം അന്വേഷിക്ക്. എന്നിട്ട് സി.ബി.ഐ., വിജിലൻസ് ഇതിലേതാണെന്നുവച്ചാൽ അവരെക്കൊണ്ട് അന്വേഷിക്ക്. നമുക്കതുനോക്കാം. രാഷ്ട്രീയം നമുക്ക് മനസ്സിലാകുന്നുണ്ട്. യു.ഡി.എഫ്-ന് ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ ഒരു കച്ചിത്തുരുമ്പെന്നു പറയുന്നത് ഈ ലാവ്‌ലിൻ പ്രശ്നമാണ്. ഇന്ന് നമ്മുടെ നാടിന്റെ സ്ഥിതി എന്താണ്?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ സാക്ഷിപ്പട്ടികയിൽ കറേ ആളുകളുടെ പേര് അങ്ങ് പറഞ്ഞു. പക്ഷേ അങ്ങ് പറയാത്ത ഒരാൾകൂടി ഈ സാക്ഷിപ്പട്ടികയിലുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്.ശർമ്മ. അന്ന് ശ്രീ. പിണറായി വിജയനുശേഷം കേരളത്തിൽ വൈദ്യുതിമന്ത്രിയായിരുന്ന ശ്രീ. എസ്. ശർമ്മ..... (ബഹളം)..... ഞാനൊന്നു ചോദിച്ചോട്ടെ, ശ്രീ. ശർമ്മ എഴുതിത്തന്ന ഉത്തരമുണ്ട്. ആ ഉത്തരത്തിനകത്ത് അദ്ദേഹം പറഞ്ഞിട്ടുള്ളത് തലശ്ശേരിയിലെ കൃാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് 13.5 കോടി രൂപമാത്രമേ അവർ നൽകിയിട്ടുള്ളൂ. ബാക്കിയുള്ള തുകമുഴുവനും മറ്റുപലരിൽനിന്നും സംഘടിപ്പിച്ചുതരാം എന്നുമാത്രമേ ഏറ്റിട്ടുള്ളൂ എന്ന്. ആ ഉത്തരംകൂടി ഇതിനകത്തെ സാക്ഷിപ്പട്ടികയിൽ കൂട്ടണം.

ഡോക്ടർ തോമസ് ഐസക്: അത് ഞാൻ സാക്ഷിപ്പട്ടികയിൽ പെടുത്തിയിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ എസ്.എൻ.സി. ലാവ്‌ലിൻ പ്രശ്നം ഇവർ കുത്തിപ്പൊക്കാൻ തീരുമാനിച്ചത് 'എ' ഗ്രൂപ്പുകാർ കുത്തിപ്പൊക്കാൻ തീരുമാനിച്ചതുകൊണ്ടാണ്. ഇവിടെ ഇത് അന്വേഷിക്കുകയും മറ്റും ചെയ്താൽ ആദ്യം കെണിയിലാകാൻപോകുന്നത് എ.കെ. ആന്റണിയും, രണ്ടാമത് കെണിയിലാകാൻപോകുന്നത് ശ്രീ. കാർത്തികേയനുമാണ്. അതുകൊണ്ടാണ്ഈ ചർച്ചയിൽ ശ്രീ. കാർത്തികേയൻ പങ്കെടുക്കാത്തത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.... (ബഹളം)..... എസ്.എൻ.സി. ലാവ്‌ലിൻ പ്രശ്നത്തെക്കുറിച്ച് ഒരു ദിവസം പ്രത്യേകമായിട്ട് നമുക്ക് ചർച്ചനടത്തണം. ഈ അവിശ്വാസപ്രമേയത്തിന്റെ ചർച്ചയുടെ സിംഹഭാഗവും കവർന്നെടുക്കാൻ വേണ്ടിയാണ് അവർ ഈ പ്രശ്നം കുത്തിപ്പൊക്കിയിരിക്കുന്നത്.

ഡോ. തോമസ് ഐസക്: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഞാൻ ആ ഉത്തരം വായിച്ചിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ ഈ സഭയിൽ നൽകിയ ഉത്തരമാണ് ശ്രീ. ശർമ്മയും നൽകിയിട്ടുള്ളത്. അതിൽ വ്യത്യാസമൊന്നുമില്ല. ഈ പ്രശ്നങ്ങളാകെ ഈ രീതിയിൽ കൊണ്ടുവരുന്നതിന്റെ അടിസ്ഥാനമെന്താണ്? വേറെയൊന്നും നിങ്ങൾക്ക് പറയാനില്ല. ഈ നാടിന്റെ സ്ഥിതിയെന്താണ്? 1999 - 2000-ൽ ഈ സംസ്ഥാനത്തെ കൃഷിയിൽനിന്നുമുള്ള വരുമാനം നിങ്ങൾ വിതരണം ചെയ്തിട്ടുള്ള ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം 12,708 കോടി രൂപയായിരുന്നു. സ്ഥിരവിലയല്ല, കറന്റ് പ്രൈസ്. വിലക്കയറ്റംകൂടി കണക്കിലെടുത്തിട്ട് പോലും 2003-2004-ൽ 10,875 കോടി രൂപയേയുള്ളൂ. 2000 കോടി രൂപയുടെ വിലക്കയറ്റമുണ്ടായിട്ടും കാർഷികവരുമാനം കുറഞ്ഞിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങളിൽനിന്നും 2926 കോടിരൂപയുടെ വരുമാനമുണ്ടായിരുന്നത് 2710 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ചുമ്മാതല്ല മനുഷ്യർ ഈ നാട്ടിൽ ആത്മഹത്യ ചെയ്യുന്നത്. പക്ഷേ യു.ഡി.എഫ്. സർക്കാർ എന്തുചെയ്തു? രണ്ടു കണക്കു പറഞ്ഞോട്ടെ, ഒമ്പതാം പദ്ധതിക്കാലത്ത് കൃഷിക്ക് പദ്ധതിയുടെ 2.6 ശതമാനം കൊടുത്തിരുന്നു. ഇപ്പോൾ 1.7 ശതമാനമായി. ബഹുമാനപ്പെട്ട കൃഷിമന്ത്രിവേണമെങ്കിൽ ഡിസ്പ്യൂട്ട് ചെയ്തോളൂ. കൃഷിക്കും മറ്റു അനുബന്ധ മേഖലകൾക്കും ഒമ്പതാം പദ്ധതിയിൽ 7.2 ശതമാനം കൊടുത്തിരുന്നു. ഇപ്പോൾ പത്താം പദ്ധതിയുടെ നാലുവർഷം

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകഴിഞ്ഞാൽ 4.8 ശതമാനമേയുള്ളൂ.... (ബഹളം).... ഞാൻ ശ്രീമതി ഗൗരിയമ്മയെ കുറ്റം പറയുകയല്ല. ശ്രീ. വക്കം പുരുഷോത്തമൻ നിങ്ങൾക്ക് പണം തരുന്നില്ലെന്നു പറഞ്ഞതാണ്. അദ്ദേഹത്തിന്റെ കുറ്റംകൊണ്ടായിരിക്കുകയില്ല. ഫിഷറീസിന് ഒരു ശതമാനം ഉണ്ടായിരുന്നു. ഇപ്പോൾ 0.6 ശതമാനം വില്ലേജ് ഇന്റസ്ട്രീസിന് 2.4 ശതമാനം പദ്ധതിവിഹിതമുണ്ടായിരുന്നത് 1.5 ശതമാനമായി. ഞാൻ കയർ, കശുവണ്ടി തുടങ്ങിയവയെക്കുറിച്ച് പറയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളെകുറിച്ച് ഒരൊറ്റകാര്യംമാത്രം പറയുന്നു. പൊതുമേഖലാസ്ഥാപ നങ്ങളൊക്കെ അടച്ചുപൂട്ടുമെന്ന് പറഞ്ഞിട്ട് അതു നടപ്പിലാകില്ല എന്ന് ബോധ്യമായി. എന്റെ മണ്ഡലത്തിൽ കെ.എസ്.ഡി.പി. എന്ന ഒരു സ്ഥാപനമുണ്ട്. അവിടുത്തെ മാനേജ്മെന്റ് 19 കോടിരൂപയുണ്ടെങ്കിൽ ഫാക്ടറി നടത്താമെന്നുപറഞ്ഞ് രേഖയുണ്ടാക്കിക്കൊടുത്തു. അത് നടപ്പില്ലെന്നു പറഞ്ഞപ്പോൾ വെട്ടിത്തിരുത്തി 5 കോടി രൂപയാക്കി. Sundry Creditors ൽ നിന്ന് പണമൊക്കെ വാങ്ങി നടത്താമെന്നു പറഞ്ഞ് 5 കോടി രൂപയാക്കി. ഇപ്പോൾ 5 കോടി പറ്റില്ലെങ്കിൽ 2.5 കോടിയെങ്കിലും തരാൻ പറഞ്ഞു. ഇവിടുത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്ന് 12 കോടിരൂപയുടെ മരുന്നിന്റെ ഓർഡറുണ്ട്. 2.5 കോടിരൂപ നിങ്ങൾതന്ന് ആ തുക ബാങ്കിൽ കൊടുത്താൽ അവർ 5 കോടി രൂപ Loan Advance തരുമായിരുന്നു. നിങ്ങളൊന്നും ചെയ്തില്ലെങ്കിലും ബാക്കിയുള്ളവർപോയിട്ട് എവിടെനിന്നെങ്കിലും ഒപ്പിക്കും. ആ ഫാക്ടറി രണ്ടുവർഷമായിട്ട് തുരുമ്പെടുക്കുകയാണ്. 2.5 കോടിരൂപ ബഡ്ജറ്റിൽനിന്ന് ഇതിനുവേണ്ടി മാറ്റിവെക്കാൻ പറ്റിയിട്ടില്ല. 200, 300 കോടി രൂപയുടെ മെഡിക്കൽ സപ്ലൈസ് വാങ്ങുന്നതിൽനിന്ന് ഒരു അഞ്ചോപത്തോ കോടിരൂപ അഡ്വാൻസായി നൽകുന്നതിനുപോലും കഴിവില്ലാത്ത ഒരു സർക്കാരാണിത്. പണമില്ലാത്തതിന്റെ പ്രശ്നമൊന്നുമില്ല. നയപരമായി കേരളത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കി തീരുമാനമെടുക്കുന്നതിന് കഴിയാത്തവിധം നിങ്ങൾ demoralized ആണ്. ഞങ്ങളുടെ ഉശിരിനെക്കുറിച്ചൊക്കെ പറഞ്ഞല്ലോ? ഈ നിയമസഭ കൂടിയതുമുതൽ യു.ഡി.എഫ്., ഭരണകക്ഷികൾ, എങ്ങിനെയിരിക്കുന്നുവെന്ന് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? നാട്ടിലെ യു.ഡി.എഫ്-ന്റെ സ്ഥിതി ഞങ്ങൾക്കറി യുന്നതല്ലേ? നിങ്ങൾ ഈ നാടിന്റെ 5 വർഷം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഈ രാജ്യത്ത് പുതിയ വെല്ലുവിളികൾ നടക്കുന്നുണ്ട്. അതിനനു സൃതമായി പുതിയ വികസനസമീപനവും സമന്വയവും ഈ നാട്ടിലുണ്ടാക്കാൻ ശ്രമിച്ചതിനെ നിങ്ങൾ തുരങ്കംവച്ചിരിക്കുകയാണ്. പോട്ടെ, പോയതുപോയി. ഞങ്ങൾ മുന്നോട്ടു നോക്കുകയാണ്. ഒരു വർഷം കഴിഞ്ഞ് നിങ്ങളുടെ തെറ്റുകൾ തിരുത്തി ഈ സംസ്ഥാനത്തെ ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകും. ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലായ് മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.55 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly